# Specimens of Medieval Malayalam.

## VOL. II.

---

BY

**S. Parameswara Aiyar,**

M.A., B.L., M.R.A.S.,

*Assistant Secretary to the Government of Travancore,*
*Chairman of the Board of Examiners for the Oriental Titles Examination in Malayalam to the University of Madras.*

---

Printed at the "Ananda" Press.
TRIVANDRUM:
1091

# മദ്ധ്യകാല മലയാള മാതൃകകൾ.

## രണ്ടാം ഭാഗം.

---

(മാധവപ്പണിക്കരുടെ ഭഗവൽഗീതയും
രാമപ്പണിക്കരുടെ ശിവരാത്രി
മാഹാത്മ്യവുമടങ്ങിയത്)

---

പ്രസാധകൻ,

**ഉള്ളൂർ, എസ്സ്. പരമേശ്വരയ്യർ,**

എം. എ., ബി. എൽ., എം. ആർ. ഏ. എസ്സ്

---

പകർപ്പവകാശം.

---

(എല്ലാപ്രതികളിലും പ്രസാധകന്റെ
മുദ്രയുണ്ടായിരിക്കും)

---

വില രൂപ ഒന്ന്.

Digitized By Kerala Sahitya Akademi

# അവതാരിക.

'മദ്ധ്യകാല മലയാള മാതൃകകൾ, എന്ന ഗ്രന്ഥപരമ്പരയുടെ ഒന്നാം ഭാഗമായി കണ്ണശ്ശ രാമായണം ആരണ്യകാണ്ഡം ഞാൻ ൧൦൭൪-ൽ പ്രസിദ്ധീകരിച്ചപ്പോൾ അതിൻെറ അവതാരികയിൽ "ഭാഷാഭിമാനികളുടെ സഹായം വേണ്ടതുപോലെ ഉണ്ടാകുമെങ്കിൽ രാമായണത്തിൻെറ ശേഷം കാണ്ഡങ്ങളും, ഉത്തര രാമായണവും, ഭാരതവും, ഭഗവൽഗീതയുംകൂടി എൻെറ കൈവശമുള്ളതു ക്രമേണ അച്ചടിപ്പിക്കാമെന്നുദ്ദേശിക്കുന്നു" എന്നെഴുതിയിരുന്നു. അവയിൽ ഭഗവൽഗീതയും, അന്നു ഞാനും ഇന്നുവരെ മററാരും കാണാത്തതായ ശിവരാത്രി മാഹാത്മ്യമെന്ന ഒരു പൂർവ്വകൃതിയും ഇപ്പോൾ മഹാജനസമക്ഷം അവതരിപ്പിച്ചു കൊള്ളുന്നു.

തിരുവല്ലാത്താലൂക്കിൽ ചേന്നു നിരണം എന്ന സ്ഥലത്തു തൃക്കപാലീശ്വരം എന്നൊരു ശിവക്ഷേത്രമുണ്ട്. ഈ ക്ഷേത്രത്തിനു മുൻകാലത്തു് ഇന്നത്തേക്കാൾ അധികം പ്രസിദ്ധിയുണ്ടായിരുന്നു. ഇതിനു കുറെ അകലത്തായി കണ്ണശ്ശൻ പറമ്പ് എന്ന പേരിൽ ഒരു പുരയിടം ഇപ്പൊഴുമുണ്ട്. ഈ പുരയിടമാണ് മഹാകവി കണ്ണശ്ശപ്പണിക്കരുടെ ജന്മഭൂമി. ക്ഷേത്രത്തിൽ നിന്നു സ്വഗൃഹത്തിലേക്ക് പോകുന്നതിനുള്ള ലക്ഷ്യം കാണിച്ച് അദ്ദേഹം "ചെമ്പൊടിരുമ്പുമുരുക്കു ശരക്കാലമ്പത്തീരടി മുൻപു വലത്തു്" എന്നൊരുകവി പാടീട്ടുള്ളതായി ഐതിഹ്യമുണ്ട്. ഇതിൻെറ

Digitized By Kerala Sahitya Akademi

അത്ഥം ക്ഷേത്രത്തിനു സമീപം ഒരു മൂശാരിയുടേയും അതിനപ്പുറത്തായി ഒരു കൊല്ലന്റേയും അതിനമപ്പുറത്തായി ഒരു മുരുക്കുംപെട്ടിയുണ്ടാക്കുന്നവന്റേയും അതിനമപ്പുറത്തായി ഒരാശാരിയുടേയും വീട്ടുണ്ടായിരുന്നു എന്നും ആശാരിയുടെ വീട്ടിന് അൻപത്തിരണ്ടടിമാറി വലത്തു വശത്തായിരുന്നു തന്റെ ഗൃഹമെന്നുമാണ്

നിരണത്തു ജനിച്ചവരായി ഏകദേശം സമകാലീനന്മാരെന്നു പറയാവുന്ന മൂന്നു ഭാഷാകവികളുടെ പേർ നമുക്കിപ്പോളറിവുണ്ട്. അവരിൽ ഒന്നാമൻ, ഭഗവൽഗീതാകർത്താവായ മാധവപ്പണിക്കരും രണ്ടാമൻ, ഭാരതമാലാകർത്താവായ ശങ്കരപ്പണിക്കരും മൂന്നാമൻ, രാമായണാദി വിവിധ ഗ്രന്ഥനിർമ്മാതാവായ രാമപ്പണിക്കരുമാണ്. ഇവരിൽ രാമപ്പണിക്കരേയാണ് സാക്ഷാൽ കണ്ണശ്ശപ്പണിക്കരെന്നു പറയുന്നത്. അദ്ദേഹം തന്നേയും തന്റെ വംശത്തേയും പററി ഉത്തരരാമായണത്തിന്റെ അവസാനത്തിൽ താഴെക്കാണുന്ന വിധം പറയുന്നു:—

"വാനുലകിനു സമമാകിയ നിരണ-
മഹാദേശേ താൻ വന്നുളനായാ-
ന്നൂനമില്ലാത മഹാഗുരുവരനാ-
യുഭയ കവീശ്വരനായ മഹാത്മാ.
മാനിതനാകിയ കരുണേശൻ പര-
മാത്മാവേ താനെന്നറിവുറേറ
ദീനത വാരാതേ മറേറാരോ
ദേഹികളെപ്പോൽ വാണ്ണാൻ പല നാൾ.
ആനവനിരുവർ തനൂജരുളന്മാ-
രായവരവരുടെ സോദരിമാരായ്

Digitized By Kerala Sahitya Akademi

മാനിനിമാരൊരു മൂവർ പിറന്നാർ
മററതു കാലമവൾ തിരുവടിയും
താനടനേ തന്നുടലൊട്ടു വേറായ്
തനിയേ പരമാത്മാവേയായാ-
നാനവനോടെതിരായ് വിദ്യാധിപ-
രായാർ പുനരവന്നുടെ തനയന്മാർ.
തനയന്മാരാ മവരിരുവർക്കു-
സഹോദരിമാർ മൂവർക്കും മകനാ-
യനുപമ യായവൾ മൂവരിലിളയവ-
ളാകിയ മാനിനി പെറവുളനായാൻ
ഇനിയ മഹാദേവാജ്ഞ യിനാലേ-
യിതമൊട്ടു വാലകനാകിയ രാമൻ
പുനരവനും നിജ പാപം കളവാൻ
പുരുഷോത്തമ കഥ ചൊൽക തുനിഞ്ഞാൻ."

ഇതിൽ നിന്നു കണ്ണശ്ശപ്പണിക്കരുടെ മാതാമഹൻ *പ്രസിദ്ധ പണ്ഡിതനും പരമയോഗിയുംമഹാവിശിഷ്ടനുമായ ഒരു പുരുഷ രത്നമായിരുന്നുഎന്നും അദ്ദേഹം "ഉഭയ കവീശ്വരൻ" അതായതു് സംസ്കൃതത്തിലുംമലയാളത്തിലും കവനം ചെയ്യുന്ന മഹാന്മാരിൽ പ്രഥമ ഗണനീയനായിരുന്നു എന്നും അദ്ദേഹത്തിനു രണ്ടു പുത്രന്മാരും മൂന്നു പുത്രിമാരു മുണ്ടായിരുന്നു എന്നും പുത്രന്മാർ രണ്ടുപേരും അച്ഛനപ്പോലെ തന്നെ വിദ്യാധിപർ അഥവാ മഹാവിദ്വാന്മാരായിരുന്നു എന്നും രാമപ്പണിക്കർ അവരുടെ ഒടുവിലത്തെ സഹോദരിയുടെ പുത്രനായിരുന്നു എന്നും തെളിയുന്നുണ്ടു് രാമായണം, കവിയുടെ ബാല്യത്തിലെ കൃതിയാണെന്നുള്ളതിനു് യുദ്ധ കാണ്ഡത്തിന്റെ അവസാനത്തിൽ

Digitized By Kerala Sahitya Akademi

"അവനിയിൽ നന്മചേർന്നിരണ്ടം തനിക്കൊരുദീപമായ് മ
ററവതരണം ചെയ്യാൻ കരുണേശനാകിയ ദേശികൻ മ-
ററവനവണ്ണം പിറന്നുള്ള പുത്രരാമവർകൾക്കേലാമൻ-
പമർ മരുകൻ കനിഞ്ഞൊരു രാമദാസനതീവ ബാലൻ
അവനിയിൽ മുൻപു മാമുനിതാനിയററിയ ചാരു രാമാ-
യണമതു കണ്ടതീവചുരുക്കമായിവണ്ണം മൊഴിന്താൻ.

എന്നു കാണുന്ന പാട്ടു ലക്ഷ്യമാണ് 'മരുകൻ' എ
ന്ന പദത്തിനു മരുമകൻ എന്നാണർത്ഥം. രാമായണാനന്ത
രമാണ് രാമപ്പണിക്കർ ഭാരതമുണ്ടാക്കിയതു്.

"കളവാൻ പാപം മുന്നേ രാമ-
കഥാമൊട്ടായ പ്രകാരം ചൊന്നേ-
നിളയാതെ ശ്രീകൃഷ്ണകഥായാ-
മിനിയെല്ലതൊരു പടിചൊൽക തുനിഞ്ഞേൻ.
എളിയാനകൃതിയിവൻ പുനരെൻേറാർ-
ത്തെന്നെയിതിന്നികഴാരറിവുടയോർ
ജളരാമവരപരാധം ചൊന്നാൽ
ചേതവുമില്ലനവുങ്ങു നമക്കോ."

എന്നുള്ള ഭാരതത്തിലെ പാട്ടു നോക്കുക. 'അകതി' 'അഗ
തി'യുടെ തത്ഭവമാണു്

ഈ കവിയുടെ കൃതി തന്നെയാണ് ശിവരാത്രി മാഹാത്മ്യ
വും.

"ഇതു നിരണത്തു കപാലീശ്വരമാ-
ന്നീടിന പശുപതിതന്നരുളാലെ-
യിതമൊടവൻ തിരുവടിയുടെ ചരിത-
മിയമ്പുമതിന്നു തുനിഞ്ഞിതു മുററം

Digitized By Kerala Sahitya Akademi

'ബത! ഗുരുനാഥന്മാരറിവീടിയ
വേദവ്യാസാദികളുമെനിക്കി-
ങ്ങതിസുഖമായ് നൽകീടുക വരമി-
ങ്ങണയാമമപാതകമിതു ചൊന്നാൽ'
ആരണരാദിസമസ്ത പ്രാണിക-
ളാമവർകൾക്കു പാപം കളവാൻ
കാരണമാകിയ ശിവരാത്രൌ വ്രത-
കഥയിതു തന്നാലായ പ്രകാരം
സാരതയില്ലാതെ കൃതി രാമൻ
താൻ നിരന്നുകപാലീശ്വരമേ
ചേരുമുമാപതിതന്നരുളാലേ
ചെയ്താനേവം ഭാഷയിനാലേ"

എന്നുമുള്ള പാട്ടുകൾ നോക്കുക.

രാമപ്പണിക്കരുടെ ഭാരതം ശങ്കരപ്പണിക്കരുടെ ഭാരതമാലയിൽ നിന്നു വ്യത്യസ്തമാണ്. ഭാരതമാലാകത്താവ്, ഗ്രന്ഥാവസാനത്തിൽ തന്നെപ്പററി

"തന്നുണർവേ സംസാരച്ഛേദ
സമസ്തവുമായേ കാലവുമെങ്ങും
തുന്നിനിറന്തഖിലത്തിനുമൊത്തു
തുരിയാതീതവുമായുണർവായേ
തന്നുണർവായുണർവേ വടിവാകിമ-
ഹാഭാരത കഥ ശങ്കരനൻപൊടു
ചൊന്നതുരപ്പവരെയ്പവരെന്നും
ശോകമൊഴിന്തവനന്തസുഖത്തേ"

എന്ന പാട്ടിൽ പറഞ്ഞിട്ടുണ്ട്. രാമപ്പണിക്കരുടെ ഭാരതം ഭാരതമാലയെക്കാൾ വളരെ വിസ്തരിച്ച് എഴ

Digitized By Kerala Sahitya Akademi

ത്തിട്ടുള്ളതാണ്. അതു് അവസാനിപ്പിക്കുവാൻ കവിക്ക് ഇടവന്നുവോ എന്നു സംശയിക്കേണ്ടിയിരിക്കുന്നു. ദ്രോണപർവ്വത്തിനു മേലുള്ള ഭാഗങ്ങൾ എനിക്കു കാണ്മാൻ സാധിച്ചിട്ടില്ല.

സാക്ഷാൽ ശങ്കരകവി ശ്രീകൃഷ്ണവിജയ കർത്താവാണെന്ന് ഇപ്പോൾ തെളിഞ്ഞിട്ടുള്ള സ്ഥിതിക്ക് ഭാരതമാലാകർത്താവ് അന്യനാണെന്നു പറയേണ്ടതില്ലല്ലോ. കണ്ണശ്ശരാമായണത്തിന്റെ അവതാരികയിൽ മാധവപ്പണിക്കർ പുത്രനും ശങ്കരപ്പണിക്കർ പിതാവുമായിരിക്കണമെന്നു ഞാൻ ഊഹിച്ചതു ശരിയല്ല. ഭഗവൽഗീതാകർത്താവുതന്നേയാണ് പിതാവെന്ന് അനുമിക്കുവാൻ ന്യായങ്ങൾ അധികമുണ്ട്.

ഈ മൂന്നു കവികളും കൊല്ലം ആറാം ശതവർഷത്തിലാണ് ജീവിച്ചിരുന്നതു് അവരുടെ കൃതികൾ അന്നു നാട്ടിൽ നടപ്പുണ്ടായിരുന്ന ഭാഷയിലത്രേ എഴുതപ്പെട്ടതു്. മലയാളത്തിനും തമിഴിനും തമ്മിലുള്ള വ്യത്യാസം അന്ന് ഒരു വിധം പ്രചുരമായിത്തന്നെയിരുന്നു എങ്കിലും മലയാളം തമിഴിൽ നിന്നു ഭിന്നമാണെന്നുള്ള ബോധം ജനങ്ങളുടെ ഇടയിൽ അക്കാലത്തും അങ്കുരിച്ചിരുന്നില്ല. ബ്രഹ്മാണ്ഡപുരാണം, രാമപ്പണിക്കരുടെ ഒരു ഗദ്യഗ്രന്ഥമാണ്. അതിൽ അദ്ദേഹം "ശ്രീവേദവ്യാസ മഹർഷി അരുളിച്ചെയ്ത ബ്രഹ്മാണ്ഡപുരാണത്തിൽ മദ്ധ്യമഭാഗത്തെ ഇതാ ഞാൻ തമിഴായ് കൊണ്ടറിയിക്കിന്നേൻ" എന്നാണ് ഉപക്രമരൂപേണ എഴുതുന്നതു് ഏകദേശം ആ കാലത്തു തന്നെ ഉണ്ടായ ലീലാതിലകത്തിൽ ആണ് മലയാളത്തെ ഇദം പ്രഥമമായി ഒരു പ്രത്യേക ഭാഷയുടെ നി

Digitized By Kerala Sahitya Akademi

ത്തിൻസമീപമുള്ള വേശനഗരത്തിൽ വാസുദേവാരാധ
നത്തിനുവേണ്ടി സ്ഥാപിച്ചിരുന്ന ഗരുഡധ്വജപ്രതിമ പുരാ
ണവസ്തുസംരക്ഷകന്മാർ ഈയിടയ്ക്കുകണ്ടുപിടിച്ചിട്ടുള്ളതാ
ണ്. ഭക്തിയോഗം ശതപഥബ്രാഹ്മണ കാലത്തിൽതന്നെ
ഹിന്ദുക്കൾക്കു സുപരിചിതമായിരുന്നു. അതിൽപ്രതിപാ
ദിക്കുന്നതുപോലെ ഐശ്വര്യത്തേയും സ്വാരാജ്യത്തേയും
ആധിപത്യത്തേയും പ്രദാനംചെയ്യുന്ന സർവ്വമേധം ഭക്തി
യോഗത്തിൻെറ പര്യായമല്ലെന്നാർക്കും പറയത്തക്കതല്ല.
ല്ല. നേരേമറിച്ച് ഭക്തിശബ്ദത്തിൻെറ നിർവ്വചനം പാ
പമോചനത്തിനുവേണ്ടിയുള്ള ഈശ്വരാരാധനമാണെങ്കി
ൽ അങ്ങനേഒരുമതത്തെ ഹിന്ദുക്കൾ ഏതാവൽപര്യന്തം
അങ്ഗീകരിച്ചിട്ടുമില്ല. ഈവ്യതിയാനം ഇവിടെനില്ക്കട്ടെ.

കേരളഭാഷാസാഹിത്യത്തിൻെറ ദാരിദ്ര്യ ദുഃഖത്തെ
പ്പററി ശോചിക്കുന്നവർ പലരുമുണ്ട് അവരോട് ഞാൻ
ആ ഭാഷയിലാണ് ലോകത്തിൽ ഭഗവൽഗീത ആദ്യമാ
യി സംസ്കൃതത്തിൽ നിന്നു തർജ്ജിമ ചെയ്യപ്പെട്ടു കാണു
ന്നതു എന്നു പറഞ്ഞാൽ അവരുടെ മനസ്സിൽ അങ്കുരി
ക്കുന്ന വികാരങ്ങൾ എന്തായിരിക്കുമെന്നൂഹിക്കുവാൻ കൂടി
യും തൽകാലം എനിക്കു ശക്തിയില്ല. ഈ ഒരു സംഗ
തി കേരളിയക്കു മഹത്തും ശാശ്വതവുമായ അഭിമാന
ത്തിനു കാരണമാണെന്നുള്ളതു നിസ്സംശയമാണ്. "ഉഴ
റിയരുളിന മൊഴികളുപനിഷത്താകയാലോതിനാർ ഗീത
യെന്നാദരാൽ ജ്ഞാനികൾ" എന്നു മാത്രം ഭഗവൽഗീത
യേപ്പററി എഴുതി കൂടുതൽ ഒരക്ഷരം മിണ്ടാതെ തുഞ്ച
ത്തെഴുത്തച്ഛൻ അപ്പുറത്തെക്കു കടന്നതു് മലയാള ബ്രാഹ്മ
ണരേക്കുറിച്ചുള്ള ഭയം നിമിത്തമാണെന്നു ചിലരുടെ ഇട

Digitized By Kerala Sahitya Akademi

ശിവരാത്രി മാഹാത്മ്യ കർത്താവിൻെറ കവിതാസാമർത്ഥ്യം സുപ്രസിദ്ധമാകയാൽ അതിനെപ്പററി ഇവിടെ ഒന്നും പ്രസ്താവിക്കണമെന്നു വിചാരിക്കുന്നില്ല. കണ്ണശ്ശരാമായണത്തിലെ സാരള്യാദി ഗുണങ്ങൾ മുഴുവൻ ഈ ഖണ്ഡകാവ്യത്തിലും പ്രതിഫലിച്ചു കാണുന്നു എന്നു മാത്രമെ സമഷ്ടിയായി അതിനെപ്പററി ഇവിടെ പറയേണ്ടതുള്ളു.

സകലോപനിഷൽസാരസർവ്വസ്വവും ഭാരതീയരുടെ ആത്മാഭിമാനത്തിനു ശാശ്വതഭജനവുമായ ഭഗവൽഗീതയുടെമഹാത്മ്യത്തെയും മററുംപററിഎന്തെങ്കിലുംഎഴുതുകഎന്നുവച്ചാൽ അതുതന്നെ ഒരുപ്രത്യേകപുസ്തകമായിതീർന്നേക്കുമെന്നുള്ളഭയംഎന്നെ ആ സാഹസത്തിൽ നിന്നു വിരമിപ്പിക്കുന്നു. മനുഷ്യൻെറമാനസികങ്ങളായ സന്ദേഹങ്ങൾക്കു ഈഗ്രന്ഥപാരായണത്തിൽ നിന്നുസിദ്ധിക്കുന്ന നിവൃത്തി അന്യാദൃശമാണെന്നുള്ളത് ആക്കുംഅനുഭവവേദ്യമാണ്. ഈമഹാഗ്രന്ഥത്തിൻെറ ആവിർഭാവം ബുദ്ധാവതാരത്തിനുമുൻപാണെന്നുള്ളതിനു യാതൊരുസംശയവുമില്ല.ഭാരതഭൂമിയിൽകൃഷ്ണാരാധനംക്രിസ്തുവിൻെറജനനത്തിനു പിന്നീടാണെന്നും കൃഷ്ണപദം തന്നെ ക്രിസ്തുപദത്തിൻെറ തത്ഭവമാണെന്നും ചിലരുടെഇടയിൽ സമീപകാലംവരെ ഉണ്ടായിരുന്നവിശ്വാസം ആപാദചൂഡം അസങ്ഗതമാണെന്നു ഇപ്പോൾ പാതിരിമാർപോലും സമ്മതിക്കേണ്ടിവന്നിരിക്കുന്നു. അതിനുകാരണം ക്രിസ്തുവിൻെറജനനത്തിനുമുൻപുതന്നെ ഡിയാൻ എന്നഗ്രീക്കുകാരൻെറ പുത്രനായ ഹെലിയൊഡോറസ് എന്നകൃഷ്ണഭക്തൻ ഗ്വാളിയോർ രാജ്യത്തിൻെറ ദക്ഷിണഭാഗത്തിൽ വിദിശാനഗ

Digitized By Kerala Sahitya Akademi

# FOREWORD.

This volume of the 'Specimens of Medieval Malayalam' contains two important works of that period—Madhava Panikkar's *Bhagavatgita* and Rama Panikkar's *Sivaratrimahatmyam*. Both these poets, of whom the former was the grand-uncle of the latter, flourished in the fourteenth century of the Christian era. Malayalam has good reasons for congratulating itself on the fact that it was the language into which the immortal *Gita* was, for the first time, translated from Sanskrit. As for *Sivaratrimahatmyam*, I may be permitted to state in this connection that I was the first to discover its existence. A portion of this poem was excerpted in my *Padyamanjari, Part VII*. The whole work is now presented to the public.

Trivandrum.<br>30th October 1915.

S. Parameswara Aiyar,

Digitized By Kerala Sahitya Akademi

അഴതളവേ കണ്ണീർ മെയ് മാവി-
ലതീവപൊഴിഞ്ഞുടനഞ്ജനഹൃദയേ
മുഴുത്തുമെഴും ശോകാഗ്നിശമിക്ക
മുകുന്ദാംഗജനമേഘം തന്നിടയേ
അഴകിയ മന്ദസ്മിതമിന്നോട്ട-
മനന്തരമേചൊൽധാരകളോട്ടും
വഴിയേയുണ്മജ്ഞാനാമൃതമഴ
വർഷിപ്പാൻ വടിവൊട്ടനിനവുററാൻ

ഫ-സ.

അംഭോജങ്ങൾ വിരിഞ്ഞതിനാലേ-
യഖിലതരം വാപികൾ ശോഭിക്കും
കൊമ്പോട്ടയർ കരിയും ശോഭിക്കും
കൂടൊഴുകീടിനമദജലമതിനാൽ
പൊൻഭൂഷണമതിൽ മണിശോഭിക്കും
ഭുവനം ശോഭിക്കും ഭാസ്കരനാ-
ലമ്പേറീടിന ഭഗവൽഗീതയു-
മറിവോർസഭനട്ടവേ ശോഭിക്കും

ഫവ-ർമ

പണിക്കരുടെ കവിതാവാസന മൂലത്തിൻെറ വിഷയ സ്വഭാവത്താൽ ഏറെക്കുറെ ബദ്ധമെന്നപോലെയും, ആ ബന്ധനത്തിൽ നിന്നു് അവിടവിടെ മോചനം ലഭിക്കുമ്പോൾപൂർവ്വാധികം ലളിതമനോഹരമായും കാണപ്പെട്ടുന്നു. "തുടരില്ലാമദവാന കണക്കേ" "പൊന്നിൽവിളങ്ങും മണിപോൽ" "വിലയറിവാനരുതാകിയ രത്നം......... മഹിമവിരോധം വരുമോ" "പേയുയിർമുലയൊട്ടമുണ്ടലയും തയിർ......ആലലയിൽ വളർന്നോൻ" ഇത്യാദി പ്ര

Digitized By Kerala Sahitya Akademi

യോഗങ്ങൾ നോക്കുക. പണിക്കരുടെ ഫലിതരസത്തിലുള്ള പ്രതിപത്തിക്കും ഗീതയിൽ നിന്നു പല ദൃഷ്ടാന്തങ്ങൾ കണ്ടുപിടിക്കാവുന്നതാണ്. അവയിൽ ചിലതു ഞാൻ ടിപ്പണത്തിൽ പ്രത്യേകമെടുത്തുകാണിച്ചിട്ടുണ്ട്. ആകപ്പാടെ നോക്കുമ്പോൾ ഈ മഹാൻ "ഉഭയകവീശ്വരൻ" എന്നും മററുമുള്ള സ്തോത്രങ്ങൾക്കു സർവ്വഥാ അർഹനായ ഒരു പുണ്യപുരുഷൻ തന്നെയായിരുന്നു എന്നുള്ളതിന യാതൊരു സംശയവുമില്ല.

ഭഗവൽഗീതയ്ക്കു ഇപ്പോൾ ഭാഷയിൽ പദ്യമായും ഗദ്യമായും പലതർജിമകളുമുണ്ട് എന്നിരുന്നാലും കേരളീയർ അറുന്നൂറോളം കൊല്ലങ്ങൾക്കു മുൻപു, അന്യഭാഷകളിൽഈവിശിഷ്ടഗ്രന്ഥം സംക്രാന്തമാകാതേയിരുന്ന ഒരുകാലത്ത്, അത് അവരുടെ ഭാഷയിൽ തർജിമചെയ്ത ഒരുകവിയെ ആദരിക്കുന്നതിലും അദ്ദേഹത്തിൻെറ കവിതവായിച്ചു രസിക്കുന്നതിലും പരാങ്മുഖന്മാരായിരിക്കുകയില്ലെന്നുള്ള വിശ്വാസമാണ് എന്നെഈപുസ്തകപ്രകാശനത്തിന് ഇപ്പോൾ പ്രേരിപ്പിച്ചത്

തിരുവനന്തപുരം.<br>20—3—9. } ഉള്ളൂർ എസ് പരമേശ്വരയ്യർ.

Digitized By Kerala Sahitya Akademi

ശ്രീ

# ഭഗവൽഗീത

## ഭാഷാഗാനം

---

അത്ഭുതമായമൃതായ് മറനാലിനു-
　　മറിവായഖില ജഗൽപൂൎണ്ണവുമാ-
യുത്ഭവമരണാദികൾ കരണാദിക-
　　ളൊന്നിനൊടും കൂടാതൊളിവായേ
പുഷ്പമണംപോൽ സ്ഥാവരചരമൊട്ടു
　　പുണരാതേ പുണരും പൊരുളായ് നി-
ന്നെപ്പൊഴുതും സച്ചിൽസുഖമായ് നി-
　　ന്നീടിയ പരമാത്മാനം തൊഴുതേൻ. ൧

തൊഴുതേൻ ഞാൻ ദീപം ദീപത്തിൻ.
　　ചുടരൊളി കാട്ടീടിന്നതിനൊത്തും
പഴിയില്ലാദിത്യനെയാദിത്യൻ-
　　പരിരശ്മികൾ കാട്ടിന്നതിനൊത്തും
മുഴുതും താനായ് മുടിയായ് വടിവായ്
　　മൂലമതാമദ്വൈതമഹാപഥ-
മഴകിനൊടും ദൎശനചെയ്യാനാ-
　　യറിവായ്നിന്ന മഹാശക്തിയെയും: ൨

Digitized By Kerala Sahitya Akademi

ശക്തി ശിവൻ കരിയും കരിണിയുമായ്
    സംഗമിയന്നളവേയുളനാകിയ്
മത്തമഹാഗജമുഖനെയുമഴകിയ
    വാഗീശ്വരിയെയുമടിമലർ തൊഴുതേൻ;
ഭക്തിയിനാൽ ഭഗവൽഗീതാത്ഥം
    പരിചൊടു ചൊൽവാനായ് നിനവുറേ-
നത്തലെനിക്കു വരാതേ കാത്തരു-
    ളഖിലജഗൽ ഗുരു നാരായണനും. ൩

നാരായണനമലൻ ശ്രീകൃഷ്ണൻ
    നരപതി പാണ്ഡുതനൂജൻ വിജയനു
നേരേ പോർമീതിട്ടുരചെയ്തൊരു
    നിരുപമജ്ഞാനാത്ഥങ്ങളെയെല്ലാം
പാരാശര്യമഹാമുനിതിലകൻ
    പതിനെട്ടദ്ധ്യായത്തിലുരത്തു
നാരായണനരുളാലൊരു നരക്രമി
    ഞാനുമിതൊരുപടി ചൊൽകതുനിഞ്ഞേൻ. ൪

ഒരുപടി യോഗത്താലുള്ളിൽക്ക-
    ണ്ടുത്തമനാകിയ വേദവ്യാസൻ
തിരുവടി ചൊല്ലിയ പുണ്യപുരാണം
    തികയച്ചൊല്ലുവനെന്നു നിനച്ചു
പെരുമതകും ശ്രീ പാൽക്കടൽ കണ്ടു
    പിപീലികുടിപ്പാൻ കരുതിയതൊക്കും
ഗുരുജനമായ മഹാജനമിതിനൊരു
    കുറവുറകായ്കെന്നടിമലർ തൊഴുതേൻ. ൫

Digitized By Kerala Sahitya Akademi

മലരയനൊടുകനേർ വേദവ്യാസൻ
മററും സംസ്കൃതപദ്യങ്ങളിനാൽ
നലനലഞ്ഞുനാത്ഥങ്ങളുരത്തതു
ഞാനും ഭാഷാകവിയിലുരപ്പേൻ;
വിലയറിവാനരുതാകിയ രത്നം
വേറൊരുപൊന്നിൽചെറ്റുതിലല്ലാ-
ലലവലയാകിയ തുകിലിൽപ്പൊതികില്ല-
മതിനുടെ മഹിമ വിരോധം വരുമോ? ൬

വരുമൊരു പുണ്യക്ഷേത്രമനത്തിനു
വരമാകിന്നകുരുക്ഷേത്രത്തിൽ
പടികരി തേർ കാലാളൊടു നാമും
പാണ്ഡവരും ചെയ്തവയെന്തെൻറതു
അരചൻധൃതരാഷ്ട്രൻ ചോദിച്ചള-
വമ്പോറിയ സഞ്ജയനരുചെയ്താൻ
തരിതം പാണ്ഡവർതമ്മുടെ സൈന്യം
ദുര്യോധനനും കണ്ടാനെന്നേ. ൧

ദുര്യോധനനാചാര്യനെ നോക്കി-
ച്ചൊന്നാൻ പാണ്ഡവർ സൈന്യംപാരായ്;
സുരപതി നേരരചകൾ ഭീമാർജ്ജുന-
തുല്യമഹാരഥരിവർപലർകാണായ്;
നരപതിമാർകൾ നമുക്കും പലരുളർ
നായകനായ ഭവാൻ ഭീഷ്മാദികൾ
വിരവൊടു പ്രാണത്യാഗമെനിക്കേ
വേണ്ടിയിയററുകയെന്നാനരചൻ. ൨

Digitized By Kerala Sahitya Akademi

അരചകൾ തന്മദ്ധ്യേ ശ്രീഭീഷ്മരു–
മഴകൊട്ട ശംഖുമെടുത്തുവിളിച്ചേ
കരുതലരിളകൊന്നാർത്തു നേരം
കടൽപോലാർത്തിതു കൌരവസൈന്യം.
മുരചൊട്ട പണവദാകിൾ പലവാദ്യം
മുററുമുരൻറിതു; മററതുകേട്ടേ
ഹരിയഖിലേശ്വരനും നിജശംഖിനെ
യടലിടിപോലേ നാദം ചെയ്താൻ. ൯

താനതുകേട്ടേ വാനവർദത്തം
ശംഖിനെ യൂതീതർജ്ജുനനുടനേ
യൂനമില്ലാതൊരു വിജയമതൂതി
യുധിഷ്ഠിരർ പൌണ്ഡ്രം ഭീമനൂതി;
മാനിതരശ്വിനിപുത്രരുമൂതീ
മററു സുഘോഷമഹാമണിപുഷ്പൌ
വാനും ഭുവനവുമൊക്കെ നടുങ്ങി
മാററലരുടെ ഹൃദയം ഭേദിച്ചേ. ൧൦

മാററലർമദ്ധ്യേ മുരരിപുമായൻ
മരതകമുകിൽവർണ്ണൻ ശ്രീകൃഷ്ണൻ
കാററിനു മുൻചെല്ലും വരരഥമതു
കരുതി വിരഞ്ഞു കടാവിനനേരം
പോററി മഹാപുരുഷോത്തമ രഥമിതു
പുനരിവിടത്തിൽ നിറുത്തുക മററിനി
മാററലരെ നോട്ട പോർ കരുതീടിന
മന്നരെ യറിവാനെന്നാൻ വിജയൻ. ൧൧

Digitized By Kerala Sahitya Akademi

എന്നതു കേട്ടടനേ രണഭ്രമമെന്ന
ഹേമപ്പൊഴുതു നിവൃത്തിതമലൻ
നന്നിമികും ഭീഷ്മദ്രോണാദികൾ
നല നല മണിമുടി മന്നരെയവിടേ
ഒന്നൊഴിയാതേ കണ്ടിന്ദ്രാത്മജ-
നൊരുകൃപയാ പരിവേഷ്ടിതനായേ
വന്നവിഷാദമടക്കരുതാഞ്ഞു
വരുന്തി മുകുന്ദനെ നോക്കിച്ചൊന്നാൻ. ൨൭

ചൊന്നാനെന്നുടെ താതന്മാരൊടു
ചൊല്ലേറുന്ന പിതാമഹർ പുത്രർ
തന്നാലാമതു വിദ്യകൾ നൽകും
തക്കഗുരുക്കളെ സ്സുയിരൊടു തമരാം
മുന്നാളുള്ള മഹാബന്ധുക്കളെ
മുററും മാതുലരൊടു മമ സഖികളെ
യെന്നാലേ കൊൽവാൻ നിനവുററതു-
മെന്തൊരു കഷ്ടമിതെന്നാനരചൻ. ൨൮

എന്ന ധനഞ്ജയനമ്പൊടു പിന്നെയു-
മെമ്പെരുമാൻ കേശവനൊടു ചൊന്നാ-
നൊന്നറിയേനിനി വായൊടു മുഖവു-
മുലന്നിതു വെന്തു ചുടുന്നിതുടമ്പും;
തിന്നിമികും മമ ഗാണ്ഡീവം വിൽ
വീഴിന്നൂവിതിനെന്തുരചെയ്യോം
വന്നിവിടേ നമ്മൊടു പോർകരുതും
മാററലരെക്കണ്ടിട്ടുംതോറും. ൨൯

Digitized By Kerala Sahitya Akademi

കൂണ്ടേനരിയ നിമിത്തപ്പിഴഞാൻ
　　കാണേനൊരുഫലമിവരെക്കൊന്നാ-
ലുണ്ടോ സ്വജനമനത്തിന്റെയുംകൊ-
　　ന്നലകാണ്ടാലൊരു സുഖമൊരുവക്കും?
വണ്ടാർത്തുളസീമാലാലംകൃത!
　　മാധവനേ ജയമൊട്ടു രാജ്യവുമിനി
യുണ്ടാകിലുമതെനിക്കിനി വേണ്ടാ-
　　യുററവരെക്കുലചെയ്യേനെന്നും. ൧൦

ഉററമഹാകൊററവർകുലമെല്ലാ-
　　മൊക്കനശിപ്പിച്ചാലതിനാലേ
കുററമൊടേ കുലധമ്മാ മുടിയും
　　കുലധമ്മം മുടിവുററതിനാലേ
പററും പഴിയൊടു പാതകമെല്ലാം
　　പതിവ്രതകൾക്കതിനാലഴിയും നില
ചുററും തലകേടായേ മുടിയും
　　ചൊല്ലമർനല്ലസ്ഥലം കുലമതിനാൽ. ൧൧

അക്കുലമതിനെയഴിച്ചവർ തങ്കളു-
　　മതിലേ ചേന്നീടുന്നവരും പോ-
യൊക്കമഹാനരകെയ്യവർ മുൻവാ-
　　നലകപൂകുന്തവരും നരകാൾവാർ;
തക്കമഹാപിണ്ഡോദകനൽക്രിയ
　　തന്നെയടുത്തവർ ചെയ്യായ്കയിനാൽ
ദുഃഖമൊടേ കുലധമ്മം മുടിയും
　　ദുരിതമിതിൽക്കാളിനിമേലുണ്ടോ. ൧൨

Digitized By Kerala Sahitya Akademi

ഇനിയിവരെല്ലാം രാജ്യശ്രീ പൂ-
ണ്ടിതമൊടിരിപ്പാനായ് നിനവുറേറ
മുനിവൊടു വന്നെന്നൊടു പോർചെയ്വാൻ
മുട്ടകിന്നിതു ശ്രീകരുണാകരനേ.
കുന്നിച്ചിലയാലവരെക്കലചെയ്തു
കൊടിയ പെരുംപാപം കൈക്കൊൾവാൻ
തനിയേ ഞാൻ ചിന്തിച്ചതഹോ ബത!
തക്കതുമല്ലതൊരന്ധതമുററം. ൰൭

മുററും രാജ്യസുഖാദികൾ കരുതി
മുതിന്നരചരെ ഞാനെന്നും കൊല്ലേൻ
മററവരെന്നെക്കൊൽകിലുമതിന്നു
മറുക്കാതിന്നു പൊറുപ്പതു യോഗ്യം;
ചുററമൊടേ മായനൊടിതു ചൊല്ലി-
ച്ചൊല്ലാർ വില്ലും ശരവും കൈവി-
ട്ടററമില്ലാത വിഷാദത്തോടേ-
യർജ്ജുനനും തേർമീതിലിരുന്നാൻ. ൰൮

ഇതിപ്രഥമോദ്ധ്യായഃ.

Digitized By Kerala Sahitya Akademi

# രണ്ടാം അദ്ധ്യായം.

ആനവനകതാരഴിവുററതിനാ-
ലശ്രുജലങ്ങൾ പൊഴിഞ്ഞു പൊഴിഞ്ഞേ
ദീനതയോടമരിന്നതു കണ്ടു
ദയാപരനജനുമലർകമലാക്ഷൻ
താനിതിവണ്ണം ചൊന്നാനരചകൾ
ധർമ്മവുമല്പബലകളുടെ തൊഴിലിതു
ഹീനതയും മാനക്ഷയവും വരു-
മിത്തൊഴിൽവിട്ടെഴുനിൽക്കഴെകല്ലിതു. ൧

എഴുനിൽക്കെന്നതു കേട്ടിന്ദ്രാത്മജ-
നെങ്ങനെ ഞാൻ കൊൽവേൻ മുകിൽവണ്ണാ
യഴകൊട്ടു ഞാൻ തൊഴുതടിമകൾ ചെയ്വാ-
നർഹതയുള്ള ജനങ്ങളെയെല്ലാം
ഒഴിയാതേ തൻ ഗുരുജനമാകിയ-
വൃത്തമരെക്കൊന്നരചാളുകയിൽ
പഴിയോടേ പോയവനിയിൽ നിന്നും
ഭൈക്ഷമിരന്നുണ്മതു നന്നെന്നാൻ. ൨

എന്നതുമല്ലറികൊന്നാലവരുടെ
രക്തം കൂട്ടിയ ചോറോവുണ്മതു-
വിന്നിതിലയ്യേന്നോ പൊരുകെന്നോ-
വിനിവെൽവതുഞാനോ പുനരവരോ?
ഒന്നറിയേ,നവരിൽ ചിലർ പടുകില്ലു-
മൊഴിയാരതിനാലെന്നുയിരും പോം
നിന്നിതു രണഭൂമിയിലരചകളും
നിതരാം പോർ ചെയ്വാൻ നിനവുറേ. ൩

Digitized By Kerala Sahitya Akademi

ഉററവരിൽ പെരുകീടിന കൃപയാ-
മൊരുതിമിരം വന്നെന്നുടെ ഹൃദയേ
യുറററിവാം കണ്ണേററ മറഞ്ഞി-
ട്ടൊരു നെറിയും കാണാതിടരുറേറൻ;
അററമില്ലാതള ദുഃഖവുമെന്നുടെ-
യജ്ഞാനവുമിവയൊക്കകെൽവാനായ്
മററടിയേനാൽ വേണ്ടുമതെന്തിനി
മാധവനേയരുളിച്ചെയ്യെന്നാൻ. ൪

അരുളിച്ചെയ്കയെനിക്കിഹ ലോകവു-
മമരുലകും വരുമെങ്കിലു മിങ്ങൊരു
പൊരുളിച്ഛയുമില്ലെന്നുടെ ബോധം
പോകാതേ കാപ്പാനൊരു വഴിയിനി
അരുളിച്ചെയ്കയെനിക്കതിനായ് നി-
ന്നംഘ്രിദ്വയപങ്കജമെന്നകതാ-
രുരുകിത്തൊഴുതേനെന്നിന്ദ്രാത്മജ-
നരിയാടാതേ പിന്നെയുമഴുതാൻ. ൫

അഴുതളവേ കണ്ണീർ മെയ്മാവി-
ലതീവ്ര പൊഴിഞ്ഞുടനജ്ജുനഹൃദയേ
മുഴുതുമെഴും ശോകാഗ്നി ശമിക്ക
മുകുന്ദാഞ്ജനമേഘം തന്നിടയേ
അഴകിയ മന്ദസ്മിതമിന്നോടു-
മനന്തരമേ ചൊൽധാരകളോടും
വഴിയേയുണ്മജ്ഞാനാമൃതമഴ
വഷിപ്പാൻ വടിവൊടു നിനവുററാൻ. ൬



Digitized By Kerala Sahitya Akademi

ഉററവര ചെയ്യാനിക്കാണായവ-
രൊരുവരുമേ ചാകിന്നവരില്ലറി
മററത്തുനില്ല; മഹാരഥരാകിയ
മന്നവർ പോരിൽ മരിക്കുമതെന്നേ
കൊററവനേ! ദുഃഖിപ്പതു പഴുതിവർ
കുറവിയലാതൊരു പുണ്യബലത്താ-
ലററമില്ലാത്ത സുഖം പ്രാപിക്കു-
മനന്തരമമരമഹാപുരിപുക്കേ. ൧

പുക്കുടൽനിന്നുയിർ പോകിലുമുടനതു
പോകാതമകിലുമൊരുപോലൊത്തേ;
ദുഃഖമിയന്നറിയാരറിവുടയോർ
ചൊല്ലുകിലിക്കാണാകിയ പ്രാണികൾ
ഒക്കെയുമേതാമൊരു നാളഴിയാ-
തുടലതിൽ വാണ്ണിട്ടു, മഴിവതുദേഹം,
മിക്കൊളിവാർദേഹിക്കഴിവില്ലറി
വേറതിനുടെ നിലകേൾ മുടിമന്നാ. ൨

മുടിമന്നവകേൾ ദേഹവിശേഷം
മുന്നേ കൌമാരം പ്രായം ചാം
വടിവുടയൌവന്യംചാം പിന്നെ
വയോധികവും ചാമൊക്കയു മൊരുപോൽ.
ദൃഢമൊട്ടുമകതാർ തെളിവുററീടിന
ധീരന്മാർ ചലിയാർ ചാമ്പൊഴുതിലു-
മടവേ രൂപമതായുളവായതി-
തഖിലവുമഴിയു മതാർ തടചെയ്യോർ. ൩

Digitized By Kerala Sahitya Akademi

ആരകമേയുണർവഴിയാതുടൽവിട്ട-
മവരുയർ ഗതിയടയും മററുള്ളവ-
രാരുയിർപോം പൊഴുതജ്ഞാനം കൊ-
ണ്ടകതാർ തുള്ളുമധോഗതിയടവാൻ
നേരിതു ശീതോഷ്ണം സുഖദുഃഖം
നിനവൊടറിഞ്ഞിട്ടമറിവതനിത്യം
നേരിതറിഞ്ഞതുമിന്ദ്രിയ വിഷയം
നിതരാമതിനാലെന്നെയുമറിയാ. ൧൦

അറിവാകിന്നതു രണ്ടുപ്രകാര
മതിൽപ്പഞ്ചേന്ദ്രിയവിഷയാദികളാ-
ലറിവതുപൊയ്യഴിവെയ്യു മതിന്നുട-
നരിയ മഹാമെയ്യറിവഴിയാതതു
നെറിയൊടു രണ്ടുമറിഞ്ഞവരെന്നുടെ
നിലയറിയും മറെറാരുവരുമറിയാ-
രറി നീ ശബ്ദാദികൾ വാനാദിക-
ളഖിലവുമുണ്ടാവതു മെന്നിടയേ. ൧൧

ഉണ്ടാംനാളിലുമഴിയും നാളിലു-
മുണ്മകളറികാരണമായെങ്കൽ
തണ്ടാരണിമാർവാ! തടയാർവഴി
താനവികാരമരൂപവുമായേ
പണ്ടേയുള്ള പരംപൊരുളായേ
പരിപൂർണ്ണവുമായ് നില്പതു ഞാനേ
യുണ്ടായഴിവതു രൂപമതല്ലാ-
ലുണ്മയ്ക്കൊരുകാലവുമഴിവുണ്ടോ? ൧൨

Digitized By Kerala Sahitya Akademi

ഒരുനാൾ വന്നുപിറക്കും പിന്നെ
 യുടൻവളരും ബാലപ്രായം പോം
തെരുതെരെമുററും തേയും മായും
 തേറുകിലാറും ദേഹപ്രകൃതികൾ;
ഒരു കാലവുമൊരു നാശംവാരാ-
 തുടലിലിരപ്പുപിറപ്പില്ലാതൊരു
പൊരുളുത്തു നിത്യമരൂപമതിൻ നില
 പോർവിജയാ! കേളെന്നരുൾ ചെയ്താൻ. ൫൩

പോത്തീടുന്ന പഴംതുകിൽ പോക്കി-
 പ്പുതുമതകുംതുകിൽ വേറുനരന്മാർ
പോത്തിടുമതുപോൽ ജീർണ്ണശരീരം
 പോക്കിപ്പുതിയശരീരം തങ്കൽ
ചേർത്തിടും ദേഹിയൊരായുധമതിനാൽ
 ഛേദംവാരാ തീയാൽവേകാ
ഓർത്തിടിൽ നീരാലൊഴുകിപ്പോകാ-
 യുടനതുവായുവിനാലും ചലിയാ. ൫൪

ചലിയാതെന്നാളും മേവിന്നതു
 ശാശ്വതമവികാരമതവ്യക്തം
നിലയതചിന്ത്യമരൂപം നിർമ്മല-
 നിഷ്കളമായ സനാതനമായതു
കുലയാതതു കുറയാതതതിന്നൊരു
 കുലവുകണ്ടുന്നു നിനച്ചുകതാർ നീ
മെലിവാനർത്ഥതയില്ലറി വിജയാ
 വേറിതു കേളെന്നരുളി ച്ചെയ്താൻ. ൫൫

Digitized By Kerala Sahitya Akademi

ധരണിയിൽവന്നു പിറക്കിലുമരിക്കും
        സംശയമില്ല മരിച്ചവരുളരാം
വിരവിനൊടെവിടേ നിന്നവർവന്നതു
        വേറവർപോകിന്നെടവുമിവെല്ലാം
ഇരുൾ തീൎന്നിവയറിയിന്നവരാരേ-
        യിടയിലിറന്നതെയറിവുമതല്ലാൽ
നരവരരാമവർ ദേഹിതനിക്കൊരു
        നാശമൊരിക്കലുമില്ലറി വിജയാ ൨൬

അറിയാൻകണ്ടൊരുനാളൊരുവൻ പുന-
        രതിനെക്കണ്ടതുപോലുണർവുണ്ടാ-
മറിയാൻ കേട്ടൊരുനാളൊരുവൻ പുന-
        രതിനെക്കേട്ടതുപോൽ പ്രിയമുണ്ടാം;
അറിയാനൊരുവരനുമത്തൊരുനാൾ പുന-
        രതിനെക്കേട്ടതുപോലുരചെയ്യുമി-
തറിവാനരുതൊരുവനു പലനാൾക-
        ണ്ടതിനാലും ഞാനപ്പൊരുൾ തേറായ് ൨൭

തേറരുതാകിയയുണ്മകളെല്ലാം
        തെളിവൊട്ടുതേറിയഹംഭാവങ്ങളെ
മാറിമകിഴ്ന്തമർ ചെയ്തരചാനീ
        മറയിൽചൊല്ലിയ പൊരുളിന്നും കേൾ
വീരൊട്ടു സംഗ്രാമം നൃപധൎമ്മം
        വേറൊന്നാൽ വാരാഗതിയരച-
ക്കേറിയ പുണ്യമിതെന്നു നിനച്ചേ
        യിനിനീ യുദ്ധംചെയ്ക നരേന്ദ്ര! ൨൮

Digitized By Kerala Sahitya Akademi

യുദ്ധം ചെയ്തുമരിക്കിൽ നിനക്കമ-
രലോകത്തിൽ വാഴാം ജയമുണ്ടാകിൽ-
ച്ഛത്രധ്വജവെൺചാമരവിലസവും
സൈന്യത്തോടവനീതലമാളാം
യുദ്ധമിരണ്ടു പ്രകാരവുമേന-
ന്നുടനതുചെയ്യായ്കിൽപ്പുകഴും പോ-
മത്തലൊടേറവമാനവുമുണ്ടാ-
മധികമതിൽക്കാൾ നല്ലതുമരണം. ൫൯

നല്ലമഹാരണഭീത്യാ മാടിന
നരപതിയെന്നതു നീളനടന്നാൽ
ചൊല്ലമരും ശൌര്യം നീയും പോയ്
ച്ചൂഴ്ന്നതുമതിദൂഷണമായ് മുടിയും.
ചൊല്ലുകിലില്ലൊരു വഴിയിതിനെക്കാൾ
സുഖദുഃഖം ലാഭത്തൊടു നഷ്ടം
വെൽവതുമപജയവും സമമായേ
വിരയപ്പോർ ചെയ്തീടുക വിജയാ! ൬൦

ജയമൊടു പഞ്ചേന്ദ്രിയവിഷയാദികൾ
തെളിവൊടറിഞ്ഞിനിയെല്ലാം ചെയ്താ-
ലിയൽപിനൊടതിനാൽ നൽവിന തീവിന
യിന്നിവരണ്ടുമറും പുനരററാൽ
മയലഖിലവുമറുമതിനാലെന്നറി
മറെറാരുനന്നിയിതിനുമേലുണ്ടോ?
നയമൊടുമറിവുള്ളവർനിനവേകം;
നാനാനിനവറിയാത്തവർ നിനവേ. ൬൧

Digitized By Kerala Sahitya Akademi

അറിയാതവർ ഫലമേ കരുതീടുവ-
രരിയ മഹാവേദപ്പൊരുൾ കേൾക്കിലു-
മറിയാർനിപുണതചേർപൊരുളൊന്നെയു-
മവരൊട്ടു ചൊല്ലാരറിവുടയവരും
നെറിനില്ലാതൊരുഗ്ഗുണർ മായയിനാൽ
നിതരാം ഫലമൂററാർ; തൊഴിൽ വിട്ടേ
യറിവൊട്ടു നിർഗ്ഗുണരാമവർ ചെയ്തൊഴി-
ലതുചെയ്കതു ബ്രഹ്മത്തിനൊടടയും. ൨൨

ചെയ്യും കർമ്മഫലങ്ങളെ വിട്ടേ
ചെമ്മേയകർമ്മങ്ങൾ വിടാതേ
ചെയ്‌വവനിടരഖിലവുമറവിട്ടേ
ചേതസിഭക്തിയൊടെന്നെയുമറിയും;
ചെയ്തന്യത്തിനൊടറിവുള്ളവർതൊഴിൽ
ചെമ്മേലാഭാലാഭവുമൊരുപോൽ
കൈതവമററുമാറുള്ളിൽ നിനച്ചേ
കർമ്മിയററീടിന്നതുവേ കാൺ! ൨൩

അതിനുടനില നീ കേൾഫലമൊന്നിലു-
മഭിരുചിക്കൂടാതേ വിനചെയ്യാ-
ലതിമോഹാദികളകലെപ്പോമ-
തകന്നാലറിവുണ്ടാമറിവാലേ
അഥസുകൃതം ദുഷ്കൃതമറുമററാ-
ലർത്ഥമനർത്ഥമിരണ്ടിനുമൊരുപോൽ
മതിവരുമമ്മതിയാലെൻ സൂക്ഷ്മം
വടിവിനെയറിയാമതിനിതുപായം. ൨൪

Digitized By Kerala Sahitya Akademi

അതിമതി തെളിവതിവണ്ണമതെന്നു
ണ്ടായ്‌വരുമന്നു മഹാശാസ്ത്രങ്ങളി-
ലുദിച്ചെയ്യാമാനസമതിനാലെ-
ന്നുണ്മയെയാശ്രിക്കുംനെറി കേൾനീ
പതിപരമം പൊരുളിവയെന്നകമേ
പാൎത്തുമനാ ചലിയാമലിരിപ്പൊ-
ന്നതിശയജ്ഞാനമഹായോഗംപുന-
രവനകമേയുണ്ടാമറിവിജയാ. ൨൫

വിജയനുമെന്നിവ രണ്ടുപ്രകാരം
വിനചെയ്യും ഭാഷകളെങ്ങനെയെ-
ന്നജനരുണാംബുജനയനനൊടിരുവക
യറിവാൻ ചോദിച്ചളവരുൾ ചെയ്താൻ.
വിജയ! മഹാജ്ഞാനങ്ങളുണ്ണന്നേ
വേശകളാശയനത്തുമൊഴിഞ്ഞേ
നിജകാമക്രോധാദികളഴിവും
നിതരാം സുഖദുഃഖങ്ങളുമെല്ലാം. ൨൬

എല്ലാംലാഭിക്കിന്നാളിമ്പവു-
മിടയെയതിന്നഴിവെയ്തീടുംനാൾ
വല്ലാതേദുഃഖിപ്പതുമെല്ലാം
വകവകവിട്ടു ശുഭാശുഭവുംപോയ്
നില്ലാതേ രാഗദ്വേഷാദികൾ
നീങ്ങി നിജാംശമതഞ്ചും ക്രമ്മം
മെല്ലേ തങ്കലടക്കിന്നതുപോൽ
വിഷയമതുള്ളിലടക്കംചെയ്തേ. ൨൭

Digitized By Kerala Sahitya Akademi

ഉള്ളംചലിയാ വാസ്സയിനാലേ
യുറെറല്ലാരും വാഴ്ത്ത നടപ്പവർ
തെള്ളിയവറിവുടയോരറിവില്ലാർ
തേറുകിലിത്തുവഴിനില്ലാതെപോയ്
തള്ളിയ നിനവൊടടക്കുവനെന്നേ
ശാസ്ത്രംകണ്ടറിവുററത്തു ചെയ്യവർ
പൊള്ളെന വിഷയാദിയിൽ വീസ്സാരവർ
പുനരതിനാൽ വിഷയങ്ങളടങ്ങാ. ൨൭

അടങ്ങാസ്സിൽ പുനരതിലൊരു നിനവെഴ-
മന്നിനവാലേ യുണ്ടാം സംഗവു-
മുടനതിസ്സംഗാലുണ്ടാം കാമവു-
മുണ്ടാകിയകാമാൽക്രോധംവരും
അടയും മഹാക്രോധാൽ മോഹവുമുട-
നതിനാലേയുണ്ടാം സ്മൃതിവിഭ്രമ-
മടയത്തുകൊണ്ടുടനഴിയും ബുദ്ധിയു-
മത്തുകൊണ്ടഖിലവുമൊക്കനശിക്കും. ൨൮

അത്തുവാരാതേ രാഗദേ്വഷ-
മടങ്ങിയുടൻ വിഷയങ്ങൾഭുജിപ്പോൻ
മതിചലിയാനതിനാൽത്തന്നകതാർ
വശമാം വശമായാൽ വിധേയംവരും
അതുവിധേയംവന്നാൽ വരുമുള്ളി-
ലതീവപ്രസാദവു മതീവപ്രസാദാ-
ലധികരുതരിയ മഹാദുഃഖാനാം
ഹാനിവരും പുനരെന്നതുമറിനീ. ൩൦



Digitized By Kerala Sahitya Akademi

എന്നപ്രസന്നതയാലേയുള്ളി
　　ലെവക്കും ബുദ്ധിനിറുത്താമിതുകേ-
ളെന്നുമടക്കവ ചെയ്യവർകൾക്കിനി-
　　യില്ലൊരുബുദ്ധിയതില്ലായ്കയിനാൽ
വെന്നിമികംമെയ്യുണർവുണ്ടാകാ
　　മെയ്യുണർവുടനില്ലായ്കയിനാലേ-
യൊന്നിയ ശാന്തിവരാ വാരായ്കി-
　　ലൊരിക്കലുമേയൊരു സുഖമുണ്ടാകാ. ൬൫

കാതലൊടേ വിഷയങ്ങളെയഞ്ചും
　　കരുതിയവിന്ദ്രിയത്തിനു പിൻപോം
ചേതയഴിപ്പതുമച്ചെവിയാദികൾ;
　　ചെമ്മേ ക്രൂടവരും വായുവിനാൽ
മോതിയെഴുന്ന മറിഞ്ഞലയാഴിയിൽ
　　മുഴുകീടിന്ന മരക്കല മൊത്തേ
ബോധമൊടിവയെല്ലാമറിവുറേ
　　പൊരുതിയിനാൽ·വാഴ്നീ നരവീരാ. ൬൬

നീയിതുകേൾ സർവ്വപ്രാണിക്കും
　　നിശയതു സംയമിതന്നുടെ പകലാ-
മായ മഹാസംയമിയുടെ നിശയേ-
　　തതു പകലഖില മഹാജന്തുനാം
തോയമതഴകൊടു പൂരിതമാംകടൽ
　　തുടരും തോയമതെന്നതുപോലേ
പോയടവേ കാമികളിൽത്തന്നെ
　　പുനരപി പിന്നെയുമുണ്ടാംകാമം. ൬൭

Digitized By Kerala Sahitya Akademi

കാമമശേഷകന്യാന്നിസ്പൃഹ
        കൈക്കൊണ്ടീടിയ നിർമ്മലനായേ
നിർമ്മമനായ് നിരഹങ്കാരത്തൊട്ടു
        നിന്നവനെച്ചെന്നടയും ശാന്തിയും
ആമളമിവയറിവുററവർതന്മര-
        ണാന്തേയെന്നൊട്ടുചേവ്ർപുനർഭവ-
മാമവയില്ലയവക്കെന്നറിനി
        യജ്ജ്ഞനനേയെന്നാനാനന്ദൻ. ൭൨

ഇതിദ്വിതീയോദ്ധ്യായഃ

# മൂന്നാം അദ്ധ്യായം.

അനന്തനനാദ്ദികൾ നാങ്കുമമന്ത്രണർ-
        വാലുമൊരുത്തന്മുള്ളിലശേഷം
നിനന്തറിവാനരുതാവടിവാകിയ
        നിരുപമശൌരിമുരാരിമുകുന്ദൻ
ധനഞ്ജയനോടീവണ്ണം ചൊല്ലിയ
        താൽപര്യങ്ങളെയൊന്നറിയാഞ്ഞു
മനംകനിവുററു മരുത്തും ഫാൽഗുനി
        മാധവയാദവനോടരുൾചെയ്താൻ. ൧

Digitized By Kerala Sahitya Akademi

ചെയ്തീടുകിൽക്കർമ്മംനന്നെന്നായ്
ചെമ്മേജ്ഞാനമത്തുംനന്നെന്നായ്
മൈയ്യികഴ്മേനിമനോഹരനേ! ചൊൽ
മഹിമയിരണ്ടിലുമേതിനതെന്നേ
ചെയ്തിപെടച്ചോദിച്ചവനോടേ
ശ്രീകൃഷ്ണൻ തിരുവടിയും ചൊന്നാൻ
മെയ്യികഴിത്തുരണ്ടുംനന്നാശ
വിടാതവർകർമ്മം വിടുകിലതാകാ. ൧

ആകാംക്ഷകളൊഴിയാതേ കർമ്മ-
മടങ്ങുമവന്നുവരാകൈവല്യം
നീകേൾകർമ്മിയുമല്ലവനവനറി
നിൽക്കുന്നോനുള്ളം വിഷയത്തിൽ
പോകാതേമാമാശ്രിതനായേ
പുനരപികർമ്മിയററീടിന്നവ-
നാകംനെറിയെപ്പോയ്മറുപിറവിയി-
ലാകാതവനെന്നരുളിച്ചെയ്താൻ. ൨

അരുളേറിയദേവകളെപ്പൂജി-
ച്ചാലതിനാൽ വാരാതവയുണ്ടോ
പൊരുളോടുംകർമ്മത്താൽ മാനുഷർ
പൂജിപ്പാർവാനവർകളെയതിനാൽ;
ഇരുളേറിയമുകിലാൽ മഴചെയ്തവ-
രീടിയപ്രത്യുപകാരമിയററുവർ
മരുളാതേയിതു ചെയ്തിൽ സുരരൊടു
മാനുഷരും വന്നൊന്നൊടടുക്കും. ൩

Digitized By Kerala Sahitya Akademi

അട്ടക്കം ദേവകൾ നൽകീടുംപൊരു-
ളതിനാലവൊടവക്കും പൂജ
നടത്തായ്കിന്നതുതിതെന്നറിക;
നലത്തൊടുമുമ്പരെയ്യൂട്ടിയശേഷം
എടുത്തുഭുജിക്കാതേയുണ്ണുന്നവ-
രീടിയപാതകമേയുണ്ണുന്നതു-
മുടലൊടുക്കൂടി പ്രാണികളെല്ലാ-
മുളവാകിന്നതുമന്നരസത്താൽ. ൧൪

അന്നരസംമഴയാലുളവാം മഴ
യമരകൾസന്തോഷത്താലുളവാം
ചൊന്നമഹാസന്തോഷമതേററം
ശുഭകൎമ്മത്താലുണ്ടാംകൎമ്മം
മുന്നമഹാമറയതിലുളവാംമറ
മുഴുതും ബ്രഹ്മമതിങ്കൽത്തോന്നും
മന്നവനേബ്രഹ്മാക്ഷരമതിലുള-
വായുലകത്തിൽ നിറഞ്ഞതുബ്രഹ്മം. ൧൫

നിറവാലേയജ്ഞാദികളാകിയ
നിരുപമകൎമ്മത്താലുലകെല്ലാം
കുറയാതെ വൎദ്ധിപ്പതുമെന്നറി
ക്രിയവിതുവഴിനില്ലാതേപോയ്
അറിയാതേവിഷയാദിയിൽ വീണുക-
മഴിവവരപനെറിയേ വാഴിന്നവർ
മറവാതേഫലമതിലാകാംക്ഷ-
മരുത്തിനിനീയുമടുത്തവചെയ്‌വായ് ൧൬

Digitized By Kerala Sahitya Akademi

അടുത്തവചെയ്യോക്കയർഗതിയുണ്ടാ-
　　മഴകൊടു ജനകാദികളതുവേതൊഴിൽ
മുടിത്തുയർഗതിപെററവർകളെയെണ്ണുകിൽ
　　മുടിയാതളകേശനീമുടിമന്നാ
അടുത്തവപൂർവ്വന്മാർചെയ്യുംതോഴി-
　　ലപരന്മാരുമവണ്ണംചെയ്യാ-
ലെടുത്തുലകിന്നുമെനിക്കാംചെയ്യേ-
　　ണ്ടിന്നവയില്ലയിതെന്നിവിശേഷാൽ. ൮

വിശേഷിച്ചും ഞാനീയുലകത്തിനു
　　വേണ്ടിയിയററീടും തൊഴിൽകാൺക
വിചാരിച്ചീടുകിവ്വാരുംചെയ്യാ
　　വിരവൊടുഞാനിതു ചെയ്യാതൊഴികിൽ;
വിശേഷിച്ചും വരുമതിനാലുലകിൽ
　　വിരോധമതെന്നുസരോജസമാന-
വിശാലാക്ഷൻ തിരുവടിയും ചൊല്ലി
　　വിരന്തിനിയും കേളെന്നുരചെയ്താൻ. ൯

താനായതൊരുണ്മയുമുളവാകിയ
　　ശബ്ദാദികളറിവും വെവ്വേറെ-
ന്നൂനാവസ്ഥകളഞ്ഞുണരപ്പെട്ടു-
　　മുത്തമർതൻതൊഴിൽബദ്ധതനീക്കും;
താനായിത്തത്വം തെളിയാതവർ
　　തനിയേധർമ്മാധർമ്മമിരണ്ടും
ഞാനേചെയ്തവനെന്നുനിനയ്ക്കും
　　നരവരനേയിതുനീയറികിന്നേ. ൰

Digitized By Kerala Sahitya Akademi

അറികയെനിക്കപ്രിയമാം കാൎയ്യ-
 മനത്തുമികണ്ണെങ്കൽപ്രിയമായവർ
നെറിയേചെയ്തീടുന്നവർകൎമ്മം
 നിഖിലമറുത്തുതെളിഞ്ഞവരെന്നറി
ഉറുതിയിൽഞാനിച്ചൊല്ലിയകൎമ്മമി-
 ത്തുള്ളിലുപേക്ഷിപ്പോർവമ്പാരാം
തറമേൽനിന്നാമരംപോലേയവർ
 താഴ്വരുയച്ചിവരാതൊരുനാളും. ൧൧

വാരാതേവിഷയാദിയിൽവീണു
 വരുന്തീടുംതൻപഞ്ചേന്ദ്ര്യാദിഷു
തീരാത്തഴലുമുയിക്കഴൽതീൎപ്പാൻ
 തിറമുറുനിലയിതുചേതസിതെളിവായ്;
നേരേതൻതൊഴിൽചെയ്തതിനാലേ
 നിതരാംകേടുണ്ടാകിലുമത്തന-
ന്നാരാന്റെംചെയ്യുംതൊഴിൽചെയ്താ—
 ലഴകായ്വരുകിലുമത്തനന്നാകാ ൧൨

കാറൊളിവണ്ണനിവണ്ണംചൊന്നതു
 കരുതിയകുരുവീരൻചോദിച്ചാ-
നാരിതിവണ്ണം പുണ്യം ചെയ്യി-
 ന്നവരെ വിരോധിക്കിന്നവരെന്നേ
നേരുരചെയ്ക നിരാമയനേയിനി
 നിഖിലവുമെന്നതുകേട്ട മുകുന്ദൻ
ചേരും രജഗ്ഗുണമതിലുണ്ടായതു
 ചിനമൊട്ട കാമവുമെന്നിവരണ്ടും. ൧൩

Digitized By Kerala Sahitya Akademi

എന്നിവ രണ്ടിനുടേ നിലയും കേ-
ളെരിയുന്നഗ്നിയുടേയൊളിധൂമം
നിന്നു മറപ്പതിനൊത്തും ദർപ്പണം
നീടൊളി മലമതിൽ മൂടിയതൊത്തും
വന്നുമറയ്ക്കും കാമക്രോധം
മാനുഷർ തന്നുടെ ബോധിനൊരിരുളായേ-
യൊന്നിയജ്ഞാനത്തൊടു വിജ്ഞാനവു
മൊക്ക വിരഞ്ഞു നശിപ്പതുമതിനാൽ. ൪൧

അഴിവെല്ലും നന്മകളഖിലവുമതി-
നാലേ ശത്രുവിതല്ലാലുണ്ടോ
വഴിയേയിതിനകമേ കുടിപൂവാൻ
വാതിലതിന്ദ്രിയമെന്നതറിഞ്ഞേ
പിഴവാരാതേയിന്ദ്രിയവിഷയം
പേണിയടക്കുക നീയെന്നാലിനി
യൊഴിയും കാമക്രോധാദികൾ പര-
വൊരു വഴിയും കാണായ്കയിനാലേ. ൪൨

കാൺകനിവോട്ടുടലിൽ പ്പരമിന്ദ്രിയ-
കരണമതായതതിൽ പ്പരമുള്ളം
താങ്കിയ ബുദ്ധിമനസ്സിനുപരമാം
പരതം ബുദ്ധിയതിൽപ്പരമാത്മാ
തീങ്കിയലാതിതറിഞ്ഞുമുറയ്ക്കു
ജയിക്കമഹാകാമത്തിനെയെന്നാൻ
ശാർങ്ഗധരൻ ശ്രീപതിശ്രീകൃഷ്ണൻ
സകല ജഗൽ ഗുരുവച്യുതനമലൻ. ൪൩

ഇതി തൃതീയോദ്ധ്യായഃ

Digitized By Kerala Sahitya Akademi

# നാലാം അദ്ധ്യായം.

അച്യുതനർജ്ജുനനോടുരചെയ്താ-
നാദിയിൽ ഞാനിതു രവിയോടുചൊന്നേൻ
നിശ്ചയമായവനും തൻ പുത്രൻ
നിരുപമനാം മനുവിനൊടുരചെയ്താൻ
ഇച്ഛയൊടേ മനുവിക്ഷ്വാകുവിനാ-
യിതമൊടുരത്താനേവമിതതിനാ-
ലച്ഛമില്ലാത നൃപന്മാക്കവനിയി-
ലറികപരമ്പരയായതിതെൻറ. ൧

എന്നാൽ നീയതു കേളിരഹസ്യമി-
തിനിയ പുരാതനയോഗജ്ഞാനം
നന്നായിതു ചൊൽവതു മമ സഖിനീ
നമ്മുടെ ഭക്തനുമാകയിനാലേ
'ഇന്നേ ചൊല്ലു, തുനിഞ്ഞേതനെന്നഖി-
ലേശപരനരുളിച്ചെയ്തതു കേട്ടേ
നന്നായ് നീയിതു രവിയോടു ചൊന്നതു
നലമൊടറിഞ്ഞ പ്രകാരം ചൊൽവായ്'. ൨

അറിവുററതുനീയെങ്ങനെപണ്ടേ-
തല്പവുടമ്പിതു മററൊന്നെന്നാൽ
നെറിയേ നീയിയറിഞ്ഞതു ചൊല്ലുക
നിരുപമനേയെന്നാനിന്ദ്രാത്മജൻ
അറിവേ വടിവാകിയ യോഗേശ-
നനേകമുടമ്പു നിനക്കുമെനിക്കുമ-
തറിയാനീ കീഴ്പ്പോയതുമിനിമേ-
ലാവതുമിടയു മതൊക്കയുമറിവേൻ ൩



Digitized By Kerala Sahitya Akademi

ഞാനൊരുകാലവുമഴിയാവടിവായ് –
നാട്ടകിലരിയ ചരാചരഗുരുവാ–
യൂനംവാരാതേനില്പ്പതുഞാ–
നൊളിവൊട്ടുസാധൂനാംരക്ഷയ്ക്കും
താനഥദുഷ്കൃതനാശത്തിന്നും
ധൎമ്മത്തെപ്പരിപാലിപ്പാനമൊ–
ന്നൂനംവാരാതേമമമായയൊ–
ടോരോരോയുഗമതിലുളനാവേൻ. ൪

ഉളനാംമമജന്മവുമതിദിവ്യമ–
ത്തുത്തമമമകൎമ്മവരാമലനത്തും
തളരാതേയറിവതുമതിനാൽഞാൻ
തദനപുനൎജ്ജന്മംവാരാതേ
എല്ലാതായേഞാനതുകൈവിട്ടട–
നിനിയപരസ്ഥാനംപ്രാപിക്കും
തെളിവതുപോലുള്ളവർകൾക്കെല്ലാം
തേറുകിൽമാംപ്രാപിക്കാമെന്നേ. ൫

എന്നാളിലുമെന്നെത്തൊഴുമടിയാ–
ൎക്കിച്ഛപ്പതുനല്കീട്ടമതുംഞാ–
നൊന്നാമെന്നടെമാൎഗ്ഗമിവണ്ണ–
മുണൎന്നവരുയർഗതിപെററതനേകം
നിന്നാദരവൊട്ടചതുൎവ്വൎണ്ണങ്ങളെ
നിൎമ്മിച്ചതുപരിപാലിപ്പതുംഞാൻ
കുന്നാതതിനൊരുകൎത്താവുംഞാൻ
കുററമെനിക്കുവരാതൊരുനാളും. ൬

Digitized By Kerala Sahitya Akademi

ഒരു നാളും ചെയ്യും കൎമ്മങ്ങളി-
　　ലുള്ള ഫലം വേണ്ടാമലിയററവ-
രുതതതിനാലെന്നൊടു ചേർവാൻമി-
　　ത കൎമ്മങ്ങളുനത്തിനു മരചാ
ഗുരുമുഖമതിലിതുണൎന്നവർചെയ്യും
　　കുററമററം തൊഴിൽ ചെയ്യാനായേ
കരുതുക വിജയാ. പൊയ്യും മെയ്യും
　　കണ്ടറി നീയിനിഞാനതു ചൊല്ലാം. ൬

അറിനീ നദിയിലമന്നൊരു തോണിയി-
　　ലതിവേഗത്താലോട്ട മൊരുത്തനു
തറമേലന്നദിതീരേനില്ക്കും
　　തരുവോടുന്നതു താനല്ലെന്നേ
അറിതോന്നുംപോൽ ചെയ്യും തൊഴിലുക-
　　ളറിവൊടു ചെയ്കിൽച്ചെയ്തില്ലൊന്നും;
പിറകതുചെയ്യാവിനകൾ പിന്നയ്ക്കും
　　പിൻ വിഷയാദികളാലെന്നറിവായ് ൭

ആയും പണ്ഡിതരറിവൊടുകൎമ്മ-
　　മററും ചെയ്താൽ ജ്ഞാനാഗ്നിയിനാൽ
മായും വിഷയാദിയിൽ മേവിന്നവർ
　　മററതു ചെയ്യാകിലുമതിൽ വീഴാ
ചായും നിലയോടകന്നിനിപ്പന്നത-
　　തന്നെ യറിഞ്ഞവനേ സൎവ്വജ്ഞൻ
വായും മനവുമടങ്ങിയ യോഗിയു-
　　മായതവൻ കൎമ്മിയുമവനല്ലോ. ൮

Digitized By Kerala Sahitya Akademi

കർമ്മങ്ങളുമതിനാൽ വരും ഫലവും
കരുതുകിൽ ജ്ഞാനാഗ്നിയിനാലഴിയും;
ബ്രഹ്മമതായവർ ബ്രഹ്മാഗ്നിയിലേ
ബ്രഹ്മമതായ മഹാമന്ത്രത്താൽ
ബ്രഹ്മമതാകിയ ഹവിഷാ മുററും
ബ്രഹ്മാർപ്പണമായ് തന്നെയിയററും
ബ്രഹ്മമതാകിയൊരാഹുതികേൾനീ
ബ്രഹ്മത്തിൽതാൻലയമെയ്തിന്നതു. ൧൦

കേട്ടറിശ്രോത്രാദീന്ദ്രിയമെല്ലാം
ക്ഷണമർപ്പിച്ചുടുവർ ശമാഗ്നിയിനാലേ
വാട്ടടശബ്ദാദികൾ വിഷയങ്ങളെ
വകവകയിന്ദ്ര്യാഗ്നിയുംഹോമിക്കം
കാട്ടിടും സർവ്വാണീന്ദ്രിയ മതിനൊട്ട
കർമ്മാദികളിഖിലം യോഗാഗ്നിയെ
യൂട്ടീടുവാർ ചിലരതിനാലവരുടെ
യുള്ളിൽ മഹാജ്ഞാനം ദീപിക്കും. ൧൧

ദീപിച്ചീടിനജ്ഞാനംകൊണ്ടും
ദിവ്യമതായ തപസ്സുകൾകൊണ്ടും
സ്ഥാപിച്ചീടിന ദ്രവ്യംകൊണ്ടും
സന്തതമീടിയ യോഗംകൊണ്ടും
ആപത്തിൻറിയിയററീടുവർ ചില-
രഴകിയ യജ്ഞമതിപ്പാത്തുള്ളവർ
നീ ഭക്ത്യാകേൾക്കെന്നരുൾചെയ്താൻ
നിർമ്മലനും ചിലഹോമവിശേഷം. ൧൨

Digitized By Kerala Sahitya Akademi

ഹോമമിയററീടുവർ നൽപ്രാണനെ
    യ്യുടനതാപാനങ്കൽപ്പുനരത്തുപോ-
ലാമളവും പ്രാണങ്കലപാനനെ
    യാക്കവർ പിന്നെയിറക്കയുമൊഴിയും
താമവരണ്ടുമിയക്കമൊഴിക്കും
    തൽപ്പരദർശ്ശികളേനൽപ്രാണാ-
യാമപരായണരാമവർ നിയതാ-
    ഹാരരവുമറികിലവർക്കിതുവേകാൺ. ൰൩

അതുചെയ്യോൾക്കജ്ഞത്തിങ്കൽ ശി-
    ഷ്ടാമൃതമാകിന്നതുബ്രഹ്മമിതറി
മതിതെളിവോരെയ്യുവരവരരിയ
    മഹത്വമിയന്നസനാതനബ്രഹ്മം
വിധിയാലേയിവർയജ്ഞമറിഞ്ഞവർ
    വേറേയിച്ചൊല്ലിയയോഗാദികൾ
മുതലാംകർമ്മമനത്തും മുന്ന-
    മുരത്തീടിയബ്രഹ്മത്താലുണ്ടാം. ൰൪

ഉണ്ടാകിയകർമ്മംചെയ്യുംപോ-
    തുടനേ ബ്രഹ്മധ്യാനമതുള്ളിൽ
കൊണ്ടേചെയ്യെന്നാലക്കർമ്മം
    കുറവേറിയപിറവിയേവേറാക്കും;
പണ്ടേജ്ഞാനമിതിന്നുപദേശം;
    പാർത്താൽജ്ഞാനത്തെക്കാൾ നല്ലവ-
യുണ്ടാംനന്മയനത്തിലുമില്ലെ-
    ന്നോർത്തറികിതുഞാൻ തീർത്തുരചെയ്യേൻ. ൰൫

Digitized By Kerala Sahitya Akademi

ഉരചെയ്യാമിനിജ്ഞാനഫലങ്ങളെ-
യുററമഹാകർമ്മാംബുധിമദ്ധ്യേ
കരയറിയാതേമോഹമിയന്നവർ
കരകൊൾവതുജ്ഞാനത്തോണിയിനാൽ
ഒരുവനമതിലേതീപിടിപെട്ടാ-
ലൊക്കയുമേവെണ്ണീറാമതുപോൽ
കരുതുകകർമ്മാടവിവെണ്ണീറാം
കററുണരും ജ്ഞാനാഗ്നിയിനാലേ. ൧൩

ജ്ഞാനിയൊടഴകിയകർമ്മിയുമായവർ
നാട്ടരുതാകിയ ധീരതയോടേ
യൂനംവാരാതേയിന്ദ്രിയമ-
തുള്ളിലടക്കീടിന്നവരെന്നറി;
മാനുഷരാരുമിതറിയാരകമേ
മയലൊടുസംശയമെയ്തുവതല്ലാൽ
ജ്ഞാനത്താൽസംശയമററീയാം
നാട്ടുകിൽമറെറാന്നാലറിയാമോ? ൧൪

അറിവില്ലാതപിറപ്പൊടുചേർന്നി-
ട്ടകമേസംശയമായ്വരുമെല്ലാ-
മറമിന്നുംജ്ഞാനാഗ്നിയിളക്കിയ-
താമളവുംഖണ്ഡിച്ചുകളഞ്ഞേ
തിറമിന്നുംരാജാവിനടുത്തവ
ചെയ്തുമുടിക്കെന്നരുളിച്ചെയ്താൻ
നിറമിന്നുംമണിഭൂഷിതനാകിയ
നീലാഞ്ജനനിറമുടയമുകുന്ദൻ. ൧൫

ഇതി ചതുർത്ഥാദ്ധ്യായഃ

Digitized By Kerala Sahitya Akademi

## അഞ്ചാം അദ്ധ്യായം.

അംഭൊജാക്ഷനനന്തനജൻകരു-
ണാകരനേവമുരത്തവയെല്ലാം
തമ്പാശങ്ങളകററിയതറിവാൻ
സാമത്ഥ്യംപോരാസ്ഥയിനാലെ
അമ്പോടേയജ്ജ്ജുനനരചെയ്താ-
നഴകിയകമ്മമിതെന്നായ് മുന്നേ
പിമ്പേസന്യ്വാസംനന്നെന്നും
പേത്തുരചെയ്തതുമെന്തുമുരാരേ? ൧

എന്നതിൽനല്ലതു രണ്ടിലുമേതെ-
ന്നെന്നൊടുചൊല്ലുകനിമ്മലനേ നീ
യെന്നതുകേട്ടേവസുദേവാത്മജ-
നിമ്പമിയന്നുടനരുളിച്ചെയ്താൻ
നന്നിതുരണ്ടുമിതെന്നാലുംകേൾ
നലമീടിയസന്യ്വാസമിതിൽക്കാൾ
വെന്നികൊൾകമ്മജ്ഞാനമതിന്നു
വിശിഷ്ടതയുണ്ടെന്നാൻ വിശേഷജ്ഞൻ. ൨

ഏശാതേയാശാപാശങ്ങളി-
ലെപ്പൊഴുതും വിജിതാത്മാവായേ
നാശാദികൾ വരുമളവിലൊരിടരും
നല്ലതു വരുമളവതിലൊരു സുഖവും
വാചാമനതാൽകായത്താലും
വാരാതേകമ്മങ്ങളിയററി-
ട്ടേശാവസ്ഥയിൽനിന്നൊഴിയിന്നോൻ
ശിവമാകിയസന്യ്വാസിയൊടൊപ്പോൻ. ൩

Digitized By Kerala Sahitya Akademi

ഒക്കെമഹാകൎമ്മങ്ങളുമിതിൽ വേ-
റൊന്നാം സന്ന്യാസവുമെന്നുലകേ
തക്കവരണ്ടെയുമുടയവരെന്നൊടു
സംഗിപ്പാൻ പണിയുണ്ടുനിനച്ചാൽ
ഉൾക്കമലത്തിലിതൊന്നെന്നറിവവ-
നുടനെന്നെയുമറിവാനല്ലാതാ-
യൊക്കയുമേമയല്ലൊസ്സുരുമതിനാ-
ലുടനെന്നൊടു ചേർവാനുമസാദ്ധ്യം. ൪

സാധുത്വത്തൊടു കൎമ്മമിയററി-
ത്താനതിനുടയഫലം ത്യാഗിച്ചേ
ഭേദിക്കാതെന്നോടേ കൂട്ടം
പെരിയവർ ഞാൻചെയ്യുംതൊഴിലറിയും
രീതിയലും പഞ്ചേന്ദ്രിയമതിനൊടു
ജയമില്ലാതവർ കൎമ്മമൊഴിഞ്ഞാ-
ലെതമോടേ നരകെയ്യുമതല്ലാ-
ലെന്നുമവൎക്കൊരു സുഖമുണ്ടാമോ? ൫

ഗതിവരുവാൻ കൎമ്മമഹായോഗം
കെൽപ്പൊടുമെന്നുമിയററീടുന്നവർ
ചതികെടവേ സാംഖ്യത്താലേയത്തു
സ്ഥാനംപ്രാപിക്കും വൈകാതേ
ജിതനായേസാംഖ്യത്താലിയൽപൊരു
ദർശനയവനുണ്ടാമതു തന്നേ
മതിമാൻകൎമ്മ മഹായോഗിക്കും
വടിവിയലും ദർശനയെന്നറി നീ. ൬

Digitized By Kerala Sahitya Akademi

അറിവൊട്ടുകേൾക്കും കാണും വിരവൊ-
ടശിക്കും ഘ്രാണിക്കും സ്പർശിക്കും
നെറിയിൽ നടക്കും പറയും മൂരി
നിവിൎക്കുമുറങ്ങുമനന്തരമുണരും
ചെറുകയടക്കും പുനരിവയെല്ലാം
ചെന്നെഴുമിന്ദ്രിയങ്ങിന്ദ്രിയ വിഷയേ
ഷുറവൊട്ടുപൂക്കും തൊഴിലിവയെന്നോ-
ത്തൊന്നിലുമേ പലിയാരുന്നർവ്വുടയോർ. ൭

ഒന്നൊഴിയാതെല്ലാക്കർമ്മങ്ങളു-
മുടനെ ഞാൻകാരണമായ് ചെയ്യേ-
യന്നതിനുടയഫലം കരുതാതവ-
രക്കർമ്മത്തൊട്ടു സംഗമകന്നിട്ടും.
എന്നാം താമരയിലയും നീരുമ-
തെന്നതുപോലെചെയ്യുവ ചെയ്യുവ
പിന്നുമതല്ലാലെന്നുമതവർമേൽ
പിരളാതൊരുപാപം മമവിജയാ. ൮

ജയമൊട്ടു ബുദ്ധിമനംകായം പ-
ഞ്ചേന്ദ്രിയ വിഷയമതെല്ലാം കൊണ്ടേ
നയമൊട്ടു നടമാടിന്നവനെപ്പോൾ
നലമീടിയ യോഗത്തൊട്ടു കർമ്മം
നിയതവുമമ്പൊടിയററുകിടലേ തൊഴിൽ
നിതരാംമുക്തി വരുത്തും മായാ-
മയമാംപല സിദ്ധികൾ ചിന്തിച്ചാൽ
മററതിൽ സിദ്ധിക്കും സംസാരം. ൯

*5*

Digitized By Kerala Sahitya Akademi

സാരതയായ് ഞാനൊമ്പതുവാതിൽ
തകംപുരമതിലതി സുഖമൊടിരിപ്പാൻ
കാരണമായതു കർമ്മഫലാനാം
കാംക്ഷയൊഴിഞ്ഞതു ചെയ്കയിനാലേ
ചേരുംഫലസിദ്ധിക്കൊരു കർമ്മം
ചെയ്കയുമില്ലചെയ്യിക്കയുമിലഞാ-
നാരുമറിഞ്ഞില്ലതിന്നുടെ നിപുണത-
യറിവാനായ് ഞാൻ ചൊല്ലാമിന്നും. ൧൦

ചൊല്ലാംപുഞ്ചലാദികളെല്ലാം
ദൂരെപ്പോക്കിയിവണ്ണം കർമ്മമ-
തെല്ലാംചെയ്യും കൌശലമറിവാ-
നിടമുടയോർകൾ ജിതേന്ദ്രിയരറിനീ
വല്ലാതജ്ഞാനേനാവൃതമായ്
വളരൊളിഞാനം വെളിയിൽവരാതേ
യെല്ലാപ്രാണികളും മോഹിച്ചേ-
യിരുളാമതിലുഴലിന്നിതു മുററം. ൧൧

മുററീടും ജ്ഞാനത്താൽ മൂഢത
മുഴുതുമകന്നാലവർ തന്നുണർവൊളി-
വുററീടും ദിനകരനാകാശേ
യൊളിചെയ്യിന്നതുപോലൊളിചെയ്യും
ചുററീടും പാശവുമററവനതി-
ശുദ്ധാത്മാവാം പിന്നെപ്പിറവിയു-
മററീടും പിറവിയുമററാൽപ്പര-
മാനന്ദവുമുണ്ടാമറി വിജയാ. ൧൨

Digitized By Kerala Sahitya Akademi

അറിവിനനേരാമമൃതവുമുണ്ടോ-
യറിവേറുള്ളൊരു മറയോനാകിലു-
മുറുകുലഹീനൻ ശുനിമാംസാദിക-
ളുപജീവിച്ചുഴലിന്നവനാകിലും
ഉരുതിയിലഖിലപദാൎത്ഥവുമെന്നെയു-
മൊന്നായ് ഭാവിക്കും സമദൎശികൾ
കുറവറുപണ്ഡിതരവർ മഹിമാനാം
ഗുണങ്ങളുററപ്പവർ ഭൂമിയിലുള്ളരോ? ൧൩

ഭൂമിയിലിന്ദ്രിയമതുവിഷയാദി
ഭുജിക്കും സുഖമതനിത്യമിതെന്നോ-
ൎത്താമളവതിനെയുമുള്ളിലികണ്ണേ
യഴകൊടുനിത്യാനന്ദാശ്രിതനായ്
തീമവരാതേ നില്പവനെന്നും
ചിററിമ്പാം ചേരാനിഹലോകേ
താമഴിയും സുഖമതിനൊടുചേൎന്നാൽ
താനവകൾക്കഴിയാതിടരുണ്ടാം. ൧൪

ഉണ്ടാകിയദേഹത്തൊടുകൂടി-
യുടനെപെട്ടേകാമക്രോധാദികൾ
കൊണ്ടാടാമല്ലിയററുമതിങ്കൽ
കൂറിയജ്ഞാനവുമേറിയസുഖവും
തണ്ടാതേവരുമവനതിനാൽമെയ്
തകുമാനന്ദപദം പ്രാപിക്കും
പണ്ടേമായയിനാൽ ചിററിമ്പം
പററുമവക്കു വരാചററിമ്പം. ൧൫

Digitized By Kerala Sahitya Akademi

മററും വിഷയാദിയിലഴിയാതേ
　　മനസിപൊരുപ്പിച്ചിന്ദ്രിയമെല്ലാം
വെററിമികംപുരുവത്തിൻമദ്ധ്യേ
　　വിഴികൊട്ടുനോക്കു മുറച്ചുഴകോടേ
ഉററിട്ടുംപ്രാണാപാനസമംചെ-
　　യ്തുടനേ കാമക്രോധഭയാദികൾ
പററ റവിട്ടോർ സംസാരാർണ്ണവ-
　　പാരമറിഞ്ഞവർ ഭാരതവീരാ. ൧൬

ഭാരതകുലതിലകയജ്ഞാദികൾ
　　പരിചിയലുംദാനം തവമൂലകം
ചേരുമതെങ്കലതെല്ലാമുള്ളിൽ
　　തേറിയുണ്ണൻമെജ്ഞാനപ്പൊരുൾ
ധീരതയോട്ടുമറിഞ്ഞവരെന്നൊട്ടു
　　ചേരുമതെന്നുതെളിഞ്ഞുരചെയ്താൻ
നാരദവാണിയിലും വീണയിലും
　　നടമാട്ടും പുകഴ്ടയപുരാണൻ. ൧൭

ഇതിപഞ്ചമോദ്ധ്യായഃ

Digitized By Kerala Sahitya Akademi

# ആറാം അദ്ധ്യായം.

പുകഴ്മികമെയിന്ദ്രിയൊടു പിന്നയുമുരത്താൻ
പുണ്യപുരുഷൻമുനികൾനണ്ണുംമുകിൽവർണ്ണൻ
അകമുണർവിയന്നഖിലകർമ്മഫലമൊക്കയു-
മനാശ്രിതനുമായിവയിയററിമരുവിന്നോൻ
മികവുടയഞാനി നല്ലയോഗിയജ്ഞംചെയ്യും
വിനയമുറുകർമ്മിയിവർമൂവരുമിവൻകാൺ;
പകയരൊടുനേർകൊടിയകാമമൊടുടൻവിനകൾ
പലവകചെയ്യിന്നവനിയോഗിവടിവാകാ. ൧

യോഗമതിയററവതുയോഗംവരുവാനമതി-
ലൊക്കയറിതക്കവിനചെയ്കതുനിമിത്തം
നീകരുതുയോഗമിതുവർദ്ധനചെയ്യിന്നളവിൽ
നിന്നവിനയൊക്കയെരിപുക്കുവിറകൊക്കും;
ഭോഗവിഷയാദികളിൽമേവുംചെവിയാദികൾ
പൊറുക്കനെനിറുത്തിവളർകർമ്മഫലംവിട്ടോൻ
നീകരുതുകിൽപ്പരമയോഗികളിൽമേലായ്
നിന്നവനവനുനികർമന്നിലിനിയാരേ. ൨

ഇനിയറികെല്ലാവരിലുംതന്നെമേലാക്കുവതു-
മെളിമയൊടുകീഴ്പ്പെടുത്തീടുവതുമതുതാൻ
തന്നെമുനിവുചെയ്യുന്നരർകളാർതാനല്ലാൽ
തകമുറവുംതാൻതനിക്കെന്നിമററാരുള്ളോർ
മനതളിമടക്കുമവനേയവനുബന്ധു
മററവർതമക്കുപകയായവർകൾദണ്ഡം
വിനയറുമവനുണർവുമായതറിവേകേൾ
പ്രിയമെഴുംവിളക്കിനെമറയ്ക്കുമിരുളുണ്ടോ. ൩

Digitized By Kerala Sahitya Akademi

ഇരുളറവിളങ്ങും നല്ലജ്ഞാനം വിജ്ഞാനമാ-
യിതമുള്ളമൃതത്തിനാലെത്രയും തൃപ്തനാ-
യൊരുമനമിയന്നു ശീതോഷ്ണസുഖദുഃഖമോ-
ടുവകിലവമാനവും മാനവുംതുല്യമായ്
പെരിയ കനകത്തിനോടോട്ടമൊത്തങ്ങനെ
വിനമനസികണ്ടുസഖി ബന്ധുസാധുക്കൾ മ-
ററരിശമുടയോൻ മകിഴവോൻ മഹാപാപിയെ-
ന്നവരെയൊരുപോൽനിനന്തോൻമഹായോഗിയാം.

യോഗമതുതംകലണയും പരിചുകേൾനീ-
യൊന്നിന്മൊരാശയിയലാതു നില നിന്നേ
ആകുലമില്ലാമലപരിശ്രമിയുമായേ-
യദ്രിഗുഹയാദികളിൽ നല്ലതൊരിടത്തിൽ
നീഴ് കുശനിരത്തി മൃഗചൎമ്മതിൻ മേലേ
നിലയൊടുപടുത്തു തുകിലിട്ടതിലിരുന്നേ
തുകിവിതറാതു മനമൊന്നുചെട നന്നായ്
ശ്രോത്രമുതലിന്ദ്രിയ ക്രിയാദികളൊഴിഞ്ഞേ. ൮

ജേയമൊടു ചിത്തമുടനെത്തിട്ടുമന്നേരം
നെഞ്ചിനതി ശുദ്ധതയുമെയ്തുമതുമൂലം
കായമൊടു ഗ്രീവമുടനേ ശിരവുംനേരേ
കരുതിയതിലൊന്നു ചലിയാതതു ധരിച്ചേ
നോയകലവേ തെളിഞ്ഞു നാസികതന്നഗ്രേ
നോക്കിയമിശാന്തതയു മാക്കിമനതാരിൽ
പോയഭയമോടിരുന്നു കാമവുമകന്നേ
പുനരുണവിനോടണയ മേവുവതുയോഗം. ൯

Digitized By Kerala Sahitya Akademi

മേവുമവനെന്നെയണയും മരണകാലേ
വേറിതറിച്ചോറുമികവുണ്ണുമവരുണ്ണാർ
ജീവനതുപോയതിന നേരുറങ്ങുവോനും
ചിന്തയിൽ മറന്നൊരുനറുങ്ങുമുറങ്ങാനും
കേവലമിയോഗമണയാതൊഴിയുമെന്നാൽ
കേൾപ്പെഴുവിഹാരമൊട്ടുറക്കമെരനം മ-
റ്റീവകപൊരുക്കകരുരുക്കകയൊഴിഞ്ഞേ
ഇമ്പമൊടിയറവുമവനെയ്തും നല്ലയോഗം. ൧

എയ്തിവിഷയാദികളിൽ വീണ്ണുഴലുമപ്പ-
ഞ്ചേന്ദ്രിയമറിഞ്ഞറിവകന്ന പരമാന്തം
മെയ്യറിവിലെയ്തുമകതാരുമതന്നേരം
മേവിവരും വായുതടയാതവിടെ വയ്ക്കും
തുയ്യവളർദീപസമമായവൻ വിളങ്ങും
ശോഭയൊട്ടമങ്ങവനടേയുണർവുചെന്നേ
വൈയ്യമഖിലാനിറഞ്ഞുനിന്നു പരമാത്മാ-
വാമതിനൊടേറ്റുമധികം സുഖമൊടൊപ്പോൽ. ൨

അപ്പൊഴുതിലെയ്തും വരമിമ്പമതുചൊൽവാ-
നററമില്ലയതിനനികർ മററുസുഖമുണ്ടോ?
എപ്പൊഴുതുമിന്ദ്രിയമതിൻ വിഷയമെയ്താ-
തെത്തും സുഖംയാതൊരുസുഖം സുഖമതേകേൾ
തപ്പുമിഹലോകമതിലുള്ള സുഖംമററും
തത്രസുഖദുഃഖമുടൽ ചൂട്ടുകളിരെല്ലാം
എപ്പൊഴുതിലും സമമിയന്നു ഹൃദയേത-
ന്നിന്ദ്രിയമദാദികളടക്കുവതുയോഗം. ൩

Digitized By Kerala Sahitya Akademi

യോഗമതിയററുമളവേററുടലിൽവേലാ-
ലൂട്ടരുവവേയൊരുവർ ചാട്ടുകിലും നീടാർ-
നാഗങ്ങളണഞ്ഞിടർ ചെയ്തീട്ടുകിലും മെയ്മേൽ
നാടിയനൽമൂട്ടുകിലും നിർദ്ദയമകന്നേ
ആകമതിലേറിയപരം സുഖമല്ലാലൊ-
ന്നാലിടർചെയ്യാനരിയതേ പരമയോഗം.
നീ കരുതിവെറുവിഷയത്തിലഴിയാതേ
നിവൃത്തുകശനെഞ്ചിനേർനിൻ മാനസസരോജം.

മനസരസിജംചെവിമുതൽക്കരണമെന്നും
വലയിൽവലയാതതുധരിച്ച്യ നിജബുദ്ധ്യാ
ദിനമിവണ്ണം യോഗമിയന്നീടിനവനുള്ളിൽ
ദിവ്യസുഖമെയ്തുമതു നിൽക്കവിതുകേൾ നീ
പുനിതമൊട്ടുതങ്കൽ നൽഭൃതമഖിലത്തെയും
പുനരഖിലഭൃതഹൃദയത്തിലേതന്നെയും
മനസിസുഖമോട്ടുകാണാം തെളിഞ്ഞേററവും
മഹിമയുടെയോഗമതിനാലിന്നു മിതുംകേൾ. ൧൮

ഇതമൊട്ടുതെളിഞ്ഞുടൻതന്നെയെല്ലാവുയി-
ർക്കിടയുമുയിരൊക്കയും പാട്ടുതന്നുള്ളിലും
സതതമഴകോട്ടുകണ്ടോനുകേടാശയും
ചരതമൊട്ടുഞാൻ നിനച്ചാലുമൊന്നാവതോ?
കതമൊടവനാലെനിക്കും വരാകേട്ടുനൽ-
ക്കനിവിനൊട്ടുഞാനവൻ താനതായ്നിന്നതും
മനസ്സിതെളിവോടിവെല്ലാം ഗ്രഹിക്കെന്നുതൻ
മനസിതെളിവൊട്ടുശ്രീ വല്ലഭൻ ചൊല്ലിനാൻ. ൧൯

Digitized By Kerala Sahitya Akademi

ശ്രീവല്ലഭനേവം തിരുവുള്ളം
ചെയ്തതുകേട്ടർജ്ജുന നുരചെയ്താൻ
ദേവ! ചരാചരമഖിലവുമൊന്നായ്
ദർശനചെയ്യുന്ന യോഗമതെന്നായ്
കാവലിൽനില്പാതേയോടിന്ന
കരുത്തുപിടിപ്പതരുപ്പം; കാററിനെ
യേ വരികന്ന പിടിച്ചു നിറുത്താ-
മെങ്കിലിതാമെന്നേ കരുതിന്നേൻ. ൧൩

കരുതീടുക നീ യെന്നവനോടേ
കരുണാകരനരുണാംബുജനയനൻ
വരുമിതു വൈരാഗ്യമൊടഭ്യാസം
വഴിയേ ചെയ്യിൽ വരാതവയുണ്ടോ
കരണാദികളിരേഴും വെന്നവർ
കൈക്കൊള്ളും യോഗവുമഴകോടെ-
ന്നുരചെയ്യും മുകിൽമേനിമുകുന്ദനൊ-
ടുടനുരചെയ്താനർജ്ജുനനവിടേ. ൧൪

വിടനായേ യോഗം നെടുനാളും
വിയർന്നോട്ടു ചെയ്യിന്നതിനടെമദ്ധ്യേ-
യുടനേവിഷയാദിയിൽ മോഹിതനാ-
യുൾയോഗം മറന്നവനുയിർപോയാൽ
അടയുന്നതു പുനരവനുയർഗതിയോ-
വച്യുതനേ യോഗത്തൊടു കർമ്മവു-
മടയ നശിച്ചു മരിച്ചാലടവ-
നധോഗതിയോയെന്നരുളിച്ചെയ്യായ് ൧൫



Digitized By Kerala Sahitya Akademi

അൎത്ഥംചെയ്തതിനുടെ സംശയമൊക്ക-
യകററിടുവാൻ നിന്തിരുവടിയല്ലാ-
ലൊരുവരുമുളരോ സ്വാമീയെന്ന-
വൃവന്നങ്ങൾ ചെയ്താൻ വിജയനൊടമലൻ
പരമജ്ഞാനികളിതു ചെയ്കിലുമൊരു
പഴിയില്ലതു നിൽക്കമ്പിനൊടിതുകേ-
ളിരുളൊടുയോഗം മറന്നുമരിച്ചാ-
ലെയ്തും ഗതിയേതെന്നതു ചൊല്ലാം. ൧൩

ചൊല്ലേറം യജ്ഞാദികൾ ചെയ്താൽ
ശോഭയൊടവർ മരുവീടിനലോകെ
കല്യാണത്തൊടിരുന്നു സുഖിച്ചേ
കാലമശേഷമകന്നവസാനേ
എല്ലാരുംപുകഴ്ന്നുപകുലമതിലോ
യീടിയയോഗികൾ തൻകുലമതിലോ-
വുല്ലാസത്തൊടു മുളനായ് മുൻചെ-
യ്തുണ്ടാകിയ യോഗത്തൊടു ചേരും. ൧൪

യോഗമിതൊരുവൻ പൂൎവ്വമിയന്നവ-
യൊരുവർതരാതേ തനിയേവരുമതു
ഭോഗമകന്നേ യോഗമിവണ്ണം
പുരിയുമവൎക്കും പുനരിതുനന്നെ-
ന്നാകം തെളിവൊടുരപ്പവനും വരു-
മഴകിയ ഗതിവിഷയം നിലനില്ലാ-
താകിലുമുയർ ഗതിയതിലേ യോഗിയ-
രജ്ഞാനാദികൾ തീൻടനെയ്തും. ൧൫

Digitized By Kerala Sahitya Akademi

എസ്ലി വനേ നിന്നരിയ തപസ്സുക-
ളെല്ലാം ചെയ്തീടിന്നവർകളിലും
പൊയ്ലവിരും ശാസ്ത്രാദികളെല്ലാം
ബുദ്ധ്യാ കറവുപഠിപ്പവർകളിലും
കൈതവമീന്നി മഹാകർമ്മങ്ങൾ
കരുത്തൊടു ചെയ്തീടിന്നവർകളിലും
മെസ്ലിയയോഗമിയററീടിന്നവ-
നെല്ലാരിലുമധികൻ പുനരറി നീ. ൪൯

എല്ലാക്കർമ്മിയിലും ജ്ഞാനികളിലു-
മീടിയ താപസർ യോഗികൾതമ്മിലു-
മെല്ലാരിലുമെന്നെ പ്രിയമൊടവ-
നേവനെനിക്കവനേ പ്രിയമെന്നേ
നല്ലാ നീയറികെന്നഥ സാരസ-
നയനൻ മഹേന്ദ്രാത്മജനൊടുചൊന്നാ-
നെല്ലാ പ്രാണികളിലുമുയിരായ്ത്താ-
നേകാത്മാവായ് നിന്നമഹാത്മാ. ൫൦

ഇതിഷഷ്ഠോദ്ധ്യായഃ

Digitized By Kerala Sahitya Akademi

# ഏഴാം അദ്ധ്യായം.

നിന്നമനസ്സുകൊണ്ടെന്നെ നിനച്ചു
നിരന്തരവും യോഗം ചെയ്തീടുകിൽ
വന്നുടനെ മാമാശ്രിതനാകി
മകിഴ്ന്തവനെന്നോടേ കൂടുംകേൾ
എന്നതിനില്ലൊരു സംശയമരചാ
യെന്നുടെയുണ്മഗ്രഹിപ്പാനിന്നും
നന്നിമികും ഞാനം വിജ്ഞാനം
ഞാനരചെയ്യാമെന്നരുൾചെയ്താൻ.

താനറിവുടയവനെന്പതനേക-
സഹസ്രംമാനുഷർ തങ്കളിലൊരുവൻ
താനതിൽവച്ചുമനേകസഹസ്രം
തന്നിലുമൊരുവനുളൻ തത്വങ്ങൾ
താനതിൽവച്ചുമനേകസഹസ്രം
തന്നിലുമെന്നെയറിഞ്ഞതമ്പനൊരുവൻ
താനതിവണ്ണം നീയറികെന്നായ്
ധരണീവരനുടനരുളിച്ചെയ്താൻ.

ധരണിജലംതീമാരുതഖംമന-
താരോട്ടു ബുദ്ധിയഹങ്കാരവുമെ-
ന്നൊരുപടിചൊന്നവയെട്ടുമിതല്ലാ-
ലുടൽ നേത്രം ജീവനുമായ്മേലായ്
മരുവിയതെന്നുടെ മായയതെന്നറി
മററും കണ്ടതു കേട്ടതു നിൽപ്പതു
ചരമുലകതിലുത്ഭവനാശാദികൾ
താനെന്നാലവിലവുമെന്നറിവായ്.

Digitized By Kerala Sahitya Akademi

അറിവൊടനന്ത്യയിരോട്ടലകെല്ലാ-
മന്‌പൊടുഞാൻ കാരണമിതു കേൾനീ
യുറവിനൊടൊരു സൂത്രേമണിഗണമിവ
യൂട്ടരുവുംപോൽ നാടരുതായേ
തിറമൊടുഞാനഖിലത്തിനമുള്ളിൽ
ചേന്നുജലമതിലേ രസമതു ഞാ-
നിറയവ! ചന്ദ്രാദിത്യന്മാരുടെ
രശ്മിയതായ് മേവിന്നതു ഞാനേ. ൪

ഞാനെന്നറിവേദത്തിനു പ്രണവം
നലമീടിയ വാനിനു ശബ്ദം ഞാൻ
മാനുഷരിൽ പൌരുഷമായതുഞാൻ
മററവനിക്കുസുഗന്ധമതും ഞാൻ
ദീനതയിന്നീ വൈശ്വാനരനുടെ
തേജസ്സുംഞാൻ ഭൂതമനത്തിനു
ഹാനിവരാതൊരു ജീവനമഹം തവ-
മാളിന്നവർകൾ തപസ്സും ഞാനേ. ൫

ഞാനേ ബുദ്ധിമതാം ബുദ്ധിയുമറി
നലമൊടു തേജസ്വികൾതേജസ്സും
ഞാനേ ബലവാന്മാർതൻ ബലവും
ജ്ഞാനികൾതന്നുടെ ജ്ഞാനമതും ഞാൻ
ഞാനേ ക്ഷമയുടയോർക്കുറവായതു
നന്നിമികം പടയാളികൾപുകൾഞാൻ
ഞാനേ കാമമനത്തു മകന്നപ
നാട്ടകിലതിലതിൽ നിന്നിവണ്ണം. ൬

Digitized By Kerala Sahitya Akademi

നാടിയസത്വരജസ്തമഗുണമൊടു
നമ്മിദയേ പൊരുളഖിലവുമുളവാം
കൂടയവററിനു ഞാനാധാരം
ക്രിയവററിനുടെത്തോന്നാം ഞാൻ
ഈടിയുടൻ ത്രിഗുണത്താൽമോഹ-
മിയന്നുഴലും പ്രാണികളെല്ലാമിനി
നീടിയഗുണമിവയൊക്കയെകന്നതി
നിർഗ്ഗുണനാമെന്നെയു മറിയാ കാൺ.

കാണായ് നിന്നാലും മായയിനാൽ
കൺകൾമറഞ്ഞു കരുത്തുമഴിഞ്ഞ
പൂണാരറിവുള്ളിലൊരെള്ളളവും
പുനരപി പുനരപി മായയിനാലേ
ചേണാന്നഖിലജഗത്തുമതിവ
തികപ്പൊടു മോഹിക്കിന്നതുയല്ലാൽ
നാണാളും ദുഷ്കർമ്മികളായ
നരാധമരൊരുവരുമെന്നൊടുചേരാർ.

ചേരുന്നുമാം ചതുർവിധമത്തുകേൾ
ദ്രവ്യമില്ലാതവനാർത്തിയിയന്നോൻ
നേരെഴമമ്പുടയോൻ മെയ്യുണരും
നിരുപമഞാനിയുമെന്നിവർ നാൽവരിൽ
വേരിതകും പുകൾ ഞാനിയിലേററം
വേഴ്ചയെനിക്കവനെന്നെയുമത്തുപോ-
ലീരമൊടേയിരുവർക്കും ഭ്രതിയു-
മേകമതായ് വരുമെന്നതുമറിനീ.

Digitized By Kerala Sahitya Akademi

അറികില്ലവൻതന്നേ ഞാനായതു-
　　മവനൊടു നേരുരചെയ്യതിനാമോ-
യറിവൊടവൻ ചെയ്യും തൊഴിലഖിലവു-
　　മഹമെന്നതിനൊരു സംശയമുണ്ടോ
പിരിയാനരനിമിഷവുമെന്നോടും
　　പ്രിയമതിനാൽ മമചെരുതവനെപ്രതി
പിറവിയകത്തെന്നൊടു സായുജ്യം
　　പെറുവതിനൊരു സംശയമതുമുണ്ടോ. ൨൦

ഉണ്ടുലകുള്ളിലൊളിത്തുമിഴംപര-
　　നൊരുപൊരുളാമഖിലേശനിവ്വുലകിൽ
കണ്ടവയഖിലവുമെന്നുടനകമേ
　　കരുതിന്നവനതിദുർല്ലഭമോർത്താൽ
പണ്ടുള്ള ജ്ഞാനത്തിമിരംപോം
　　പരിചൊടു ഞാനാർക്കോദയമതിനാ-
ലിങ്ങൽ വരായ്യാൻ ഞാൻചൊല്ലിന്നവ-
　　യിന്നു മിതത്തൊടു കേൾക്കയിവണ്ണം. ൨൨

ഈടേറുംപടിയാവനൊരുത്ത-
　　നിയാതൊരു ദേവതയും പൂജിച്ചാൽ
വാടാതവനഭിമതമാകിന്നതു
　　വടിവൊടു നൽകീടിന്നതു ഞാനേ
തേടാതേ കളിയാലേ യൊരുവൻ
　　ചിന്തയൊടേയർച്ചിക്കിലുമവനക-
മാടാതേ കേടില്ലാതോര-
　　മ്പരുളീടിന്നതു ഞാനിന്നും കേൾ. ൨൧.

കേളിമികും മെയ്യാകിയ ദൈവം
    കെൽപ്പൊട്ടുമിത്തന്നാനെന്നൊരു ദൈവം
നാൾതോറും തൊഴുമവർകൾക്കുണ്ടാം
    നന്മയിയന്നാഫലങ്ങെനത്തും
കേൾനീമാമാരാധന ചെയ്കിൽ
    കേടില്ലാനന്മകൾ പലമരചാ
മേളമിതറിയാർ മായയിനാൽ ഞാൻ
    വെളിയാകാമൽ മറഞ്ഞതിനാലേ. ൧൩

മറവേൻ ഞാൻ പ്രകൃതിയിലതിനാലൊരു
    മാനുഷരുംമമവടിവിനെയറിയാ-
രിറവനിവൻ നാരായണനെന്നോ-
    യേവർക്കും തെളിയാ ഗോപാലൻ
മറവനിവൻ പുനരെന്തിനിനപ്പോൾ
    മാടൊട്ടു സമമറിയാ മൂഢന്മാ-
രറമൊട്ടു വേദമഹം സമതീതവു-
    മായെനിന്ന പരംപൊരുളും ഞാൻ. ൧൪

ഞാനറിവേൻ പോയതുമിനി നടുവിൽ
    നടപ്പതുവും മേൽ വരുവതുമെല്ലാം
താനൊരുവരുമെന്നുടെ നിലയറിയാർ
    സന്തതവും ദ്വന്ദ്വങ്ങളിനാലേ
മാനമികഴ്ന്നഥ തൊന്നമകന്നു
    മയങ്ങിമറന്നു പിറന്നിടുമതിനാ-
ലൂനമിയന്നേ നാനായോനിയി-
    ലുഴലും തൊഴിലൊരു കാലവുമൊഴിയാ. ൧൫

Digitized By Kerala Sahitya Akademi

ഒരുകാലവു മൊഴിയാതേ പൂവ്-
 മുഴത്തുണ്ടാകിയ പാപമനത്തും
വിരവൊടു പുണ്യമഹാകമ്മത്താൽ
 വേരറുമത്തു വേരററാൽ മുററും
മരുവീടിയ ദ്വന്ദ്വങ്ങളിനാലേ
 വന്നമഹാമോഹം പോം; പോയാൽ
കരുതീട്ടവർ പുനരെന്നയുമതിനാൽ
 കരുതാർ പിറവിയെയവരൊരുനാളും. ൰൩

നാളുംജന്മജരാമരണാദികൾ
 നാടിയറിഞ്ഞൊരു പേടിവരാസ്ലാൻ
കേളിനിയദ്ധ്യാത്മമതോടധികം
 കേവലമധിദൈവമൊടധിയജ്ഞം
മീളവുമെന്നിവ തന്നൊട്ടമൊന്നായ്
 മേവീട്ടുംമമതത്വം തെളിയാർ
മാളുംപൊഴുതിലുമെന്നജ്ഞാനനോട്ട
 മായോനന്നു മകിഴ്ന്തുരചെയ്താൻ. ൰൧

ഇതിസപ്തമോദ്ധ്യായഃ



Digitized By Kerala Sahitya Akademi

# എട്ടാമദ്ധ്യായം.

മായവനോടേ ചോദ്യം ചെയ്താൻ
മന്നവനാകിയ കുരുകുലതിലകൻ
നായകനേ ബ്രഹ്മമൊടദ്ധ്യാത്മം
നലകർമ്മത്തിനൊടേയധിഭൂതം
മീയധിയജ്ഞവുമധിദൈവവുമിനി
നിരുപമനെ ദേഹത്തിലമന്ത്ര-
മീയുയിർ പോമളവിൽപ്പരമുണ്മയെ
യെങ്ങനെ തെളിയിന്നതുമുരചെയ്യായ് ൧

ഉരചെയ്താനരിയത്തു ബ്രഹ്മം പുന-
രുത്തമമതിലുത്തമമായ്നിന്നതു
പരമസ്വഭാവോദ്ധ്യാത്മം ഭൂതോ-
ത്ഭവകരമായതു കർമ്മവുമെന്നറി
ക്ഷരഭാവം മമ ഭൂതവുമെന്നറി
കേവലമാമധിദൈവം പുരുഷൻ
പരിചിനൊടധിയജ്ഞം ഞാനെന്നറി
പാർത്ഥിവനേയിന്നും ചിലവറി നീ. ൨

അറിവൊടിവണ്ണം മരണദശായാം
യാതൊരുവൻ താൻ നിനവിലുറച്ചാൻ
കുറവില്ലാതവനെന്നൊടു കൂടും
കുരുകുലതിനൊരു സംശയമുണ്ടോ?
അവതിവരുന്നേരം യാതൊരുവൻ
യാതൊന്നിനെ നിനവുററാനതിലേ
കവ്കിയടഞ്ഞിടുമെന്നതു പോലെ
ക്രൂരാമിന്നും കേൾ കുരുവീരാ? ൩

Digitized By Kerala Sahitya Akademi

കുരുവീരാ തസ്മാലെൻ വടിവും-
കൊണ്ടൊരു നേരവുമേപിരിയാതേ
പൊരുകതിനാലെന്നോടും കൂട്ടം
പുനരതിനില്ലൊരു സംശയമെന്നാൻ
അരിയ മഹായോഗാഭ്യാസം ചെ-
യ്തഭിലാഷകളൊന്നില്ല മില്ലാതെ
മരുവീടിന്നോൻ സൂക്ഷ്മപ്രഭയെന
വടിവാന്നൊരു പ്രദർശനചെയ്യും. ൮

ദർശന ചെയ്യതിനായരുതാകിയ
തേജോരൂപനെ വാചാ മനതാൽ
പെരുമയെവർക്കും സ്തുതിചെയ്യാനും
പേർത്തു ഭാവിക്കയുമരുതാകിയ
നിരുപമപരമാനന്ദനെയരിയ
നിരഞ്ജന നിർമ്മലനിത്യനെ മരുവും
പരിചോടു യോഗം മരണദശായാം
ഭയമൊടു മനചഞ്ചലമകലന്നാൽ. ൯

അമ്പൊടുമേ ഭ്രുവോർമദ്ധ്യേ പ്രാണനെ
യാവേശിച്ചുള്ളവേയുടൽ വിടുവോൻ
മുന്നുരചെയ്ത പരംപൊരുളോടേ
മുററുംചേർവതു നിശ്ചയമരചാ;
ഇമ്പമൊടീടിയ ദൈവജ്ഞന്മാ-
രിയാതൊന്നിനെ യഴിയാതിതുവെൻപാ-
രൊമ്പതു വാതിൽതകം കൂടിട്ടാൽ
യോഗികളെയ്തിന്നതു യാതൊന്നിനെ. ൧൦

Digitized By Kerala Sahitya Akademi

യാതൊന്നിനെ നിനവിങ്കലുറച്ചാ-
ലാശയകന്നിട്ടമത്തുസംക്ഷേപി-
ച്ചാദരെവൊട്ട പൊൽചൻദ്വാരങ്ങ-
ളനത്തുമടച്ച മനസ്സിനെ ഹൃദയേ
ചോദനയോട്ട നിറുത്തിയിതത്തൊട്ട
ചൊല്ലമരും പ്രാണനെ മൂർദ്ധാവിൽ
ബോധമൊടേററിയുടൻയോഗത്തൊട്ട
പൂണ്ട മഹാനന്ദാത്മാവായേ ൬

വായാലോമിത്യക്ഷരമോതി
മകിഴ്ന്തകമേന്നെദ്ധ്യാനിച്ചേ
മായാവടിവാകിയ യുടൽവിട്ടവോൻ
വടിവൊട്ട പരഗതിയെയ്യുമിതെന്നാൽ
ന്തായാതേ മററൊന്നെയുമെന്ന-
മനന്യമനസ്സൊട്ടമെന്നനിനയ്ക്കിൽ
കായാംപൂനിറമൊട്ട ഞാനവനുടെ
കൈവശമായ്‌വരുമെന്നതു മറിനീ. ൭

നീയറി പുണ്യബലങ്ങൾ തുലഞ്ഞാൽ
നിരുപമനായ പിതാമഹലോകേ
ആയപ്രകാരമിരുന്നാനന്ദി-
ച്ചവർകളുമവനിയിൽ വന്നുപിറക്കും
തുയൊരുമൽപദമെയ്യീടുകിലവർ
സുഖമഴിയാമീളാതൊരു കാലവു-
മായവകണ്ടൊരു നാളുമതിനുടെ-
യവസാനം പറയാമതു കേൾനീ. ൮

Digitized By Kerala Sahitya Akademi

പറയാം ചതുൎയ്യുഗങ്ങൾസഹസ്രം.
പകലൊന്നജനാണ്ടൊരുന്ത്രാമത്ര
മറയാതേയൊരു പകലെന്നറിന്നീ
മാനിതരാകിയദേവന്മാൎക്കും
നെറിയൊടു വ്യക്താവ്യക്തമിരണ്ടും
നീങ്ങി നിരഞ്ജനമായ് നിഷ്കളമാ-
യറിവെഴുമാശ്രിതർ മീളാനിലയൊ-
ന്നറിവോർ പുകഴ്‌വതുമെൻ മഹിമാനം. ൨൦

എന്നൊടു ചേൎന്നീടിന്നവർതാൻപു-
രെക്കാലത്തുമരിക്കമതെന്നും
പിന്നെയതല്ലാതവർ താൻമരണം
പ്രാപിക്ക കാലവുമിവരണ്ടും
നിന്നൊടുചൊല്ലാമഗ്നിജ്ജ്യോതി-
നിറംപെറ്റപകലുത്തരമയനത്തിൽ
തന്നുടൽപിരികിലവൎക്കൊരുപിറവികൾ
ധരണിയിലില്ലസഖേ പുനരെന്നും. ൨൧

പുനരപിജന്മവുമുണ്ടാമിരുളൊടു
പുകയേറും ദക്ഷിണമയനത്തിൽ
തിന്നവൊടുവേറാം യോഗിതനിക്കും
താനിവരണ്ടിനുമില്ലവികല്പം.
മനസാകൎമ്മീഹായോഗികളു-
മറയജ്ഞാ ദാനംതവമതിലു-
ള്ളനുപമഫലമവയഖിലവുമെത്തി-
യനന്തരം യോഗിപുകും പദമെത്തും. ൨൨

ഇതി അഷ്ടമോദ്ധ്യായഃ

Digitized By Kerala Sahitya Akademi

# ഒൻപതാമദ്ധ്യായം.

പദമലർതൊഴുതമ്പരിലമ്പേറും
　　പരമപുമാനർജ്ജുനനിവകൊണ്ടും
മരുമായില്ലെന്നറിവുററവനൊടു
　　മന്നവനേകേൾ പരമംഗുഹ്യം
മതിയിലസൂയകളഞ്ഞിതു കേൾ നീ
　　മനസാ ജ്ഞാനമൊടേ വിജ്ഞാനം
പദമിതുമുക്തിപവിത്രം പുണ്യം
　　പരമംശുഭമിതുസുഖകരമെന്നാൻ. ൧

സുഖമേരാജമഹാവിദ്യയുമിതു
　　സുന്ദരമാമിതു രാജരഹസ്യം
മികവിതുമവ്യയമിതുവഴിയെന്നൊടു
　　മേവാതവർതാൻജനിമരണാകൾ
അകലാതതിലുഴലിന്നവരെന്നറി-
　　കവ്യക്താ പരിപൂർണ്ണമഹംപുന-
രഖിലചരാചരഭൂതമനന്തമി-
　　തഴകൊടുമെന്നച്ചേർന്നമർവതുമറി. ൨

അറികിലവരൊടു ഞാൻചേർവതുമി-
　　ല്ലറിവുടയോർക്കറിയാംകേവലമിതു
പുറമേമേവുപ്രപഞ്ചമിവെല്ലാം
　　പോത്തതിനാലുലകെന്നൊടു കലരാ
അറിയാതെന്നുടെമായയിനാലേ-
　　യഴിവുററവരവരകലുമതല്ലാ-
ലിറയവനായ് ഞാൻ നിത്യം നിലയതി-
　　ലെങ്ങും ചേർന്നണയാരൊരുനാളും. ൩

Digitized By Kerala Sahitya Akademi

ഒരുവരുമെന്നൊട്ടടൻ ചേരാതേ-
യൊന്നാമെന്നെവിടാതെ പ്രാണികൾ
മരുവീടിന്നതു കേളാകാശേ
വായുനിരന്തരവും നില്പതുപോൽ
ചർത്തമിവെല്ലാമഴിവെയ്യും നാൾ
തകുവതുമെങ്കലെത്തുൾവാം പൊഴുതേ-
യൊരുപടിമുമ്പിലെ............
ന്നൊത്തറിഭൃതേശ്വരനുംഞാനേ. ൪

ഞാനേയെല്ലാക്കർമ്മവുമുലകിൽ
നടത്തീടുന്നതു ദ്വന്ദ്വമകന്നേ
താനതിനാലേയേന്നൊട്ടുചേരാ
ധരണീപാലകനേയക്കർമ്മം.
താനേന്തുററൊരുതന്തുവിനാലേ
തളർവൊട്ടുകെട്ടുപെടും കൃമിയൊട്ടുനേർ-
മാനുഷർഫലമാകാംക്ഷിച്ചല്ലോ
വൽവിനയാലിടർപെട്ടുവതുമെല്ലാം. ൫

എല്ലാപ്രാണികളെയുമുലകതിൽ ഞാ-
നിമ്പമിയന്നുണ്ടാക്കീടിന്നതു-
മല്ലാതതുമഖിലവുമേഞാനെ-
ന്നറിയാർനരനെന്നെന്നെയികണ്ണേ
പൊല്ലാതപരസുരകളൊടരക്കർ
പൊരുന്നാരെന്നെയവക്കൊരുനാളും
വല്ലാതിങ്ങനെചിലർമൂഢന്മാർ
മമമായാവൽരായുഴലിന്നോർ. ൬

Digitized By Kerala Sahitya Akademi

ഉഴലുമനൎത്ഥമാൎഗ്ഗമൊഴിഞ്ഞേ-
    യുള്ളിലുവൻ്റടനെന്നെയുവന്നേ-
യഴകൊടുവായാരസ്തുതിചെയ്തു
    യാമളം.മന്നെയുമാരാധിച്ചു
പൊഴുതൊന്നും പഴുതാകാതെൻ്റക-
    ബുദ്ധിപൊരുന്നും [illegible]ന്യജനങ്ങളെ-
യഴകൊടുമമരന്മാർ ഭൂമിയിൽ വ-
    ന്നവതാരം ചെയ്തവരെന്നറിനീ. ൫

അറിവൊടുകാലം പൊരുളിടമെന്നതി-
    നാലുംജ്ഞാനമഹായജ്ഞത്തൊടു്
കുറിയൊന്നായ്ച്ചമയം പലവായ്കൾ-
    ക്കൊണ്ടനവാനവുമെന്നെയർച്ചിക്കും
പൊരുതിയിയന്നവർടെ വൃത്തികൾ ഞാൻ
    പുനരുരചെയ്യാമെജ്ഞമഹംകേൾ
തിറമെഴുമമൃതമഹാമന്ത്രോഹം
    ദിവ്യൌഷധമഹമാജ്യമഹം കേൾ. ൬

കേളഹമഗ്നിഹുതംഞാൻ വിശ്വം
    കെൽപ്പൊടുപെററൊരുമാതാവും ഞാൻ
കോളയതാകിയ്താതപിതാമഹർ
    കുററമറും വേദ്യമൊടോംകാരം
നീൾമറളുക്കൊടു സാമമെജുസ്സു
    നിനയ്ക്കിലനത്തിനമീശ്വരനും ഞാൻ
മേളമെഴും പ്രഭുസാക്ഷിയെവിക്കും
    ബീജമഹംപ്രളയസ്ഥാനംഞാൻ. ൭

Digitized By Kerala Sahitya Akademi

സ്ഥാനനിധാന മഹം രവിയായേ
ധരണിയിൽ നീരെയടക്കുവതും ഞാൻ
വാനിടെ വർഷമിയററിയിരക്ഷ
വരുത്തുവതും ഞാൻ ദീർഘായുസ്സഹം
ആനതിനുടെ മൃത്യുവും ഞാനിവയൊ-
ന്നറിയാതവർ പല യാഗം ചെയ്തേ
വാനലകം വാണ്ണവനിയിൽ വീണ്ണു
വരുന്തിട്ടുവർ നാനായോനിയിലേ. ൧൦

എന്നെ നിരന്തരവും പൂജിച്ചു-
ലെന്തവരുള്ളിൽ നിനച്ചുവയെല്ലാം
പിന്നയതെന്നാതേ യെന്നകമേ
പ്രിയമൊട്ടു ഞാനവർകൾക്കു കൊടുപ്പേൻ;
അന്യമഹാദൈവങ്ങളെയെല്ലാ-
മവരവരാലച്ചിച്ചീടിന്നതു-
മെന്നെയതെന്നറിയവരറിയാത്തില്ലു-
മെന്നിലടങ്ങീടും പുനരെല്ലാം. ൧൧

ആമളമമരരെ യാത്രിക്കിന്നവ-
രമരരുമാവർ പിതൃക്കളെയടകിൽ-
ത്താമവരന്നു പിതൃക്കളെ മാവർ
തനിത്തനി മററഖിലവു മതവണ്ണം
കാമമുതൽപ്പാശങ്ങളറുത്തേ
കനിവൊട്ടു മാമാശ്രിതരാകിന്നവർ
താമസിയാതേ ഞാനാമെന്നതു
സംശയമില്ലൊരു ജാതിയുമെന്നേ. ൧൨



Digitized By Kerala Sahitya Akademi

എന്നാലൊരുപുഷ്പം ഫലപത്രമ -
തിനിയജലം പുനരെമ്പതിലമ്പിനൊ-
ടൊന്നാകിലുമെന്നമ്പർതരിന്നതെ-
യുള്ളിലതീവ പ്രിയത്തൊടുകൊൾവൻ
നന്നായ്ത്തങ്ങൾ ഭുജിപ്പവ നൊൽപ്പവ-
നല്പമൊടുദാനം ചെയ്യുവയെല്ലാ-
മൊന്നായ്ക്കൊണ്ടുതെനിക്കായ്‌ന ൽകുകി-
ലൊളിവൊടുമവർമാമെയ്യുവർമുററും. ൩൩

മുററുമെനിക്കു സമസ്തപ്രാണികൾ
മുഴുത്തും സമമൊരു മാനുഷരോടും
ചുററവുമില്ലൊരു ദേഷ്യവുമില്ലതു
ചൊല്ലാം മാം ഭക്ത്യാ വല്ലവരും
പററുകിലവരൊടു ഞാനുംപററും
പാരായ്‌നറെറാരുവരെയും പറേറ-
നററമില്ലാതുളപാപംചെയ്യിലു-
മമ്പരിലുണ്ടാമെൻപ്രിയമെന്നും. ൩൪

എൻപ്രിയമെഴുമാറെല്ലാമെങ്ക-
ലിയററീടിന്നവനേറിയപാപം
വൻപൊടുചെയ്കിലുമവനൊടുനേരാം
വല്ലഭമുള്ളവർ ദുർല്ലഭമരചാ
ഇമ്പമവന്നേറുംപലജാതിയു-
മെൻഭക്തന്മാക്കിടരുണ്ടാമോ?-
അമ്പരിലമ്പനഹം പുനരെന്നെ-
യടുക്കിലവർക്കു പരംസുഖമുണ്ടാം. ൩൫

Digitized By Kerala Sahitya Akademi

ഉണ്ടാംപരഗതി മററുംവൈശ്യന്ത-
　　മുടനേ ശൂദ്രന്മംഗനമാക്കും
മിണ്ടാതേയെൻ പുകൾവിസ്താരം
　　വേഴ്ചയൊട്ടം കേട്ടെന്നെയുവക്കിൽ
പണ്ടേമേലാം ബ്രാഹ്മണരോടേ
　　പാൎത്ഥിവരും നാം ഭക്തമ്യാമേതസി
കണ്ടേതൊഴുകിലാരാൎത്ഥവരുവത്തു
　　കരുതിയുരപ്പത്തുമൊരുചേരുത്തുകമോ?　　൩൩
കരുതുകില്ലകലവുമാഴവുമാക്കും
　　കാണരുതാകിയ സംസാരാണ്ണവ-
മരുമകൾക്രൂടാതേകരകൊള്ളാ-
　　മജ്ജുനനേമാമച്ചിച്ചീട്ടുകിൽ
വിരവൊട്ടമിവയറിഞ്ഞകെന്തരചെയ്യാൻ
　　വിധിമുഖദേവമുനീശ്വരർകാണ-
പ്പുരമവുമാൻ ഭൂഭാരം തീപ്പാൻ
　　പലർകാണവനിയിലെളുതായ്നിന്നോൻ. ൩൪

ഇതി നവമോദ്ധ്യായഃ.

Digitized By Kerala Sahitya Akademi

# പത്താമദ്ധ്യായം.

എളുതല്ലിതു പരമാം മമ വചനമി-
തെല്ലാംകേട്ടതി സന്തോഷിപ്പാ-
നളവില്ലാതുള ഭക്തിനിനക്കു-
ണ്ടാകയിനാലിന്നും കേളരചാ
തെളിവെഴും മുനിജനമോടു സുരാസുര
സിദ്ധർ മഹാ വിദ്യാധരരിവർകളു-
മുളരതിലെന്മഹിമാനമൊരുത്തനു-
മുന്നർവരുതായൊരനാദിയത്രേ ഞാൻ. ൧

അനാദിയതാമെന്നുടെ മഹിമാന
മറിഞ്ഞവർ പാപമനന്തമകന്നു
സനാതനമാമെന്നൊടു മരുവീടുവർ
തക്കൊരു ബുദ്ധിജ്ഞാനം മോക്ഷം
അനേക ഗുണംമികും ശമദമസുഖമിട-
രഴിവുത്ഭവമഭയം ഭയമോഹം.
ദീനജനപ്രിയമമ്പെഴും ദാനം
ദിവ്യതവംപഴിപുകഴൊടുസത്യം. ൨

അമ്പൊടുമെങ്കലിവെല്ലാമുളവാ-
യരിയതവം ചേർമുനിജനമോടേ
പിമ്പൊരുനാലുമനുക്കളും പ്രിയത്തൊടു
പിന്നെ മമ മാനസേ ഭാവമിതെങ്കൽ
തുമ്പമകന്നുളവായവയെല്ലാം
സുഖമേറിയവ്വാറവരെപ്പോതിലു-
മമ്പെട്ടമെന്നെ നിനപ്പാർന്നിനവി-
നവർക്കവസരമുണ്ടാകുവതും ഞാൻ. ൩

Digitized By Kerala Sahitya Akademi

ജ്ഞാനേ യെന്നെ നിനപ്പവർകൾക്കൊരു
നാശംവാരാതേ രക്ഷിപ്പതു
ദീനാവസ്ഥ വരാതവർമാനസ-
തിമിരമശേഷമറുപ്പതിനായേ
ജ്ഞാനേ ജ്ഞാനവിളക്കായ് നിന്നതു
നന്ദിയൊടിന്നതു കേട്ടീടുന്നനം
മാനാതീത-പരബ്രഹ്മം നീ
മഹിമയിയന്ന പരംധാമം നീ. ൪

പരമ്പുരുഷൻ പരമാനന്ദൻപര-
ശാശ്വത നമലനജൻ പ്രഭുവെന്നും
നിരന്തരവും മുനിമാർകൾഭവാനെ
നീനന്തരുളിച്ചെയ്തീടിയതെല്ലാം
തരന്തരമടിയേനോടുരചെയ്തായ്
സകലജഗന്മയനന യഖിലേശാ
യരിന്ദമനാകിയ ദേവേശ്വരനേ
യാദിജഗൽപതിയേ നീയെന്നാൻ. ൫

എന്നും നീ നിന്നാത്മവിഭൂതിയി-
ലിതമൊടുമുലകിതിലാരോരോന്നായ്
നിന്നപ്രകാരവുമെന്നൊടു ചൊല്ലുക
നിർമ്മലനേ നിൻ വചനാമൃതരസം
ഇന്നു ഭുജിച്ചതിനാലേ തൃപ്തി
യെനിക്കുണ്ടായില്ലേറ്റമെ രുമാനേ!
നന്നിയൊടിന്നുമെനിക്കിതു കേൾപ്പാൻ
നയമൊടു ചൊല്ലുക നാരായണനേ! ൬

Digitized By Kerala Sahitya Akademi

ചൊല്ലാമിതു വിസ്താരമുരയ്ക്കിൽ
 തുലയാതതില്ലതിലേയ്ക്കു പ്രധാനം
നല്ലായ്കേറ്റനീ ഭൂതാനാമുയിർ
 ഞാനതിനുടെയാദ്യന്തംമദ്ധ്യവും.
എല്ലാമതൊഴിമാദിത്യാനാമാദ-
 മീടിയ വിഷ്ണുവര രശ്മികളിൽ
ചൊല്ലാരംശുമനായതു ഞാനേ
 തുയമരീചി മരുത്തുകളിൽഞാൻ. ൧

ഞാനാകിന്നതു നക്ഷത്രങ്ങളിൽ
 നലമീടിയ ചന്ദ്രൻ വേദാനാം
ഞാനേസാമം ദേവകൾതന്നിൽ
 നലംമികമിന്ദ്രൻ ഞാനിന്ദ്രിയമതിൽ
ഞാനേമനമാകിന്നതു പാണ്ഡവ
 നലമെഴും ഭൂതാനാം ചേതനനും
ഞാനേരുദ്രാണാം ശങ്കരനും
 നലയക്ഷരിൽ വിത്തേശ്വരനുംഞാൻ. ൨

ഞാനറി പാവകനെണ്മർ വസുക്കളിൽ
 നല മലകളിൽ ഞാൻ മേരുപുരോഹിത-
രാനവർ തങ്കളിലസ്മി ബൃഹസ്പതി
 യറുമുഖനഹമറി സേനാപതികളിൽ
മാനിതസരസാമസ്മി സമുദ്രം
 മഹർഷികളിൽ ഞനേഭൃഗുമുനിവനു-
മേനൽ ഗിരാമസ്മ്യേകാക്ഷരവും
 യജ്ഞങ്ങളിൽ ഞാനേജപയജ്ഞം. ൩

Digitized By Kerala Sahitya Akademi

ജവമൊട്ടുമറിനീ ഹിമഗിരിയത്ര ഞാൻ
    തിറമേറും സ്ഥാവരമാകിന്നതി-
ലവധിയില്ലാവൃക്ഷാണാമരയാ-
    ലസ്മിമഹാദേവർഷികളിൽ നാരദർ
ദിവിമരുവീടും ഗന്ധർവ്വാണാം
    ചിത്രരഥൻ സിദ്ധാനാം കപിലൻ
ജവമെഴുമശ്വങ്ങളിലാഗമുച്ചൈ-
    ശ്ശ്രവസൻ കരികളിലൈരാവതവും. ൧൦

ഉററ നരാണാം രാജാവും ഞാ-
    നൊളിവെഴുമായുധമതിൽ വജ്രം ഞാൻ
മററു മഹാഗോക്കളിൽഞാൻ സുരഭി
    മനോഭവനായത്രമസ്മി പ്രജനാം
കററമറും വാസുകി സർപ്പാണാം
    ഉണർവെഴുമനന്തനഹം നാഗാനാം
മററും ജലജന്തുക്കളിൽ വരുണൻ
    മുന്നുപിതൃക്കളിലര്യമനും ഞാൻ. ൧൧

യമതാമസ്മിയമൻ പ്രഹ്ലാദനോ-
    മിമ്പമിയന്നൊരു ദൈത്യാനാം ഞാ-
നമിത പരാക്രമനായ മൃഗശേഖര-
    നഹം മൃഗജാതികളിൽ പക്ഷീണാം
സമമിയലാവിനതാസുതനും ഞാൻ
    തഞ്ചിനപവനൻ പവതാമഹമരി
ക്ഷമയുടരഘുവരനാകിയ രാമൻ
    ഗവൊട്ടു ശസ്ത്രമെടുത്തവർകളിൽ ഞാൻ. ൧൨

Digitized By Kerala Sahitya Akademi

കെല്പമരിന്ന ഝഷാണാം മകരം
    കേവലമഹമെന്നറി നദികളിൽഞാ-
നത്ഭുതമായൊഴുകും ഗംഗാനദി
    യാകിയ സർഗ്ഗാണാമാദ്യന്തം
തല്പൊലി മദ്ധ്യം വിദ്യാനാമ-
    ദ്ധ്യാത്മമഹാവിദ്യ മഹമെന്നറി
ചൊൽപ്പെരു വാക്യത്തിൽ പ്രതിവാക്യം
    സുഖമേ ഞാനെന്നറിക വിശേഷാൽ. ൩൨

അറിനീയക്ഷരമമ്പത്തൊന്നി-
    ലകാരം ഞാൻപുനരറി ദ്വന്ദ്വംഞാ-
ലറിവൊട്ടുനിന്ന സമാസാനാംക-
    മ്മങ്ങളിലണ്ടിനടേഫലവും ഞാൻ
അറിവേ കൊൽവതുഞാൻ കാപ്പതുഞാ-
    നമ്പിനൊടുത്ഭവമാക്കുവതും ഞാൻ
തിറമെഴും ധൃതിഞാൻസ്മൃതിഞാൻ ക്ഷമഞാൻ
    തികഴ്ഗായത്രിച്ഛന്ദസ്സും ഞാൻ. ൩൪

ഞാനേമാസാനാം മൃഗശീർഷം
    നല്പവൃത്തുനാം കുസുമാകരവും
ഞാനേതേജസ്വികൾതേജസ്സും
    നലമേറിയ ജയമൊട്ടു വ്യവസായം
ഞാനേ സത്വവതാം സത്വംഗുകൾ
    നലമെഴും വൃഷ്ണിനാം കൃഷ്ണൻ ഞാൻ
ഞാനേ പാണ്ഡവരിൽ ശ്രീവിജയൻ
    നലമുനിശ്രീവേദവ്യാസൻ ഞാൻ. ൩൭

Digitized By Kerala Sahitya Akademi

ഞാൻ കവികളിലുശനാം കവിയെന്നറി
നല്ല ഗുഹ്യാനാം മൌനം ഞാനേ
ഞാൻ കരുതാം നൽ ജ്ഞാനി ജനങ്ങളിൽ
നന്നിമിക്കും ജ്ഞാനമതെന്നറി നീ
വീങ്കിയലോക മനന്തിനമേ ഞാൻ
ബീജം വേറൊന്നിസ്പൃഹമല്ലാ-
ലോങ്കിയതെൻ പ്രാഭവമുരചെയ്യി-
ലൊരിക്കലുമതിനൊരൊട്ടുഗമം വാരാ. ൪൧

ഒട്ടുക്കമില്ലാതമരകളലിലവുമെ-
ന്നുടെ തേജോംശമതിങ്കലുദിത്ത-
ത്തുടക്കിയനേകവിധം പുനരപി ഞാ-
നരചെയ്തിന്നിതുമെന്തിനു ഭുവനം
അടക്കവുമെന്നുടെ യംശമതൊന്നി-
ലടങ്ങിയതെന്നാനമ്മ യശോദ
പിടിച്ചു തളച്ചുളവേയുലൂഖലമോട്ട-
പെരുമരുതൂട്ട നടന്ന പുരാണൻ. ൪൨

ഇതി ദശമോദ്ധ്യായഃ.



Digitized By Kerala Sahitya Akademi

# പതിനൊന്നാമദ്ധ്യായം.

നടന്നിതെന്നുള്ളിലല്ലല്ലെല്ലാമതെന്നെയകന്നുമെല്ലെ
നലമിക്കം നിന്നുടേ തിരുവാചകാമൃതമുണ്ടമൂലം
തുടന്നമയക്കമൊക്കയെനിക്കകെന്നിതെൻ തമ്പിരാനേ
സുഖാ വരുമാറുനീയുലകെങ്ങുമായ് നിന്നദിവ്യരൂപം
ദൃഢം വരുമാറുകാൺകയിലിഛയുണ്ടത്തു കാട്ടുകെന്നേ
തെളിഞ്ഞുരചെയ്ക പാർത്ഥനവണ്ണമമ്പൊടു കാട്ടുവാനായ്
ഉടൻ നിജമാനസ നിനവുറവ വ്യണ്ണിവരാൻ മൊഴിന്താ-
സ്വാമിനി നീ തെന്നതെത്രു മിനിറകാൺകയെന്നേ.൧

[illegible] നീ
[illegible] ങ്ങളുണ്ടനേകം
ൻകമരുത്തർ [illegible] ളെണ്മരെയശ്വിനൌ നീ
കാൺകനീരുദ്രന്മാരിവരാദി മററുമനേകർമുററും
കാൺകയപൂർവ്വമായവ മററുമാശ്ചരിയങ്ങളും നീ
കാൺക ജഗത്ത്രയം പലവാം ചരാചരഭ്രതമെങ്കൽ
കാൺക നിനച്ചതും നിനയാതതും മമ ദേഹമൊന്നിൽ
കാൺമതിനാവതല്ല സ്വചക്ഷുഷാപുനരെന്നു പിന്നും.൨

എന്ന് ചെയ്തമന്നനു ചക്ഷു ദിവ്യമതമ്പിനോടേ-
യിമ്പമിയന്നു നല്കിയദേവദേവന്ന മർജ്ജുനന്നായ്
വെന്നിമികം പരൻ നിജരൂപമമ്പൊടു കാട്ടിമെല്ലേ
വിസ്മയമോടു നിന്നുള കാലമങ്ങവർ മേനിയല്ലാൽ
ഒന്നുമില്ലെങ്ങുമേയുടൽതോറും നിന്നുചൊരിഞ്ഞ തേജ-
സ്സുററിതു പത്തുദിക്കിനുമപ്പുറത്തളവും ജ്വലിച്ചേ
ഒന്നല്ലനേകവക്ത്രമനേകനേത്രങ്ങൾ തത്രശോഭി-
ച്ചോന്നിയ വിസ്മയം പലഭൂഷണാദി നല്ലായുധങ്ങൾ. ൩

Digitized By Kerala Sahitya Akademi

എന്നുമതിവ ദിവ്യസുഗന്ധമാമനുലേപനമമ-
റ്ററിമ്പമിയന്ന മാല്യമോടംബരങ്ങൾ ധരിച്ചുകോലം
വെന്നിമികത്തൊരായിരംകോടിദിവ്യ ദിവാകരന്മാർ
വിണ്ണിലുദിച്ചുയന്നതുപോൽ നിറന്നൊളിവുററിതപ്പോ-
തന്നവിടത്തിലൊന്നൊഴിയാത വിസ്മയമൊക്കയും ക-
ണ്ടക്ഷണം രോമരാശിയുദിച്ചു പുഷ്കരനേത്രൻ
ചെന്നളിപാടിനമിച്ചുണമുണ്ടെഴും തുളസീദലാംഗം
ചെമ്പകഴച്ചെവ്വായോടുകണ്ടുടൻ വിജയൻ പണിന്താൻ. ൮

പണിന്തുപണിന്തകംകനിവൊടു പാണ്ഡവനംമൊഴിന്താൻ
പരംപുരുഷാ നിൻ മെയ്യിലനന്തഭൂതവിശേഷസംഘാൻ
ഇണങ്ങിനവാറുകണ്ടിതനേകകൈകളുദരം മുഖംക-
ണ്ണിലങ്ങിനവിന്റു രൂപമനന്തകോടി സഹസ്രംമറവും,
വിണ്ണിങ്കൽ നിറഞ്ഞൊരാദ്യന്തമററവുംവെത! കണ്ടില്ലല്ലേ
വിളങ്ങുമണികിരീടം ശംഖാദ്യം ഗദചക്രമോടും
പുനന്തരി ശോഭയാഖിലം പ്രകാശമെഴും പ്രകാരം
പുരന്ദരവന്ദ്യനേ പണിന്നിന്നൊനോക്കുവതിന്നുപോലും. ൯

നോക്കുകിലേററിഞ്ഞനലാർക്കസന്നിഭമിപ്രകാശം
നൽത്തിരുമാർവരോടിമയോർകളും തൊഴുമാതിദേവാ!
സൂക്ഷ്മതാനനിൻ പൊരുളമയ്യോരെല്ലുമിപ്പ ചൊൽവാൻ
സ്തോത്രമിയറുവാൻ തവ തത്വമൊന്നറിയാവതല്ലേ
ആക്കമെഴുംതത്വമക്ഷരമായതപ്രമേയം പരം നീ-
യാശ്ചരിയത്തോടീ ഭുവനത്രയത്തിനു നിധാനം
നീക്കം വരാതധർമ്മതിന്നു രക്ഷയതായതും നീ
നീക്കരുതാതനൽപ്പൊരുൾ നീമറഞ്ഞുംസനാതനൻനീ. ൧൦

Digitized By Kerala Sahitya Akademi

മറയ്ക്കറിവാമനാദിയനന്തൻ നീ തവ താമരക്കൺ
മതികരുതാതെഴും ശശിസൂര്യന്മാർ ഭുവനൈക നാഥാ
നിറമൊത്തൊട്ടു തീയെരിഞ്ഞതുപോലതീവതവാനനം ഞാൻ
തികപ്പൊട്ടു കണ്ടിതെണ്ടിശയും വിളങ്ങിനതേജസാ നീ
നിറഞ്ഞൊടനേക വർണ്ണവുമാകിവാനോട് ദിക്കനെത്തും
നിറച്ചിതു നീയൊരുത്തനിൽ നിന്നിതിത്ര ബഹുതമായേ
അറപ്പിനൊടത്ഭുതം പരമുഗ്രരൂപമിതൊക്കെയും ക-
ണ്ടനന്തുലകം ഭയത്തൊട്ടുക്രൂടനിന്നുതൊഴുന്നിതെങ്ങും. ൧

നിന്നുവന്നങ്ങിയുമ്പർപണിഞ്ഞു നില്പതുമുണ്ടനേകം
നിർമ്മലരാം മുനീന്ദ്രർ നിന്നെ സ്തുതിപ്പതു മുണ്ടനേകം.
വെന്നിമികുന്ന സിദ്ധരിയക്ഷരാദികളൊക്കയും നിൻ
വിസ്തരവേഷമിത്തരമായ് വിരിഞ്ഞതുകണ്ടുകണ്ടേ
ഒന്നിയവിസ്മയത്തൊട്ടുമൊക്കനില്പതുമിന്നുകണ്ടേ-
ൻററനരൂപമററമില്ലാതളം മുഖബാഹുഴനത്രം
നന്നിമികും ബഹുദരമൂരുപാദമഹോഗ്രദംഷ്ട്രം
നാവൊട്ടുറായ്പിളന്ന മുഖങ്ങളഗ്നിയൊടൊത്തുകണ്ടേൻ.൨

കണ്ടുലകം കലങ്ങിയപോതിലേതുമനങ്ങൊല്ലാകാൺ
കമ്പമടങ്ങുകെന്ന പ്രസാദമുണ്ടു ചിലാനനത്തിൽ;
ഇണ്ടലകന്നു വാനളം മുട്ടിയേ പലവർണ്ണമായേ-
യെണ്ടിശയും നിറഞ്ഞുതകുംമുഖം പ്രളയാഗ്നിപോലേ
കണ്ടിതുഞാനും മററുസുയോധനാദികൾക്കൂട്ടമെല്ലാം
കമ്പമില്ലാമഹാരഥരായ ഭീഷ്മർനലംകൊൾദ്രോണർ
ചെണ്ടിലകിനാപൊന്മുടിമന്നർ സംഘമശേഷവുംനിൻ
ചെങ്കനൽചിന്തിനിന്നമുഖത്തിൽ വീഴ്വതുമിന്നുകണ്ടേൻ.൩

Digitized By Kerala Sahitya Akademi

കണ്ടമഹീശർ തന്നുടൽ ഖണ്ഡമായ് വളർവായ്ക്കൾതോറും
കണ്ടിതുടൻ ദമിഷ്ടമിന്നങ്ങിട്ടും ദശനാന്തരത്തിൽ
പുണ്ഡരീകേക്ഷണാ നദിയൊക്കവെ കടലോട്ടുക്രൂട്ടു-
മ്പോലുലകൊക്കനിങ്കൽ വിരഞ്ഞു ചേർവതുമിന്നുകണ്ടേൻ
കണ്ടെരിതീയിൽ വീണ്ണുഴിയും പതംഗസമാനമായേ
കഞ്ജദലാരുണായതലോചനാ നിൻമുഖങ്ങൾ തോറും
പണ്ടുതവം ചെയ്‌ പ്രാണികളൊഴിവെവീണ്ണൊരിമപ്പിൽമായും
ഭംഗികളൊക്കൊരാശ്ചരിയം വരുംവണ്ണമിന്നുകണ്ടേൻ. ൩൦

ഇന്നുസമസ്തമുണ്ടതിലുൺ മുഴത്തില്ലയെന്നപോലേ
യേറനിറന്നു നാവതു നീണ്ടവായ് പിളുന്നീട്ടും നാഥാ
നന്നിതു നിൻപ്രവൃത്തികളെന്തിതിങ്ങനെയൊന്നുമേ ഞാൻ
നായകനേയറിഞ്ഞില്ല നിൻ പ്രസാദമൊട്ടുള്ള വണ്ണം
നന്നിയിനാലെനിക്കരുളിക്കയെന്നു പണിഞ്ഞുപാർത്ഥൻ
നാടിയിന്നുട്ടു പേടികലൻ ചൊന്നതു കേട്ടു മായോൻ
കൊന്നിനി നീയൊഴിഞ്ഞുള്ള മന്നർ തന്നെയിരെക്കെടിപ്പാൻ
കൊണ്ടൊരു കോലം ഞാനമിതെന്നറിഞ്ഞു കൊൾക നീയു
[മെന്നാൻ. ൩൧

എന്നതറിഞ്ഞു നീയെഴനിന്നു മന്നരെയൊക്കവേ കൊ-
ന്നിമ്പമെഴും പെരുമ്പുകൾകൊണ്ടു വാഴ്ക്കുഴകോട്ടു മന്നാ
മന്നിടയേമയാ ഹതരായിനാരിവരൊക്കെയെന്നാൽ
മന്നവൻ നീയിതിന്നു നിമിത്തമാത്രമിയററി മുററും
വെന്നിമികുത്ത രാജ്യവും നല്ല പൂജ്യവും സേവിടെന്നാൽ
വേറിതു പോലെ നല്ലതുമില്ലയെന്നു മുകുന്ദവാക്യം
നന്നിയൊടന്നു കേട്ടു പണിഞ്ഞുപേർത്തുമതീവഭീത്യാ
നല്ല കിരീടികൃഷ്ണനൊടേസഗൽഗദനായുരത്താൻ. ൩൨

Digitized By Kerala Sahitya Akademi

ഉരചെയ്യിലില്ലനിൻ പെരുമയെക്കാരെല്ലചൊൽവാൻ മു[രാരെ!
യുലകമനന്തും നിന്നുടെ മായയിൽപ്പിറന്നിതെന്നാൽ
കരണങ്ങളേഴിരണ്ടിനു മൂലമാകിയ കാരണൻ നീ
കരുതുകിൽ നിൻകഥയ്ക്കു പ്രിയപ്പെടാമല്ലൊരുത്തരുണ്ടോ?
സുരരൊടു സിദ്ധർമാമുനികളും നല്ലമൂർത്തായതും നീ
സുഖമൊടതെന്നിമറവുമരക്കർ ദാനവരാമവർക്കും
നിരുപമമായ ചാതുരിയങ്ങൾ മാധുരിയതെന്തൊട്ടുണ്ടാം
നിയതവും നിൻപ്രകീർത്തികൾ കേൾക്കിലാർക്കുവരാതതി[മ്പം? ൧൩.

ഇമ്പമെഴും കൈകാലൊടു കൺമുഖം കമലങ്ങളായേ-
യെണ്ടിശയും വിളങ്ങിന കാർമ്മുകിൽക്കെതിർമേനിയോ[നേ!
പണ്ടുളവാം പിതാമഹതാതനേ പരമാദിദേവാ
പങ്കജലോചനാനിന്നെ ഞാനൊരായിരംവട്ടമമ്പാൽ
ഇമ്പമിയന്നു കൈതൊഴുതേനിതാ പിന്നെയുംതൊഴുന്നേ-
നിങ്ങലകന്നു നിൻതിരുമുമ്പിൽനിന്നിതകൈതൊഴുന്നേൻ.
പിന്നുമവണ്ണമേ പലപാടുനിന്നു നമസ്കരിച്ചേൻ
ഭീതികളഞ്ഞുമാം പരിപാഹിനീതിയിൽനിൻപ്രസാദാൽ.

ആലിലമേലമർന്നരുളും പുരാണപുമാൻ പരൻ നാ-
രായണനായതെന്നടിയേനറിഞ്ഞില്ല നിന്നെമുന്നേ
കോലുമെടുത്തുടൻ കുഴലും വിളിച്ചഥ ഗോക്കൾ പിൻപോം
ഗോപകുമാരനായ സഖേ സഖേ പുനരെന്നിവണ്ണം
ബാലതകൊണ്ടു നിൻമഹിമാനമൊന്നറിയാതു ഞാനെൻ
വായിലുദിച്ചതൊക്കെയുമേ പറഞ്ഞതനേത്ര കഷ്ടം
ചാലശനംവിഹാരശയ്യാസനം പുനരൊന്നുപെട്ടേ
സാഹസമോടു ക്രൂടത്തുചെയ്തതും ബതപാരവുമോ കേൾ? ൧൪

Digitized By Kerala Sahitya Akademi

പാറുവതല്ലചെയ്തതെങ്കിലും പെരിയോർകളെല്ലാം
ഭക്തർ ചെയ്യുന്നതൊക്കയുമേ പൊറുപ്പർപുരാതനാകേൾ.
കുററമതൊക്കയുംമനസ്സാൽപൊറുത്തുകൊൾകെന്നിരന്നേ
[ൻ
കുററമൊഴിച്ചു പെററുലകത്തെയൊക്ക വളൎത്തദേവാ!
മററു നിന്നെസ്തുതിപ്പവർ തങ്കളെപ്പുകഴിന്നതും നീ
മത്സരമൊക്കകൊറി മകിഴ്ന്തു നൽഗുരുവായിരിന്നേ
കുററമൊഴിച്ചു കാപ്പതുംനീ നിനക്കുമിക്കത നാഥേ.
ഗോപനമായ്മറഞ്ഞു മനുഷ്യകോലമെടുത്തനാഥാ! ൪൫

നാഥാപണ്ടൊരു കാൎയ്യമറിയാ
നന്നിമികുന്തരാ രൂപംകണ്ടേ-
യേയാകിലുമടിയേൻ ഭയമുറേറ-
നിക്കോലം വിട്ടിനി നിൻതിരുവടി
തീതാകാത ചതുർഭുജമോടും
തിറമേറിയ ശംഖൊടു ചക്രവുമായ്
ഖേദാദികൾ പോമാറി നിന്നരുൾ
കേശവനേയെന്നാൻ കുരുവീരൻ. ൪൬

എന്നവനോടരുൾചെയ്താനച്യുത-
നെന്നുടെ വടിവിതു കണ്ടതുളിരോ
നന്നിമികും നാന്മറകളൊടെജ്ഞം
നലമേറിടിയ ദാനതാപസ്സുകൾ
എന്നരിനാലും നീ കണ്ടൊരുവടി-
വേവക്കും കാണപ്പെട്ടവോന്ന-
ല്ലിന്നു നിനക്കിതു ഞാനിക്കാട്ടിയ-
തെന്നുടെയാത്മ മഹായോഗത്താൽ. ൪൭

Digitized By Kerala Sahitya Akademi

യോഗത്താലിത്തു കാട്ടിയതെന്നുട-
നുരചെയ്യുന്ന ചതുർഭുജനായേ-
യാകംതെളിവുററജ്ജുനശോകഭ-
യാദിയെയൊഴിച്ചതിസൌമ്യതയോടും
തൂകിന മന്ദസ്മിതമധുരയോടും
സുന്ദരനജ്ജുനനോടുരചെയ്താൻ
നീ കണ്ടീടിയ മമ വടിവാരും
നിതരാം കണ്ടവരില്ലറികെന്നേ. ൧൯

കണ്ടിടുവാനിക്കോലം ദേവകൾ
കാംക്ഷ മുഴുത്തമരിന്നോരെന്നാൽ
കണ്ടിടുവാനിതരുപ്പമവക്കും
കന്നിവൊട്ടുചേതസി ഭക്തിമുഴുത്തേ
കണ്ടവയൊന്നിണ്ണൊട്ടും സംഗിപ്പാൻ
കരുതാതേനിവൈരമൊടഖിലം
കണ്ടവനാരവനെന്നൊട്ടു കൂട്ടും
കനിവിനൊടെന്നാൻ കരുണാകരനും. ൨൦

ഇതി ഏകാദശോദ്ധ്യായഃ.

# പന്ത്രണ്ടാമദ്ധ്യായം.

കരുണാകരനേ നിൻകൃപയോടു മമ
കാട്ടിയരൂപമതോ മററപ്പു-
ലരുമാമറയിലുമറിയാ വടിവാ
യറിവുടയവരെത്തിന്നവരെന്നേ
ഹരികേശവനോടു ചൊന്നാൻ നൃപനു-
മവൻ തിരുവടിയുമതരുളിച്ചെയ്താൻ
നരവരനേ നീകണ്ടതു തന്നേ
നാട്ടകിലും കൂട്ടവരെന്നോടേ. ൧

നാട്ടവതിന്നരുതാവടിവായേ
നാവാലുരചെയ്യാനരുതായേ
തേടിമറയ്ക്കും കാണരുതാകിയ
ദിവ്യസ്വരൂപവുമായവ്യയമായ്
കേട്ടവരാതരം പൊരുളാമതു
കെല്പെട്ട പഞ്ചേന്ദ്രിയവിഷയങ്ങളെ
നാടിയിനുള്ളിൽ ചടക്കിയതൊരുവൻ
നയമൊടു കാൺകിലവൻ ജ്ഞാനാത്മേ. ൨

ജ്ഞാനമുണർന്നു സമസ്തേന്ദ്രിയവും
നയമൊടടക്കിയൊരു [illegible]ലത്തിനു
മാനസ[illegible]-
[illegible]നവർനിയതം
താനകതേ[illegible]ശ്ലിപ്പു [illegible]-
തരം[illegible]മല്ലതു പാർത്താൽ
മാനിതരാമവരുടെ മഹിമാനം
മറവുലകത്തിലുരപ്പവരാരേ. ൩



Digitized By Kerala Sahitya Akademi

ആർ ചിലർ ചെയ്യും കർമ്മമതെല്ലാ-
മവരുടെ യാത്മജ്ഞാനം കൊണ്ടേ
ധീരതയൊടുമെങ്കൽ ചേർക്കുന്നവർ
ജനനാംബുധിയതിൽ വീണുഴലാതേ
ആരമൃതം പോലേ നചിരാൽ ഞാ-
നവരെയെടുത്തഴകോടു മുയർത്തുവ-
നൊരുകനിവോടെന്നെ ധ്യാനിച്ചാ-
ലൊരു സംശയമില്ലെന്നൊടുമൊന്നാം. ൪

ഒന്നായിച്ചെയ്യും കർമ്മങ്ങളെ-
യൊരുപടിഞാൻ കാരണമായ് ചെയ്യേ
ചെന്നാക്കർമ്മഫലങ്ങളെയെല്ലാം
ത്യാഗം ചെയ്തീടുന്നോ ചെയ്യായ്;
എന്നാൽ ജ്ഞാനമതാകർമ്മങ്ങൾ-
ക്കെതിരില്ലതിനെക്കാളും ധ്യാനവു-
മന്നേ കർമ്മഫലങ്ങളെ വിട്ടവ
യതിലഴകതിലഴകുള്ള ശാന്തതയും. ൫

ഉണ്ടാകിയ സകലപ്രാണികളിലു-
മൊരുപോലേ സ്നേഹമതുണ്ടായേ-
യുണ്ടാം കാമമഹംകാരാദിക-
ളൊക്കയെകന്നരി നിർമ്മലനായേ
തണ്ടാതേ സുഖദുഃഖമിരണ്ടും
സമമായേ ക്ഷമയൊടു സന്തോഷവു-
മുണ്ടായവനെന്നെ പ്രിയമുടയോ-
നുള്ളിലെനിക്കവനെയുമത്ര പെരുതാം. ൬

Digitized By Kerala Sahitya Akademi

പെരിയപരംയോഗിയുമായ് നിയതം
 പേണിയതാത്മാ ദൃഢ നിശ്ചയനായ്
പാരിമോട്ടം മനബുദ്ധി ഖിനാലേ
 ഭാവിച്ചനുദിനവും സേവിച്ചു
ഒരുപോലേ സകലപ്രാണികളെയു-
 മുടനേ തന്നുയിർപോൽ നിനവുറേ
മരുവീടിന്നവനെയമ്പുടയോൻ
 മറാവനിൽ പ്രിയമേറുമെനിക്കും. ൧

ഉലകുയിരൊട്ടുതാനൊന്നാകയിനാ-
 ലൊന്നിനുമേയൊരു പേടിയൊഴിഞ്ഞേ
പലപലപ്രാണികളും തന്നാലേ
 ഭയമിയലാതേ താനമിരുന്നേ
കലരും കാംക്ഷയകന്നിതിശുദ്ധത
 കൈക്കൊണ്ടതി ശൂന്യതയോടുമനിശം
വിലസിന യോഗിയെന്നിൽ പ്രിയമുടയോൻ
 വേറൊരു പ്രിയമുണ്ടവനിലെനിക്കും. ൨

വേറായേ ദ്വേഷ്യം കൈവിട്ടു
 വെടിഞ്ഞാകാംക്ഷ വെടിഞ്ഞു കളഞ്ഞേ
മായാശോകമഹാമോഹാദികൾ
 മാററി മഹാഗുണദോഷമൊഴിഞ്ഞേ
നൂറായിരം കേടുണ്ടാകിലുമൊരു
 നോവു നുറുങ്ങിതിനുള്ളിൽ വരാതേ
യേറാതേലാഭത്തിൽ മകിഴ്ച്ചയു-
 മെല്ലാമൊക്കയുമൊരുപോലായേ. ൩

Digitized By Kerala Sahitya Akademi

ഒളപോലേനേരാരോട്ട മിത്രരു-
മുററീടും മാനമൊടവമാനവു-
മിരുവകശീതോഷ്ണം സുഖദുഃഖവു-
മിമ്പമെഴും സ്തുതിനിന്ദയുമെല്ലാം
കരുതുകിലൊന്നായിക്കാണുന്നവനെല്ലാം
കനിവെട്ടു തുല്യമിയന്ന മഹാത്മാ-
വരിയമഹാപ്രിയമെന്നിലിയന്നവ-
നവനില്ലതിപ്രിയനായവനേ ഞാൻ. ൧൦

ആയപ്രകാരമിവണ്ണമിഹിന്നട-
നഹമുരചെയ്തതയൊക്കെയുമറിവോൻ
കായമൊടേ മുക്തിയിൽ മരുവിന്നോൻ
കാണായ് ഞാനവനിൽ പ്രിയനെന്നാൻ
പേയുയിർ മുലയൊട്ടുമുണ്ടതുമും തയിർ
പിന്നെയുണ്ടമ്പോട്ട ഗോപസ്ത്രീജന-
വാത്സലർമധുവുണ്ടവകമനത്തും
വായാലുണ്ടാലിലയിൽ വളർന്നോൻ. ൧൧

ഇതിദ്വാദശോദ്ധ്യായഃ

Digitized By Kerala Sahitya Akademi

# പതിമ്മൂന്നാം അദ്ധ്യായം.

ആലിലമേൽ മരുവീന്ന പുരാനനു-
മരുളിച്ചെയ്താനുടലുയിരറിവാൻ
ചാലമകിഴ്ന്നർജ്ജുനൻ ഭ്രാന്തിയൊട്ടു
തങ്കുമുടലൂന്നാലേ വിളവുണ്ടാം
മേലറിവുടയവർ ചൊല്ലുവർ പാണ്ഡവാ!
മെയ്യേറുള്ള യത്ര ദേഹിയതെന്നേ
മൂലമതറിവവരെന്നെയുമറിയും
മുഴുതുമറ്റുക്കറിവായതു ഞാനേ. ൧

അറിവോട്ടു കേൾക്ക് ശരീരവികാരവു-
മായിരും വേറുള്ള ഗുണങ്ങളു-
മുരുതിയിനാലേറോ മുനിമാർ പ-
ണ്ടുറവുരചെയ്തതിനററവുമുണ്ടോ?
ചെറുത്തു ചുരുക്കിയുരയ്ക്കാമിതു ഞാൻ
തിറമൊട്ടു പഞ്ചമഹാഭൂതത്തൊടു
നെറിയൊട്ടു ഞാനും കൂടയാദികളും
നീൾകെളുതുമഹാബുദ്ധിയതെന്നേ. ൨

എന്നവയെട്ടിനു മൂലവുമൊന്നാ-
യിന്ദ്രിയങ്ങളൊരു പതിനൊട്ടു വിഷയാദിക-
ളെന്നതുമിച്ഛാദ്വേഷം സുഖമിട-
രേറാമാഘാതം ചേതനധൃതി
എന്നിവ ദേഹമതത്ര തപോൾന-
രിതിലുണ്ടാകിയ ഞാനമതും കേൾ
നിന്നഭിമാനമൊടേയവർ തന്നെ
നിനപ്പാൻ തക്കവരേയ ചെയ്യിന്നതും. ൩

Digitized By Kerala Sahitya Akademi

അത്തുമല്ലേററമഹിംസയൊടാർജ്ജവ-
മകമലിവോടാചാര്യോപാസനയത്ര-
മിതമെഴുംധൃതി ശൌചം നൽക്ഷാന്തിയു-
മിന്ദ്രിയവിഷയങ്ങളിൽ വൈരാഗ്യവും
ഉതിരനഹംകാരം ജന്മജരാ-
മൃത്യുവ്യരോഗമിവകൊക്കറിവോടേ
പുത്രൽവർ ധനം ദാരം ഗൃഹമതിൽ നിജ-
ബുദ്ധിഭ്രമമില്ലാത്തതുമെല്ലാം. ൪

എല്ലാപ്പൊഴുതിലുമെന്നെ നിനച്ചീത്തു-
മിഷ്ടാനിഷ്ടത്തിൽ സമമതിയും
നല്ലൊരദ്ധ്യാത്മജ്ഞാനത്തൊട്ടു
നല്ലതത്ത്വാർത്ഥ ദർശനമെന്നതും
എല്ലാം ജ്ഞാനമിതല്ലാതുള്ളവ-
യെല്ലാമജ്ഞാനം ജ്ഞാനത്താ-
ലുല്ലാസത്തിനൊടെയ്തും പൊരുള-
തുവന്നിനി നീ കേളെന്നരുൾ ചെയ്താൻ. ൫

അനാദി സനാതനമരിയ പരബ്രഹ്മ-
മമാനന്ദാമൃതമായൊളിവാകി
വിനാശവുമില്ലാത്തു ചെവികൺകൈ
വിലസുപദാംബുജമൊടു ശിരമെല്ലാം
വിനാവിന വിടമെങ്കും നിറവുററതു
വെളിയിൽ മറഞ്ഞതു സൎവ്വേന്ദ്രിയവൃ-
മനാദിഗുണാഭാസം സൎവ്വേന്ദ്രിയ
വർജ്ജിതമായതുവും താനായതു. ൬

Digitized By Kerala Sahitya Akademi

വന്നൊരു സാത്വികഗുണമെയ്യുംപോൾ
മരണം പ്രാപിക്കിന്നവരുടനേ
ചെന്നൊരു ദേവമഹായോനിയിലേ
ചേരുംതിറമൊട്ടു രാജസഗുണമത്തു
വന്നുള്ളവേ മരണം പ്രാപിപ്പവർ
മാനുഷരായ് പിറന്നീടുമവനിയി-
ലൊന്നിയ താമസഗുണമുററുളവേ
യുടൽ വിട്ടവോർ മൃഗജാതികളാവാർ. ൧

ജാതിമഹാജ്ഞാനം നിർമ്മലമത്രു
സാത്വികഫലം രജഃ പ്രചോദിതമാം
ചേതസി തോന്നും പ്രമാദമയക്കം
ദീനമജ്ഞാനം താമസഫലമാം
ആദരവോട്ടു സത്വപ്രധാനന്മാർ ചെ-
ന്നാശു പരഗതി രജോഗുണമുടയോർ
നീതിയിൽ മദ്ധ്യേ നില്ക്കുമധോഗതി
നിതരാം താമസഗുണമുള്ളോർക്കേ. ൨

ഉള്ള പ്രകാരമിവെല്ലാമുള്ളി-
ലുണർന്നവർ മൽഭാവം പ്രാപിച്ചു
തള്ളിവിരഞ്ഞു ഗുണങ്ങളെയെല്ലാം
താഴ്ത്തിൽ മേലായേയുയിർ തന്നിൽ
തള്ളും ജന്മജരാമരണാദികൾ
തങ്കൽ വരാതത്തു തന്നെയകന്നേ-
യുള്ളിലതീവസുഖത്തോടു മുക്തിയി-
ലുററവനെന്നുടയോനുരചെയ്താൻ: ൩

Digitized By Kerala Sahitya Akademi

ചൊല്ലേറും ഗുണമായകളല്ലാൽ
ചൊൽവാനൊന്നില്ലായ്കയിനാലേ
യെല്ലാം ധർമ്മ്യയെന്നൊരു കർമ്മം കാരണ-
മീടിയവുടലുണ്ടാ യതുമറിനീ.
നല്ലായ് സുഖ ദുഃഖത്തിന ഹേതു
നലസുകൃതാ ദുഷ്കൃത മെന്നറിനീ
യെല്ലാമുയിരുടലുണ്ടാക്കിന്ന-
തിയന്ന ഗുണപ്രകൃതിയിനാൽ മുററും. ൧൦

മുററുമുടമ്പിലമർന്നു ഭുജിപ്പതു-
മുഴുതും കേൾപ്പതുവും കണ്ണാലേ
യുററഖിലം കാണ്മതുമഖിലത്തിന-
മൊക്കൊരുപോൽ നിൽക്കിന്നമഹേശ്വരൻ
അററമില്ലാതറിവോടേയുടലുയി-
രതിനുടെ ഗുണമയറിഞ്ഞവനവനറി
ഞ്ഞാററിനടക്കിലുമവനെന്നും പോയ്-
പററുകയില്ല പുനർഭവമറിനീ. ൧൧

അറിവൊട്ട മാനസം മന്നി വിരുത്തുട-
നന്വേഷിച്ചറിവറി ദാത്മം ചില-
രുരുതിയെഴും യോഗത്താൽ സാംഖ്യത്താ-
ലുടനേ ദർശിപ്പതു പുനരെന്നും
തിരമൊടുമിതിനു ദൃഢം പോരാതവർ
ദൈവമിതെന്നൊരുവൻ ചൊൽപ്പടിയേ
കരവാരവേയച്ഛിക്കിന്നവരും
ഗുരുവരുളാൽ പീഴാ പിറവിയിലേ. ൧൨

Digitized By Kerala Sahitya Akademi

പിറന്നു മിറന്നും ഭുവനിയിലോരോ
    പ്രാണിപെട്ടും പാട്ടുകളുയിരുടലു-
ള്ളവരുമുഴലുയിരിൻ പകുതികളുമി-
    തൊന്നുമുന്നറിയാഞ്ഞുയിനാലേ
ഇറന്നാഴിലും ഭൂതങ്ങളിലേ നി-
    ന്നൊന്നാളിലുമഴിയാവടിവാകി
മറഞ്ഞ മഹാപൊരുളൊന്നെയുമുള്ളിൽ
    മതിക്കിലതിൻകോൾ നന്മയുമുണ്ടോ. ൩൨

നന്മയൊടേയവിലന്തിന മൊരുപോൽ
    നടുവാകിന്ന പരം പൊരുളൊന്നെയു-
മുണ്മയൊടേ യറിവുററ പെറ്റാത്മാ-
    വുയിർ പോകയാരുപിറവിയിൽ വീഴാതേ
ഉണ്മയിലേ ചേർക്കിനവനന്നറി
    യുണർവവികാരം കർമ്മമുമ്പാം
നിർമ്മലനാമീശനു വിനയേറാ
    നിർഗ്ഗുണനായ് വിനചെയ്യയിനാലേ. ൩൩

എല്ലാടവുമുണ്ടാകാശം പുന-
    രെന്നാലൊന്നിനൊട്ടും പററുണ്ടോ
ചൊല്ലാമതിനുടെ സൂക്ഷ്മം പോലേ
    സുഖദമയഖില ശരീരംതോറും
ചെല്ലാനിന്നാത്മാവതിലൊന്നൊട്ടു
    ചേരാരവിയേകം ഭുവനത്രയ-
മുല്ലാസത്തോടൊളിവെഴമതുപോ-
    ലുടലരിലതിലൊളിവെഴമാത്മാവും. ൩൪



Digitized By Kerala Sahitya Akademi

ഉടലുയിർ തങ്ങളിലേയുള്ളന്യത
യോത്തറിവാകിയ ലോചനമതിനാൽ
ദൃഢമൊരു ജന്മനി ദർശിക്കിന്നവർ
ചെന്നു പിറപ്പൊടു ചെവ്വതുമുണ്ടോ
ഉടനിവ നീയറികെന്നുരചെയ്താ-
നത്തമത്തുളസീ പരിമളമെങ്ങും
തടവീടിനതിരുവുരൽമമ്മർമാനിനി
തഴകീടിന ദാമോദരനമലൻ.

ഇതി ത്രയോദശോദ്ധ്യായഃ

# പതിന്നാലാമദ്ധ്യായം.

ദാമോദരനുരചെയ്താനുടനേ
തത്രധനംജയനോടതുകാലം
നാമാദരവൊടു ചൊല്ലാമിന്നും
ജ്ഞാനാനാം ജ്ഞാനമിതുത്തമമാം
ആമോദം പൂണ്ടരിയതാ സ്സോടു-
മമർമുനിമാരറിയിന്നതു നീകേൾ
ധീമാന്മാക്കല്ലാലിതൊരുക്കും
ചെവിയിലിടിച്ചാലും ചെല്ലാതതു.

Digitized By Kerala Sahitya Akademi

അതുചൊല്ലാമിജ്ഞാനമറിഞ്ഞവ-
രൻപൊടടന്മാമാശ്രിതരായേ
വിധിവഴിപോയവനിയിലൊരുനാളും
മേവീടാർ പിറവിയിലതിന്നുടെ നില
ഇതമൊടുകേൾ നീ ത്രിഗുണവികാര-
മിയന്നനവുടൽ ഭൂതങ്ങൾക്കെല്ലാം
മതിമാൻ ബ്രഹ്മനുടെ നിർമ്മിതമായ്
വരുമഖിലപ്രാണികൾ ഭൂമിയിലേ. ൮

ഭുവനിയിൽവാഴ് ഭൂതത്രിഗുണത്തൊടു
പൂണ്ടറിവല്ലാലൊന്നുമിയററാ
രവയാവതുകേൾ സത്വരജസ്ത
മസ്സിൽ ബന്ധിച്ചതു ഭൂതമെന്നും
ദിവസകരന്നെതിരായ പ്രകാശം
ദിവ്യജ്ഞാനമൊടേയാനന്ദവു-
മവധിയില്ലാതതു സത്വഗുണം മ-
ററതു മൂന്നിലുമുത്തമഗുണമറി നീ. ൯

അറിനീയാശയിലേറുത്ഭവമാ-
മരിയകരുപ്പു നിറം കൎമ്മത്തൊടു-
മുരുഗുണമതു രാജസഗുണമെന്നറി
യുടനേയജ്ഞാനത്തൊടുറക്കം
പിറകുപ്രമാദാലസ്യം മോഹം
പെരുകുമതേ താമസഗുണമെന്നറി
തിറമൊടു സുഖമുണ്ടാക്കും സത്വര
ചെയ്യും കൎമ്മങ്ങളെ രജഗുണവും. ൰

Digitized By Kerala Sahitya Akademi

ഉണർവേറിയ ജ്ഞാനത്തെ മറയ്ക്കുമ-
        ത്തുടനേ താമസഗുണമെപ്പോഴും
മണമേറിയ സാത്വിക ഗുണവാഴ്‌വു
        വരും പൊഴുതേ മററവരണ്ടും പോം
ഉണർവേറിയ സാത്വികരാജസവു-
        മോടണ്ടും താമസ വാഴ്‌വുവരും പോ-
തിണയോടേ സാത്വിക താമസവു-
        മിമപ്പുളവിൽപ്പോം രജഗുണവാഴ്വാൽ. ൫

പാരേപ്പോട്ടു നല്ലറിവെപ്പൊഴുതുണ്ടാം
        വടിവൊട്ടു സത്വം വർദ്ധനമപ്പോൾ
മേവിന കർമ്മപ്രവൃത്തിയൊടശമം
        വിനലോഭം സ്പൃഹയെപ്പൊഴുതപ്പോൾ

*           *           *           *

    *           *           *           *

തീവരുതാം രാജസഗുണമുള്ളിൽ
        തികവുററൊന്നറികുള്ളുന്നേ വീ. ൬

താനതിദൂരേനിന്നു തട്ടത്തു
        സകലത്തൊടുമൊന്നായ് വേറായതു
മാനിതഗുണമായ് നിർഗ്ഗുണമായതു
        മററു ചരാചരഭൂതമനന്തിനു
താനതിനകവും പുറവുമതായതു
        തന്നുടെ തനിനിലയൊരുവരുമറിയാ
ജ്ഞാനവുമായെജ്ഞവുമായ് നിന്നതു
        നല്പൊളിറിനമൊളിവായുരുവിന്നതു. ൭

Digitized By Kerala Sahitya Akademi

മരുവിനതു സൂക്ഷ്മമമായെങ്ങും
    മററഖിലത്തിനു മൂലമതായതു
കരുതിയ ജ്ഞാനത്താലറിയും പൊരുൾ
    കാണായിപ്പൊരുളായതു നൂനം
പരിചിയലിന്ന ശരീരവു മതുമേ
    പററിയജ്ഞാനവു മതിനാലറിയും
നിരുപമമാം ജ്ഞേയവുമഹമേവം
    നിന്നൊടു സംക്ഷേപിച്ചുരചെയ്തേൻ. ൮

ഉരചെയ്തുഴകൊടുമിന്നു മമ ഭക്തരെ-
    യുള്ളിൽ മകിഴ്ന്നുടനേ കേൾപ്പിപ്പോർ
കരകാൾവാനരുതായ ഭവാംബുധി
    കരകൊണ്ടാനന്ദവുമെയ്തീടുവർ
ഒരു പടിയേ ഞാൻ ചൊല്ലിയവുകലിനു-
    മുയിരിനുമാദിയറിഞ്ഞവരുളരോ-
വൊരുകാലവുമൊഴിയാതേയുടലൊടു
    മുയിരുഴലും കാരണമതു ചൊല്ലാം. ൯

ഉടയോനേയുടലിതിൽ മരുവും ഗുണ
    മുടനിവ മൂന്നുമകന്നവ തമ്മുടെ
നടപടിയും പുനരവർകളെ യറിയും
    നരക്കറികളുമെന്നോടുരചെയ്തെ-
ന്നടവൊടു ചോദിച്ചർജ്ജുനനോടേ
    യറിയിച്ചാൻ കേശവനവികാരവു-
മുടയപ്രകാശവുമുററ പ്രവൃത്തിയു-
    മുള്ളിലെഴും മോഹാദിയു മീവക. ൧൦

Digitized By Kerala Sahitya Akademi

വ്കയിതു മൂന്നുഗുണത്താൽ വരുവതു
മനസാതെളിവുററെറസ്ത്മീടുംപൊരു-
ളികഴാതെസ്ത്മാ വകയിച്ചുിഖാ-
തീവണ്ണം മരുവിന്നവർ ഗുണമൊട്ടു
അകലാതതിനൊട്ടു കൂടിയിരുന്നു-
മകം ചലിയാതവരെന്നറി മററവ
സുഖദുഃഖവുമൊത്തോട്ടും പൊന്നും
തുല്യമതായ് പ്രിയമോട്ടപ്രിയവും. ൧൫

തുല്യമതായ് സ്തുതിനിന്ദയിരണ്ടും
ത്തയൻ്ചെയ്യും നേരാരോട്ടമിത്രരു-
മെല്ലതിപ്പ്രാമാനാമൊടവമാനവു-
മേത്തും ഭേദം വാരാതൊരുപോൽ
അല്ലലകന്നകതാരിൽ നിറപ്പവ-
രിയഗുണം വൃത്തികളിവ മൂന്നിനു-
മെല്ലകടന്നതിൽ മേൽനിന്നവരിവ-
രെന്നെയുമെസ്തവരെന്നറിവിജയാ. ൧൬

അറിവിനുമറിവായേ മററുള്ളവ-
യഖിലവുമാകി വിരഞ്ഞിട്ടുമെങ്കൽ
കുറവിയലാതാനന്ദവുമെന്നും
കുന്നാതൊരു പരപദവു മൊരിക്കലും-
ഉറുതുയരിന്നി വിളങ്ങിന പുണ്യവു-
മൊരുകാലവു മഴിയാതൊരു ബുദ്ധിയു-
മുറവൊട്ട തോന്നിയതെന്നുചെയ്താ-
നൊരുകാലവു മഴിവിയലാ മായോൻ. ൧൭

ഇതി ചതുർദ്ദശോദ്ധ്യായഃ.

Digitized By Kerala Sahitya Akademi

# പതിനഞ്ചാമദ്ധ്യായം.

മായയവനൊരുവൃക്ഷം പോൽ മായയെ
    മനതാൽ കല്പിച്ചജ്ഞനനോടേ
നീയിതുകേൾമൂലം മേലായേ
    നിരുപമശാഖകളെല്ലാംകീഴായ്
ആയമരത്തിൻ വേദശാഖമാ-
    തൎയ്യമതിനുടെ പത്രമതരുമറ-
യായതിനാലവരവർ കീൎത്തിപ്പതി-
    തരിയപിറപ്പാം വൃക്ഷമിതെന്നാൽ. ൧

എന്നാലിതിനുടെ വടിവിരിവെന്നുമി-
    യിന്നതുമെങ്ങനെയെന്നതു ചൊല്ലാ-
മൊന്നായേമേൽ മൂലംബ്രഹ്മമ-
    തുടനതിനിടനിന്നെല്ലാമുള്ളവായ്
അന്നാകാശംമുതൽ ഭൂതങ്ങളൊ-
    ടടവടവേദങ്ങളോടുയിരഖിലം
വന്നാമളവുമെഴുന്ന തഴച്ചൊരു
    വായുവിനാൽ ശാഖകൾ കീഴെന്നാൻ. ൨

എന്നുംകൎമ്മമിയററുക കാരണ-
    മിമ്മരമേററവുമിങ്ങുതഴപ്പാൻ
നന്നിമികം പത്രാദികളെല്ലാം
    നാന്മറയെന്നര ചെയ്തതുമതിനാൽ
ഒന്നിനുമേ യാദിയുമന്തവുമിവ
    യൊക്കറിവാനരുതാകയിനാലെ
യിന്നിതിനെ പ്പുനരവ്യയ മെന്നതു
    മിവയൊരു നാളില്ല മഴിയായ്കയിനാൽ. ൩

Digitized By Kerala Sahitya Akademi

ഒരുനാൾ കഴിവതിലിതിലൊരുവക പുന-
നടനില്ലായ്കയിന്നാലരയെന്നേ-
യുരയാനിന്നതിവണ്ണം മരമി-
തുയന്നവർ താമറിയാതവയുണ്ടോ
തിരയാഴിയിൽ നിന്നെഴുവതിനൊത്തു
ജഗത്ത്രയമൊക്കഖിലപ്രാണികളൊടു
വീരവാൽ ബഹുരൂപത്തിൽ വിരിഞ്ഞേ
വീണ്ടും സ്ഥാനമതിങ്കലൊടുങ്ങും. ൪

ഒടുങ്ങാതോന്നിനുടെയാദ്യന്തവു-
മൊരുവരറിഞ്ഞിട്ടില്ലി വിലുമെങ്ങു-
മടങ്ങാതൊന്നിതു മായാമരമി-
തസംഗമഹാശസ്ത്രത്താൽ ഛേദി-
ച്ചിട്ടുമവരെന്നൊടു ചേരുമതെന്നാ
ലിതമൊടു ഭാരത ഭൂപവരനേകേ-
ള്ളടനുളവാമുയിരഖിലവുമെന്നുടെ
യോജസ്സാൽ താങ്ങിന്നതുമറിവായ് ൫

വാനമനേകകുടങ്ങളിലുണ്ടാം
വണ്ണവുമലയും തോയതടാകേ
താന്നുടനേ തോന്നും ശശിബിംബ-
സമാനവുമായുടൽ തേറുയിരായേ
ആനവരുടയ ഷഡിന്ദ്രിയമതിനു-
ണ്ടായ് ചലിപ്പതിനൊത്ത പ്രകാരം
ഞാനമിരിക്കുമൊരിക്കലു മരചാ
നാട്ടകിലില്ലയെനിക്കൊരിളക്കം. ൬

Digitized By Kerala Sahitya Akademi

നാട്ടകിൽ നല്ലകുസുമങ്ങളിലുണ്ടാം
നന്മണമതിനെ വഹിച്ചുസമീരണ-
നോട്ടമതിന്നുസമം വിഷയാദിക-
ളൊക്കയുമേതങ്കൽക്കൊണ്ടങ്ങനെ
ഈടിയദേഹമൊടകലും പോതിലു-
മിടരൊട്ട വന്ന പിറപ്പതിനായേ
കൂടൊരു കൂടെയ്ക്കും പോതിലുമിവ
കൂടക്കൊണ്ടു നടക്കും പ്രാണൻ. ൭

പ്രാണനിവണ്ണമുടമ്പതിനകമേ
പരിചൊട്ട പുക്കെങ്ങും വ്യാപിച്ചേ
പൂണമുടമ്പുമകന്നതുമെല്ലെ-
പ്പോമേ നിപുണത ഭുവനിയിലെങ്ങും
പോണിയെയൊരുത്തരറിഞ്ഞതറിപ്പളരോ
പേർത്തും യോഗതോലപ്പാഖത്തു
കാണരുതരചാ നീയതുകാൺക
കരുത്തിനൊടേ ചിവിവിന്നും കേൾനീ. വ്വ

കരുത്തൊട്ട ചന്ദ്രാദിത്യാഗ്നികൾതൻ
കരുതരുതാകിയ തേജസ്സാഞ്ഞാൻ
പെരുപ്പമോടെന്റവകോട്ടയിർ കളയും
പ്രിയമൊട്ട പരിപാലിപ്പതുഞാനേ
നിരപ്പൊട്ട സവ്വരസങ്ങളുമായ്ഞാൻ
നിരുപമമാമൌഷധികളനത്ത-
മരുപ്പമഴിഞ്ഞുണ്ടാക്കുവതും ഞാ-
നനുപമസോമനടേ വടിവായേ. ൻ



Digitized By Kerala Sahitya Akademi

വടിവിയലിന്ന വയിശ്വാനരനായ്
വകവകപ്രാണികളുടെദേഹേ പൃ-
ക്കടനവർ ചതുർവിധമായുണ്ണിന്നവ
യൊക്കഴകൊടു ദഹനം ചെയ്യുന്നുഞാൻ
ഇതമൊടു സജ്ജനഹൃദയസ്ഥിതനാ-
യിനിയപരജ്ഞാനമതായ്നിന്നതു-
മുടനേ ദുർജ്ജന മാനസഗതനാ-
യൊക്കവെരുടെയജ്ഞാനമതുംഞാൻ. ൧൦

അതുമല്ലറുമറതന്നറിവുഞ്ഞതാ-
നതിനുടെനുണ്മപ്പൊരുളായതുഞാൻ
വിധിയാലേമറയോതുവതുംഞാൻ
വിയനൊടു ഭാരതകുലതിലകാകേൾ
നിതരാമഴിവീടിന്നതുരൂപം
നിലയൊടുമഴിവില്ലാതതരൂപം
മതിമാന്മാർ പരമജ്ഞാനികൾനിജ-
മതിതെളിവുറററിവതുമിഹകേൾ നീ. ൧൧

നീതെളിദേഹിയതഴിവിയലാതതു
നിലയാതഴിവതു ദേഹമതെന്നാ-
ലേതമൊഴിഞ്ഞിവ രണ്ടുമകന്നേ-
യേതൊരുകാലവുമഴിയാവടിവായ്
ജോതിയുമായതിനളവുപ്രമാണം
ചൊല്ലരുതാതപരംസുഖമായേ
ബോധമതിന്നൊരു ബോധംഞാനിതു
രബോധംവന്നവരേയറിവുള്ളോർ. ൧൨

Digitized By Kerala Sahitya Akademi

ഓത്തുംവെളിയേവന്നിത്തുരക്കിലു-
മുണ്മയെയറിയാരുലകതിലുള്ളോർ
ജാതിപരം ഗുഹ്യം നമ്മിൽപ്പല
ചാതുരിയംകൊണ്ടിന്നിതുചൊന്നേൻ
ചേതസിതേറുകയെന്ററജ്ജുനനൊടു
ചെന്താമരനയനൻ ദേവേശ്വര-
നാദിപരമ്പുരുഷൻ വിശ്വാത്മാ-
വായപുരാതനനരുളിച്ചെയ്താൻ. ൧൨

ഇതി പഞ്ചദശോദ്ധ്യായഃ.

# പതിനാറാമദ്ധ്യായം.

അരുളിച്ചെയ്താൻ ഭൂമിയിൽ വൻറള-
രാമാത്മാക്കളുടെ ഭേദങ്ങളെ-
യൊരുഭയമൊൻറിലുമേ യില്ലായ്മയു-
മുറററിവേററുണ്ടാകുകയും
മരുവിയ ശുദ്ധി വ്യവസ്ഥിതിയാത്മ-
മഹായോഗാത്മാനന്ദം യജ്ഞാ
നിരുപമവേദാഭ്യാസം തവമിവ
നിലയൊടു സത്യമൊടേയക്രോധം. ൧

Digitized By Kerala Sahitya Akademi

ധരണിയിൽ വാഴുയിർകളെയൊൻറിനെയും
തത്ര വധിക്കായ്കയുമകതാരിൽ–
പ്പെരുകിയശാന്തി ദയാലോലത്വം
പേർത്തും ധ്യാനമൊടേ ധൃതിശൌര്യം
പരിചെഴുമാർദ്രവമൊട്ടു തേജസ്സു
പത്തുപ്പൊട്ടു ക്ഷാന്തിയുമുടയവരായേ
നരരായ് വൻറവനിയിലുള്ളരാവവർ
നലമീടിയ ദേവകളെന്നറിനീ. ൨

അറിനീയസുരരുടേ ലക്ഷണമിനി
യധികതരം കോപമൊടഭിമാനം
ഗർവ്വൊടമർഷം ഡംഭൊട്ടു മൂഢത
കേടൊട്ടുമുള്ളിലസൂയയസത്യം
മറിവുകളുടയവരായ് ക്ഷമയിൻറി
മഹാമയൽകാമമഹാഭോഗങ്ങള–
മറുതിയില്ലാതുളമുണ്ടാകയുമറ
മറവിട്ടർത്ഥാഗ്രഹവുമിവെല്ലാം. ൩

എല്ലയില്ലാതതുവും ക്രൂരതയു–
മെട്ടുപ്പുമഹംകാരവുമനുചിതമായ്
വല്ലതുമേ ചെയ്കയുമരുവയരിൽ
വലഞ്ഞ മഹാഭോഗവുമിവയാദികൾ
അല്ലും പകലും പൊരുളൊട്ടു ഭോഗവു–
മത്യന്തം വർദ്ധിപ്പാനായേ
ചൊല്ലിയവാറല്ലാത തപസ്സുകൾ
ദുർബ്ബുദ്ധ്യാ ചിലർ ചെയ്തീടുകയും. ൪

Digitized By Kerala Sahitya Akademi

കൈപ്പൊരുളെന്നെപ്പോലാരുള്ളവർ
കാര്യമറിഞ്ഞവരാരെന്നെപ്പോ-
ലിപ്പകവെൻറനെൻറാലിനിഞാ-
നെല്ലാപ്പകയുമടക്കുവനെൻറും
തത്ഭുവനിയിലാരുള്ളതെനിക്കെതിർ
ഞാനറിയാതവയിപ്പ നിനച്ചാ-
ലെപ്പൊഴുതും സുഖമേ മൃഷ്ടാശന-
മെന്നെപ്പോലാർ ചെയ്യുവരെൻറും. ൭

എൻറാലിനി ജാതികളെന്നെപ്പോ-
ലില്ലൊരുവർക്കിനിഞാൻ പ്രഭുവെൻറും
നൻറായ് സുഖവുമെനിക്കേയുള്ളതു
ഞാനേ നാരീജനമന്മഥനും
കുൻറാതേ യജ്ഞാദികൾചെയ്തു
കൊട്ടപ്പവരാരെന്നെപ്പോലെന്നും
നിൻറാമള മൂഢതയൊടുമങ്ങനെ
നിതരാം പല കോടികൾ നിനച്ചോട്ടം. ൮

നിനവിലൊരിക്കലുമീശ്വരസേവകൾ
നിമിഷാർദ്ധം പോലും ചെയ്യാതേ
ചിനമൊടുകാമമഹാമോഹാദികൾ
ചേതസിയേറവളത്തുവളത്തേ
അന്ദിനമറിവേറുള്ള ജനങ്ങളെ-
യവമാനിച്ചാക്ഷേപത്തോടേ
ധനവാൻ ഞാനെന്നൊടു സമമായേ
ധരണയിൽ മററാരുള്ളവരെൻറും. ൯

Digitized By Kerala Sahitya Akademi

എൻറുമനാചാരങ്ങളനുഷ്ഠി-
ച്ചെല്ലാരെയുമൊക്കാക്ഷേപിച്ചേ
കൊന്നും കുറളകൾ ക്രൂറിയു മഹിതം
കൂടക്കൂടച്ചെയ്തു മദത്തൊടു
വൻറും പൊയും നില്ക്കും പൊരുളിൽ
മയക്കമിയൻറു മഹാമോഹാദിക-
ളൊൻറിൻമേലൊരൻറാൻറു പെരുത്തുട-
നോരോരൊൻേറററേനിനച്ചും. ൮

നിനവാകിൻറ മഹാവനമതിലേ
നെടുമയല്പായ മഹാപാശത്താൽ
പുനയെയുരുണ്ടുടലോടും വേറായ്
പോയ് വീഴവർ പുനരരുനരകതിലേ
ധനമതുകൊണ്ടു മദാന്വിതരായേ
തങ്കളെ മേലായേ ഭാവിച്ചേ
മുനിമത ശാസ്ത്രാദികളെ മറുത്തേ
മുററുംയോഗമിയററാനിൽപ്പാർ. ൯

മുററുമഹംകാരം കളിഗർവ്വൊടു
മുനിവും കാമവുമുടയവരായേ
പററുവതും പററാതതുമെല്ലാം
പാരാതേ ചെയ്യെന്നെയുമികഴം
കൊററവരാമസുരരെ ബലമറിയ
കൊടിയനരാധമരാവരെത്താൻ
പുററിനകത്തരവങ്ങൾപുകും പോൽ
പുനരവർ തമ്മെ വിഴങ്ങിൻേറൻ ഞാൻ. ൧൦

Digitized By Kerala Sahitya Akademi

ജ്ഞാനമകൻറജ്ഞാനമിയൻേറ
നാൾതോറും പാവങ്ങളിയററിന
ഹീനന്മാക്കരുനരകല്ലാൽ മ-
റേറതുമൊരാലംബനമില്ലെൻറാൽ
ദീനതയാനരകിൽപ്പോവാനും
നേരേപല നാശം വരുവാനും
താനതിനാൽ വഴിമൂന്നുണ്ടതു കേൾ
സഹസാ കാമം ക്രോധം ലോഭം. ൨൧

സഹസാകൈവിട്ടടനിവമൂന്നും
സന്തോഷം മനസാകൈക്കൊണ്ടവർ
മഹസാപോയ് മോക്ഷം പ്രാപിക്കും
മററുശാസ്ത്രാദികൾ ചൊല്ലിയപടി
മഹിമയൊടെല്ലാം ചെയ്യാതതിനെ
മറുത്തപമാൎഗ്ഗമിയററീടിന്നവ-
രിഹലോകേ ജനനങ്ങൾ്ണവമതിൽ നി-
ന്നേറാരിടരൊട്ടു വേറായെന്നും. ൨൨

വേറൊന്നാകാതേ നീ ശാസ്ത്ര-
വിധിപ്പടി നിൻതൊഴിൽ ചെയ്കവിരന്തിനി
മാറൊൻറാകാതെയതിനാലിനി
വരുമറിവേടേകിലപരഗതിയും
തേറെന്നരുളിച്ചെയ്താൻ മലമകൾ
തിരുമുലമേലിഴകുന്ന കസ്തൂരി-
ച്ചാറൊന്നിയമാവൻ ദേവാദികൾ
മേവനജൻ ദേവേന്ദ്രാനുജനും. ൨൩

ഇതിഷോഡശോദ്ധ്യായഃ

Digitized By Kerala Sahitya Akademi

# പതിനേഴാമദ്ധ്യായം.

---

മലർമകൾചേർമണിമാവ്നിവണ്ണം
മകിഴ്വൊടു ചൊന്നതുകേട്ടു ധനഞ്ജയ-
നലകിതിലുള്ളവർ വേദാഗമമതി-
ലുരചെയ്യിൻറ വിധിപ്പടിയല്ലാൽ
അലിവൊടുചെയ്യും കാര്യമതെല്ലാ-
മായഗ്ഗുണം മൂൻറിലുമേതൊൻറാൽ
നിലകളുമതിനുടെ മാർഗ്ഗവുമെല്ലാം
നിരുപമനേയരുളിച്ചെയ്യെൻറാൻ· ൧

എന്നുമെവർക്കും സാത്വരജസ്തമ-
മെന്നതു ഗുണം മൂൻറിലുമല്ലാതെ
യൊന്നിലുമെ നില്ലാതവർ ഭാവവു-
മോരോൻറിൻ ഭേദങ്ങളുമെല്ലാം
ഇന്നിഹകേൾ സാത്വികർ ദേവകളെ
യിതത്തോടുമാശ്രിക്കും രാജസരും
വെന്നിമികം രാക്ഷസരൊടുയക്ഷരെ
വിരവിനൊടാശ്രിക്കും വിയനോടേ. ൨

വിയനൊടു ഭൂതം പ്രേതമിവററിനെ
വേറേയാശ്രിക്കും താമസരും
നിയതമശാസ്ത്രത്തിൻ വിധിവഴിയേ
നികരില്ലാതവഹങ്കാരികളായ്
ഭയകരമായേ കൊടിയ തപസ്സുകൾ
പയിൽവരുടലക്കുടിയതിലുയിർ വാഴ്വാൻ
നയമറിയാതവരസുരകളെന്നറി
നല്പമീടിയ ഭാരതകുലവീരാ. ൩

Digitized By Kerala Sahitya Akademi

വീരാ കേളാഹാരം ത്രിവിധം
വേറേയജ്ഞം ദാനതപസ്സുക-
ളാരൊന്നിൻ ഭേദം ത്രിഗുണത്താ-
ലൊക്കെയുമേ മുമ്മൂന്നുവിധം കേൾ
ആരോഗ്യം സുഖമറിവായുസ്സു-
മതിപ്രീതിയുമധികം വദ്ധിക്കും
നേരേ മധുരമിയൻറാഹാരം
നിരുപമസാത്വികർ തൻ പ്രിയമായതു. ൪

ആയപുളിപ്പൊടു ലവണാത്യുഷ്ണ-
മരും കൈപ്പൊടു കടിയവയാം ഭോജന-
മായതുമേ രാജസപ്രിയമായതു-
മതിനാൽ വരുമാമയശോകാദികൾ
തീയവചേർതാമസഗുണമുടയോർ
ചേതസിപ്രിയമിയലിന്നാഹാരം
പോയരസം പഴകിയതുച്ഛിഷ്ടാ
ബോധമകററീടുന്നവമററും. ൫

മററും കേൾ ഫലമിച്ഛിക്കാതേ
മാധുര്യത്തൊടു വേദവിധിപ്പടി
കുററമിയൻേറ ചെയ്യും യാഗം
ക്രിയ സാത്വികയാഗമതെന്നറി
അററമില്ലാത ഫലങ്ങളോടത്ഥവു-
മാകാംക്ഷിച്ചു്ഥചെയ്യുമീയാഗം
മററതു രാജസയാഗമതെന്നറി
മന്നവനേ താമസവും ചൊല്ലാം. ൬



Digitized By Kerala Sahitya Akademi

ചൊല്ലിയ വിധിവഴിയല്ലാതവിടെ-
  ച്ചെററ്വപ്രസംഗമൊഴിഞ്ഞേ ദക്ഷിണ-
യില്ലെൻററുമായവിടേ മന്ത്രം
  ഹീനതയോടും ഫലമിഛിച്ചേ
നല്ലറിവിൻററിയിയററിനയാഗം
  നാട്ടുക താമസയാഗമതെന്നേ
ചൊല്ലിയതപമതു മൂന്നുപ്രകാരം
  ചൊല്ലാമതു കേളിനിമമ തോഴാ. ൧

ആയതു ദേവദ്വിജഗുരുവരരോ-
  രറിവുടയോർകളെയും പൂജിപ്പതു
തീയവവാരാതേ ശൌചമൊടാ-
  ർജ്ജവവും തെരുവയരെത്തീണ്ടായ്കയും
ആയുവ്വിരോധമതൊന്നിനേയും ചെ-
  യ്യായ്കയുമിച്ചൊല്ലിയ തപമെല്ലാം
കായമഹാതപമെന്നുരചെയ്യാർ
  കറററിവുള്ള മഹാജനമെല്ലാം. ൨

എല്ലയില്ലാതളവും നയഗുണമോ-
  ടെല്ലാൎക്കും പ്രിയഹിതമാകിൻററു
നല്ലൊരുസത്യം സ്വാദ്ധ്യാഭ്യാസം
  നാട്ടുകിലതു വാങ്മയതപമായതു
ചൊല്ലരുതാതപ്രസാദം മൌനം
  ശുദ്ധീസൌമ്യതയാത്മവിനിഗ്രഹ-
മുല്ലാസമേറിയ മാനസതപമെ-
  ന്നലകരചെയ്യതുമറിമൂടിമന്നാ. ൩

മന്നവനേകേളുലകിനൊരിമ്പം
വരുമാറിച്ചൊല്ലിയതപമെല്ലാം
തന്നാകമേഫലമിച്ഛിക്കാതേ
സതതംചെയ്യുന്നു സാത്വികതപമാം
തന്നെമഹാസമ്മാനത്തിന്നും
തക്കമെഹാപൊരുൾ താനിച്ഛിച്ചും
പിന്നെയിയററീടിൻറ തപം മൽ-
പ്രിയതമനേ രാജസതപമാമേ. ൧൦

ആമവയൊൻററിയാതേ തന്നുടെ
യാരുയിരെന്യമഖിലപ്രാണികളെയു-
മാമളവും തീമയൊടിടർചെയ്യേ-
യങ്ങനെ നിൻറഥചെയ്യുമരുംതപം
ആമതു താമസമാം തപമെൻററി-
യമ്പോടും തണ്ടാർപൊഴിലതിലേ
കോമളമീടിയ കുയിൽ നടമാട-
കുയിൽ പാട്ടും കുരുനാട്ടുടയോനേ. ൧൧

അമ്പൊടുദേശം കാലം പാത്ര-
മറിഞ്ഞുചെയ്യും ദാനം സാത്വികമതു
പിമ്പൊരുപ്രത്യുപകാരമറിഞ്ഞേത
പ്രിയമൊടുചെയ്യും ദാനം രാജസം
അമ്പിയലാമലകാലേ പിന്നെ-
യപാത്രേയവിടെയസൽകൃതമായേ
തൻപ്രിയമിൻറിയിയററും ദാനം
താമസദാനമതെന്നറിമന്നാ. ൧൨

Digitized By Kerala Sahitya Akademi

മന്നവനജ്ജ്ജുനനോടഖിലേശൻ
മതിതെളിയും മാൎഗ്ഗങ്ങളൊരോന്നേ
യുന്നരുതാതറിവിൻ നിപുണതകള-
മുരുതികളും സത്തുക്കളിയററും
നന്നെറിചേർസാരതകളുമതിലതിൽ
നാടരുമുപദേശങ്ങളുമെല്ലാം
പൊന്നിൽവിളങ്ങും മണിപോലജ്ജ്ജുന-
ബുദ്ധിവിളങ്ങുംപടിയരുൾ ചെയ്താൻ. ൩൩

ഇതി സപ്തദശോദ്ധ്യായഃ.

## പതിനെട്ടാമദ്ധ്യായം.

അമ്പിലകം സന്ന്യാസവുമറിവാ-
നരിയ മഹാത്ത്യാഗവുമുരചെയ്ക-
ൻറിമ്പമൊടേ ചോദിച്ചാനജ്ജ്ജുന-
നീശനുമിതുകേളെന്നരുൾചെയ്താൻ
കമ്പിതകാമമൊടേ ഫലമീടിയ
കൎമ്മമടങ്ങുമതേ സംസാരമ-
തിമ്പമൊടീടിയകൎമ്മഫലങ്ങളി-
ലിച്ഛയില്ലാതതു ത്യാഗവുമെൻറ. ൧

Digitized By Kerala Sahitya Akademi

നിശ്ചയമായിവയൊക്കറിവൂറേറ
നിലയൊടടങ്ങാതെയിതടങ്ങുകിൽ
ഇച്ഛയില്ലെൻറ ശുഭാശുഭകമ്മ-
മിയററാതെപ്പോതും മരുവിന്നതു
സജ്ജനമായമുനിശ്വരൻ മുമ്പേ
സാംഖ്യത്തിൽച്ചൊല്ലിയപൊരുളെൻറാൽ
നിശ്ചയമതിനാലേറിയഹീനത
നിതരാമുണ്ടാസ്സുരുമത്തുമറിനീ. ൨

അറിനീ ത്യാഗമതും ത്രിവിധം മ-
ററതുകളെ ജ്ഞാനതപസ്സൊടു ദാനം
മറിവെഴമായയിനാലതവൃക്കും
മററതുരപ്പതടാതതുമുററും
കുറിയായഖിലമഹാകമ്മത്താൽ
കൂടിയ ഫലമഖിലം ത്യാഗിച്ചേ
നെറിയേകമ്മമിയററീടിൻറതു
നിലയതു പണ്ടുള്ളോക്കുമെനിക്കും. ൩

നിലയാതേകമ്മങ്ങളെയൊരുവൻ
നീകേളുള്ളിൽ മയക്കത്തോടേ
തലകേടായേ ത്യാഗിക്കിന്നതു
താമസമാം ത്യാഗമതെന്നറിനീ
കലവൊടു ദേഹക്ലേശഭയത്തൊടു
കൂടിവിടും ത്യാഗം രാജസമതു
ഫലമതിലാശയകൻെറതൊഴിലും
പരിചൊടുചെയ്യുന്നു സാത്വികത്യാഗം. ർ

Digitized By Kerala Sahitya Akademi

പരിചൊടുദേഹം തന്നെവിടാതെ
പററീടിൻറ ശുഭാശുഭകൎമ്മമി-
തൊരുജാതിയുമേ നീക്കംചെയ്യാ-
നൊരുവക്കാവതുമല്ലനിനച്ചാൽ
മരുവീടുംഫലമിച്ഛിക്കാതേ
മററുമഹാകൎമ്മങ്ങൾവിടാതേ
കരുതിയിയററീടിൻറവനല്ലോ
കൎമ്മങ്ങളെയുമററവനറിനീ. ൫

അറിനീയപ്രിയമായതുമിനിയതു-
മതുരണ്ടും മിശ്രമതായുള്ളതു-
മുററവിനയിതു മൂൻറാടുമിമ്മൂന്നാ-
ലുണ്ടാകിന്ന ഫലങ്ങളുമെല്ലാം
തിറമൊടുപൊന്നും മണിയും തമ്മിൽ
ചേൎന്നതുപോലൊണ്മയിൽ-മായയുമി-
ൻററിവില്ലാതവൎകൾക്കെയ്യുള്ളത-
തറിവുള്ളോൎക്കില്ലെന്നറിമററും. ൬

മററിഹലോകേ ധൎമ്മാധൎമ്മം
മടിയാതേ വന്നെയ്തുവതെല്ലാം
ചെററും ചലിയാതേ ചെയ്യാനായ്
സാംഖ്യമഹാശാസ്ത്രത്തിലുരത്തതു
മററും കേളവയഞ്ചും ചൊല്ലാം
മുന്നേദൈവം ദേഹമൊടാരുയി-
രുറെറഴമോരോകരണം കാററാ-
ലുണ്ടാംതൊഴിൽകളു മെന്നിവയഞ്ചും- ൭

Digitized By Kerala Sahitya Akademi

എൻറിവയെല്ലാമിതമൊടറിഞ്ഞുട-
നെയ്യീടിൻറ ശുഭാശുഭകർമ്മമി-
തൊൻറാഴിയാതെല്ലാ വകതന്നിലു-
മുണ്മപ്പൊരുളാകിൻറതു ഞാനേ
ഇന്നിതുചെയ്യതു ഞാനെന്നകമേ
യേവരൊരുത്തർ നിനച്ചീടിൻറവർ
നന്നിയൊടുള്ളിലൊരറിവില്ലാതവർ
നരകതിൽ നിന്നംപിഴപ്പതുമുണ്ടോ. ൮

പിഴവാരാതേ യാവനൊരുത്തൻ
പിന്നെത്തന്നുടൽ താനെൻറാരാൻ
പിഴയാതേയാവൻ കരണാദികൾ
പേണിയടക്കിൻറാവനലകിനേ
മുഴുതുംകൊന്നു മുടിച്ചീട്ടുകിലും
മുററും പാതകമവനുണ്ടാകാ-
യഴിയാതുയർഗതി യെയ്യുമതല്ലാ-
ലറിവുടയോക്കൊരു നരകുണ്ടാമോ? ൯

അറിവെൻറതുമറി ാലറിയും പൊരു-
ളായതുമറിയിൻറവനുമിവെല്ലാം
നെറിയിൽ മഹാകർമ്മങ്ങൾ വിധിക്കും
നിലയതിലേ നില്ക്കിൻറതുമെൻറാൽ
ചെറിവുറുകർമ്മം കാരണമതിനൊടു
ചേർകത്താത്രിവിധം കർമ്മവുമതു
മറുവറുഞാനംകർമ്മം കർത്താ
മററതുത്രിവിധത്താൽ ത്രിവിധം കേൾ. ൧൦

Digitized By Kerala Sahitya Akademi

വിധമതനേകവുമായുലകത്തിൽ
    വിരിഞ്ഞു വിളങ്ങീടും ഭൂതങ്ങളി-
ലിതമൊട്ടമഴിയാതെ നില്ക്കും പൊരു-
    ളേകമതെൻററിവീടിയ ജ്ഞാനം
ചതിയില്ലാതൊരു സാത്വികജ്ഞാനം
    സകലാത്മാക്കളെ വെവ്വേറെൻററിയാ-
തതിലതി വെവ്വേറെൻറൊരു ഭാവമ-
    തറിഞ്ഞീ രാജസജ്ഞാനമതെൻറ. ൧൧

ജ്ഞാനമതിൻ വടിവായ് വടിവതിനാൽ
    നാടിയറിഞ്ഞീടും നൽപൊരുളിനെ
ഹീനപ്പാടൊട്ട തത്വാത്ഥവുമായ്
    ഹൃദയേകാണ്മതു താമസജ്ഞാനം
വാനവർകോനുടെ നന്ദനനേകേൾ
    വടിവൊട്ട കമ്മം കത്താ ബുദ്ധിയു-
മൂനമില്ലാതൊരു ധൃതിസുഖമെൻറിവ-
    യോരോൻറിനു മുമ്മൂന്നു വിധംകേൾ ൧൨

ഖേദമൊടേയിതു വേണ്ണമിതെന്നും
    കേവലമിതുവെണ്ടാപുനരെന്നും
കോതിയലാതുരചെയ്യും ദ്വന്ദ്വ-
    ങ്ങളങ്ങളകൻേറ തങ്കലടുത്തവ
നീതിയിനാലേ ചെയ്തീടിൻറതു
    നിരുപമസാത്വികകമ്മം ഫലമതി-
ലാദരവോട്ടമഹംകാരത്തൊട്ട-
    മാറചെയ്യും കമ്മം രാജസമേ. ൧൩

Digitized By Kerala Sahitya Akademi

കർമ്മത്തിങ്കൽ മഹാബന്ധത്തോടു
കരുതിയ ഹിംസയൊടേ പൌരുഷവും
നന്മതകും വിധിയിൽച്ചൊല്ലിയക്രിയ
നാസ്തിയൊടും മോഹിതനായങ്ങനെ
..................കേടായു-
ള്ളവയെത്താമസ കർമ്മമതെന്ററി
യുണ്മക്കേറെഴകുണ്ടാംവണ്ണ-
മുരക്കാംകേളിന്നും കുരുവീരാ. ൨൪

വീരാതീതവഹംകാരാദികൾ
വിട്ടുത്സാഹമൊടേ ധൃതികൈക്കൊ-
ണ്ടാരായും പൊരുൾ വരുകിലുമഴികിലു-
മതിനകതാരിൽ വികാരമൊഴിഞ്ഞേ
നേരേമരുവീടും പുരുഷനെ നീ
നിരുപമസാത്വിക കർത്താവെന്ററി
പോരാരും രാജസകർത്താവാം
പുരുഷരെയും ചൊല്ലാമുൾക്കൊൾവായ് ൨൫

ഉൾക്കൊള്ളും ശുചികർമ്മഫലങ്ങളി-
ലുണ്ടാമാശയുമുരുതരശോകവു-
മൊരുക്കയുമേറിയ ഹർഷവുമെൻറിവ-
യുടയവനെൻററിരാജസകർത്താ
മിക്ക വിഷാധിശഠൻ മടിയുടയോൻ
വിധിനെറികേടൻ കോപവുമുടയോൻ
തക്കവരെത്താൽപ്പരിയവുമില്ലാൻ
താമസകർത്താവെൻററിമന്നാ. ൨൬



Digitized By Kerala Sahitya Akademi

മന്നവനേകേൾ ബുദ്ധിവിധങ്ങളെ
മററപ്രവൃത്തിനിവൃത്തി നിരന്തര-
മുന്നിയകാൎയ്യാകാൎയ്യഭയാഭയ-
മുൾപ്പെട്ടബന്ധമൊടേ മോക്ഷവുമത്രേ
തന്നിൽ വകപ്പൊട്ടമറിവീടിൻറത്തു
സാത്വികബുദ്ധിതകാതളുതക്കത്തു
മന്നവധൎമ്മാധൎമ്മമയഥാവൽ
മറററിയിന്നതുവേരാജസിയീ. ൩൧

ഈററിയലാതൊരുധൎമ്മാധൎമ്മവു-
മീടിയകാൎയ്യാകാൎയ്യവുമെൻറിവ
വേറുറവിപരീതത്തൊടുമറിവതു
വീരാ താമസബുദ്ധിയതെൻററി
ഏറിയധൃതികേൾ നീ മനപ്രാണേ-
ന്ദ്രിയമെൻറിവചെയ്യും ക്രിയയെല്ലാം
മാറിയചിന്നമൊടുകണ്ടു പൊറുപ്പതു-
മരിയമഹാസാത്വിക ധൃതിയാമേ. ൩൨

ആമളവും കാമത്താൽകൎമ്മ-
മതിങ്കൽ വരും ഫലമതിനെന്നിനച്ചേ

*           *           *           *

*           *           *           * *

*           *           *           *

താമതുതാങ്ങീടും ധൃതി താമസ-
മാമതുമറിക സഖേ പുനരിനിനീ-
യുഴകേറിയ സുഖവും ത്രിവിധം കേൾ. ൩൩

Digitized By Kerala Sahitya Akademi

കേൾക്കയെതഗ്രേ വിഷമൊട്ടു സമമായ്
കേൾ പരിണാമേയമൃതോപമമാ-
യാക്കും സുഖമേതത്തു സാത്വികസുഖ-
മഗ്രേയമൃതസമം പരിണാമേ
നീക്കം വാരാവിഷമൊട്ടുസമമായ്-
നില്ക്കും സുഖമേതത്തു രാജസസുഖ-
മോക്കിലതഗ്രത്തിലുമനുബന്ധമൊ-
ട്ടറുതിയിൽ മയലിടർതാമസസുഖമേ. ൨൦

ആമിവമൂന്നു ഗുണപ്രകൃതികളെ-
യകൻറവരിപ്പുന്തണർ നൃപർ വണികയർ
താമിതമീടിയശ്ശൂദ്രർ തമക്കും
തങ്കൾ സ്വഭാവത്താൽ ചെയ്യും തൊഴിൽ
ആമളമിച്ചൊല്ലിയ ഗുണവകയാ-
ലതുമിനിനീകേളെന്നർജ്ജുനനൊട്ടു
പൂമകൾകാന്തൻ യദുകുലവേന്തൻ
പുണ്യപുമാൻ പുനരരുളിച്ചെയ്താൻ. ൨൧

താനഴകിയ ശമദമതപ മൊളിവെഴും
ശൌചം ചെല്പാസ്തിക്യം ക്ഷാന്തിയു-
മൂനമില്ലാജ്ഞാനം വിജ്ഞാനവു-
മുടനിവ ബ്രാഹ്മണകർമ്മമതെൻററി
ഹീനമില്ലാതൊരു ശൌര്യം തേജ-
സ്സിതമെഴ ദാനമൊടീശ്വരഭാവം
മാനിതധൃതിയുദ്ധേയപലായന-
മാമിവയഖിലവുമരചകൾകർമ്മം. ൨൨

Digitized By Kerala Sahitya Akademi

കൎമ്മംകൃഷി ഗോരക്ഷിവൈശ്യറാ
കനിവൊട്ടു വാണിഭവും പുനരമ്പൊട്ടു
നന്മമികം പരിചാരകനായേ
നലമിലകിന ശൂദ്രസ്യവിനത്തൊഴിൽ
ചെമ്മയൊടവരവർ തന്തൊഴിൽ ചെയ്യതു
തിറമൊടെനിക്കാരാധനമെന്നറി
യുണ്മയിതതിനാലേ യവരെയ്തുവ-
രൊരുകാലവുമഴിയാതേ സൌഖ്യം. ൪൫

അഴിയാനന്മകളത്തു തങ്ങൾക്കേ
യല്ലാവിന ചെയ്തുണ്ടാകിലുമതു
പഴിയായ് വരുമാകാതെൻറാലും
പരിചൊടടുത്തവ ചെയ്കിലഃതേററവും
അഴകായ് വരുമകലാപുകയഗ്നിയൊ-
ടതുപോൽ വിനയൊടു ദോഷവുമകലാ
പിഴയുണ്ടിതിലെന്നാമലടുത്തവർ
പേണിയിയററുക തക്കതുമുററം. ൪൬

മുററും ബുദ്ധിയതൊൻറിലുമേപോയ്
മോതാതേ കാമങ്ങളെയെല്ലാം
പററവിട്ടോൻ ചെയ്യും കൎമ്മം
പരിചൊടറുത്തവനവനതിനാലേ
പററിയമനമുഖകരണം നാൻകിനു
പരിശുദ്ധിയുമുണ്ടാമതിനാലേ
മുററും ക്ഷമയുണ്ടാമുണ്ടായാൽ
മുറമയിലിന്ദ്രിയ വിഷയമടങ്ങും. ൪൭

Digitized By Kerala Sahitya Akademi

അടങ്ങിയകാരണ മായേ ദന്ദ്വ-
മടങ്ങുമതുള്ളിലടങ്ങിയമൂല-
മുടൻ വാക്കൎമ്മംകായം മനമെന്ന-
തൊട്ടുങ്ങി യടങ്ങുമവണ്ണം വന്നാൽ
കടിയപെരും കോപം കളികാമം
ഗൎവ്വാടഹംകാരാദികളെല്ലാം
വിട്ടുമുടനതിനാലുണ്ടാം ശാന്തി
വിരന്തതിനാൽ ബ്രഹ്മം താനാമേ ൨൫

താനഥ ബ്രഹ്മത്തിൻ വടിവായാൽ
തൻ മനതാരഴിയാ പുനരൊന്നില്ലു-
മൂനമകന്നുണരും മററതിനാ-
ലുടനെങ്കലൊരമ്പവനുണ്ടാകും
ആനതിനാലവരെന്നുടെ തത്വ-
മറിഞ്ഞു തെളിഞ്ഞെന്നൊട്ടു കൂടൊന്നാം-
*         *         *         *         *
    *         *         *         *   ൨൬

എന്നെത്തന്നേയാശ്രയമായേ-
യെല്ലാക്കൎമ്മങ്ങളെയും ചെയ്താൽ
മന്നക്കലരികേയഴിയാത
മഹാപദമെയ്തുമവൻ മൽകൃപയാൽ
നിന്നെച്ചുററിയ കൎമ്മമതെല്ലാം
നിതരാമറിവൊട്ടു നീ മടിയാതേ-
യെന്നെപ്പററിയിയററുകയെന്നാ-
ലിരുവിനവേരോടേയറമുടിയും. ൨൭

Digitized By Kerala Sahitya Akademi

മൂടിയുടയരചേ! നിങ്കലൊരമ്പാൽ
മുററുംഞാൻ ചൊല്ലിയ ജ്ഞാനപ്പൊരുൾ
വടിവൊട്ടുകേളാകിൽ ത്തുയരുണ്ടാം
മററതുമെന്നി മഹാരാജാക്കൾ-
ക്കടനിതട്ടത്ത മഹാകാര്യം പുന-
രുററനജയവും പററ രമായും
കടനായുള്ളവ ചെയ്യാകിൽത്തൻ
കാലോടേകെട്ടും പുനരെല്ലാം. ൮൯

എല്ലാഭൂത ഹൃദിസ്ഥിതനായേ
ഈശ്വരനൊരുവൻതാനിവയെല്ലാം
നില്ലാതേ തന്മായയിനാലേ
നിതരാം മുററു ഭ്രമിപ്പിക്കിന്നതു
മെല്ലേ നല്ലയിയന്ത്രമതെല്ലാം
വേറേമാനുഷരാടീടുമ്പോ-
ലെല്ലാത്തൊഴിൽകളുമീശ്വരനല്ലാ-
ലില്ലയിയററീടിൻറവരെന്നാൽ. ൯൦

എൻറാൽഞാനിച്ചൊല്ലിയ കാരിയ-
മെല്ലാമുള്ളിൽക്കൊണ്ടഴകോടേ-
യൊന്നാകെക്കണ്ടഥയത്തിച്ചവ-
യൊക്കയുമേ ചെയ്തീടുകമന്നാ
കുന്നാതോരുപദേശം പരമം
ഗുഹ്യമിതൊരുവരൊടുംക്രുറൊല്ലാ-
യൊന്നായെങ്കൽ ഭക്തിനിനക്കേ-
റുണ്ടാകയിനാൽ നിന്നൊടുചൊന്നേൻ. ൯൧

Digitized By Kerala Sahitya Akademi

ചൊന്നേനിന്നും മന്നവനേനീ
ശ്രദ്ധാതയോടെന്നെത്തന്നേനിന.
മന്നാനീയെന്നെരവുമെന്നെ
മറക്കാതമ്പൊട്ടറക്കത്തിലുമിത്തു
തന്നെചൊല്ലാം പൂജകളും നീ
താല്പര്യത്തൊട്ടു ചെയ്കയെനിക്കേ-
യെന്നാളും നീ മാം ഗുരുവായ്ക്കൊൾ-
കെന്നാൽ നീയെന്നൊടുക്രൂടൊന്നാം. ൬൫

ഒന്നായേനീകർമ്മമനത്തെയു-
മൊട്ടൊഴിയാതേ വിട്ടുകളേഞ്ഞേ-
യെന്നുമൊരഴിവില്ലാവടിവാകിയ
യെന്നെയൊരുത്തനെയും ശരണെൻറ
നന്നിയിനാൽ മേവീടതിനാൽ നിൻ
നാടരുതാം പാതകനാശംചെ-
യ്യെന്നുമൊരിടർവാരാതപരംപദ
മെയ്തിയിരിപ്പാൻ കൈതരുവേൻകേൾ. ൬൬

എങ്കലതീവ പ്രസാദാൽ നിന്നൊ-
ടിയംപീടിയ ജ്ഞാനാർത്ഥമിവെല്ലാം
തങ്കലതീവ തപസ്സില്ലാതവർ
തമ്മോടും തൻ ഗുരുപദകമലം
ശങ്കയകന്നു വണങ്ങീടാതവർ
തമ്മോടും തൻ ചേതസി കനിവാ-
ലെങ്കലൊരമ്പില്ലാതവർ തമ്മൊടു-
മേറയെടുത്തുരചെയ്യതു പററാ. ൬൭

Digitized By Kerala Sahitya Akademi

ഏറവിലപ്പൊരുളിന്നു മത്തു മേലാ-
മിപ്പൊരുൾ നിന്നെ പ്രതികനിവൊടു ഞാൻ
കൂറിയപോലെന്നമ്പർ മനസ്സു
കളുക്കും വണ്ണമുരപ്പവരെന്നൊടു
വേറിയലാതൊൻറാമെൻറ തിന്നു
വികല്പവുമില്ലയെനിക്കെന്നാളും
മാറില്ലാനന്മകൾ ചെയ്യിന്നതിൽ
മററിതുപോലൊരു നന്മയുമുണ്ടോ. ൨൭

മററിതിറവണ്ണമതായ് ഞാൻ മുററം
മനസാചൊല്ലിയ പുണ്യകഥാമൃത-
മുററുടനഭ്യാസം ചെയ്യിൻറവ-
രുത്തമജ്ഞാനമഹായജ്ഞത്താൽ
അററമില്ലാതള പൂജയെനിക്കാ-
യഴകൊടിയററീടിൻറവരെന്നറി
മുററുമസൂയകളഞ്ഞിതു കേൾപ്പവർ
മോദമെഴും വാനുലകെയ്തുവരേ. ൨൮

എന്നുടെ വാക്കാലേജ്ഞാനമ്പൊ-
ടിയമ്പിയ പരമജ്ഞാനം കേട്ടേ
മന്നവനേ നിന്നുടയജ്ഞാന
മഹാമയൽ പോയല്ലീ പുനരെൻറ
തന്നകമേ പ്രിയമൊടു മന്ദസ്മിത-
തരളനിലാവെഴമാററൾ ചെയ്യാൻ
പൊന്നണിയും തേർമേൽ മിന്നിടമുകിൽ
പൊലിവത്തുപോൽ മരുവിൻറ പുരാണൻ. ൨൯

Digitized By Kerala Sahitya Akademi

മരുവിയുരത്തവനോടേ കുരുകല
　　മന്നവനും നീ ചൊല്ലിയ ജ്ഞാന-
പ്പൊരുളകതാരിലുന്നതുമൂലം.
　　പോയിതുമായാ മോഹമിതാ നിൻ
തിരുവുള്ളത്തിനിതത്തുചെയ്വാൻ
　　തിറമൊട്ടു നിൻതിരുവടിയരുളാലേ-
യിരുളെന്നതുപോയിതുപ്രലജാതിരു-
　　മിടരില്ലേതുമെനിക്കിനിയെൻറാൻ. ൩൮

ഇടരിപ്പടിയേനിനിയഖിലേശാ
　　യിതമൊട്ടു നിൻതിരുവടി ചൊല്ലീടിയ
പടരിപ്പാഞ്ജാനം കെട്ടെന്നുടെ
　　ഭയവും പോയിതു പുനരിനിയെൻേറ
അടൽ ചെയ്വാൻ നിൽക്കും നൃപവീരരെ
　　യടയപ്പടയോടേ കുലചെയ്വാൻ
തുടരിപ്പാമദവാനകന്നക്ക
　　തുനിവുററാൻ ചുടർമണിമുടിവിജയൻ. ൩൯

മണിമുടി വിജയനു ജ്ഞാനം തെളിവാൻ
　　മാധവനരുളിച്ചെയ്തമറപ്പൊരു-
ളണുവാകിയ നരനാഗമറിവാനെ-
　　ന്നവകാശം പുനരെന്നരചെയ്കിൽ
പണിയുണ്ടറിവാനെങ്കിലുമടിയേൻ
　　പരമപുമാൻ നാരായണനരുളാ-
ലുന്നവൊട്ടു ശ്രീവേദവ്യാസൻപ-
　　ണ്ടോതിയ ഗീതാമൃതമതുകണ്ടേൻ. ൪൦

Digitized By Kerala Sahitya Akademi

ഇതുനീ ദിവ്യദൃശാ കാൺകെൻററി-
വീടിയവേദവ്യാസനിയോഗാൽ
ചതിയേകണ്ണുല്ലാകണ്ണില്ലാൻ
തരണിപതിയ്ക്കു ധരാപ്പനുകേൾപ്പാൻ
മതിമാനാകിയ സഞ്ജയനേവം
മരുവിയുരത്താനിതു മതിയില്ലാ-
യതിബാലൻ മാധവനാമംചേ-
രഹമിതു സംക്ഷേപിച്ചുരചെയ്തേൻ. ൪൧

ഉരചേന്നമരാവതിസമമായേ-
യുററന ചെൽവമെഴും മലയിൻകീഴ്
തിരുമാതിൻ വല്ലഭനരുളാലേ
തെളിവൊടു മാധവനഹമിടർകളവാൻ
പരമാദരവൊടു ചൊല്ലിയജ്ഞാന-
പ്പുനവൽ മുകുന്ദപദാംബുജമൻപൊടു-
മരനാഴിക മറവാതുരചെയ്യവ-
രത്ഭുതമുക്തിപദം പ്രാപിക്കും. ൪൨

അംഭോജങ്ങൾ വിരിഞ്ഞതിനാലേ-
യഖിലതരം വാപികൾശോഭിക്കും
കൊമ്പോടുയർ കരിയും ശോഭിക്കും
ക്രുടൊഴുകീടിന മദജലമതിനാൽ
പൊൻഭൂഷണമതിൽ മണിശോഭിക്കും
ഭുവനം ശോഭിക്കും ഭാസ്കരനാ-
നമ്പേറീടിന ഭഗവൽഗീതയു-
മറിവോർ സഭനടുവേശോഭിക്കും. ൪൩

Digitized By Kerala Sahitya Akademi

ശ്രീ.

# ശിവരാത്രിമാഹാത്മ്യം

---

ശങ്കരനംഗജവൈരി പുരാരി
ചരാചരഗുരുവിന്നു നന്ദനനായേ
തുംഗഗജാനനനായുളനായ
സുരാസുരപതിയെ നമസ്കൃതിചെയ്യേൻ
മംഗലമായ് മദനാന്തകരജനീ
മാഹാത്മ്യം പറവാൻ നിനവുറേറ-
നെങ്കലതിന്നു കനിഞ്ഞു തുണച്ചീ-
ടേണം വാണിയുമിന്നിതിനേററം. ൧

ഇതു നിരണത്തു കപാലീശ്വരമാ-
ന്നീടിന പശുപതി തന്നരുളാലേ-
യിതമൊടവൻ തിരുവടിയുടെ ചരിത-
മിയമ്പുമതിന്നു തുനിഞ്ഞിതുമുററം
ബതഗുരുനാഥന്മാരറിവീടിയ
വേദവ്യാസാദികളുമെനിക്കി-
ങ്ങതിസുഖമായ് നല്കീടുക വരമി-
ങ്ങണയാമമ പാതകമിതു ചൊന്നാൽ. ൨

Digitized By Kerala Sahitya Akademi

പാതകമേ ചെയ്തീടിലുമെന്നും
പതിതത്വം വാരാ പരമേശ്വര-
പാദസരോജമൊരിക്കൽ നിനയ്ക്കിൽ-
പശ്ചമാരകരാമവർകൾതമക്കും
നീതിയിതെന്നറിയിപ്പതിനായേ
നിരുപമാരാകിയ മുനിതിലകന്മാ-
രാദിയിലരുളിച്ചെയ്ത മഹാകഥ-
യായപ്രകാരമിതിന്നിഞ്ഞാൻ ചൊല്ലാം. ൩

ചൊല്ലാമെന്നാലായപ്രകാരം
ചൊല്ലേറിയമുനി തിലകന്മാർപ-
ണ്ടെല്ലാമരുളിച്ചെയ്ത മഹാകഥ-
യിതു പണ്ടിയുള്ളപ്രകാരംപറവാൻ.
വല്ലാതേഞ്ഞാനൊട്ടുരചെയ്തു
മനസിപൊറുക്ക മഹാജനമായവ-
രെല്ലാം നല്ലപ്രകാരംവരുവാ-
നേകകെനിക്കതിനടിമലർതൊഴുതേൻ. ൪

അടിതൊഴുതിതു വേദവ്യാസൻ തിരു-
വടിയരുൾചെയ്ത പ്രകാരം സൂതൻ
പടുതരരായ മഹാമുനിമാരൊടു
പറവതിനുടെ ഭാഷാസംക്ഷേപം
ദൃഢമിതുഞാൻ ചൊല്ലിൻറതുമുറവും
ദിവ്യമഹാകഥയിതു പലജാതിയു-
മുടനുരചെയ്ത പുരാണങ്ങളിലറി-
വുടയമുനിപ്രവരന്മാരെന്നാൽ, ൫

Digitized By Kerala Sahitya Akademi

എന്നുമുരച്ചു തവങ്കളെയേചെ-
സ്സീടിയമുനിതിലകന്മാർ സൂതനൊ-
ടന്നരുൾചെയ്താർ നീ ചൊന്നതുകേ-
ട്ടറിവുററോം പാതകഫലമെല്ലാം;
ഇന്നിവ പലവുമുഴററൊട്ട പോക്കി-
യിതത്തൊട്ട മോക്ഷപദം പ്രാപിപ്പാൻ
നന്നിവരുത്തുമുപായം ചൊല്ലുക
നമ്മോട്ട നിർമാനേയിനിയെൻറാർ. ൯

ഇനിയമഹാമുനി വേദവ്യാസനൊ-
ടിതുതന്നേ ചോദിച്ചേൻഞാൻപ-
ണ്ടനുചിതപാതകകോടികൾതീപ്പാ-
നായൊരുപായമവൻ തിരുവടിയും
മനസികനിഞ്ഞെതന്നോടരുൾ ചെയ്താൻ
മലമാതോട്ടമഹേശൻ ചൊന്നതു
പുനരവൾ തിരുവടിയവുമുവനോട്ട
പുകഴ്ന്നരുളിയ ശിവരാത്രിമഹാത്മ്യം. ൧൦

അംബുജഃനത്രാശോത്ഭവനായമ-
ഹാമുനി വേദവ്യാസൻ തിരുവടി
യിമ്പമിയന്നറിയിച്ചു മഹാവ്രത-
മിതുഞാൻ നിങ്ങളൊട്ടും മുനിവരരേ
സംപ്രതി ചൊല്ലാമെന്നേ സൂതൻ
താൻരചെയ്തതു കേട്ടേ മുനിവര-
രിമ്പമൊടവനൊട്ട ചോദിച്ചാർ ശിവ-
രാത്രിയുടേ മാഹാത്മ്യമനന്തം, ൧൧

Digitized By Kerala Sahitya Akademi

ഉമ്പർപുരാനഖിലേശ്വരനാലേ-
യുടനിതനുഷ്ഠിതമോ വ്രതമല്ലാ-
ലമ്പിതു ചെയ്യവർകളിലുണ്ടായ്‌വരു-
മഖിലേശ്വരനെന്നോ? കേൾമുററും
മുമ്പിലിതേതൊരു നാളുണ്ടായിതു
മുഖ്യവ്രതമിതിനെന്തുവിധാനവു-
മെമ്പവചൊൽകെന്നളവേ സൂത-
നിയംപിനനെല്ലാം മുനിവരരോടേ. ൯

വരനാകിയ വിധിയൻ കല്പാന്തേ
വരുമൊരു നിദ്രാതൽപരനായാൻ
പരമാദരവൊടു മേദിനി കല്പ-
പയോധിയിലേ താണ്ണിതു പുനരതിനാൽ
അരുണാംബുജനയനൻ നാരായണ-
നൻപമസൂകരവിഗ്രഹമായേ
പരമാദരവോടതിൻനയുയത്തി-
പ്പരിപാലന ചെയ്യാൻ താഴാതേ. ൧൦

തേയാംബലവീഥ്യാദികളോടു
ജഗത്രയപാലന ചെയ്യാനോത്താൽ
നായകനാകിന്നതു ഞാനില്ലൊരു
നാഥന്മാർ മറെറന്നു നിനച്ചേ
പോയാഴിയിലരവണമീതഴകൊടു
പുക്കപുരാണപുമാൻ നിദ്രാവശ-
നായതു കാലമുടൻ നിൎമ്മിച്ചാ-
നഖിലമുറങ്ങി യുണൎന്നു വിരിഞ്ചൻ. ൧൧

Digitized By Kerala Sahitya Akademi

അൻപൊടുമായവനിയിൽ നിർമ്മിച്ചാ-
    നഖിലചരാചര ജാതികളെപ്പുന-
രിമ്പമൊടവയെല്ലാം കാണ്മാനാ-
    യെങ്ങും നടന്നേ കണ്ടതുകാലം
നൻ പുകഴോടേ വിശ്വത്തിന്നൊരു
    നാഥൻ ഞാനില്ലൊരുവരു മറ്റൊ-
ന്നിമ്പമിയന്നതി സന്തോഷിച്ചാ-
    നെവരേയും നിർമ്മിച്ച വിധാതാ. ൧൫

ധാതാവതുകാലത്തു മാഹാത്മാ
    ദാമോദരനഖിലേശ്വരനരവന്ന
മീതേനിദ്രാമുദ്രാപരനായ്
    മേവീടുന്നതു കണ്ടുമുനിന്ദ്രോ
പാഥോധിയിൽ നീ യെന്തുകിടപ്പാൻ
    പറകെഴുനീറ്റെൻറ കേൾവിശ്വത്തി-
ന്നാധാരം ഞാനേ നീയാരെ-
    ന്നയനരുൾ ചെയ്താൻ വിഷ്ണുവിനോടേ. ൧൬

വിനയമൊഴിന്തു മുനിന്ദ്രെഴുനിന്റെ·
    വിഷ്ണുവിരിഞ്ചനൊടരുളിച്ചെയ്താൻ
മനസി നിനക്കുണ്ടോ ഭ്രമമാരേ
    മറ്റുജഗത്തിനു പതിഞാനല്ലാൽ
പുനരറിനിന്നുടെ കർത്താവും ഞാൻ
    പോറ്റീ യെൻറതിനേറ്റ മുനിന്ദ്രോ
കനമിനി നമ്മിലെതിർത്തമർ ചെയ്തേ
    കല്പിക്കാവിതിതെന്നാനയനും. ൧൭

Digitized By Kerala Sahitya Akademi

എൻറതുകേട്ടേ ശ്രീശാർങ്ഗംവി-
ല്ലെത്രയുമൂഴറി വളച്ചു തളച്ചേ
നിൻറതികോപിച്ചാംബുജനേത്രൻ
നേർപൊരുകെൻറു വിളിച്ചതുകാലം
നൻറമരിൽക്കൊല ഞാൻ ഞാനെന്നേ
നാന്മുഖനും ചെന്നളവു ജനാർദ്ദന-
നൊൻറൊഴിയാതേ ദിവ്യാസ്ത്രങ്ങളെ-
യുടനെയ്താൻ ചതുരാനനനെതിരേ. ൧൪

ചതുരാനനനവയെല്ലാമേതും
താപമൊഴിഞ്ഞു കുശാഗ്രങ്ങളെവി-
ട്ടിതമൊടഴിച്ചസ്ത്രം പലവിട്ടള-
വിടർതീർത്തേ ഹരിയും നിജചക്രം
കതിരവർ പലർ കൂടിയ പോലൊളിവൊടു
കാണായതിനെ മുതിൎന്നേവിട്ടാ-
നതിനെയടക്കുവതിന്നായ് വിട്ടാ-
നംബുജസംഭവനും ബ്രഹ്മാസ്ത്രം. ൧൫

അസ്ത്രമതിപ്രാബല്യം കൊണ്ടൊ-
ട്ടൊഴിനിലയായേ മീണ്ടിതുചക്രം
ചിത്രമതിവനെ ക്കൊല്ലാതൊഴികിൽ-
ച്ചെമ്മേ പോരായെന്നു നിനച്ചേ
ഭദ്രതരൻ നാരായണനവിടെ-
പ്പാശുപതാസ്ത്രം വിട്ടതുകണ്ടേ
തത്രവിധാതാവതിനെ മുതിൎന്നു
തടുപ്പാനസ്ത്രമതേതാൻ വിട്ടാൻ. ൧൬

Digitized By Kerala Sahitya Akademi

ആനന്തുകാലം പാശുപതാസ്ത്രസ്യ-
ഗാനലാദീപിതമായേവിശ്വം
ദീനതയായ് വേകിന്നളവവിടേ
നിൻറാരന്യോന്യം പീഡിതരായ്
മാനമിതെൻെറ വിഷ്ണുവിരിഞ്ച-
ന്മാർ പലസംവത്സര,മവസാനേ
മാനിതമാഘമാസി ചതുർദ്ദ
ശ്യാമസിതായാമീശാഗമനം. ൧൮

ഈശനശേഷജഗത്തിനുമുടയവ-
നിരുവർക്കും മുതലായ മഹാത്മാ
നാശമൊഴിപ്പതിനായേവർക്കും
നാനാഭുവനത്തിനുമതുകാലം
ക്ലേശമകററിയ ശിവലിംഗാകൃതി
കേവലമായ് നിജതേജസ്സതിനാ-
ലാശകളൊക്കെ വിളക്കി മഹേശ്വര-
നവരുടെ നടുവേ വന്നുളനായാൻ. ൧൯

ആനന്തുകാലത്തസ്ത്രസ്യാഗ്നം പുന-
രനുപമശിവലിംഗത്തിൽ മറഞ്ഞിതു
ദീനതപോയേ വിഷ്ണുവിനോടു
നിരന്നു പറഞ്ഞാനവിടെ വിരിഞ്ചൻ
താനഖിലേശൻ തേജോമയമിതു
താഴാതിവിടെയ്യന്നു പറന്നാൽ
ഞാനറിവേൻ തേജസ്സിതിനന്തം
നാടുകനീ കീഴേടവുമെൻെറ. ൨൦



Digitized By Kerala Sahitya Akademi

എൻറു പറഞ്ഞവർ കീഴും മേലു-
മിതത്തോടു പക്ഷിയുടേ വടിവായും
പൻറിയുടേ വടിവായുമുഴൻറാർ
പലകാലവുമറിയാതേ മീണ്ടാർ
നിൻറു പുകണ്ണാരയനൊടു ഹരിയും
നിതരാമവിടെ വലത്തുമിടത്തും
നൻറിമികും ശിവലിംഗസമീപേ
നാഥനിവൻ താനെൻററിവുറേ. ൨൧

ഏവം നിൻറവരന്നു പുകണ്ണല-
വീശനുമാപതിശ്ശൂലി പദാംബുജ-
ഭാവനചെയ്യവർകൾക്കൊരുനാളും
പഴുതുപെടാ നിജപദവികൊടുപ്പോൻ
കേവലമൊരു വിഗ്രഹിയായേ നിജ-
ഗണപരിവൃതനായ് മലമാതാകിയ
ദേവിയൊടും കാണാമാറവിടേ
നിൻറിതു വിഷ്ണുവിനും കമലജനും. ൨൨

കമലജനും വിഷ്ണുവിനും മററും
കരുതുകിൽ വിശ്വത്തിന്നേ കാരണ-
നമലനമേയനുമാദ്ശരീര-
നശേഷവിഭൂഷണഭൂഷിതദേഹൻ
വിമലനിശാകരലേശവിശോഭിത
വിതതജടാഭാരാദിമനോഹര-
നമിതരുചാ വരദാഭയടംകഗ-
ഭാഞ്ചിതകരനായ് നിൻറവനേ ജയ. ൨൩

Digitized By Kerala Sahitya Akademi

കാലാന്തകനഖിലേശനുമാപതി
    കാരുണ്യാമൃതപൂർണ്ണകടാക്ഷം
ഫാലാഗ്നിജ്വലനേ ശലഭത്വം
    പണ്ടംഗജനു വരുത്തിയ ദേവൻ
നീലാരുണനിറമായ് നിജദേഹേ
    നിൻറുവിനിർഗ്ഗതമാം വരരശ്മി-
ജ്വാലാമാലകളാലേ വിശ്വം
    സ്നാപിതമിത്തെന്നും വണ്ണം നിൻറാൻ. ൨൪

ആനതുകാലം മാഘേമാസി നി-
    ശായാമസിതചതുർദ്ദശികാലേ
മാനസസന്തോഷേണ പുകണ്ണാർ
    മധുസൂധനനൊടു കമലോത്ഭവനും
മാനിതനായ മഹേശ്വരനേ പര-
    മാത്മാവേ ജയ ഞങ്ങൾ നിനച്ചാൽ
ദീനതയായ് പശുഭാവമിയൻറവർ;
    നീയേപതിസകലത്തിനുമോർത്താൽ. ൨൫

സകലേശാ നീ വിശ്വത്തിന്നും
    താപമിതെങ്ങൾക്കിദം കിളറവാറാ-
യകമേകാരുണ്യത്തൊടു വന്നി-
    ങ്ങാവിർഭൂതപുരാതനനേ ജയ
പുകഴ്വതേവക്കാവിതു നിന്മെയ്?
    പുരഹരനേ മറനാലുമൊരുത്തനു-
മകമേകാട്ടാമോ നീ കാട്ടുകി-
    ലപ്പാതറിതവ്യഹിമയത്രുപം?. ൨൬

Digitized By Kerala Sahitya Akademi

അംബുജബാന്ധവനെക്കാണ്മതിനി-
ഞ്ഞാമോ പാർത്താലെൻ വമൂല്യകന-
മിമ്പമൊടതുപോലേ കാണ്മാൻപണി
യേവക്കും തവ നിഷ്കളരൂപം
സംപ്രതി നീയേ കാട്ടുകകൊണ്ടു
സദാശിവതേജോമയ വിഗ്രഹമിതു-
മന്‌പൊടുകണ്ടോം നിന്നുടെമായയി-
ലഴിയാതവരാരേ പരമേശാ?.

പരമേശ്വര ഹര പന്നഗഭൂഷണ
പണിപെട്ടോമറിവാനായേ തവ
പരതേജോമയ രൂപാദ്യന്തം
പലകാലം മൂഢതയൊടുഴന്നോം
പരിപൂർണ്ണാനന്ദാമൃത ചിന്മയ
ഭവ ഹര ജയ വിയദനിലാനലജയ
ധരണിചന്ദ്രാദിത്യാത്മകജയ
സർവ്വേശ്വര വിശ്വാത്മാവേ ജയ.

ആവതുമല്ല ഭവാനെപ്പുകഴ്‌വാ-
നഴിവില്ലാ വടിവായൊരുനാളും
കേവലമെണ്ണിപ്പാത വിരിഞ്ച-
ഗദാധരർതാമഴിവതു കാണ്മോൻ നീ
താവിന മാനൊടു മഴുവിനൊടും വര-
ദാഭയ ശോഭിതമായ് നിറമോടും
മേവിന തവ വിഗ്രഹമിതതൊഴുതോം
വേററിവവരാർ നിന്നുടെതത്വം?.

Digitized By Kerala Sahitya Akademi

നിന്നുടെ പാദസരോരുഹസേവാ
 നിതരാമോരോ ജാതിയൊരോനാൾ
തൻ നിയമങ്ങൾ വിടാതേചെയ്തു
 ശതക്രതുമുതലാംദിക്‌പാലകന്മാർ
നിന്നരുളാലേ തമ്മുടെപദവികൾ
 നീക്കംവരാതേ പ്രാപിച്ചാ-
രെൻറുമിതോത്താൽ നീയല്ലാലി-
 ങ്ങേവരൊരുത്തർ ജഗത്തിനുകത്താ? ൩൦

കത്താനീയേ സൃഷ്ടിസ്ഥിതിലയ-
 കമ്മമിയററുവതും ഭുവനങ്ങൾ
ക്കത്യന്തം പല ജലപാത്രങ്ങളി-
 ലയിശോഭിതമാം ദിനകരബിംബം
പ്രത്യേകം പലവായ് തോൻറിൻറ
 പ്രകാരം സകല പ്രാണികളിലുമിഹ
നിത്യം നീയേ ഞാൻഞാനെൻേറ
 നിശ്ചയമായ്മരുവും പരമാത്മാ. ൩൧

പരമാത്മാനീയെൻറാൽ നാമി-
 പ്പാവതുമറിനീ താനേ നിന്നെ
പരമാദരവൊടുഴൻറതുവേ തവ
 പാത്താൽ മായാബലമറിയായോ
കരുതീടുംതോറും പരമേശ്വര
 കാണരുതെൻേറ തോൻറിൻറിതുതവ
പരമാനന്ദചിദാത്മകരൂപം
 റയരുതറികിലതുള്ളപ്രകാരം. ൩൨

Digitized By Kerala Sahitya Akademi

അറിയാതേയുമറിഞ്ഞും കേവല-
മഖിലേശ്വരനിതു നിശ്ചയമേതും
കറവിതിനില്ലെൻെറ പലജാതി
കറിക്കൊണ്ടേ സിദ്ധാന്തികൾ പലരും
പറവതുമഖിലേശ്വര തവ രൂപം
പഴുതുപെടാതുടനെങ്ങുംനിറഞ്ഞൊ-
രറിവാകിൻെറ പരബ്രഹ്മം പുര-
ഹര ഹര നമ്മുടെ മാനസതിമിരം. ൧൧.

അംബുജസംഭവനുംവിഷ്ണുവിനുമി-
തഖിലേശ്വരനരുളാലറിവുണ്ടാ-
യിമ്പമൊടവരുടെ പൂജയിയററി-
യിവണ്ണം നിൻറുവുകണ്ണതുകാലം
തൻ പ്രിയമോടു മഹേശ്വരനഖില-
ചരാചരഗുരുവരുൾ ചെയ്താനപ്പോൾ
വമ്പൊടു നിങ്ങളിലേശിയവൈരം
വൈകാതേ കളവാനായ് വന്നേൻ. ൧൨.

ആയിതുവിശ്വത്തിന്നേതാപവു-
മസ്ത്രാഗ്നിജ്വാലാമാലകളാൽ
നോയതു തീപ്പാനായും വന്നേൻ
നൊടിയിലിദാനീമിവിടെയിവണ്ണം
തീയതുതീപ്പാൻ മാഘേ മാസി
സിതേതരയായ ചതുർദ്ദശിചേൎന്നു-
ണ്ടായ നിശീഥേ നമ്മുടെസന്തോ-
ഷായ യുവാം വ്രതമിതുചെയ്യേണം. ൧൩.

Digitized By Kerala Sahitya Akademi

ഇതു ശിവരാത്രിവ്രതമിതുനിങ്ങ-
    ളിതത്തൊടു ചെയ്താലത്മജ്ഞാനം
നിതരാമുണ്ടാം നമ്മുടെ പദവിയെ
    നിങ്ങൾക്കും പ്രാപിക്കാമെൻറ
സുതരാമവരൊടു നിജതാതന്മാർ
    ചൊല്ലുംവണ്ണമശേഷജഗൽപതി
ഹിതമാമാറരുൾ ചെയ്തതുകേട്ടവ-
    രിരുവരുമടിമലർ തൊഴുതുരചെയ്താർ. ൩൬

ആരണർകാരണനേ പരമാത്മാ-
    വായപുരാതനനേവ്രതമിതുനാം
ധീരതയായ് ചെയ്യേണ്ടുവതെന്തിതു
    ചെയ്‌വതിനുള്ള വിധാനവുമറിയോം
കാരുണികൻ നിൻതിരുവടിയരുൾചെ-
    യ്കഖിലവുമെൻറതുകേട്ടറിയിച്ചാൻ
വാരണചർമ്മവരാംബരധരനാം
    മദനാന്തകനതിനുടയവിധാനം. ൩൭

ആനപ്രകാരം മുമ്പില്ല പിമ്പില്ല-
    മർദ്ധനിശായാമസിതചതുർദ്ദശി
താനുടനുണ്ടാം മാഘേ മാസി
    സമസ്തമഹാപാതകമറുവാനായ്
ദീനതവരാതേ ചെയ്യേണം
    ചെമ്മേ ജാഗരമോടുപവാസവു-
മാനതിനുടയ വിധാനവുമറികെ-
    ൻറഖിലേശപരനവനോടറിയിച്ചാൻ. ൩൮

Digitized By Kerala Sahitya Akademi

അറിയിച്ചാൻ വ്രതമിതിനുദയാദുദ-
യാന്തം ചെയ്യേണം നിയമങ്ങളെ
നെറിയിൽ കുറവിയലാതെ ഭക്ത്യാ-
നിതരാമോരോയാമംതോറും
നിറമുററീടിന പൂജാവിധികൾ
നിശായാം വ്രതമൊടുനിന്റബ്ദിലേശനെ
മറയിൽചൊന്ന പ്രകാരം പുകഴും
വഴിയും പരമേശ്വരനമ്പാലേ. ൩൯

അമ്പൊടുമീരാറാണ്ടു കഴിഞ്ഞാ-
ലാകിലുമാം മൂവെട്ടാണ്ടതുപോ-
ലിമ്പമിയന്റേ വ്രതമിതുചെയ്താ
ലെങ്കിലുമാമുദ്യാപനകർമ്മം
പിമ്പതിനൊക്കും വിധികളുമേതും
പിഴവാരാതിതു ചെയ്താലന്നേ
തൻപദമവരെയ്തിൻറതുമെൻറിവ
സകലമവൎക്കീശ്വരനറിയിച്ചാൻ. ൪൦

അറിയിച്ചാനേവം പരമേശ്വര-
നവൎക്കളൊടെൻറു മഹാമുനിവരരോ-
ടറിയിച്ചാൻ സൂതനമതുകാല-
ത്തവൎകളുമവനൊടു ചോദ്യം ചെയ്താർ
കുറവററീടും വ്രതമിതിനുള്ള
ഗുണങ്ങളുരയ്ക്കെൻറളവേ സൂതനു-
മറിയിച്ചാൻ ഹയമേധാദികളില്ലു-
മതിപുണ്യം വ്രതമെൻററികെൻറേ. ൪൧

ഏതുമൊരറിവില്ലാതേ പാതക-
    മേചെയ്താനൊരു വിപ്രവരൻപ-
ണ്ടാദിയിലവനൊരു നിമിഷംകണ്ടാ-
    നനുപമശിവരാത്രിവ്രതമഖിലം
വീതഭയം പരമേശ്വരലോകേ
    വിരവോടവൻ പുക്കാനവസാനേ
തീതിയലാവ്രതമിതിനുടെ മഹിമകൾ
    ചിന്തിക്കെൻററിയിച്ചാൻ സൂതൻ. ൪൨

അമ്പൊടുനീയേ ചൊല്ലുക നമ്മോ-
    ടതിവിസ്തരമായേ കഥയിതു ബത
മുമ്പതി പാതകമേചെയ്താനിഹ
    മുഖ്യതവന്നതു വിസ്മയമെൻറാർ
ഇമ്പമിയൻറ മഹാമുനിപുംഗവ-
    രേവരുമരുളിച്ചെയ്തതുകേട്ടേ
സമ്പ്രതിചൊല്ലാം കഥയെൻറവരൊടു
    സർവ്വജ്ഞൻ സൂതനുമറിയിച്ചാൻ. ൪൩

അതിപുണ്യം ഭുമൌ വിന്ധ്യാചല-
    മതിനു വടക്കേ സിന്ധുമഹാനദി-
യതിനുടെ തിരേ കുഞ്ജരരാജ്യ-
    മമൻുളനായാൻ പണ്ടൊരു രാജാ
വിധി പിഴയാതേ താനവരവരെ
    വിഷാദമൊഴിച്ചഴകോടു ഭരിച്ചേ
ഗതഭയമായ് വാണ്ണാൻ പലകാലം
    ഗജപുരമതിലന്നൃപകുലതിലകൻ. ൪൪



Digitized By Kerala Sahitya Akademi

കുലവാനായ് വേദാദ്ധ്യയനാദി-
ഗുണങ്ങളിണങ്ങിന വിപ്രോത്തമനുള-
നലിവൊടു കാൎയ്യാകാൎയ്യവിചാര
മനത്തും ചെയ്യാൻ നൃപനു വിശേഷാൽ
ചിലദിവസം ചെൻറളവു പിറന്നാൻ
ചെമ്മേ വിപ്രവരന്നൊരുപുത്രൻ
പലഗുണവാനവനുടെ സൌന്ദൎയ്യം
പറവാൻ പണി മദനന്നുമവനൊപ്പാം. ൪൬

അവനതി ധീരന്മായേ കാമ-
മഹാശാസ്ത്രങ്ങൾ പടിച്ചറിവുറേറ
വിവശതയായ് നാരികളൊടുകൂട
വിനോദിച്ചതിസുഖമായെപ്പൊഴുതും
തവാവുമട്ടത്ത മഹാകൎമ്മങ്ങൾ
സമസ്തവുമൊട്ടൊഴിയാതു മറന്നാ-
നവരവരേ നിന്ദിക്കും പരിചുട-
നായാൻ വിപ്രവരൻ സുകുമാരൻ. ൪൭

സുകുമാരാഖ്യൻ വിപ്രനതീവ
സുഖത്തെ വരുത്തിയഴിച്ചവധൂജന-
മകമേ തന്നെയൊഴിഞ്ഞൊരു പുരുഷനെ-
യരനിമിഷം നിനയാതപ്രകരം
വിഗതാശങ്കം ക്രിയകൾ മുടിച്ചേ
വേറുപുരാംഗനമാരവരവരേ
സുഖമാകിൻറതിതെൻറവരവരേ
ചൊല്ലുമതെല്ലാം ചെയ്തുളനായാൻ. ൪൮

Digitized By Kerala Sahitya Akademi

ആരണനായേ ഷിഡ്ഗതപൂണ്ടവ-
        നാചണ്ഡാലവധൂജനമാനസ-
ധീരതപോക്കി മുതിൻ രമിച്ചാൻ
        തീയതിതെൻററിയാതേമുററം
സാരതയുള്ള വരാംഗനമാരും
        തൽപതികളെയുമുപേക്ഷിച്ചവനൊട്ട
ജാരവിനോദം ചെയ്താരൊഴിയാർ
        ജാതികളുടെധൎമ്മമിതൊരുനാളും. ൪൮

ഒരുപോലേ സകലാംഗനമാരു
        മുവനേഷിഡ്ഗനിലേറഴിവുററാ-
രരുതേതാകിലുമെന്തിതിനൊരുകഴി-
        വതിനതിദുരിതമിതെൻറവർപതിമാർ
പരിതാപത്തൊടുതമ്മിൽ നിരന്നേ
        പാൎത്ഥിവനോടിവയെല്ലാം നാഥ-
ൻററികേ നിൻററിയിച്ചോമിനിയെ-
        ൻറതിനായ് നരവരനരികപുകുന്താർ. ൪൯

അരികേനിൻറവർ ചൊന്നാരരചനൊ-
        ടയശസ്കരമായതിപാതകമായ്-
മരുവീടിൻറൊരുവൃത്താന്തം തവ
        മണ്ഡലമതിലുണ്ടറികനരേന്ദ്രാ
വരനാം വിപ്രസുതൻ സുകുമാരൻ
        വടിവൊടുഷിഡ്ഗത പൂണ്ടുമഹീസുര-
വരനാരിയർ മുതലായ്ച്ചണ്ഡാല-
        വധൂജനവല്ലഭനായ്മരുവിൻറാൻ. ൫൦

Digitized By Kerala Sahitya Akademi

ഇൻറവർ ഷിഡ്ഗനിലാദരവാലേ-
യെങ്ങളെ വേറപെടുത്തവനരികേ
ചെൻറു വസിക്കിൻറാർ വല്ലഭമാർ
ചെമ്മേ പണിയതൊഴിപ്പാനിപ്പോൾ
എൻറതിനാലേ പാതിവ്രത്യവു-
മീടിനവണ്ണാചാരങ്ങളുമിഹ-
യൊൻറാഴിയാതേ പോയിതിതെക്കാ-
ളുള്ളതുമെന്തേ പാതകമോർത്താൽ. ൭൧

ഓർത്താലിഹധർമ്മസ്ഥിതി പിഴയാ-
തൊരുപോലെ നമ്മെപ്പാലിക്കും
പാർത്ഥിവനേ നിന്നോടിവയെല്ലാം
പറവാൻ പരിതാപത്തൊടുവന്നോം;
കീർത്തി നശിക്കുമിതിനിയൊഴിയാഞ്ഞിൽ
കേവലമുണ്ടാം നരകനിവാസവു-
മാർത്തികെടുക്കെൻേറ പുരവാസിക-
ളവരവരേ നൃപനോടറിയിച്ചാർ. ൭൨

അറിയിച്ചവർപോയളവേ ഭൂപതി-
യരനാഴികവൈകാതേ ഷിഡ്ഗനെ
നെറിയിൽക്കൊണ്ടിവിടേ വരികെൻേറ
നിൻറവരോടുരചെയ്തതിനവരും
പറകിൽകാലം വൈകമവസ്ഥകൾ
പാർത്ഥിവനരികെപ്പോരികയെൻേറ
യുറവിൽച്ചൊല്ലിമുതിർന്നേഷിഡ്ഗനെ
യുടനരചന്നെതിർ കൊണ്ടേചെൻറാർ. ൭൩

Digitized By Kerala Sahitya Akademi

കൊണ്ടവർ ചെൽവത്തുകണ്ടേഭ്രൂപതി
കൊൾവാനാംപോൽ മുനിവൊട്ടനിമമ
മണ്ഡലമതിൽ വസിയാഴ്ക്ക വസിക്കിൽ
വരും തവനാശവുമെൻറത്തുകേട്ടേ
ദണ്ഡമെനിക്കുണ്ടാസ്ത്വരുമെൻേറ
ദീനതയോട്ടടനങ്ങുകിരാതൻ-
മണ്ഡലമെഴ്ക്കിവസിച്ചേ ഭ്രൂഷണ-
മഹിമണ്ഡലഗതനായ് മകിഴ്വുററാൻ. ൭൪

ആനവനവിടെക്കണ്ടാനഖിലജ-
നാനന്ദാമൃതമാമുദ്യാനം
മാനിതകോകിലകേകികൾനാദ-
മനോഹരമായേ പുഷ്പാമോദം
ദീനതക്രുടാതേ കൈക്കൊണ്ടു
നിറഞ്ഞൊളിവീടിന മാരുതപോതക-
മാനതിനാലുമതീവ സുഖാകര-
മാകും ചൈത്രരഥോപമമായേ. ൭൫

ആയതമായ തടാകവുമതിനരി-
കധികമനോഹരമായേകണ്ടാൻ
തോയമിതതിനിർമ്മലമിവിടേ മമ
സുഖമാമാറു കുളിക്കാമെൻേറ
തീയവചെയ്യൊരുഷിദ്രൊഹൻതാനും
ചിന്തിച്ചാനതുകാലം വിധിവശ-
മായേവൻറാളോരു ചണ്ഡാലിയു-
മവിടെമുതിൻകുളിപ്പാനായേ. ൭൬

Digitized By Kerala Sahitya Akademi

ആയതലോചനയാമവൾകണ്ടേ
　　യവനൊടപാംഗം കൊണ്ടുപറഞ്ഞാൽ
നീയതിസുന്ദരനറിയാമേററം
　　നിപുണത......ക്രീഡായാം
നായകനാകേണം നീയേമമ
　　നാരികളൊരുവരിൽ മററഴിയാതേ
നീയുരചെയ്യുവതെല്ലാം കേൾപ്പേൻ
　　നിശ്ചയമിനിഞാനെൻറിവയെല്ലാം. ൩൫

ഇവയെല്ലാമൊരു ലജ്ജാഭാവ-
　　മിയൻേറലതകൾ മറഞ്ഞെതിർനിൻെറ
വിവശതയവനണ്ടാമാറേററം
　　വീക്ഷണമാത്രം കൊണ്ടറിയിച്ചാൽ
ഇവളതിസുന്ദരി പണ്ടേവംക-
　　ണ്ടില്ലവരാംഗനമാർ പലരിലുമെ-
ൻറവനതിവമനോഭവപീഡിത-
　　നായവളരികേ ചെൻറപ്പുകന്താൻ. ൩൬

ആനവീളോട്ടം പോയേകാന്ത-
　　മമൻ രമിച്ചാനവനതുകാലം
ദീനതയായ്പ്പരവശയായവളും
　　നിതരാമഴിവുററവനൊടു ചൊന്നാൾ
മാനിതനേ നാമിരുവരിലൊരുവർ
　　മരിപ്പളവുംഞാൻ പിരിയായ്കെന്നും
മാനിനികളിൽ നീയഴിയായ്കെൻറും
　　മററിതിനൊരുസത്യം ചെയ്കേൻേറ. ൩൭

Digitized By Kerala Sahitya Akademi

എൻറതുകേട്ടതു ചെയ്തുടനേപോ-
യെഴുപതു സംവത്സരമവളോടും
നൻറിയില്ലാത മഹാപാപങ്ങളെ
നാനാജാതിയിയററി വസിച്ചാൻ
ഒൻറാഴിയാതേ ജലചരജാതിക-
ളോരോ വിധപക്ഷികൾനാനരിമൃത-
ലെൻറമൃഗങ്ങളിവററിനിറച്ചിക-
ളെല്ലാം തിൻറതി സന്തോഷിച്ചാൻ. ൬൦

സന്തോഷിച്ചവളും താനും പല
തരമായ് മദ്യമതീവനുകന്നോ
നിന്ദാകരമാം മാംസാദികളെ
നിരാകുലമുപജീവിച്ചു വസിച്ചാർ
എന്തേഗതിയിനിയെൻറടവികളി-
ലിരുന്നു ചതിച്ചേ വിപ്രവധംചെ-
യ്തന്നേ. പുനരവരുടെയധനം കൊ-
ണ്ടവരുടൽ ഭക്ഷിച്ചാൻ മധുപാനേ. ൬൧

മധുപാനേ ഭക്ഷിപ്പാനേററം
മഹിമമികും ഗോക്കളെവധചെയ്തേ-
യിതമായേ വൃഷഭങ്ങളെയുംപുന-
രേറിയതവമൊടിരിപ്പവർകളയും
മതിസുഖമാമാറേഷിഡ്ഗനമഥ
മക്കളുമൈവർ പുറന്നുളരായാ-
രതിഭയമരുളിയ പഞ്ചമഹാപാ-
തകമവതാരം ചെയ്തതുപോലേ. ൬൨

Digitized By Kerala Sahitya Akademi

ഏവമിരുന്നതുകാലം പിന്നെയു-
    മിരുവർ പുറന്നുളരായാർ പുത്രികൾ
കേവലമഥ ചണ്ഡാലിയിലവനവൾ
    ഗതയായാൾ വൈവസ്വതഭവനേ
തീവിനതാനേയാകിയ ഷഡ്ഗൻ
    ചെമ്മേ പുത്രികൾതന്നെവളൎത്തള-
വാവികളുത്തു വിവാഹം ചെയ്താ-
    നവർകളെയിരുവരെയും പാപാത്മാ. ൬൨

വരനാരികളിരുവരുമായൊരുനാൾ
    വാധയൊഴിഞ്ഞു വസിച്ചതുകാല-
ത്തൊരുപായം ധനമുണ്ടാവനെ-
    ന്നുള്ളത്തുമെന്നു നിനച്ചേ ഷഡ്ഗൻ
നരപാലൻ നല്കീടിയരത്ന-
    ധനാദികൾകൊണ്ടിവിടേ വിപ്രന്മാർ
വരുമേതാകിലുമെൻറാത്തടവിയിൽ
    വാന്ധവരാമവരോടുമിരുന്നാൻ. ൬൩

ഇരുന്നു ചതിച്ചേ വിപ്രരെ വധചെ-
    യ്തേറിയധനമപഹാരം ചെയ്തേ
പരന്നമഹാപാപങ്ങളനേകം
    പാരാതൊക്കയിയററി മുടിച്ചാൻ
ഇരുന്നുസുഖിച്ചാൻ ചണ്ഡാലികളൊടു-
    മേവംഷഡ്ഗനനന്തരമരച-
നിരുന്നു ചതിച്ചാർ കൊന്നതുവിപ്രരെ-
    യെൻറന്നെപഷിപ്പിച്ചാനെങ്ങും. ൬൪

Digitized By Kerala Sahitya Akademi

എങ്ങും നടന്നന്വേഷിച്ചാരാനേഷണ-
മിതന്യുപദൂതന്മാർ ചെയ്തിൻേറാ-
രിങ്ങിവിടെയുമിനിയില്ലയിരിപ്പെ-
ൻേറവരെയും കൈവിട്ടേഷിഡ്ഢ്ഗൻ
പൊങ്ങിനരാഗം കൊണ്ടെപ്പൊഴുതും
പുത്രികളിരുവരുമായുടനേപോ-
യങ്ങുവണിക്പഥപത്തനസവിധമ-
താം ചണ്ഡാലഗൃഹേഷ്വപ്യകന്നാൻ. ൩൮

ആനവരിരുവർ ദൂതന്മാർ ചണ്ഡാ-
ലാംഗനയാം പ്രിയ പെററുളരായവ-
രാനവരോട്ടമകൻേറ വണിക്പഥ-
മാനമഹാപത്തനമനവരികേ
മാനിനിയാകിയ ചണ്ഡാലിയുമായ്
മരുവിൻെറാരുനാൾ മാഘചതുർദ്ദശി-
യാന നിശായാം മധുമാംസാദിക-
ളുവാംളാട്ടക്കൂടിയിരുന്നു സാകന്നാർ. ൩൯

ആനവനവളെയുടൻ കൂടിപ്പാ-
നായേ പുഷ്പങ്ങളെയന്വേഷി-
ച്ചൂനമില്ലാതെ വണിക്പഥപത്തന-
മൊക്ക നടന്നളവതിനു സമീപേ
മാനിതമാകിയ നാഗേശ്വരമാം
വടിവൊടമന്ന ശിവസ്ഥാനേ ശുഭ-
മാന മഹാവാദ്യം പലകൂടി
മനോഹരമാകിയ ഘോഷംകേട്ടാൻ. ൪൦

Digitized By Kerala Sahitya Akademi

ഘോഷമിതെന്തറിയേണമിതെൻറ
ക്രൂടവിടെച്ചെൻറീടിയ ഷിഢ്ഗൻ
ഭൂഷിതരായ് നാനാപുരവാസികൾ
പുത്രകളത്രാദികൾ പലരോടും
ദൂഷണമററമാറേ ശിവരാത്രിയെ
നോററവിടത്തിലുറക്കൊഴിവാനായ്
വേഷമൊടും വരുവതുകണ്ടാട്ടേ
വിസ്മയമാനസനായേനിൻറാൻ. ൯

നിൻറവനുംകണ്ടാൻ ചെൻറവരവർ
നിഖിലേശ്വർനെസ്സുടൻ പൂജിച്ചേ-
യൻറവിടത്തിലുറങ്ങാതേ വ്രത-
മഴകൊടിയററി വസിച്ചതുമുടനേ
നൻറിമികത്ത മഹാശിവലിംഗം
നാനാജാതിയലംകൃതമായ്ച്ചെ-
യ്യോൻറാഴിയാതേ ജപപൂജാദിക-
ളൊക്കയിയററി മുടിപ്പതുമവിടേ. ൧൦

ഏവരുമവിടെച്ചെൻറവർ ഭക്ത്യാ
ഹേമാചലകാർമ്മുക ശിവശംകര
ദേവപുരാണദയാപര ഗിരിശ
ദിഗംബരദിതിജപുരാന്തക ജയജയ
സേവകമാനസപാപവിനാശന
സിതവൃഷവാഹന പരമേശ്വരജയ
നീവിരവാലെങ്ങളുടേ താപം
നീക്കുക തൊഴുതോമെൻറു പുകണ്ണാർ. ൧൧

Digitized By Kerala Sahitya Akademi

എൻറവർ പുകഴും ഘോഷങ്ങളുമതി-
    നിടയിൽ പൊങ്ങിന വേദധ്വനിയും
നൻറിവരും പരിചെങ്ങുമിയമ്പിന
    നാനാവാദ്യരവങ്ങളുമുടനേ
എൻറിവകണ്ടറിവുറേറഷിഢ്ഗണ-
    മിതമൊട്ടു പൂജിതമീശ്വരബിംബവു-
മൻറതി ദൂരെക്കണ്ടടിമലർതൊഴ-
    തഖിലേശ്വര ശരണന്നേൻറ പോയാർ. ൭൨

പോയവനും ചണ്ഡാലഗൃഹേ നിജ-
    പുത്രിവസിക്കുമിടത്തിൽ വസിച്ചാ-
നായപ്രകാരം ചെയ്താൻ പാപ-
    മനന്തം പിന്നെയുമവനവളോടും
പോയിതു വാണാളവനുടനൻറു
    പുകന്താർ മൃത്യുവുമന്തകദൂതരു-
മായപ്രകാരം ദണ്ഡിപ്പിപ്പോ-
    മതിനീചനെയെൻറാത്തു കളിച്ചാർ. ൭൩

ആത്തിവരുത്തും ദണ്ഡൊട്ടു പാശവു-
    മനുപമമാകിന ശൂലാമുൽഗദ-
യാസ്ഥയൊടും കൈക്കൊണ്ടുടനവനെ-
    യണഞ്ഞു തറച്ചേകെട്ടിയിഴപ്പാൻ
ഓർത്തുനേരമുമാപതി ശങ്കര-
    നധ്വപതിലോശധരൻ പരമേശ്വര-
നാസ്ഥയൊടരുൾ ചെയ്തേ ശിവദൂത-
    രനേകം വന്നരികത്തു പുകന്താർ, ൭൪

Digitized By Kerala Sahitya Akademi

കുന്താശരാസനബാണനിശാത-
കുഠാരായുധരായ് നിൎമ്മലരായേ
സുന്ദരരായഥ ബാഹുചതുഷ്ടയ-
ശോഭിതരായതിമുഷ്കരരായേ
ചന്തമമന്ന ജടാഭാരത്തൊടു
ചൎമ്മാംബരരായ് സ്മിതാകൃതിയൊടു-
മിന്ദുകലാപമണിഞ്ഞഖിലാംഗവു-
മീശ്വരദൂതരിതത്തൊടു നിന്നാർ. ൧൮

ആൎത്തിവരുത്തിയിഴച്ചേഷ്ഡ്ഗനെ-
യന്തകകിങ്കരർ കൊണ്ടേപോവതു
പാൎത്തരുളിച്ചെയ്തൂർ ശിവദൂതർ
ഭടന്മാരേ കേൾപ്പിൻ നിൽക്കെന്റെ
പേൎത്തിനിയിവനുടെ പാശമഴിപ്പിൻ
പെരിയമഹാത്മാവിവനെപ്പോലേ-
യോൎത്തറിയിക്കിൽപ്പുണ്യം ചെയ്തവ-
രൊരുവരുമില്ലഖിലേശ്വരനിഷ്ടൻ. ൧൯

അൻപൊടു ശിവദൂതരുമുരചെയ്തള-
വന്തകദൂതന്മാർ ചോദിച്ചാർ
സമ്പ്രതിവന്നവരാരേ നിങ്ങൾ
തടുക്കരുതിവനെയിഴപ്പതിദാനീം
എന്പതുകേട്ടേശിവദൂതന്മാ-
രവരോടും ചൊന്നാർ വിഷ്ണുവിനോ-
ടംബുജസംഭവനും കൎത്താവാ-
മവരുടെ ദൂതന്മാർനാമെന്റേ. ൨൦

Digitized By Kerala Sahitya Akademi

എൻറളവന്തകദൂതരുരത്താ-
രീശ്വരദൂതന്മാരേ കേവല-
മിൻറിവർ വന്നവർ നിങ്ങളിദാനീ-
മെന്തവനെപ്പരിപാലന ചെയ്വാൻ
കൊൻറമലർച്ചടയനെയകതാരിൽ-
ക്കൊണ്ടനിശം മരുവിൻറവരരികിൽ
ചെൻറവരെപ്പാലിക്കിലതുചിതം
ചെൽവതുപററാ പാപികളരികേ. ൨൫

പാപികളിൽത്തലയാളിവനെൻറാൽ
പലപലകഷ്ടമഹായാതനകളിൽ
നാംപലവും ദണ്ഡിപ്പിപ്പോമിനി
നാമിവനെപ്പുനരാരിതൊഴിപ്പോർ
കോപമൊടവർകളിഴച്ചു പാശം
കൊണ്ടുകഴുത്തിലതീവമുറുക്കി-
ത്താപമിയററിയിഴപ്പോമൊരുവന്ത
താഴ്ത്താമോയമശാസനയെൻറാർ. ൨൬

എൻറവർചൊന്നതുകേട്ടു ഗണേശ്വര-
രീശ്വരദൂതന്മാരവരവരേ-
യൻറതികോപിച്ചന്തകകിങ്കര-
രാമവർകളെയെതിർ ചെൻറുതടുത്താർ
നിൻറുമഹാശരവർഷം ചെയ്താർ
നിതരാം കോപിച്ചന്തകകിങ്കര-
രൊൻറാഴിയാതസ്ത്രങ്ങളെ വിട്ടാ-
രുടനതിദാരുണമായിതുയുദ്ധം. ൨൭

ഇത്തു ദൂതന്മാർ ചിലർ വേഗംപോ-
യിനസുതനാമന്തകനൊടു ചൊന്നാ-
രതുകേട്ടേറക്കോപിച്ചേയമ-
നളവില്ലാതളകിങ്കരരോടും
ഗതഭയമായ് മരുവീടുമുദുംബര-
ഗണപരിവൃഢനെ വിളിച്ചുരചെയ്താ-
നിതുപെഴതേപോയ് വിപ്രാധമനെ
യിഴച്ചും കൊണ്ടിവിടേവരികെൻറാൻ. വൃ ൧

വരുവതിനുപരോധം ചെയ്യതിനായ്
വരുമവർകളെയുമടിച്ചുയിർ കൊൾകെ-
ൻററിശമൊടന്തകനരുൾ ചെയ്തളവേ-
യതിബലമീടുമുദുംബരനോടും
ദുരിതസമുത്ഭവരാം വ്യാധികളും
ദൂഷണമേ ചെയ്യും മൃത്യുക്കളും
മരുതിനിനില്പാനെൻേറകിങ്കര-
രാമവരോടും കൂടപ്പോയാർ. വൃ ൨

ആത്തുകളിച്ചമർ ചെയ്യും ദേശ-
മണഞ്ഞന്തകസൈന്യം പൊരുതളവേ-
യാർത്തിയൊഴിഞ്ഞ ശിവദൂതന്മാ-
രസ്ത്രമഹാവർഷം വർഷിച്ചാർ
കീർത്തിമികും വ്യാധികൾ നൂറെറട്ടൊട്ട
കേവലമഖിലരുപത്തു മൃത്യുക്കളെ
നേത്തുയിർ കൊണ്ടാർ കിങ്കരസൈന്യം
നിൻറവരെരുമടയക്കൊലചെയ്താർ. വൃ ൩

Digitized By Kerala Sahitya Akademi

ആത്തെത്തിർചെൻറാനപ്പിടെക്കാല-
മഹാമൃത്യുവുമഖിലേശ്വരഭൂതരൊ-
ടാത്തിയവന്നു വരുത്തിയതീവ
വരുംപരിചവരസ്ത്രം വഷിച്ചാർ
കീത്തിനശിച്ചിതു ഞാനുയിരോടേ
കേവലമോടാമിവർ പൊരുതാലൊരു
മാത്രജയിക്കരുതെൻവുടനേപോയ്
വൈവസ്വതനൊടവസ്ഥകൾചൊന്നാൻ .വൃ

ആനതുകാലം പാശംഛേദി-
ച്ചവിടേസുകമാരനേയവനേത്തും
ദീനതവാരാതേ കൈക്കൊണ്ടാർ
നിഖിലേശ്വരഭൂതന്മാരുടനേ
മാന്നിതനാമഖിലേശ്വരനരികേ
മററവനെ കൈക്കൊണ്ടേചെൻറള-
വൂനമില്ലാതമഹേശ്വരവിഗ്രഹ-
മുടനവനും കണ്ടാനന്ദിച്ചാൻ. വൃ

ആനന്ദേന മഹാസിംഹാസന-
മതിനുടെമീതു വിരിച്ചപുലിത്തോ-
ലാനതിനുടെമീതേ പരിപൂർണ്ണനി-
ശാകരരൊൻറിയുദിച്ചതുപോലേ
ദീനമില്ലാ ദേഹപ്രഭയാന
നിലാവതിനാലേ സേവകരാനവർ
മാനസകൈരവമാമോദേന
മലൎന്നളവാം പരിചീടാനിരുന്നാൻ. വൃ

Digitized By Kerala Sahitya Akademi

നാനാസിദ്ധസുരാസുരമുനിജന-
നാഗജനാദിനിഷേവിതനായേ
വാനോരൊളിവൊടു ദക്ഷിണപാർശ്വേ
വാരിജസംഭവസേവിതനായേ
താനാദരവൊടിടത്തുപുറത്തു
സരോജവിലോചനസേവിതനായും
ജ്ഞാനാകാരി മഹേശനിരുന്നതു
നലമൊടുമഥ സുകുമാരൻ കണ്ടാൻ. ൨൧

ആനവനതിശയമാകിയഭക്തിയൊ-
ടടിമലർ തൊഴുതു നമസ്ക്കൃതിചെയ്തു
താനതികാരുണ്യത്തൊടുകണ്ടു
ചരാചരഗുരു വിരവോടെഴുനിററാൻ
ദീനതവാരാതേ തൃക്കൈകളെ
നീട്ടിയെടുത്തുടൽതടവി നിനക്കൊരു
ഹാനിവരായ്കെൻററിയ വിമാനവു-
മപ്പൊഴുതവനു കൊടുത്താനീശൻ. ൨൨

ഈശനിവണ്ണമിരുന്നളവങ്ങിട-
രേറിയമൃത്യുവുചെന്നന്തകനൊടു
നാശംകിങ്കരർ സൈന്യത്തിന്നും
നായകനായ തനിക്കുമിവണ്ണം
നാണം തങ്ങൾക്കുണ്ടാകാതേ
നമ്മെയുമീശ്വരഭൃത്തരിയററി-
പ്പാശമറുത്തേ വിപ്രനെയീശ്വര-
ഭവനേ ചേർത്തതുമുടനറിയിച്ചാൻ. ൨൩

Digitized By Kerala Sahitya Akademi

അറിയിച്ചന്തകനും പാപങ്ങളെ-
യവരവർ ചെയ്തിക്കും പുണ്യവുമൊരു
നെറിപിഴയാതേയെഴുത്തുമമാത്യനെ
നീതിയിലണയ വിളിച്ചുപറഞ്ഞാൻ
അറിയിച്ചേ സുകുമാരൻ ചരിത-
മനത്തുമെനിക്കെൻറത്തുകേട്ടവനും
പറകിൽക്കൂടാതളവുണ്ടവനുടെ
പാതകമെൻറുയമന്നറിയിച്ചാൻ. ൩൦

അറിവൊട്ടു ചിന്തിച്ചാൻ വൈവസ്വത-
നതിപാതകമേ ചെയ്തവനേപ്പുന-
രുറവൊട്ടു ശിവദൂതന്മാർകിങ്കര-
രോടമർ ചെയ്തു ജയിച്ചുപറിച്ചേ
കുറവിയലാത മഹേശ്വരനരികെ-
ക്കൊണ്ടേപോയത്തുമുചിതമിദാനീം
കറമിറടൻ തിരുവടിയെക്കാണ്മാൻ
കാലംവൈകാതെൻറു മുതിന്താൻ. ൩൧

നാനാജനകർമ്മങ്ങളെയറിയും
നലമിലകിൻറ നിജാമാത്യന്മാ-
രാനോർ മുതലായന്തകകിങ്കര-
രഖിലേശ്വരനെക്കാണ്മാനായേ
താനാദരവൊട്ടു മൂൻേറാടിരുപത്തു
തരമാം വാനുലകംപിന്നിട്ടേ
മാനാതീതരുചാമരുവുംമുനി-
മണ്ഡലമതിനും മീതേപോയാൻ. ൩൨

Digitized By Kerala Sahitya Akademi

ആനവനവിടെ മഹാലോകാദിക-
ളുടയക്കണ്ടറിവുററതിൽമീതേ
മാനിതമായ് മരുവീടിനസത്യ-
മഹാലോകം കണ്ടതിന്നുടെമീതേ
ദീനതയെൻറും വാരാതോരതി-
ദിവ്യമഹാവൈഷ്ണവലോകംക-
ണ്ടാനതിന്നുടെമേൽ തേജോമയമായ്
മരുവീടിയ ശിവലോകംകണ്ടാൻ. ൯൩

ലോകമതെണ്ണായിരകോടികളൊടു
യോജന വിസ്തരമാമൊളിവോടേ
ശോകഭയാദികളീൻററിയതിവ
സുഖാകരമായെതിർനോക്കരുതായേ
തുകിനകാഞ്ചനരത്നപ്രഭകം
തുടന്നതി പുണ്യജനങ്ങളിണങ്ങിയ
ഭോഗിവരാമലമാനവിമാനാ-
ത്യുത്തമിനതനയൻ കണ്ടു പുകന്താൻ. ൯൪

കണ്ടാനവിടെ മഹേശ്വരനുടെ സഭ
കാഞ്ചനരത്നവിചിത്രിതമായ്നിറ-
മുണ്ടായേറ മനോഹരമായിന
നിഖിലാസനയാഗാദികളോടും
കണ്ടൊളിവീടും വെൺകുടതഴയൊടു
കവരികൾ മണിമയമാനവിമാനവു-
മുണ്ടായാത്മവികാരം വരുമാ-
റുലവിന സുരഭിതമാനസമോടും. ൯൫

Digitized By Kerala Sahitya Akademi

മാരുതസമബലരാം ദ്വാസ്ഥന്മാർ
മരുവും ദ്വാരചതുഷ്ടയകാഞ്ചന-
തോരണശോഭിതമായേ യോജന
സ്സത്താമൊരു കോടികളിടമോട്ടും
വാരണചർമ്മധരൻ പരമേശൻ
മരുവിയ സഭകണ്ടെത്ത്രിയമാനസ-
ധീരതയോടുകിഴക്കിൻഗോപുര-
ദേശേ നന്ദീശ്വരനെക്കണ്ടാൻ. ൯൧

ഈശ്വരസേവകരേവരിലുംവര-
നിന്ദുകലാമലതിലകാദിഭൂഷിത-
നാശ്രിതവത്സലനമിതപരാക്രമ-
നരിയത്രിപുണ്ഡ്രാംകിത മസ്തകനായ്
കാർശ്യമില്ലാ വടിവോടേശ്ശൂലം
കാഞ്ചനവേത്രവുമെന്റിവ കൈക്കൊ-
ണ്ടാശ്ചര്യം വരനന്ദീശനിനി-
ന്റതുകണ്ടന്തകനടിമലർ തൊഴുതാൻ. ൯൨

അടിമലർതൊഴുതു നമസ്കാരം ചെ-
യ്തഖിലനിജാമാത്യാദികളോടും
ദൃഢതയിയന്നകൃതാന്തനടൻ ന-
ന്ദീശ്വരനോടു പറഞ്ഞാൻകാര്യം
പടുതരനായ് വിശ്വാത്മാവാകിയ
പരമേശ്വരനെക്കാണ്മാൻവന്നേ-
നടമയവൻ തിരുവടിതന്നോട-
യുണർത്തിക്കേണം വൈകാതെന്റെ. ൯൩

Digitized By Kerala Sahitya Akademi

എൻറതുകേട്ടുടനേ നന്ദീശ്വര-
നീശ്വരനടിമലർ തൊഴുതറിയിച്ചാ-
നൊൻറിയ പരിജനമോടേകാണ്മാ-
നുളനിഹ വന്നന്തകനഖിലേശാ!
ഇൻറവനൊടു പോകെൻറോനീ വരു-
കെൻറോ ചൊല്ലുമതടിയേൻ നീതിയി-
തൊൻറരുളിച്ചെയ്യെൻറിതുമാപതി-
യോടനുനയമായവനും ചൊന്നാൻ. ൯൯

നാന്മറയിൻ മുതലാം ദേവൻനിജ-
നയനാഗ്നിപ്രഭയാൽതോററിച്ചാൻ
കാമമതിനായ് വന്തവനെവരുത്തുക
കാലം വൈകാതെൻറതുകേട്ടേ
താൻ മകിഴ്വൊടുപോയവനൊടുചൊന്നാൻ
തത്രകൃതാന്തനൊടകമേപോരുക
കാൺ മലമാതിനു വല്ലഭനാകിയ
കാരുണികൻ പരമേശനെയെൻറേ. ൧൦൦

എൻറതുകേട്ടു പുകന്നു കൃതാന്തൻ-
മീശ്വരനുടയ പുരോഭാഗേ പുന-
രൻറുഗണേശ്വരരെണ്ണില്ലാതവ-
രതിസുഖമായ് മരുവിൻറതുകണ്ടാൻ.
വെൻറിമികും ശുദ്ധസ്ഫടികശ്രീ
മേവിനവിഷ്ണു വപുർദ്ധരരായേ
നൻറികലന്ന നിശാകരലേശ-
സനാഥജടാഭാരാഞ്ചിതരായും. ൧൦൧

Digitized By Kerala Sahitya Akademi

ആയതുബാഹുചതുഷ്ടയശോഭിത-
    രായതി നിർമ്മലഭസ്മോദ്ധൂളിത-
കായരുമായ ചർമ്മാംബരരായ്
    കാലാന്തകസമവിക്രമരായേ
മായയെനീക്കും ബ്രഹ്മശിരാവലി-
    മാലാധരരായ് ദുഷ്കരരായേ
ത്ര്യയഗണേശ്വരരെക്കണ്ടകമേ
    സുഖമായിതു വൈവസ്വതനവിടേ ൧൦൮

അവിടെ മഹേശ്വരദക്ഷിണ ഭാഗ-
    മമന്നവർകളെ യന്തകനും കണ്ടാൻ
ഭുവനമനന്തൊട്ടു വേദങ്ങളെയും
    പൊലിവൊടിയററിയ ധാതാവിനെയും
ശിവകരരായഷ്ടാദശഭേദം
    ചെയ്തുജഗത്രയമൊക്കവിളക്കും
കുവലയലോലവിലോചനയാകിയ
    കുയിൽമൊഴിയാംഭാരതിയെയുമുടനേ. ൧൦൯.

ഉടനേ സനകസനന്ദാദികളെയു-
    മുത്തമരായ വസിഷ്ഠാദികളെയും
പടുതരരായ മുനിപ്രവരന്മാർ
    പലരെയുമവിടെക്കണ്ടുകൃതാന്തൻ
വടിവൊടുമീശ്വരപശ്ചിമഭാഗേ
    വമ്പിലകം ഭൈരവമാതൃക്കളെ-
മുടനേ കാളനിശീഥിനിതാനു
    മുഖ്യാംശുവുമായ് മരുവിൻറതുകണ്ടാൻ ൧൧൦

Digitized By Kerala Sahitya Akademi

കണ്ടാനന്തകനന്തരഭാഗേ
കാർനിറമീടിമനോഹരമായേ-
യുണ്ടാകിയമെയ്മേൽ മണിഭൂഷണ-
മൊളിവൊടണിഞ്ഞൊരുകൌസ്തുഭരത്നാ
കൊണ്ടേറ്റൊളിവഴകിയമാർവതിലേ
കോമളമുത്തിൻമാലകളോടും
ഗണ്ഡാപാന്തലസന്മണികുണ്ഡല
കിരണമനോഹര തിരുമുഖമോടും. ൱൦൩

തിരുമുഖമോടും മണിമകുടത്തൊടു
ശ്രീവത്സാംകിത മാറിടമോടും
നിരുപമശംഖൊടു ചക്രാദികളേ
നീതിയിലേന്തിന ബാഹുക്കളൊടും
തിരുമാൽ പീതാംബരധരനായേ
തിറമൊടുമിരുപത്തൊന്നുവിധം ചേ-
ന്നരുളിനമലർമതോടും നിൽപ്പതു-
മന്തകനാശ്ചര്യത്തൊടു കണ്ടാൻ. ൱൦൪

ആനവരെണ്മർ വസുക്കളൊടീരാ-
റാദിത്യന്മാരെയുമേകാദശ-
മാനിതരുദ്രന്മാരാദികളും
മററും പലരെയുമവിടെക്കണ്ടാൻ
താനതി സന്തോഷിച്ചു കൃതാന്തൻ
സകലേശ്വരനുടെ മുമ്പിലുടൻ ചെ-
ന്നാനതുകാലമവൻ തിരുവടിയുടെ-
യരികിലിരിപ്പവർകളെയും കണ്ടാൻ. ൱൦൫

Digitized By Kerala Sahitya Akademi

അവശതകൂടാതേ പാശങ്ങ-
    ളറുത്തേകാത്മകരാമവരയേ
ശിവസാരൂപ്യമിയന്നു സുഖേന
    ശിവൈകപരായണരായെന്നാളും
തവമൊടു മേവീടിന്നവർകളെയും
    സന്തോഷത്തൊടു കണ്ടു കൃതാന്തൻ
ഭുവനജനത്തിനു നായകനായ
    പുരാരാതിയെയും കണ്ടാനവിടേ. ൧൦൭

അവിടേ സുരമുനിയക്ഷാദികളാ-
    ലതിസേവിതനാമഖിലജഗൽപതി
ദിവസകരന്മാർ പലർകൂടിയപോൽ
    തിറമൊടു ഭസ്മവിഭൂഷിതനായേ
ശിവ കരത്തുംഗജടാഭാരോപരി
    ശീതകരാംശുവിശോഭിതനായേ
നവമണിസിംഹാസന ഗതനായ്‌വര
    നാഗാഭരണവിരാജിതനായേ ൧൦൮

ഏറമനോഹരമാം പുലിയുരിപോ-
    ത്തേവക്കും സംസാരവിമോചന-
മേറവരുത്തും വിദ്യയെന്നും നിജ-
    മെത്തിയ ശക്തിയുമായഖിലേശൻ
മാറില്ലയാത മഹത്വമിയന്നേറ
    മരുവീടിന്നതു കണ്ടുകൃതാന്തൻ
ക്രൂരതതാതള സന്തോഷത്തൊടു
    കുറുകിമഹേശനെയടിമലർതൊഴുതാൻ. ൧൦൯

Digitized By Kerala Sahitya Akademi

അടിമലർ തൊഴുതഥ ദണ്ഡമനഹാമു-
ദ്ദാമഖിലേശാ യെൻറകൃതാന്തനു-
മുടനേ വച്ചനമസ്കാരംചെ-
യ്തുഴറീട്ടെഴുനിൻറഞ്ജലിചെയ്തു
ശാന്തയകന്നകതാർ തെളിവിക്കും
ശശിശേഖരനെയതിവപുകണ്ണാ-
നടയവർ നീയല്ലാലാരേമ-
റെറാരുവക്കും പരമേശ്വരജയജയ. ൧൧൧

ജന്മജലധിയിൽ മേവും തിരമാലകൾ
ചെമ്മേ ജലമയമായതുപോലെ
നിയതമിവണ്ണമിയങ്ങിയ വിശ്വം
നിഖിലം നീയേയവ പരമേശാ
വയമമരേന്ദ്രാദികൾ തവപൂജകൾ
വഴിവഴിചെയ്തു നിജനിജപദവികൾ
ഭയമൊട്ടു വേറായെയ്തിയിരുന്നോർ
പർവ്വതരാജസുതാപ്രിയനേ ജയ. ൧൧൨

പ്രിയകരഹര ജയ ശിവഭക്താനാം
ഭീഷണഭോഗിവിഭൂഷണനേജയ
നയമറിയാതേ പാപമനേകാ
നാൾതോറും മേന്മേലേ ചെയ്താൽ
തുയർ കളവാനൊരു നേരം തവ പേർ
ചൊല്ലുകിലവനൊരു കാലവുമേതും
ഭയമിയലാനിജലോകം നൽകും
പരമചിദാനന്ദാത്മകനേ ജയ. ൧൧൩

Digitized By Kerala Sahitya Akademi

അജഹരിമുതലായവരുണ്ടാക്കി
വളർത്തീടും ബ്രഹ്മാണ്ഡക്ഷയകര
പ്രജകളതായ് മേവിന്റ ചരാചര-
ഭേദവുമവമററാർ നീയല്ലാൽ
ത്രിജഗതിഭവത്രൂപംമറെറാരുവനു
ചെമ്മേയറിയരുതല്ലൊ മൂടിയ
വൃജിനവിനാശം നീയറിയായതു
വേറതിനുടെ വിളവെല്ലാം വിശ്വം. ൧൧൰

അംബരകേശദിഗംബരജയവിഷ-
മാംബക ഹരഹര ബിംബഫലാധര
യംബുജബകളദലാലങ്കാരചി
ദംബരസച്ചിന്മയപുരനേജയ
തുംബുരുനാരദമുഖഭക്തൌഘവ്യ-
സ്തുതപദകമല മഹേശ്വരജയജയ
കിം ബഹു നീതാനേഞാനായും
കേൾനിന്നെപ്പുകഴിന്റതുമിപ്പോൾ. ൧൧൩

ഇപ്പോഴറിയിക്കാം മമകൃത്യ-
മിതുകേട്ടരുൾ നിന്തിരുവടിയരുളാൽ
സൽഭാവത്തൊടുമടിയേൻഹന്ത
സമസ്തപ്രാണികളെയുമുയിർകൊണ്ടേൻ
മുല്ലാടേ പുണ്യം ചെയ്തവരെ
മുതിന്നാനന്ദിപ്പിപ്പേൻ പാപം-
തപ്പാതേചെയ്തവരെയവററിൻ
തക്കപ്രകാരം ദണ്ഡിപ്പിപ്പേൻ. ൧൧൪

Digitized By Kerala Sahitya Akademi

ദണ്ഡധരൻ ഞാനായിൻറളവും
ചെയ്യേൻ കേവലമഖിലേശ്വരനേ
ഖണ്ഡിതശാസനനായേനിപ്പോൾ
ക്കനമിയലും തവദൂതന്മാരാൽ
രൂണ്ടിച്ചയിലുമുള്ള വരിൽപ്പാതക-
മേറിനസുകുമാരനെ മമകിങ്കരർ
കൊണ്ടുനടന്നോരവർകളെയെല്ലാം
കൊൻറവനെക്കൊണ്ടിങ്ങേപ്പോന്നാർ. ൨൨൭

ആത്തിവരുത്തിയനേകം ഗോക്കളെ-
യന്തണരായവർകളയും വധചെ-
യ്യാസ്ഥയൊടും മാംസംകറിയായ് മധു-
പാനംചെയ്യാൻ ചണ്ഡാലിയുമായ്
കാന്തസ്വരഹരണം ചെയ്യാൻപല-
കാലം ചണ്ഡാലിയിലാത്മജരെ-
ച്ചീത്തമഹാപാതകസമരായവർ
ചിലരെമുതിൻടനല്പാദിച്ചാൻ. ൨൨൮

ആനവൾ മരണം പ്രാപിച്ചളവുനി-
ജാത്മജയാം ചണ്ഡാലിസുമായെ
താനതിസുഖമൊടു വാണ്ണാൻ പലനാൾ
തനയർകളവളിലുമൽപ്പാദിച്ചാൻ
വാനിട നിന്നവനിയിൽ വീഴുംചില
മഴനീർത്തുള്ളികൾ ഭൂമിയിലേമണ-
ലാന്നവയെണ്ണിക്കാണ്മാൻപണിപൊ-
ട്ടതുപോലേ സുകുമാരകൃതാഘം. ൨൨൯

Digitized By Kerala Sahitya Akademi

സുകുമാരൻ വിപ്രാധമനേവം
ദുഷ്കൃതമേ ചെയ്തൂനിത്യകാല-
മഖിലേശാ തവലോകമിതിൽവ്വാ-
ന്നതിസുഖമായ് മരുവിന്റോനെന്റാൽ
സുകൃതം ചെയ്തവരാരേയെന്റും
ദുഷ്കൃതമേ ചെയ്തവരാരെന്റും
വിഗതാശങ്കമറിഞ്ഞേതൊൽവാൻ
വിശേഷശ്ര പണിയുണ്ടിനിമേൽനാൾ. ൧൨൦

നാൾതോറും പരമേശ്വരവിധികളെ
നാനാജനവും ചെയ്തുഴലിന്റതു
ധാതാവാദികളൊരുവൻ ചൊൽപ്പടി
താഴ്വാഴിന്റവനവനല്ലെന്റേ
വേറേയൊരു മഹിമാനം പറവതു
വേറെല്ലാരുമറിഞ്ഞാരിപ്പോൾ
നീതേചെയ്തീടിന സുകുമാരനു
ശിവപദമിന്റു കൊടുത്തതുമൂലം. ൧൨൧

അതുപോകട്ടിനിയെല്ലാം നിന്തിരു-
വടിയൊടുണർത്തിപ്പാൻ വിടകൊണ്ടേ-
നിത്തകാലത്തിനിയറിവിൻവേണ്ടുവ-
തെന്തെന്നതുമരുളിച്ചെയ്യേണം
മതിപോരും തിരുമുമ്പിലിവെല്ലാം
വന്നടനിന്റു പറഞ്ഞതുമെന്റാ-
ലിതപാദം തൊഴുതേനെന്റന്തക-
നേവംചൊല്ലി നമസ്കൃതിചെയ്താൻ. ൧൨൨

Digitized By Kerala Sahitya Akademi

താനതി സന്തോഷിച്ചന്തകനെ-
 ത്താൽപശ്ചത്തൊടെടുത്തുനിവൃത്തി-
ത്തേനിയലും വചസായവനൊടു
 ചിരിച്ചരുളിച്ചെയ്യാനഖിലേശൻ
മാനിതനെകേൾ നിന്നുടെയാജ്ഞകൾ
 മറെറാരുവന്നു മറുക്കരുതെൻറത്തു-
മൂനമെനിക്കില്ലെന്നോറാ കാരണ-
 മുണ്ടതുമിനി ഞാൻ നിന്നൊടുചൊല്ലാം. ൧൨൩

ആമളവും പാപംചെയ്യാൻസുകു-
 മാരനവൻതാനെങ്കിലുമൊരുനാൾ
തീമമികും ചണ്ഡാലിനിമിത്തം
 ചെമ്മേ പുഷ്പാന്വേഷണബുദ്ധ്യാ
കാമരസാകുലനെങ്കിലുമൊരുനാൾ
 കണ്ടാൻശിവരാത്രൌവ്രതമേതും
തീമവരാതേ ചെയ്തുമമാഗ്രേ
 സേവകരായ് മരുവിൻറവരോടും. ൧൨൪

അവനറിയാവ്രതമെങ്കിലുമതിനാ-
 ലവനു നശിച്ചിതു പാതകകോടിക-
ളവശതയുണ്ട ചുട്ടും പാവകനെ-
 ൻററിയാതേ തൊട്ടാൽ ചുട്ടുമല്ലീ?
ശിവകരമാം വ്രതമിതു മതുപോലേ
 ചെമ്മേ പാപവിനാശനമെൻറാ-
ലവനു ഗണേശ്വരപദവികൊടുത്തേ-
 നതിനാൽ ഞാനതി സന്തോഷിച്ചേ. ൧൨൫

Digitized By Kerala Sahitya Akademi

സന്തോഷത്തോടു കല്പാന്താവധി
താനിവിടേയീവണ്ണമിരുന്നാ-
ലുടനെ ചെന്നുദധീചിതപോധന-
നായവനിയിലിവനുളനാം നീ കേൾ
എന്തേ വഴിയിനി വൃത്രനെ വധചെ-
യ്തിടർകളവാനെന്റിന്ദ്രാദികൾ നിജ-
സന്താപങ്ങളിയദന്റെ ശ്രീപതി
തന്നൊടു ചെന്ററിയിപ്പർ വിരന്തേ. ൱൨൩

ഏറ്റമതിന്നുദധീചിതപോധന-
നേവരിലും വരനുടയസ്ഥികളെ-
ത്തേറിയണഞ്ഞിനി നിങ്ങളിരന്നാൽ
ചെമ്മേ തരുമതരീവ മഹാത്മാ
വേറതിനാലുണ്ടാക്കാം വജ്രം
വെപ്പാം വൃത്രനെയതുകൊണ്ടെന്റെ
ക്രൂറിയ നാരായണനരുളാലേ
കുലയാതമരകളവനൊടിരപ്പർ. ൱൨൪

അവനമരർക്കു ശരീരം നല്കി-
യനന്തരമെന്നൊടു വന്നൊരുമിക്കും
ശിവകരമതിനിവയെല്ലാം മൂലം
ശിവരാത്ര്യാ വ്രതദർശനമറിനീ
അവശത കൂടാതേ ശിവരാത്രി-
യടുക്കും വണ്ണം നോല്പവരുടെ ഗുണ-
മിവപലവും ചിന്തിച്ചറികൊന്നുട-
നീശ്വരനേകനോടറിയിച്ചാൻ. ൱൨൫

Digitized By Kerala Sahitya Akademi

അന്തകനത്തു കേട്ടാശ്ചര്യത്തോ-
ടടിമലർ തൊഴുതീശനോടറിയിച്ചാ-
നെന്തു മഹേശ്വര ശിവരാത്ര്യാ വ്രത-
മിതിന്നുണ്ടാവാനിത്ര മഹത്വം
അന്തവിധാനവുമെന്തിതിനെല്ലാ-
മരുൾ ചെയ്യേണ്ടതു കേട്ടീശനുമട-
നെന്തിനു പലവും പറയിൻറതെനി-
ക്കേറ പ്രിയമതു നീയറികെൻറേ. ൧൨൯

എൻറു മഹേശ്വരനതിനുടെ വിധികളു-
മെല്ലാമന്തകനോടറിയിച്ചുട-
നൊൻറവനോടു വിശേഷിച്ചമ്പിനൊ-
ടുടനറിയിച്ചാനീശനുമവിടേ
ഇൻറു തുടങ്ങി മമപ്രിയകരരാ-
മെന്നുടെ ഭക്തന്മാരാമവരെ-
ച്ചെൻറുയിർ കൊൾവാനിനി നിനയായ്കതു
ചിന്തിച്ചതിനാൽ വന്നിവയെല്ലാം. ൧൩൦

എല്ലാനാളും പാപം ചെയ്കിലു-
മെന്നുടെ ഭക്തന്മാരവർകളെനീ
കൊല്ലായ്കവസാനേ മമകിങ്കരർ
കൊണ്ടുവരെപ്പോരുവരിങ്ങെൻറാൽ
അല്ലാതവർകളെയവരവർ ചെയ്തിടു-
മതിപുണ്യം പാപത്തിനൊടൊത്തവ-
യെല്ലാം ചെയ്യേണ്ടേൻറ മലമകൾപതി-
യീശ്വരനന്തകനോടരുൾ ചെയ്താൻ ൧൩൧

Digitized By Kerala Sahitya Akademi

അരുളിച്ചെയ്യേണം മമഭക്ത-
　　ക്കടയാളം പുനരെന്തേയുള്ളതു
കരുതിക്കൊൾവാനെൻറന്തകനഥ
　　കാലാന്തകനൊടു ചോദിച്ചളവേ
പുരവിദ്വേഷിയുമരുളിച്ചെയ്താൻ
　　ഭൂതിവിഭൂഷിതരാമവർതാമും
ററരവിശേഷശര പാലയമാമേ-
　　ൻറനിശംചൊല്ലി നടപ്പവർതാമും ൧൩൨

അവശതകൂടാതേ വേദാധ്യയ-
　　നാദ്ദൃഢമാനസരാമവർ താമും
വിവശതകൂടാതേ മമപൂജാം
　　വിധിവഴിചെയ്യിൻറവരുമിവണ്ണം
തവമൊട്ടുമെന്നെച്ചിന്തിപ്പവരും
　　സന്തോഷം വരുമാററനിമിഷം
വിവശതയായെങ്കിലുമെന്നരികേ
　　മേവീടിൻറവർകളുമറിമുററും. ൧൩൩

ഉമ്പരിലും ചണ്ഡാലന്മാരിലു-
　　മൊരുപോലെ പക്ഷം മമ ഭക്തരെ-
യെമ്പതിനാലറിയേണം നീ മ-
　　ററിവരാദികൾ നമ്മുടെ ഭക്തന്മാർ
സമ്പ്രതിനീകേളിവരല്ലാത
　　സമസ്തപ്രാണികളും തവ വശരെ-
ൻറമ്പൊടു വിശേഷശരനരുൾചെയ്തള-
　　വന്തകനും വീണ്ണടിമലർ തൊഴുതാൻ. ൧൩൪

Digitized By Kerala Sahitya Akademi

അടിമലർതൊഴുതെഴുനിന്റെറദണ്ഡമ
ഹാമുദ്രാമഖിലേശ്വരനരുളാ-
ലുടനേകൈക്കൊണ്ടന്തകനുംപോ-
യുത്തമമാം നിജപുരിയിലിരുന്നേ
പടുതരരാകിയ കിങ്കരരോടു
പറഞ്ഞാൻ പശുപതിഭക്തവരന്മാ-
രുടയരികേ പോകായ്വിൻ നിങ്ങളൊ-
ട്ടുപകാരംഞാനിൻറിതിരന്റെറൻ. ൧൬൩

ഇതുകേൾക്കേണമുദുംബരനാദിക-
ളെന്നുടെഭക്തന്മാരെല്ലാരും
മതിചൂടും പരമേശ്വരഭക്തരേ
വന്ദനചെയ്യുമതിന്നണയാതേ
അതുചെയ്യാതുപരോധംചെയ്യി-
ലനത്ഥമെനിക്കും നിങ്ങൾക്കുംവരു-
മിതുകാലം പരിപാകം വരുവാ-
നിടമുണ്ടോട്ടോത്താൽ നിങ്ങൾക്കും. ൧൬൪

ഓത്തറിവോടു നടപ്പിൻ മേലി-
ലുപദ്രവമുണ്ടാകായ്വാനെൻറട-
നാസ്ഥയൊടന്തകനരചെയ്യതുകേ-
ട്ടവനൊടു കിങ്കരരുംബോധിച്ചാർ
ആത്തിവരാത മഹേശ്വരഭക്ത-
ക്കടെയാളവുമരുളിച്ചെയ്യേണം
പേത്തുമറിഞ്ഞു നടന്നീടായ്കിൽ-
പ്പിഴയുണ്ടായ്വരുമെങ്ങൾക്കെന്റെറ. ൧൬൫

Digitized By Kerala Sahitya Akademi

എൻറാളു കേട്ടറിയിച്ചാനന്തക-
നിളുചൊല്ലാമവ്വസാനേ കേൾപ്പിൻ
നൻറിമികം വേദാധ്യയനം പല
നാളും ചെയ്തീടും വിപ്രന്മാർ
എൻറുമെട്ടത്ത പ്രകാരം ഭസ്മ-
മെടുത്തു പിടിച്ചുജപിച്ചു ത്രിപുണ്ഡ്രം
വെൻറിവരുംപരിചിട്ടഥ ശേഷം
മേലെങ്ങും തേയ്ക്കിൻറവർ താമും ൧൮൮

തന്നെറിവോടേ രുദ്രാക്ഷങ്ങൾ
ധരിപ്പവരും പരമേശ്വരശങ്കര
കാമദ കാമവിനാശന ഗിരിജാ-
കാന്ത കലേശകലാധര ശംഭോ
സോമസുരാസുര വന്ദ്യ ജഗന്മയ
സൂക്ഷ്മാനന്ദാമല തവത്രാഹം
നാമറിവോം നമ്മെപ്പാലിച്ചരുൾ
നാഥായെൻറുരചെയ്യുവർ താമും ൧൮൯

ആമലവും ഭക്ത്യാ മൃഗടംകവ-
രാഭയകര മുമമാതിനൊടൊൻറായ്
തിമയില്ലാമരുവും പരമേശ്വര-
ദേഹംചിന്തിപ്പവരുമതല്ലാൽ
താമകമേ പഞ്ചാനനായ
സദാശിവ മൂർത്തിയെയല്ലാൽനിത്യം
ശ്രീമരുവും വിഗ്രഹമതിലൊൻറിനെ
നിയതം ചിന്തിക്കിൻറവർ താമും ൧൯൦

Digitized By Kerala Sahitya Akademi

അവയവമയേ പരമേശ്വര വിഗ്രഹ-
മഖിലവുമിക്കാണ്മായ് ചരാചര-
മിവ്വയവയിററിനിൽ മുഖ്യതമൈൗക-
മലേക്ഷണനോടാംബുജ സംഭവനും
ശിവകരരാമിതിലൊരുവരെ നിയതം
ചിന്തിപ്പവർ മാതാപിതൃസേവക-
ളവശമൊഴിഞ്ഞേ ചെയ്യവരാദിക
ളഖിലേശ്വര ഭക്തന്മാർ മററും. ൧൪൧

മററും പാതകമേ ചെയ്താലും
മുക്കാൽ നിമിഷം കൊണ്ടു മഹേശ്വര-
നററമില്ലാ പ്രിയമുണ്ടാം കർമ്മ-
മറിഞ്ഞാകിലുമറിയാതും ചെയ്താൽ
മററതിനാലേ പാപമകന്നു
വരും ശിവലോക പ്രാപ്തിയവന്നെ-
ൻററ റികെല്ലാമെൻേറയന്തക-
നരചെയ്താൻ നിജകിങ്കരരോടേ. ൧൪൨

ഏറ്റമതിന്നെല്ലാരുമിതറിവാ-
നിതമോടു നിജപുരവരമതിലെങ്ങും
തേറിയുടൻ പറകൊട്ടി നടത്തി-
ച്ചെമ്മേ യന്തകനുടനറിയിച്ചാൻ
മാറുകശിവഭക്തരെ വധചെയ്യും
മററവരെൻ ഭൂതരുമല്ലൻേറ-
യേറിയ കോപത്തൊടു ഞാനവർകളെ-
യിടുവൻ ശൂലാഗ്രേ പുനരെൻേറ. ൧൪൩

Digitized By Kerala Sahitya Akademi

എൻറതറിഞ്ഞേത കിങ്കരന്മാമവ-
　　രേവരുമടിമലർ തൊഴുതന്തകനോടു
നിൻവരചെയ്യാർ നിന്തിരുവടിയുടെ
　　നിനവിന്നൊത്ത പ്രകാരമിരിപ്പോം
ഒൻറിന്നുമൊരു കുറവില്ലെങ്ങൾക്കിനി-
　　യുപരോധം പരമേശ്വരഭക്ത-
ക്കെൻറുമിയററുന്നില്ലൊരു സത്യമി-
　　തിന്നു വിഷാദിക്കൊല്ലായെൻറേ. ൧൪൪

ഏവം കിങ്കരർ ചൊന്നതു കേട്ടുക-
　　മേ പരിതോഷമിയന്നന്തകനും
ദേവ പുരാന്തക പൂർണ്ണ പുരാണ
　　ദയാപര നീയേ മമ ഗതിയെൻറ
കേവലമീശ്വരപൂജയിയററി-
　　ക്ക്ഖേദമൊഴിഞ്ഞുളനായാൻ നിയതം
പാവനരാകിയ കിങ്കരരെല്ലാം
　　പരമേശ്വരഭക്തന്മാരായാർ. ൧൪൫

ആർത്തിയൊഴിക്കും ശിവരാത്രൌ വ്രത-
　　മതിൻ വിധിച്ച മഹാത്മ്യംകൊണ്ടേ
യാസ്ഥയോടും മന്ദരഗിരിമീതിനി-
　　ലമരുമൊരുമയൊടു ശിവനരുൾ ചെയ്താൻ
കാർത്തിക തന്മകനോടരുൾ ചെയ്താൻ
　　കമലജസുതമുനിയോടു കുമാരൻ
ചേർത്തറിയിച്ചാനമ്മുനിയൊടുതു
　　പിന്നുപരാശരസുതനൊടു ചൊന്നാൻ. ൧൪൬

Digitized By Kerala Sahitya Akademi

ചൊന്ന മഹാവ്രതമിതു പുനരെന്നോടു
ചൊന്നാൻ ശ്രീവേദവ്യാസൻ മുനി-
യെന്നുടെ ഗുരുവിതി വർണ്ണം നിങ്ങളൊ-
ടെന്നാലായ പ്രകാരം ചൊന്നേൻ
ധന്യമിതെന്റെ സൂതൻ ചൊന്നതു
താപസർകേട്ടതിസന്തോഷിച്ചേ
മുന്നിൽ മഹേശ്വര പൂജയിലുററി-
മുതിന്നവനെയുമതിസന്തോഷിച്ചാർ. ൧൪൭

ആരണരാദി സമസ്തപ്രാണിക-
ളാമവർകൾക്കും പാപം കളവാൻ
കാരണമാകിയ ശിവരാത്രൌ വ്രത-
കഥയിതു തന്നാലായപ്രകാരം
സാരതയില്ലാതേ കൃതിരാമൻ
താൻനിരണത്തുകപാലീശ്വരമേ
ചേരുമുമാപതിതന്നരുളാലേ
ചെയ്താനേവം ഭാഷയിനാലെ. ൧൪൮

ഭാഷാമിശ്രമിതെൻറികഴാതേ
പരമേശ്വര ഭക്ത്യാ വല്ലവരും
താഴാതഷ്ടമി മററു ചതുർദ്ദശി
സകലേശ്വരരാത്രികളിലുമെല്ലാം
ദോഷാപഹമഴകോടേ ചൊൽവർ
ദുരിതമശേഷമറുത്തിഹലോകേ
വീഴാതേ ശിവദൂതരൊടും പോയ്
മേവുവരന്തേ ശങ്കരലോകേ. ൧൪൯

Digitized By Kerala Sahitya Akademi

ലോകത്തിൽ സ്ഥിതരാമന്തണരും
	ലോകക്ക്ധിപതി ഭൂപതിമാരും
ശോകിച്ചിട്ടറിയാ വൈശ്യകളും
	ശൂദ്രരുമമ്പലവാസികൾ മററും
കോകിലവാണികളാം നാരികളും
	കുംഭമാസി ചതുർദ്ദശിനോററി-
ട്ടേകമനസ്സോടുറക്കമൊഴിഞ്ഞാ-
	ലേശുവർ ശിവപദതാരിനൊടചിരാൽ. ൰൩

ശിവരാത്രിമാഹാത്മ്യം സമാപ്തം.

Digitized By Kerala Sahitya Akademi

# ഭഗവൽഗീത

## ടിപ്പണം.

---

ഒന്നാമദ്ധ്യായം

---

൧. അമൃത്=അമൃതത്തിന്റെതത്ഭവം. മോക്ഷമെന്നൎത്ഥം. ശ്രീയൈ ചാമൃതായ ച എന്ന അമരസിംഹന്റെ പ്രയോഗംനോക്കുക. മറ=മറഞ്ഞിരിക്കുന്നതു്, അതിരഹസ്യമായതു്, വേദമെന്നൎത്ഥം. മറനാലിനുമറിവ്=നാലുവേദങ്ങൾക്കൂടി ഗ്രഹിക്കാനുള്ള സാരം. അഖിലജഗൽപൂൎണ്ണം=പതിന്നാലു ലോകങ്ങളിലും നിറഞ്ഞിരിക്കുന്നതു്. ഇതഭവം=ജനനം. കരണാദികൾ=ഇന്ദ്രിയങ്ങൾ തുടങ്ങിയവ. കരണപദത്തിന്ദേഹമെന്നുമൎത്ഥം കല്പിക്കാം. ഒളിവായി=ഗുഹ്യമായി. ഒളിവായേഎന്നപദത്തിലുംമററും കാണുന്ന ഏ എന്ന നിപാതംപാദപൂരണത്തിനുവേണ്ടി നിരണകവികൾചേൎക്കുക പതിവായിരുന്നു. ഈപ്രയോഗം എഴുത്തച്ഛന്റെകാലത്ത് വിരളപ്രചാരമായിരുന്നു എങ്കിലുംനിശ്ശേഷം ഇല്ലാതെയായ്തീൎന്നിരുന്നില്ല. തദനന്തരമുള്ള കവിതകളിൽ അതിന്റെ പ്രസംഗമേയില്ല. സ്ഥാവരം=അചരം. പരമാത്മാവിനും ചരാചരങ്ങൾക്കും തമ്മിലുള്ള സംബന്ധം പൂവിനും അതിന്റെമണത്തിനും തമ്മിലുള്ളതാണെന്നുകവിസങ്കല്പിക്കുന്നു. സംബന്ധമില്ലെങ്കിലും സംബന്ധമുള്ള നിലയിലാണ് പരമാത്മാവിന്റെ സ്ഥിതി.

Digitized By Kerala Sahitya Akademi

പൊരുൾ=വസ്തു. സുഖം=ആനന്ദം. സച്ചിൽസുഖം=സത്തും ചിത്തും ആനന്ദവും. നിന്നീടിയ=നിന്ന. ഇക്കാലത്ത് നിന്നീടിന എന്നല്ലാതെ കവികൾ നിന്നീടിയ എന്നെഴുതാറില്ല. ഇങ്ങനേയുള്ള പരബ്രഹ്മസ്തുതികൊണ്ടുള്ള ഗ്രന്ഥാരംഭം രാമായണം ഭാരതംമുതലായ നിരണകവികളുടെ ഇതരഗ്രന്ഥങ്ങളിലും കാണുന്നുണ്ട്

൨. ചുടരൊളി=ചുടരിൻെറ ഒളി. ചുടർ=അഗ്നി, അഗ്നിശിഖയെന്നർത്ഥം. ഒളി=ശോഭ. കാട്ടീടിന്ന=കാട്ടീടുന്ന എന്നതിൻെറ പൂർവ്വരൂപം. കാട്ടിൻറതു എന്ന തമിഴ്പദം കാട്ടിൻറ ആയും പിന്നീട് കാട്ടിന്ന ആയും ഒടുവിൽ കാട്ടുന്ന ആയും രൂപഭേദത്തെ പ്രാപിച്ചിരിക്കുന്നു. പഴിയില്ലാ=നിഷ്കളങ്കനായ. ജ്യോതിസ്സ്വരൂപനായ. ആദിത്യൻ=അദിതിയുടെ പുത്രൻ. പരി=അഴകുള്ള. ഇവിടെ കുതിര എന്നർത്ഥമില്ല. ആദിത്യൻ പരിരശ്മികൾ =ആദിത്യൻെറ മനോഹരങ്ങളായകിരണങ്ങൾ. മുഴുതും=മുഴുവനും. മുടി=ശിരസ്സ്. മുടിയാവടിവായി എന്നുള്ള പാഠാന്തരത്തിനു ഇതുപോലേ അർത്ഥപുഷ്ടിയില്ലായ്കയാൽ ഞാൻ സ്വീകരിച്ചിട്ടില്ല. വടിവ്=ഉടൽ. മൂലം=വേര്. മൂലവുംമദ്ധ്യവുമഗ്രവും മുഴുവനും അദ്വൈതം തന്നെയാണെന്ന് കവി വർണ്ണിക്കുന്നു. അദ്വൈതം=പരമാത്മാവും ജീവാത്മാവും അഭേദമെന്നുള്ള മതം. ഈ മതപ്രവർത്തകന്മാരിൽ പ്രധാനി ഒരു കേരളീയനായ ശ്രീമച്ഛങ്കരഭഗവൽപാദരാണ് അദ്വൈതമഹാപാദം=അദ്വൈതപരബ്രഹ്മം. ദശ്ശന=ദർശനം.ജഗദുപാദാനകാരണം അദ്വൈതമതപ്രകാരം ശക്തിയാകയാൽ പരമോത്മോപാസനാനന്തരം കവി അതിനെ ഉപാസിക്കുന്നു. അതിൻെറഫലം വിളക്കു എങ്ങനെ

Digitized By Kerala Sahitya Akademi

അതിങ്കൽജ്വലിക്കുന്ന അഗ്നിയേയും സൂര്യരശ്മി സൂര്യനെയുംകാണിക്കുമോ അതുപോലെ ശക്തിഅദ്വൈതമായ ബ്രഹ്മത്തെകാണിച്ചു തരുമെന്നുള്ളതാണ്. അദ്വൈതമഹാപ്രഥം എന്നപാഠം സ്വീകാര്യമല്ല.

൩. ശിവൻ ആനയും ശക്തി (പാർവ്വതി) പിടിയുമായി. ഉളൻ=ഉണ്ടായവൻ. മത്തം=മദിച്ചത് നിനവുറേറൻ=നിനവോടുകൂടിയോനേൻ=വിചാരിച്ചിരിക്കുന്നു.

൪. അമലൻ=പരിശുദ്ധൻ. നരപതി=രാജാവു്.നേരേ=വഴിപോലെ. പോർമീത്=യുദ്ധത്തിൽവച്ചു്. ജ്ഞാനം=ജ്ഞാനത്തിന്റെതത്വം പാരാശര്യൻ=പരാശരപുത്രനായ വേദവ്യാസൻ, പാരാശരൻ എന്നുംപറയാം. മുനിതിലകൻ=മുനിശ്രേഷ്ഠൻ. അരുൾ=കൃപ. നാരായണനരുളാൽ=ശ്രീനാരായണന്റെ കൃപകൊണ്ടു്. നരകൃമി=പുഴപോലെ തുച്ഛനായ മനുഷ്യൻ. ഒരുപടി=ഒരു പ്രകാരത്തിൽ, യഥാകഥഞ്ചിൽ.

൫. യോഗം=ആത്മവിചാരം, യോഗശ്ചിത്തവൃത്തിനിരോധഃ എന്നു പാതഞ്ജലസൂത്രം. തികയ=തികയെ,പരിപൂർണ്ണമായി. പെരുമതകും=വലിപ്പമുള്ള. ശ്രീപാൽക്കടൽ=ശ്രീമത്തായ ക്ഷീരസമുദ്രം. പിപീലി=ഉറുമ്പു്. പിപീലകഃ പിപീലികഃ പിപീലികാ, ഈ രൂപാന്തരങ്ങൾ എല്ലാം സാധുക്കൾതന്നെ. തന്റെ സാഹസത്തെ കവി ഒരു ഉറുമ്പു ക്ഷീരസമുദ്രത്തെ പാനം ചെയ്യാൻ കരുതുന്നതിനോടു് ഉൽപ്രേക്ഷിക്കുന്നു. കുറ=കുറവു്

൬. മലരയൻ=മലരിങ്കൽനിന്നു് (താമരപ്പൂവിൽനിന്നു്) ജനിച്ചഅജൻ (ബ്രഹ്മാവു്) മലരവൻ എന്നും പ്രയോ

Digitized By Kerala Sahitya Akademi

ഗമുണ്ടു്. നലനല=നല്ലനല്ല. 'ല്ല' എന്നവർണ്ണത്തിൻെറദ്വിത്വം പലപ്പോഴും നിരണം കവികൾ തമിഴ് സമ്പ്രദായത്തെ അനുസരിച്ചു ലോപിപ്പിക്കാറുണ്ടു്. കവി=കവിത (തത്ഭവം). അരുതു്=പ്രയാസമായിട്ടുള്ളതു് അരിയമുതലായ പദങ്ങൾ കാൺക. പൊന്നിൻചെപ്പ്=സ്വർണ്ണച്ചെപ്പ്. അലവല=കീറിപ്പറിഞ്ഞതു് തുകിൽ=തുണി. മഹിമവിരോധം=മഹിമയ്ക്കുവിരോധം (തടവ്). സ്വർണ്ണച്ചെപ്പിൽ പൊതിഞ്ഞാലും കീറപ്പഴന്തുണിയിൽ പൊതിഞ്ഞാലുംരത്നത്തിൻെറ ഗുണത്തിനു് എങ്ങനെ ഭേദം വരികയില്ലയൊ അതുപോലെ ഭഗവൽഗീത സംസ്കൃതത്തിലെഴുതിയാലും ഭാഷയിലെഴുതിയാലും അതിൻെറ മഹിമയ്ക്കു വ്യത്യാസമൊന്നും വരികയില്ലെന്നു താല്പയ്യം.

൭. കഥാരംഭം. വരുമൊരു=(ലോകത്തിൽ) ഉള്ള. അനത്തിനു്=എല്ലാത്തിനും. പരം=ശ്രേഷ്ഠം സവ്വപുണ്യക്ഷേത്രങ്ങളിലുംവച്ചു് കുരുക്ഷേത്രം ശ്രേഷ്ഠമെന്നു താല്പയ്യം. വേദവ്യാസൻ ധമ്മക്ഷേത്രപദം പ്രയോഗിച്ചിരിക്കുന്നതും ഈ അത്ഥത്തിൽ തന്നെയാണു് ക്ഷേത്രം=സ്ഥലം. പരി=കുതിര. കാലാൾ=പദാതി. നാം=കൌരവന്മാർ. കുരുക്ഷേത്രത്തിൽ ചെന്നാൽ ആക്കും അധമ്മഭീരുത്വമുണ്ടാവാനിടയുള്ളതുകൊണ്ടാണു് ധൃതരാഷ്ട്രക്കു യുദ്ധംതന്നെ നടന്നിരിക്കുമൊ എന്നു സംശയം ജനിക്കുന്നതിനിടവന്നതു്. അൻപു്=സ്നേഹം. ത്വരിതം=വേഗത്തിൽ.

൮. ആചായ്യൻ=ദ്രോണാചായ്യർ. പാണ്ഡവർസൈന്യം=പാണ്ഡവന്മാരുടെ സൈന്യം. ആധുനികഭാഷാശൈലിക്കു് ഈ സമാസംയോജിക്കുന്നതല്ല. പാരായ്=

Digitized By Kerala Sahitya Akademi

കണ്ടാലും. സുരപതിനേരരചകൾ=ദേവേന്ദ്രനോടു തുല്യന്മാരായ രാജാക്കന്മാർ, അരചർകൾ എന്നതിന്റെ സങ്കചിതരൂപം. ദേവകൾ എന്ന പദം നോക്കുക. അരചുകൾ എന്നും പറയാം. ഭീമാൎജ്ജുനതുല്യമഹാരഥർ=ഭീമനും അൎജ്ജുനനും സമന്മാരായ മഹാരഥന്മാർ. ഏകോദശ സഹസ്രാണി യോധയേദ്യസ്തുധന്വിനാം ശസ്ത്രശാസ്ത്രപ്രവീണശ്ച വിജ്ഞേയസ്സമഹാരഥഃ (പതിനായിരം പേരോടു ഒററയ്ക്കു യുദ്ധം ചെയ്യുന്നവനും ധനുർവേദജ്ഞനും എന്നും പതിനോരായിരം തേരുകൾക്കധിപതി എന്നും മഹാരഥശബ്ദത്തിന്ന് നിർവചനം കാണുന്നുണ്ടു്.) ഉളർ=ഉള്ളവർ, ഉണ്ടു്. നായകൻ=നേതാവു്, നയിക്കുന്നവൻ. 'ട്ടു' എന്നതു് ഇവിടെ സംയുക്താക്ഷരത്തിൽ നിന്നു് പൂൎവ്വമാണെങ്കിലും ലഘുവായിട്ടുച്ചരിക്കേണ്ടതാണു് പ്ര, ഹ്ര, ഈ രണ്ടു വൎണ്ണങ്ങൾക്കും മുൻപെയുള്ള വൎണ്ണം ഗുരുവാകണമെന്നു നിർബന്ധമില്ല. ഝടിതിപ്രവിശഗേഹം ഇത്യാദി പ്രയോഗങ്ങൾ കാൺക. പ്രാണത്യാഗമിയററുക =ചത്തെങ്കിലും ജയം നേടുക. ഈ പ്രയോഗം പണിക്കരുടെ സ്വന്ത മനോധൎമ്മമാണു് ഭീഷ്മരേ രക്ഷിക്കണമെന്നു മററുമേ മൂലത്തിൽ പറഞ്ഞിട്ടുള്ളു. ഒടുവിൽ പ്രാണത്യാഗംതന്നെയാണു് ദ്രോണർ ചെയ്യുന്നതും.

൯. കരുതലർ=ശത്രുക്കൾ (കരുതേണ്ടവർഎന്നു പദാർത്ഥം) ഇളകൊന്നു്=ഇളക+ഒന്നു്. ഇപ്പോൾ ഭാഷയിൽ ഈമാതിരി സന്ധിഇഷ്ടമല്ല. ഇളകത്തക്കവണ്ണംഒന്നെന്നു താല്പൎയ്യം. മുരച്=മുരശ് (മുരജത്തിന്റെ തത്ഭവം) പണവാദികൾ=മൃദംഗം തുടങ്ങിയുള്ള വാദ്യങ്ങൾ. മുററു=ഏററവും. മുരൻറു=(ഭൂതക്രിയ. വൎത്തമാനരൂപം മുരലുന്നു.

Digitized By Kerala Sahitya Akademi

ശബ്ദിച്ചു) മുരണ്ടു എന്നു ഭാഷയിൽ ഇപ്പോൾ നടപ്പുള്ള പദത്തിൻെറ ഉത്ഭവം ഇതുതന്നെ. പക്ഷെ വണ്ടിൻെറ ശബ്ദത്തെയാണു് ദ്യോതിപ്പിക്കുന്നതു്. മററതു്=പിന്നെ അതു്. ഹരി=ശ്രീകൃഷ്ണനെ. അടലിടി=കൊല്ലുന്ന ഇടിനാദം, അടലിനു് യുദ്ധമെന്നമത്ഥമുണ്ടു്, അടർ എന്നു് ഭാഷയിൽ രൂപാന്തരം.

൧൦. വാനവർദത്തം= ദേവദത്തമെന്ന പേരുള്ളതു് ഊനമില്ലാതൊരുവിജയം=അനന്തവിജയമെന്ന പേരുള്ളതു്, യുധിഷ്ഠിരൻെറ ശംഖം. നകുലൻെറ ശംഖം സുഘോഷം, സഹദേവൻെറതു് മഹത്തായ മണിപുഷ്പം. സുഘോഷ മഹാമണി പുഷ്പൌ=അകാരാന്തപുല്ലിംഗം ദ്വിവചനം, ദ്വന്ദ്വസമാസം. വാൻ=സ്വർഗ്ഗം. ഭുവനം=ഇവിടെ പണിക്കർ ഭൂമി എന്ന ദ്രാവിഡഭാഷാത്ഥത്തിൽ പ്രയോഗിച്ചിരിക്കുന്നു. ചിലപ്പോൾ ഭുവനി എന്നും പ്രയോഗിക്കും. മാററലർ=ശത്രുക്കൾ.

൧൧. മായൻ=മായയുള്ളവൻ, ശ്രീകൃഷ്ണൻ. മരതകമണിവണ്ണൻ എന്ന പാഠാന്തരം. ഇതു ഒന്നുകൂടി.സ്വീകാര്യമായി തോന്നുന്നു. ശ്യാമവണ്ണനെന്നത്ഥം. മരതക മുകിൽവണ്ണനെന്ന പദത്തിനു് മരതകത്തെയും മുകിലിനേയും പോലെ വണ്ണമുള്ളവനെന്നത്ഥാപറയാം. സാക്ഷാൽപദം മരകതമാണു് വണ്ണം മറിഞ്ഞു മരതകമായി. കാററിനു മുൻ ചെല്ലു=വായു വേഗത്തെ ജയിക്കുന്ന. കരുതി=ആലോചനയോടുകൂടി. വിരഞ്ഞു=വേഗത്തിൽ. കടാവുക=നടത്തുക. ഈ പദം പൂന്താനം നമ്പൂരിയുടെ കാലം വരെ ഭാഷയിൽ പ്രചുരപ്രചാരമായിരുന്നതായി കാണുന്നു പോററി=രക്ഷിതാവു്

Digitized By Kerala Sahitya Akademi

൧൨. രണഭൂമൌ=യുദ്ധഭൂമിയിൽ (ഇകാരാന്ത സ്ത്രീലിംഗം സപ്തമ്യേകവചനം) നന്നിമികും=നന്മ അധികമുള്ള. മണിമുടിമന്നർ=രത്നകിരീടധാരികളായ രാജാക്കന്മാർ. ഇന്ദ്രാത്മജൻ=അർജ്ജുനൻ. ഒരു=അനിർവ്വചനീയമായ. കൃപയാ=കരുണയാൽ. പരിവേഷ്ടിതൻ=ചുററപ്പെട്ടവൻ. വരുന്തി=വ്യസനിച്ച്.

൧൩. തക്ക=യോഗ്യന്മാരായ. തമർ=സമർ. മുന്നാളുള്ള മഹാബന്ധുക്കളെ=പണ്ടേ തന്നെ അടുത്ത ബന്ധുത്വമുള്ള ജനങ്ങളെ. സഖികൾ=വയസ്യന്മാർ, സംസ്കൃതമനുസരിച്ച പുല്ലിംഗത്തിൽ സഖാ എന്നു വേണം. എന്നാലെ=ഞാനായിട്ട്.

൧൪. ധനഞ്ജയൻ=രാജസൂയയാഗത്തിനു വേണ്ടി അനേകം ധനം സമ്പാദിക്കയാലും ധനത്തിങ്കൽ ആഗ്രഹമില്ലായ്കയാലും അർജ്ജുനനു ഈ പേർ വന്നതായി പറയുന്നു. എമ്പെരുമാൻ=എൻെറ നാഥൻ, ശ്രീകൃഷ്ണൻ. ഒന്നറിയേൻ=ഞാനൊന്നുമറിയുന്നില്ല. ഉലന്തു=വാടി (ഉലക്ക എന്നു ക്രിയ) ഉടമ്പു്=ശരീരം. വെന്നിമികും=ജയിക്കുന്നതായ. വീഴിന്നുവിതു=വീഴിന്നു+ഇതു്. ശത്രുക്കളെക്കാണുംതോറും മേൽവിവരിച്ചതുകൾ ഉണ്ടാകുന്നു എന്നു താല്പര്യം.

൧൫. ഉലകാണ്ടാൽ=രാജ്യം ഭരിച്ചാൽ. വണ്ടാർ=വണ്ടു് ആക്കുന്ന, സുഗന്ധമുള്ള. ഉററവർ=ബന്ധുക്കൾ.

൧൬. കൊററവർ=രാജാക്കന്മാർ. 'പതിവ്രതയിൽ 'തി' ഗുരുവല്ല. തലകേടായി=തലകീഴായി. ചൊല്ലമർനല്ല=കേൾവികേട്ടതും നല്ലതുമായ. കുലനാശംനിമിത്തം കുലധ

Digitized By Kerala Sahitya Akademi

ൎമ്മത്തിന്റെ നാശവും കുലധൎമ്മനാശത്താൽ പാതിവ്രത്യനാശവും പാതിവ്രത്യനാശത്താൽ വൎണ്ണസങ്കരവുമുണ്ടാകുമെന്നു അൎജ്ജുനൻ പറയുന്നു. ഏതു നല്ലസ്ഥലവും ആചാരഹീനമായ് തലകീഴായി പരിണമിക്കുമെന്നു താൽപൎയ്യം. കുലമതിനാൽ=കുലനാശത്താൽ എന്നു സാരം.

൧൭. തങ്കൾ=തങ്ങൾ. അതിലേ ചേൎന്നിടുന്നവർ=അവരുടെ പിൻവാഴ്ചക്കാർ. മഹാനരക്=വലുതായനരകം, (നരകു നരകത്തിന്റെ തത്ഭവം) എയ്ദുക=പ്രാപിക്കുക. മുൻ=പണ്ടു. വാനുലകുപുകുന്നവർ=സ്വൎഗ്ഗത്തെ പ്രാപിച്ചവർ. മുടിയും=നശിക്കും. ഇതിൽകാൾ=ഇതിനെക്കാൾ

൧൮. മുനിവ്=കോപം. മുട്ടുകുക=സന്നദ്ധരായി എതിൎക്കുക. കരുണാകരൻ=ദയവിന് വിളനിലമായിട്ടുള്ളവൻ. കുനുചില=വളച്ചവില്ല്. തകതെ്=ഉചിതം. മറുക്കുക=തടയുക. ചുററം=ബന്ധുസ്നേഹം. ചൊല്ലാർ=പ്രശസ്തമായ.

---

## രണ്ടാമദ്ധ്യായം

൧. ആനവൻ=ആ അൎജ്ജുനൻ. അജൻ=ജനനമില്ലാത്തവൻ. കമലാക്ഷൻ=താമരക്കണ്ണൻ. അബലകളുടെ തൊഴിലിതു=കരയുന്നതു സ്ത്രീകളുടെ പ്രവൃത്തിയാണെന്നും പുരുഷധൎമ്മമല്ലെന്നും പറയുന്നു (പണിക്കരുടെ സ്വന്തം മനോധൎമ്മം).

൨. അടിമകൾ=അടിയാന്റെപ്രവൃത്തികൾ. പഴി=കുററം. ഭൈക്ഷം=ഭിക്ഷയൎക്കും ഭിക്ഷയുടെ സമൂഹത്തിനും പറയാം.

Digitized By Kerala Sahitya Akademi

൩. രക്തം കൂട്ടിയ (ചേർത്ത) ചോറുനാമെങ്ങനെ ഭക്ഷിക്കയില്ലയോ അതുപോലെ ശത്രുക്കളെ കൊന്നുകിട്ടുന്ന രാജ്യം ഭുജിക്കുന്നതു് അരുചികരമാണെന്നുപറയുന്നു. ഇതിളയ്ക്കുക=ഇതിൽ നിന്നു വിരമിക്കുക. പോരുക=യുദ്ധം ചെയ്ക. പട്ടുക=മരിക്കുക. നിതരാം=ഏററവും.

൪. തിമിരം=ഒരുമാതിരി നയനരോഗം. (ഈരൂപകം പണിക്കരുടെ സ്വന്തമാണു്)ഉറററിവു്=തത്വജ്ഞാനം. നെറി=മുറ. ഇടർ=വ്യസനം. ഒക്കകൽക=ഒക്കെഅകലുക. അടിയേൻ=അടിയൻ എന്നതിൻെറ പൂർവ്വരൂപം. വേണ്ടുമതു്=വേണ്ടുവതു് എന്നതിൻെറ പൂർവ്വരൂപം, കർത്തവ്യം.

൫. ഇഹലോകം=ഭൂലോകം. അമരുലക്=ദേവലോകം. ഉരിയാടൽ=ഉരൈയാടൽ എന്നതിൽ നിന്നുവന്നതു്, പറച്ചിൽ.

൬. പണിക്കരുടെ സ്വന്തം. മെയ്മാവിൽ=ദേഹത്തിലുള്ള നെഞ്ഞിൽ. നന്മാവിൽ എന്നു പാഠാന്തരം. മുഴുത്തു മെഴ്വം—കണ്ണീർപൊഴിഞ്ഞു് ഹൃദയമെങ്ങും വ്യാപിച്ചു് ശമിക്ക=ശമിക്കത്തക്കവണ്ണം. അഞ്ജനമേഘം=അഞ്ജനംപോലെ കറുത്തമേഘം മിന്നു്=മിന്നൽ. ധാര=അവിച്ഛിന്നമായ ജലപ്രവാഹം. ഉണ്മ=യാഥാത്മ്യം, തത്വം.

൭. പഴുതു=വ്യത്ഥം. അനന്തരം=ദേഹത്യാഗാനന്തരം.

൮. ഉടൽ നിന്നു്=ഉടലിൽ നിന്നു് പൊകാതമക=പോകാതെയിരിക്ക. മരിച്ചാലും മരിക്കാതിരുന്നാലും

Digitized By Kerala Sahitya Akademi

രണ്ടും ഒന്നുപോലെ (ഒത്തെ) തുല്യമാണ്. ഏതാമൊരു=യാതൊരു. വാണ്ണിട്ടും വാണിട്ടും എന്നതിന്റെ പൂവ്വരൂപം. ചമ്പൂകാരന്മാരുടെ കാലത്തിലും ഈ പ്രയോഗമുണ്ടായിരുന്നു. മിക്കൊളി=അതികാന്തിയുള്ള. വാർ=ശുദ്ധമായ (ദീർഘമെന്നും സൂക്ഷ്മമെന്നും കൂടി ഈ പദത്തിനർത്ഥമുണ്ട്.)

൯. ചാം=ചാകും (ഉൽസൃജാമിചാമിവ എന്ന് ഉണ്ണായിവാരിയർ) കൌമാരം=ബാല്യം. യൌവന്യം=യൌവനം. വയോധികം=വയോധികാവസ്ഥ, വാർദ്ധകം. വൃദ്ധം=വൃദ്ധത. ബാല്യവും യൌവനവും എങ്ങനെ ദേഹത്തിലുണ്ടാകുന്നുവോ അതുപോലെതന്നെയാണ് മരണാനന്തരമുള്ള ദേഹാന്തരപ്രാപ്തിയുമെന്നുസാരം. മരിക്കുമ്പോഴും ധീരന്മാർ (ധീരൊമനീഷീജ്ഞഃപ്രാജ്ഞഃ എന്നമരം, ബുദ്ധിമാന്മാർ) ചലിയാർ=ഇളകുകയില്ല, മോഹിക്കുകയില്ല. അടവെ=മുഴവൻ. രൂപവത്തായിരിക്കുന്ന ദേഹംനശിക്കും. അതാക്കും തടുക്കുവാൻ കഴിയുന്നതുമല്ല.

൧൦. ഉണർവ്=ബോധം. ഉയർഗതി=മേൽഗതി. അടയും=ലഭിക്കും. ആരുയിർ=പ്രിയമുള്ള ശരീരം. അകതാർ തുള്ളുക=ബദ്ധപ്പെടുക. ശീതോഷ്ണങ്ങളേയും സുഖദുഃഖങ്ങളേയും അറിയുന്നത് ഇന്ദ്രിയവിഷയമാണ് അതു അനിത്യമായ അറിവുമാണ്. അതിനാൽ പരമാത്മാവിനെ അറിവാൻ സാധിക്കുന്നതുമല്ല.

൧൧. പൊയ്യ്=വ്യാജം, അതിനു അഴിവു ഉണ്ടാകും. നിത്യമായിട്ടുള്ളത് യഥാത്ഥജ്ഞാനമാണ് എന്നിട=എന്നിൽനിന്ന്.

Digitized By Kerala Sahitya Akademi

൧൨. കാരണമായെങ്കൽ=കാരണമായ എന്നിൽ, ഉള്ള വഴി തടയുന്നതല്ല=ആവഴി (ആരും) തടയുന്നതല്ല. (തണ്ടാർ) താമരപ്പൂ അണിയുന്ന വക്ഷസ്സോടു കൂടിയവൻ അർജ്ജുനൻ. അവികാരം=ഭേദമില്ലാത്തതു് അരൂപമായ ആത്മാവു് ഞാൻ തന്നെയാണു് നാശത്തെ പ്രാപിക്കുന്നതു രൂപം മാത്രമാണു്

൧൩. ദേഹത്തിൻെറ സ്വഭാവങ്ങൾ ജനനം, വളർച്ച, ബാല്യാവസാനം, മുററൽ (പൂർണ്ണയൌവനാവസ്ഥ) ഉപചയം, മരണം, ഇങ്ങനെ ആറാണു്. വാരാതെ=വരാതെ എന്നതിൻെറ പ്രാചീനരൂപാന്തരം. ഇറപ്പു്=മരണം. പൊരുൾ=വസ്തു.

൧൪. പോത്തുന്ന=ധരിക്കുന്ന, തുകിൽ=വസ്ത്രം, പുതുമതകും=പുത്തനായ, വേറു=മറെറാന്നു്, നരന്മാർ=മനുഷ്യർ, നാമെങ്ങനെ പഴയവസ്ത്രത്തെക്കളഞ്ഞു നവീനമായ വസ്ത്രത്തെ ധരിക്കുന്നുവൊ അതുപോലെ ദേഹി ജീർണ്ണമായ പഴയ ശരീരത്തെ ത്യജിച്ചു് നവീനമായ ദേഹത്തെ സ്വീകരിക്കുന്നു. ആയുധമതിനാൽ=ആയുധത്താൽ, ദേഹിക്കു ആയുധാദികളാൽ വികാരം വരികയില്ലെന്നു പറയുന്നു.

൧൫. എന്നാളും=സദാ, അവ്യക്തം=നല്ലപോലെ അറിവാൻ പാടില്ലാത്തതു് നിഷ്കളം=വിഭജിക്കാൻ പാടില്ലാത്തതു്, സനാതനം=എതുകാലത്തുമുള്ളതു്, കലയാതതു്=നശിക്കാത്തതു് ശാശ്വതം=ഓരേവിധത്തിലുള്ളതു്

൧൬. ഇവെല്ലാം=ഇവ+എല്ലാം. ഇരുൾ=മോഹം, അതല്ലാൽ=അതല്ലാതെ, നരവരർ=മനുഷ്യശ്രേഷ്ഠർ, അവർപോലുമറിയുന്നില്ലെന്നുതാൽപര്യം.

Digitized By Kerala Sahitya Akademi

൧൭. അതിനെ യുരത്തുപോൽ എന്ന പാഠാന്തരം സ്വീകാര്യം, തേറായ്=അറിഞ്ഞാലും.

൧൮. തെറരുതാകിയ=അറിവാൻ പ്രയാസമായിട്ടുള്ള, അഹംഭാവം=അഹന്ത, ഞാനെന്നുള്ള ഭാവം, മകിഴ്ന്തു=സന്തോഷിച്ചു, അമർ=യുദ്ധം (സമരത്തിന്റെ തത്ഭവം) വീറ്=നൈരാശ്യം, സംഗ്രാമം=യുദ്ധം.

൧൯. ഛത്രധ്വജ വെൺചാമര=കുടയും, കൊടിയും, വെൺചാമരവും, ചാമരത്തിന് ചാമര എന്നാണ് പ്രാചീനകവിപ്രയോഗം. ഇരണ്ട്=രണ്ട്, രണ്ടുപ്രകാരം=മരിച്ചാലും ജയിച്ചാലും. ഏറവമാനം=ഏറെഅവമാനം.

൨൦. മാടിന=പിൻവാങ്ങിയ (കരുതലരോടു പോരിട മാടി ഓട്ടുക എന്നു രാമചരിതം. മാട്ടുക എന്നുള്ള ക്രിയയുടെ അർത്ഥം നോക്കുക.) എമ്പത്=രണഭീതികൊണ്ട് പിൻവാങ്ങിയ രാജാവ് എന്നുള്ള വാർത്ത. നീളനടന്നാൽ=രാജ്യമൊട്ടുക്കു പ്രസിദ്ധമായാൽ. നീ മുമ്പെ ചൂഴ്ന്നതും എന്നു പാഠാന്തരം മുടിയും=പര്യവസാനിക്കും. സുഖദുഃഖങ്ങളും ലാഭനഷ്ടങ്ങളും ജയാപജയങ്ങളും തുല്യമെന്നു കരുതുക.

൨൧. നൽവിന,തീവിന=ധർമ്മാധർമ്മരൂപമായ കർമ്മ ബന്ധം. മയൽ=മോഹം. ഇതിന്മേൽ=ഇതിലധികമായി. അറിവുള്ളവർ നിനവ്=അറിവുള്ളവരുടെ നിനവ്.

൨൨. വേദാർത്ഥത്തെ ശ്രവിക്കുമ്പോഴും അജ്ഞന്മാർ ഫലത്തെത്തന്നെ കരുതുന്നു. നിപുണതചേർ=നൈപുണ്യമുള്ള, വിശിഷ്ടമായ. നെറിനില്ലാതൊരു ജ്ഞർ=നല്ല

Digitized By Kerala Sahitya Akademi

വഴിയിൽ കൂടി പോകാത്തവരും സത്വരജസ്തമോഗുണ ങ്ങളിലൊന്നിനോടുകൂടിയവരും.

൨൩. കർമ്മഫലങ്ങളെക്കരുതാതെ കർമ്മങ്ങളെ അനുഷ്ഠിക്കണം. ഇടർ=ദുഃഖം. അറവിടുക=തീരെ വിടുക (അററുപോകുംവണ്ണം വിടുക) ചെയ്തന്യം=ചൈതന്യത്തി നൊടറിവ്, തത്വജ്ഞാനം. അതുവേ=അതുതന്നെ. ചേ തസി=മനസ്സിൽ.

൨൪. വിന=കർമ്മം. അഭിരുചി=അഭിസന്ധി, ആ ഗ്രഹം. ദുഷ്കൃതം=പാപം അർത്ഥം=ലാഭം എന്നർത്ഥം.

൨൫. അതിമതിതെളിവ്=ബുദ്ധിക്ക് അധികമായു ള്ള തെളിവ് എന്ന്=ഏതുകാലത്ത്. ഉതിചെയ്യാമാന സം=ചെന്നുചേരാത്ത മനസ്സ്. ആശ്രിക്കുക=ആശ്രയിക്കുക എന്നതിൻെറ സങ്കുചിത രൂപം. നെറി=മുറ, സമ്പ്രദായം. പരമാംപൊരുൾ എന്ന പാഠാന്തരം. പതി=ഗ്രഹം (ഭൂമി യെന്നർത്ഥം. ദ്രാവിഡം) പൊരുൾ=ദ്രവ്യം. ചലിയാമൽ= ഇളകാതെ. അങ്ങനെയുള്ള അത്ഭുതമായ ജ്ഞാനയോഗം.

൨൬. ഇതും അടുത്ത രണ്ടു പാട്ടുകളുംകൂടി കുളകം. ഭാഷ=സമ്പ്രദായം. വേശകൾ=വേശ്യകൾ. അഴിവും=നാ ശത്തെ പ്രാപിക്കുംവണ്ണം. സുഖദുഃഖങ്ങളും നാശത്തെ പ്രാപിക്കത്തക്കവണ്ണം.

൨൭. ഇമ്പം=സന്തോഷം. ഇടയേ=ഇടയിൽ, മ ദ്ധ്യത്തിൽ. വകവക=ഇച്ഛ്ചൊന്ന ഭിന്നരീതികൾ. ആമ ത ൻെറ അവയവങ്ങൾ അഞ്ചിനേയും ഉള്ളിലേക്കു വലിക്കു ന്നതുപോലെ. ആമയ്ക്കു പഞ്ചാംഗമെന്നു പേരുണ്ട്.

Digitized By Kerala Sahitya Akademi

൨൮. വായ്മ=മൊഴി. തെള്ളിയ=തെളിഞ്ഞ, വിശിഷ്ടമായ. ശാസ്ത്രം പഠിച്ചു വിഷയാദികളെ അടക്കാമെന്നു വിചാരിച്ചു പോകുന്നവർ അവയിൽ തന്നെ (പൊള്ളെന=പൊള്ളെന്നു്=പെട്ടെന്നു്) വീഴും.

൨൯. അടയും=സിദ്ധിക്കും. അടയതു=അടയ (മുഴുവൻ) +അതു് അഖിലവും ഒക്ക=എല്ലാം മുഴുവൻ.

൩൦. വിധേയം=സ്വാധീനത (ആത്മാവിന്റെ എന്നു് ചേർക്കണം,) ആത്മാവു് സ്വാധീനനാകുമെന്നു താല്പര്യം. കരുതിയ=ഊഹിക്കുവാൻ കൂടി പ്രയാസമായ. ഹാനി=നാശം.

൩൩. അടുത്തവ=യോഗ്യമായവ. വെന്നിമികും=ജയം തരുന്ന. മെയ്യുണർവ്=തത്വജ്ഞാനം. ഒന്നിയ=ഇണങ്ങിയ.

൩൪. കാതൽ=ആഗ്രഹം. ചേത=ചേതസ്സിന്റെ തത്ഭവം. ചെവിയാദികൾ=ആ ഇന്ദ്രിയങ്ങളിൽ ഒന്നുതന്നെ. കാററു് എങ്ങനെ കപ്പലിനെ മുക്കുമോ അതുപോലെ. വായുന്നാമമിവാംഭസി എന്നേ മൂലത്തിലുള്ളു. "മൊതിയെഴുന്നു......മരക്കലം" എന്ന വർണ്ണന പണിക്കരുടെ സ്വന്തമാണു് മോതി=ഉയന്നു് അലയാഴി=അലയോടുകൂടിയ സമുദ്രം. പൊറുതി=ശാന്തി.

൩൬. സംയമി=ജിതേന്ദ്രിയൻ, യോഗി. എല്ലാവരും ഉറങ്ങുമ്പോൾ യോഗി ഉണൎന്നിരിക്കുന്നു, അതായതു് പരമാത്മതത്വം ജിതേന്ദ്രിയൻ മാത്രമെ അറിയുന്നുള്ളു എന്നു താല്പൎയ്യം. തോയമതെകൊടു=ജലം കൊണ്ടു തന്നെ. പൂരിതം=നിറയ്ക്കപ്പെട്ടതു്. കടൽ=സമുദ്രത്തെ.

Digitized By Kerala Sahitya Akademi

൭൧. നിസ്പൃഹ=ആഗ്രഹമില്ലായ്ക. കൈക്കൊണ്ടീടിയ=കൈക്കൊണ്ട. നിമ്മമൻ=മമതയില്ലാത്തവൻ ആമളം=കഴിയുന്നിടത്തോളം. പുനർഭവം=പുനജ്ജന്മം.

## മൂന്നാമദ്ധ്യായം,

൧. അനന്തൻ=അവസാനമില്ലാത്തവൻ, അനാദികൾ=ഉത്ഭവരഹിതങ്ങളായ വേദങ്ങൾ, നാങ്കും=നാലിലും, അമന്തുന്നർവ്=അമഞ്ഞുള്ള (അടങ്ങീട്ടുള്ള) ജ്ഞാനം. നിനന്ത്=വിചാരിച്ച്, അരുതാത്ത=അരുതാത്ത, വടിവ്=സ്വരൂപം, മറുത്തും=വീണ്ടും,ഫാൽഗുനി=അജ്ജുനൻ, ഫാൽഗുനൻ എന്നോ ഫൽഗുനനെന്നോ വേണം.

൨. തികഴ്=ശോഭ, അഞ്ജനത്തിന്റെ ശോഭയോടുകൂടിയ ദേഹം മൈതികഴ്മേനി, ആദ്യം നിവൃത്തിമാഗ്ഗമായ സാംഖ്യബുദ്ധിയേയും പിന്നീടു പ്രവൃത്തിമാഗ്ഗമായ യോഗബുദ്ധിയേയും രണ്ടാമദ്ധ്യായത്തിൽ ഉപദേശിക്കുക നിമിത്തം അജ്ജുനൻ സംശയാത്മാവായി ആ രണ്ടു മാഗ്ഗങ്ങളിൽ ഏതാണു് നല്ലതെന്നു വീണ്ടും ചോദിക്കുന്നു. ചെയ്തിപെടു=വസ്തുത അറിവാനായി (ഇവിടുത്തെ ചെയ്തി ആവിതു് ഇത്യാദിനോക്കുക.) മേയ്=സത്യം. ഭഗവാൻ അധികാരിഭേദേന ആണു് രണ്ടുമാഗ്ഗങ്ങളെ ഉപദേശിച്ചതെന്നും ആശവിടാത്തവർ കമ്മം വിടുന്നതു് അനുചിതമാണെന്നും അരുളിചെയ്യുന്നു.

൩. അവനെറി=ദുമ്മാഗ്ഗം, അകത്തവ്യം. അവനെറിനിൽക്കുന്നോൻ=ദുർവാസന പോകാത്തവൻ, അകൃത്യം

Digitized By Kerala Sahitya Akademi

ചെയ്യുന്നവൻ, കൈവല്യം=മോക്ഷം, ഉള്ളം വിഷയത്തിൽ പോകാതെ എന്നന്വയം, ആകാനെറി=ആകാത്തമുറ, ദുർമ്മാർഗ്ഗം, മറുപിറവി=പുനർജ്ജന്മം.

൪. അരുൾ=കൃപ, ദേവകളെ പൂജിച്ചാൽ എല്ലാം സിദ്ധിക്കും. പൊരുളോടും=വേണ്ട യജ്ഞദ്രവ്യങ്ങളോടു കൂടി, ഇരുളേറിയ=ഇരുണ്ടു് ഏററവും കറുത്ത, ഈടിയ=ഈടുള്ള, ശാശ്വതമായ, മരുളുക=മയങ്ങുക, ഒന്നൊട ടുക്കുമെന്നു പാഠാന്തരം.

൫. പൊരുൾ=ധനം, നടത്തായ്കിന്നതു്=നടത്താതെയിരിക്കുന്നതു്. തീതു്=ചീത്ത, മനുഷ്യർക്കു് പഞ്ചയജ്ഞം പ്രധാനമാണു് അവ വേദാദ്ധ്യാപനമാകുന്ന ബ്രഹ്മയജ്ഞവും, തർപ്പണമാകുന്ന പിതൃയജ്ഞവും, ഹോമമാകുന്ന ദേവയജ്ഞവും, ബലിയാകുന്ന ഭൂതയജ്ഞവും, അതിഥിപൂജയാകുന്ന നൃയജ്ഞവുമാകുന്നു. ഇവ ചെയ്യാതെ പ്രത്യേകിച്ചു ദേവയജ്ഞം ചെയ്യാതെ ഭുജിക്കുന്നവൻ പാപത്തെത്തന്നെയാണു് ഭുജിക്കുന്നതു് എന്നു താല്പര്യം.

൬. പ്രാണികൾ അന്നരസത്തിൽ നിന്നും അന്നം മഴയിൽനിന്നും മഴ ദേവപ്രീതിയിൽനിന്നും ദേവപ്രീതി ശുഭകർമ്മ (യജ്ഞ)ത്തിൽ നിന്നും ശുഭകർമ്മം വേദത്തിൽ നിന്നും വേദം ബ്രഹ്മത്തിൽ നിന്നും ഉണ്ടാകുന്നു. ചൊന്ന=മുൻചൊന്ന ദേവ പ്രീതിയെന്നു താൽപര്യം. ബ്രഹ്മാക്ഷരം= അക്ഷരമായ ബ്രഹ്മം. അക്ഷരം=അനശ്വരം ലോകം പരബ്രഹ്മത്തിലുളവായെന്നും ലോകത്തിൽ നിറഞ്ഞതു ബ്രഹ്മമാണെന്നും പറയുന്നു.

Digitized By Kerala Sahitya Akademi

൭. അങ്ങനെയുള്ള ലോകം യജ്ഞാദികർമ്മങ്ങളാലാകുന്നു വർദ്ധിക്കുന്നതു്. ക്രൂറിയ=പറഞ്ഞ. വീണ്ണ്=വീണ്ടു് എന്നതിന്റെ പ്രാചീനരൂപം. മറവാതെ=നല്ല ഓർമ്മയോടുകൂടി. ഫലത്തിൽ ആകാംക്ഷമറുത്തു്=ഫലത്തിൽ ആഗ്രഹത്തെ ഒഴിച്ചു് അടുത്തവ=മുറയായിട്ടുള്ള കർമ്മങ്ങൾ.

൮. ജനകാദികൾ=ജനകൻ, അശ്വപതി, മുതലായ ക്ഷത്രിയന്മാർ, ജനകാദികൾ നിഷ്കാമകർമ്മം ചെയ്തുകൊണ്ടുതന്നെയിരുന്നു; അതല്ലാതെ കർമ്മം ചെയ്യാതെയിരുന്നില്ല. മുടിത്ത്=അവസാനിപ്പിച്ചു്, മുടിയാതള=അവസാനിക്കാത്തിടത്തോളം (ഉണ്ടു്) എന്നു താല്പര്യം മുടിയാതളമുളർ കേൾമുടിമന്നാ എന്നുള്ള പാഠഭേദം ഒന്നുകൂടി സ്വീകാര്യമായി തോന്നുന്നു. ഇതെന്നി=ഇതൊഴിച്ചു.

൯. ഭഗവാൻ തന്നെയും അവിടത്തെ കർമ്മം കൊണ്ടു് യാതൊരു പ്രയോജനവും സിദ്ധിക്കുവാനില്ലെങ്കിലും ലോകസംഗ്രഹത്തിന്നായിട്ടു കർമ്മം ചെയ്യുന്നു എന്നു പറയുന്നു. വിരോധം-ദോഷമെന്നു താൽപര്യം. സരോജസമാനവിശാലാക്ഷൻ=താമരയിതൾപോലെ നീണ്ടകണ്ണോടുകൂടിയവൻ, ശ്രീകൃഷ്ണൻ.

൧൦. ഉണ്മ=യഥാർത്ഥവസ്തു, അതുതാനാണെന്നും, ശബ്ദാദികളറിവു്=ശബ്ദാദികൾ (ഇന്ദ്രിയങ്ങൾ) നിമിത്തം ലഭിക്കുന്ന ജ്ഞാനം, അതു മറെറാന്നാണെന്നും. ഉണരുക=അറിയുക, തൊഴിൽ=കർമ്മം, അങ്ങനെ അറിഞ്ഞു ചെയ്യപ്പെടുന്ന കർമ്മം കർമ്മബന്ധത്തെ ഛേദിക്കുമെന്നു താൽപര്യം. ഇന്ദ്രിയങ്ങളാണു് താനല്ല കർമ്മങ്ങൾ ചെയ്യുന്നതെന്നുള്ള ബോധമുണ്ടാകണം.

Digitized By Kerala Sahitya Akademi

൧൧. ഇകണ്ണ്=വെറുത്തു. നെറിയെ=നേരെ. ഉറുതി=നിശ്ചയം. ഈ പാട്ടിലെ ഉപമ മൂലത്തിലില്ല. ഉയച്ച് വരാതെ=ഉയച്ച് ഉണ്ടാകാതെ. ഉപമയുടെ സ്വാരസ്യം സ്പഷ്ടമാകുന്നില്ല.

൧൨. പഞ്ചേന്ദ്ര്യാദിഷു=പഞ്ചേന്ദ്രിയാദികളിൽ. വിഷയാദികളിൽ വീണു കഷ്ടപ്പെടുന്ന ഇന്ദ്രിയാദികളിൽ കിടന്നുഴലുന്ന ജീവന് ദുഃഖം തീരാൻ വഴി പറയുന്നു. ഇന്ദ്ര്യം-വൃത്തസൌകര്യത്തിനു വേണ്ടി കവി ഇന്ദ്രിയ പദത്തെ ഈ വിധത്തിൽ മാററി പ്രയോഗിച്ചിരിക്കുന്നു.

൧൩. തടഞ്ഞു ദുർമ്മാർഗ്ഗത്തിൽ ചാടിക്കുന്നതാരെന്ന് അർജ്ജുനൻ ചോദിക്കുന്നു. നിരാമയൻ=ദീനമില്ലാത്തവൻ. രജഗ്ഗുണം=രജോഗുണം (ഇന്ദ്ര്യംപോലെ ഒരു സ്വതന്ത്രപ്രയോഗം) ചിനം=ക്രോധം. കാമം തന്നെയാണ് അതിന്റെ സ്വച്ഛന്ദസഞ്ചാരത്തിന് പ്രതിബന്ധംവരുമ്പോൾ ക്രോധമായി പരിണമിക്കുന്നത്.

൧൪. ഇവിടെ കാമക്രോധങ്ങളെ യഥാസംഖ്യമായിട്ടല്ല ഉദാഹരിച്ചിരിക്കുന്നത് രണ്ടുപമകളും രണ്ടിനും യോജിക്കുന്നു. മലം=അഴുക്ക്. ഒന്നിയ=ഇണങ്ങിയ. ജ്ഞാനവിജ്ഞാനങ്ങളുടെ സ്വരൂപത്തെ ഭഗവാൻ ഏഴാമദ്ധ്യായത്തിൽ ഉപപാദിക്കുന്നു. മൂലത്തിൽ മൂന്നുപമകളുണ്ട് യഥോൽബേനാവൃതോഗർഭഃ എന്ന ഭാഗം പണിക്കർ തർജ്ജിമചെയ്യിട്ടില്ല. ഉൽബം=മറുപിള്ള.

൧൫. പേണി=ബലമായി. ഈ കാമക്രോധാത്മകമായ ശത്രുവിന് അകത്തു പ്രവേശിക്കാനുള്ള ദ്വാരം ഇന്ദ്രിയമാണ്

Digitized By Kerala Sahitya Akademi

൧൰. ദേഹത്തേക്കാൾ ഇന്ദ്രിയങ്ങളും അവയേക്കാൾ മനസ്സും അതിനേക്കാൾ ബുദ്ധിയും ബുദ്ധിയെക്കാൾ ആത്മാവും (പരം) ശ്രേഷ്ഠമാകുന്നു. ചരതം=വാസ്തവം (സത്യമായിട്ടു്) തീങ്കിയലാതെ=നല്ലപോലെ.

## നാലാമദ്ധ്യായം.

൧. രവി=ആദിത്യൻ. മനു=വൈവസ്വതമനു. വൈവസ്വതമനു തന്റെ പുത്രനും ആദ്യത്തെ സൂൎയ്യവംശരാജാവുമായ ഇക്ഷ്വാകുവിനു് ഉപദേശിച്ചു. അങ്ങനെ രാജാക്കന്മാൎക്കു് ഇതു പൂൎവ്വകാലങ്ങളിൽ പരമ്പരയായി ഉപദേശിക്കപ്പെട്ടുവന്നിട്ടുള്ളതാണു് അച്ചം=ഭയം.

൨. കേൾ + ഇരഹസ്യം=കേളിരഹസ്യം.

൩. ഉടമ്പു്=ശരീരം. ഈ ശരീരം പണ്ടത്തെതല്ല, മറെറാന്നാണല്ലോ. ആ സ്ഥിതിക്കു് അവിടുന്നു് ഈ യോഗരഹസ്യം ആദ്യം ആദിത്യനുപദേശിച്ചു എന്നുള്ള വസ്തുത എങ്ങനെ മനസ്സിലാക്കി എന്നു് അൎജ്ജുനൻ ഭഗവാനോടു ചോദിക്കുന്നു. എന്നാൽ=അതുകൊണ്ടു്, താൻ ഭൂതഭവിഷ്യദ്വൎത്തമാനങ്ങൾ മൂന്നിനേയുമറിയുന്നവനാണെന്നു ഭഗവാൻ പറയുന്നു.

൪. അഴിയാ=നശിക്കാത്ത. നാടുകിൽ=വിചാരിക്കുമ്പോൾ. സാധുനാം: ഉകാരാന്തപുല്ലിംഗം ഷഷ്ഠീബഹുവ

Digitized By Kerala Sahitya Akademi

ധനം=സാധുക്കളുടെ· അധ=പിന്നീട്ട് ദുഷ്കൃതം=പാപം. ഞാൻ എന്റെ മായയെ സ്വീകരിച്ചാണ് ഓരോ യുഗത്തിലും അവതാരം ചെയ്യുന്നത് എന്നു താല്പര്യം,

൯. എന്റെ ജന്മം ദിവ്യമാകയാൽ ഞാൻ സകല കാൎയ്യങ്ങളും അറിയുന്നതോടുകൂടി പുനർജന്മം വരാതെ പരമപദത്തെ പ്രാപിക്കുന്നു. അങ്ങനെയുള്ള എന്റെ സ്ഥിതി സൂക്ഷ്മമായറിയുന്നവർ എന്നെ പ്രാപിക്കുന്നു.

൱. നാലു വൎണ്ണങ്ങളേയും സൃഷ്ടിച്ചതും പരിപാലിക്കുന്നതും ഞാനാണ് കുന്നാതെ=കുറവില്ലാതെ, കേടുകൂടാതെ.

൧. ഞാൻ കൎമ്മഫലത്തിൽ കാംക്ഷകൂടാതെയാണ് കൎമ്മങ്ങൾ ചെയ്യുന്നത് അതിനാൽ ആ കൎമ്മങ്ങൾക്കൊന്നിന്നും എന്നെ അവയിൽ ആസക്തിയുള്ളവനാക്കിത്തീൎക്കുന്നതിനു കഴിയുന്നില്ല. ഇതു ഗുരുമുഖത്തിൽനിന്ന് അറിഞ്ഞവർ ചെയ്യുന്ന വിധത്തിലുള്ള കുററമില്ലാത്ത കൎമ്മം തന്നെയാണ് നീയും ചെയ്യേണ്ടത്

൮. ഈ പാട്ടിൽ കാണുന്ന ഉപമമൂലത്തിലുള്ളതല്ല. ശാങ്കരഭാഷ്യത്തിലുള്ളതാണ്. ഇതിൽ നിന്നും മററും പണിക്കർശാങ്കരഭാഷ്യം വായിച്ചിരുന്നതായി ഊഹിക്കാം. ആററിൽ ഒരു വള്ളം വളരെ വേഗത്തിൽ സഞ്ചരിക്കുന്നവന് താനല്ല ആററിന്റെ കരയിൽ നില്ക്കുന്ന വൃക്ഷങ്ങളാണ് സഞ്ചരിക്കുന്നതെന്നു തോന്നുമല്ലൊ. അതുപോലെയല്ലാതെ ആത്മാവു കൎമ്മരഹിതനാണെന്നും ആത്മാവു കൎമ്മം ചെയ്യുന്നു എന്നുള്ള ബോധം ഭ്രമമാണെന്നും ഉള്ള സൂക്ഷ്മജ്ഞാനത്തോടുകൂടി ആർ കൎമ്മം ചെയ്യുന്നുവോ അ

Digitized By Kerala Sahitya Akademi

വൻ വാസ്തവത്തിൽ ഒരു കമ്മവും ചെയ്യുന്നില്ല. എന്നാൽ ആ ജ്ഞാനത്തോടു കൂടാതെ ചെയ്യപ്പെടുന്ന കമ്മങ്ങൾ വിഷയാദികളെക്കൊണ്ടു കത്താവിനെ ബന്ധിക്കയും ചെയ്യും.

൯. ആയും=കഴിവുള്ളിടത്തോളം. മുൻ വിവരിച്ച ജ്ഞാനത്തോടുകൂടി ചെയ്യുന്ന കമ്മങ്ങൾ ആ ജ്ഞാനാഗ്നിയിൽ തന്നെ ദഹിച്ചുപോകും. വിഷയാദികളിൽ മേവുന്ന സ്വരായമനുഷ്യർ ആ ജ്ഞാനമില്ലാതെയിരുന്നാൽ അതിൽ വീഴുകയേയുള്ളു. ചായും നിലയോടകന്ന്=സംശയബുദ്ധികൂടാതെ. വായടങ്ങിയവൻ=മൌനി.

൧൦. ബ്രഹ്മമതാകിയ ഹവിഷാകനിവൊടു ബ്രഹ്മമതായ ഹുതം ചെയ്യിന്നവർ ബ്രഹ്മമതെയ്തിടുവോരിതു ചില വക പ്രിയമൊടു കേൾ നീയജ്ഞമനത്തും, എന്നു പാഠാന്തരം. വരുഫലവും എന്നു ചൊല്ലിയാലും വിരോധമില്ല. ബ്രഹ്മമതായവർ=ബ്രഹ്മസ്വരൂപികളായ ഹോതാക്കൾ. ഹവിഷാ=സകാരാന്തനപുംസകലിംഗംതൃതീയൈക വചനം. ബ്രഹ്മജ്ഞാനിയായവൻ തന്നെയും, അഗ്നിയേയും മന്ത്രത്തെയും ഹവിസ്സിനേയും ദേവതയേയും ആഹുതിയേയും ബ്രഹ്മമായിത്തന്നെ കാണുന്നു. അപ്പോൾ അവന്റെ കമ്മം ബ്രഹ്മത്തിൽത്തന്നെ ലയിച്ചു ബ്രഹ്മാഗ്നിയാൽ ദഗ്ദ്ധമാകുന്നു.

൧൧. ചിലർ (ശമം) സംയമാഗ്നിയിൽ ശ്രോത്രാദികളായ ഇന്ദ്രിയങ്ങളെ ദഹിപ്പിക്കുന്നു. മററുചിലർ തങ്ങളെ (വാട്ടുക) കഷ്ടപ്പെടുത്തുന്ന ശബ്ദാദിവിഷയങ്ങളെ ഇന്ദ്രിയാഗ്നിയിൽ ഹോമിക്കും. ഇന്ദ്ര്യാഗ്നിഷു ഹോമിക്കുമെ

Digitized By Kerala Sahitya Akademi

ന്നു പാഠാന്തരം, ഇനിയും ചിലർ സർവ്വാഗ്നി=അകാരാന്ത നപുംസകലിങ്ഗം ദ്വിതീയാബഹുവചനം. ഇന്ദ്രിയം കർമ്മാദികൾ, ഇവയ്ക്കു വിശേഷണം. എല്ലാ ജ്ഞാനേന്ദ്രിയ കർമ്മേന്ദ്രിയകർമ്മങ്ങളേയുമെന്നുതാൽപര്യം, യോഗാഗ്നിയെ ഊട്ടുക=യോഗാഗ്നിയിൽ ഹോമിക്ക.

൧൮. ജ്ഞാനം= വേദാർത്ഥപരിജ്ഞാനം, ദ്രവ്യം= ധനം. ദ്രവ്യത്തേ. ദാനത്തെ ചിലർ യജ്ഞമായി കരുതുന്നു. ഈ നാലുവിധത്തിലുമല്ലാതെയുള്ള യജ്ഞവിഷയങ്ങളെപ്പററി ഭഗവാൻ മേൽ ഉപപാദിക്കുന്നു.

൧൯. ചിലർ പ്രാണവായുവിനെ അപാനനിൽ ഹോമിക്കുന്നു. അതു പൂരകം, ചിലർ പ്രാണവായുവിൽ അപാനനെ ഹോമിക്കുന്നു. അതുരേചകം. ഇയക്കം=കർമ്മം, ചാഞ്ചല്യമെന്നുമർത്ഥമുണ്ടു് കർമ്മബന്ധത്തെ ഈ രണ്ടു മാർഗ്ഗങ്ങളും ഛേദിക്കുമെന്നു താൽപര്യം. അവക്കു് പ്രാണായാമം തന്നെ നിയതമായ (പരിമിതമായ) ആഹാരം എന്നുപണിക്കർ പറയുന്നു. മൂലംഇതിൽനിന്നു സ്വല്പം വ്യത്യാസപ്പെട്ടാണു്, അവിടെ അപരെ നിയതാഹാരാഃ പ്രാണാൻ പ്രാണേഷു ജുഹ്വതി എന്നു കാണുന്നു. രേചകവും പൂരകവും പ്രാണായാമത്തിൻെറ വകഭേദങ്ങളാണു്. തൽപരദർശികൾ=അതിനെ നല്ലപോലെ കാണുന്നവർ.

V?H8

൧൮. അവക്കു യജ്ഞത്തിൽ ശേഷിക്കുന്നതാണു് ആഹാരം. അതു് അമൃതതുല്യമായ ബ്രഹ്മംതന്നെയാണു് ഉരത്തീടിയ=പറഞ്ഞു. മതിതെളിവോടെയ്യുവർ എന്നു് പാഠാന്തരം.

Digitized By Kerala Sahitya Akademi

൧൫. ഏതു കർമ്മം ചെയ്യുമ്പോഴും അതു ബ്രഹ്മധ്യാനത്തോടുകൂടി ചെയ്യേണ്ടതാണ് പണ്ടേഞാനം=അനാദിയായ ജ്ഞാനം തന്നെയാണ് ഇതിനെ നമുക്കുപദേശിക്കേണ്ടതു്. തീർത്തു=നിസ്സംശയമായി.

൧൬. ജ്ഞാനമാകുന്ന കപ്പൽമൂലമാണ് കർമ്മസമുദ്രത്തിൽ കിടന്നുഴലുന്നവർ മറുകര പ്രാപിക്കുന്നതു് മൂലത്തിൽ വിറകുകളെ (ഏധാംസി) അഗ്നി ഭക്ഷിക്കുന്നതാണ് ഉപമാനം. പണിക്കർ അതു സ്വല്പം മാററിയിരിക്കുന്നു. വെണ്ണീറ്=ഭസ്മം, കററുണരും=ജ്ഞാനത്തെ അറിയുന്ന, സൂക്ഷ്മജ്ഞാനമുള്ള.

൧൭. മയൽ=മയക്കം, ജ്ഞാനം കൊണ്ടേ സംശയംതീരു എന്നു താൽപര്യം.

൧൮. വരുമെല്ലാം=വരുന്ന സകലത്തിനേയും, അകമേ തോന്നിയ സംശയമെല്ലാം എന്നു പാഠാന്തരം. അറമിന്നും=(അറം) ധർമ്മം പ്രകാശിക്കുന്ന മറമിന്നും എന്നു പാഠാന്തരം. വേദത്തിൽ മിന്നുന്ന. ജ്ഞാനാസിയിളക്കി എന്നുവേണമെന്നുതോന്നുന്നു. ആ മാതിരിയാണ് മൂലവും 'ഇളക്കി' എന്ന പദപ്രയോഗംകൊണ്ടുണ്ടാകുന്ന ഊഹവും. തിറമിന്നും=തിറ (കറ്റം) അല്ലെങ്കിൽ തിറം (സാമർത്ഥ്യം) മിന്നുന്ന. മുടിക്കുക=സമാപിപ്പിക്കുക, യുദ്ധംചെയ്യുക എന്നുതാൽപര്യം. നിറമിന്നും=നിറത്തോടുകൂടി മിന്നുന്ന.

Digitized By Kerala Sahitya Akademi

## അഞ്ചാമദ്ധ്യായം.

൧. കൎമ്മയോഗമാണ് വിശേഷമെന്നു മൂന്നാമദ്ധ്യായത്തിലും കൎമ്മസന്ന്യാസമാണ് വിശേഷമെന്നു നാലാമദ്ധ്യായത്തിലും അവിടുന്ന് അരുളിച്ചെയ്തുവല്ലൊ. ഇവരണ്ടും അന്യോന്യ വിരുദ്ധങ്ങളുമാണ് അതിനാൽ ഈ ഉപദേശത്തിന്റെ ഉപപത്തി മനസ്സിലാകുന്നില്ല എന്ന് അൎജ്ജുനൻ പറയുന്നു. പാശങ്ങൾ=ബന്ധങ്ങൾ. എന്നായ്=എന്നു നീ പറഞ്ഞു. പേൎത്തുരചെയ്തതുമെന്തുമുരാരെ എന്നു പാഠാന്തരം.

൨. ഇമ്പം=സ്നേഹം. സന്ന്യാസമിതിൽക്കാൾ=ഈ സന്ന്യാസത്തെക്കാൾ. വെന്നികൊൾ=വെന്നിക്കൊള്ളുന്ന=ജയപ്രദമായ. കൎമ്മജ്ഞാനം=ഈ പദത്തെ കൎമ്മയോഗപൎയ്യായമായി പണിക്കർ പ്രയോഗിക്കുന്നു. മൂന്നാമദ്ധ്യായത്തിലും നാലാമദ്ധ്യായം പതിനെട്ടാമത്തെ പാട്ടിലും പറഞ്ഞിട്ടുള്ള പ്രകാരത്തിൽ ജ്ഞാനയുക്തമായി ചെയ്യപ്പെടുന്ന കൎമ്മമെന്ന് ഇതിനെ വ്യാഖ്യാനിക്കാം. കൎമ്മാനുഷ്ഠാനദ്വാരാ സിദ്ധിക്കുന്ന ജ്ഞാനമെന്നു പറയാം.

൩. കൎമ്മയോഗി സന്ന്യാസിയോടു സമൻതന്നെയാണ് എന്നു ഭഗവാൻ ഉപപാദിക്കുന്നു. വിജിതാത്മാവ്=വിജിതം(ജയിക്കപ്പെട്ടതു്) ആയ ആത്മാവോടുകൂടിയവൻ ബഹുവ്രീഹിസമാസം) ഇടർ=ദുഃഖം. വാചാ=വാക്കുകൊണ്ടു(ചകാരാന്തസ്ത്രീലിംഗം തൃതീയൈകവചനം.) ദേശാവസ്ഥ=പരിതഃസ്ഥിതി. ശിവം=മംഗലൻ. ഒപ്പോൻ=ഒക്കുന്നവൻ.

Digitized By Kerala Sahitya Akademi

൪. കമ്മയോഗവും സന്ന്യാസവും രണ്ടാണെന്നു വിചാരിച്ചു ഉചിതങ്ങളായ ആ രണ്ടു വകയേയും (ഒരെ മുഹൂത്തത്തിൽ) സ്വീകരിക്കുന്നവക്കു ഞാനുമായി ഐക്യത്തെ പ്രാപിക്കുവാൻ പ്രയാസമുണ്ടു് അറിവോൻ=അറിയുന്നവനാണു് അല്ലാതോക്കു് എന്നു പാഠാന്തരം.

൫. ത്യാഗിക്കുക=ത്യജിക്കുക (നാമത്തിൽനിന്നു് വന്ന ക്രിയ) പഞ്ചേന്ദ്രിയത്തെ ജയിക്കാത്തവർ കമ്മത്യാഗം ചെയ്യുന്നതുകൊണ്ടു് ഒരു പ്രയോജനവുമില്ല. ഏതം=പാപം.

൬. കമ്മയോഗം യോഗിക്കും സന്ന്യാസം ജ്ഞാനിക്കും വിധിക്കപ്പെടുന്നു. രണ്ടിന്റേയും ഫലം ഒന്നുതന്നെ. "ഗതി വരുവാൻ നൽകമ്മമഹായോഗത്തിനെയെന്നു മിയററീടുന്നവർ" എന്നു പാഠാന്തരം. "സാംഖ്യത്താൽ യാതൊരു ദർശനമുണ്ടാമുടനതുതന്നെ" എന്നു പാഠാന്തരം ഒന്നുകൂടി സ്വീകാര്യമാണു് 'സാംഖ്യത്താലെയ്യും സ്ഥാനം പ്രാപിക്കും' എന്ന പാഠഭേദവും സ്വീകാര്യംതന്നെ. ജ്ഞാനനിഷ്ഠന്മാരും കമ്മത്യാഗികളുമായ സന്ന്യാസികൾ യാതൊരു സ്ഥാനത്തെ പ്രാപിക്കുന്നുവോ ആ സ്ഥാനം കമ്മയോഗിയും പ്രാപിക്കും. രണ്ടുപേക്കും അവസാനത്തിൽ സിദ്ധിക്കുന്ന പദം ഒന്നുതന്നെയെന്നു താല്പയ്യം. ഇയൽപൊരു=ഉണ്ടാകുന്ന. ദർശനം=കാഴ്ച, ജ്ഞാനം.

൭. അശിക്കും=ഭക്ഷിക്കും. നെറി=നീതി. മൂർച്ഛിനിവിക്കും എന്നു പാഠാന്തരം. മൂരിനിവിക്കുക=ചടവുതീക്കുക. മൂരി=ക്ഷീണം, ചടവു് ചെറുകയടക്കുക=ദേഹം ചുരുക്കുക. ഇന്ദ്രിയാണി (അകാരാന്ത നപുംസകലിംഗം പ്രഥമൈക

Digitized By Kerala Sahitya Akademi

വചനം) ഇന്ദ്രിയങ്ങൾ=ഇന്ദ്രിയവിഷയകങ്ങളായ വസ്തുക്കളിൽ സ്നേഹത്തോടുകൂടിചെയ്യുന്ന പ്രവൃത്തികളാണെന്ന് ഓക്കുന്നു. ഉണർവ്=ജ്ഞാനം.

വ്യ. ഞാൻകാരണമായി=എനിക്കുവേണ്ടി, ഈശ്വരാപ്പണമായി എന്നത്ഥം. താമരയിൽ ജലം പിരളാത്തതുപോലെ. പത്മപത്രമിവാംഭസാ എന്നു മൂലം. പിന്നം=പിന്നയും, സംഗിക്കു.

൯. 'പഞ്ചേന്ദ്രിയ വിഷയമിവെല്ലാം കൊണ്ടേ' എന്നു പാഠാന്തരം. നടമാടിന്നവൻ=നടൻ (ഉപമസ്വന്തം) മായാമയങ്ങളായ സിദ്ധികളിൽ നിന്നു ലഭിക്കുന്നതു സംസാരം തന്നെയാണ്

൧൦. ഒൻപതു ദ്വാരങ്ങൾ, രണ്ടു കണ്ണ്, രണ്ടു ചെവി രണ്ടു മൂക്കു, വായ്, ഗുദം, ഗുഹ്യംഈ ഒൻപതു വാതിലുള്ള പുരംദേഹം. ഞാൻ (ഈശ്വരൻ) ഇങ്ങനെ സുഖമായിരിക്കുന്നതു കമ്മഫലങ്ങളുടെ കാംക്ഷകൂടാതെ കമ്മങ്ങൾ ചെയ്യുന്നതുകൊണ്ടാണ് നിപുണത=(സാരം) യാഥാത്ഥ്യമെന്ന അത്ഥത്തിൽ പണിക്കർ ഈ പദം പ്രയോഗിക്കുന്നു. ഇല=ഇല്ല.

൧൧. പഞ്ചമലങ്ങൾ=ഇവആണവം, കമ്മം,മായ, ബൈന്ദവം, തിരോധായി ഈ അഞ്ചു മലങ്ങളുമാണെന്നു പറയപ്പെടുന്നു. അജ്ഞാനേനആവൃതം=അജ്ഞാനം കൊണ്ടു മൂടപ്പെട്ടതു്. വളരൊളി=വളരുന്ന ശോഭയോടുകൂടിയതു്. ഇടമുടയോർ=സൌകര്യമുള്ളവർ.

Digitized By Kerala Sahitya Akademi

൧൨. ദിനകരൻ=സൂൎയ്യൻ. **തേഷാമാദിത്യവൽ ജ്ഞാനം. പ്രകാശയതി എന്നു മൂലം. ഒളിചെയ്യുക=പ്രകാശിക്കുക.**

൧൩. ശ്വനി=പെൺകുട്ടി. അറുകലഹീനൻ=തീരെത്താണ കുലത്തിൽ ജനിച്ചവൻ, ചണ്ഡാലൻ. എല്ലാ പദാൎത്ഥങ്ങളെയും ഈശ്വരരൂപേണ സമദൎശികളായ പണ്ഡിതർ കാണുന്നു എന്നു താല്പൎയ്യം. ഭാവിക്കുക=വിചാരിക്കുക. കുറവറു=കുറവററ. മഹിമാനം=(നകാരാന്തപുല്ലിംഗം ദ്വിതീയൈകവചനം) മഹിമാവിനേയും ഗുണങ്ങളെയും പറവാൻ കഴിയുള്ളവർ ഭൂമിയിലില്ല. മഹിമാനഗുണങ്ങൾ എന്നു ദ്രാവിഡ സമ്പ്രദായത്തിൽ അനുസ്വാരലോപത്തോടുകൂടിയും പാഠാന്തരം.

൧൪. ഇകന്നു്=വെറുത്തു്, പരിത്യജിച്ചു്. ചിററിമ്പം=(ചെറുതായ) തുച്ഛമായ സുഖം, വിഷയസുഖമെന്നു താല്പൎയ്യം. ആമളം=ആവോളം.

൧൫. തണ്ടാതെ=വിലകാതെ. കാമക്രോധാദികളെ കൊണ്ടാടാതെ (കാൎയ്യമായി ഗണിക്കാതെ) ചെയ്യുന്ന കൎമ്മങ്ങളിൽ നിന്നു് ജ്ഞാനവും ആനന്ദവുമുണ്ടാകും. ക്രുറിയ=പ്രസിദ്ധമായ. മെയ്തകും=യഥാൎത്ഥമായ. മററിമ്പം=അന്യമായ സുഖം.

൧൬. മനസിപൊരുപ്പിച്ചിന്ദ്രിയമെല്ലാം=ഇന്ദ്രിയങ്ങളെ മനസ്സിനാൽ ജയിച്ചടക്കി. പുരുവം=പുരികത്തിന്റെ പൂൎവ്വരൂപം. വിഴി=മിഴിയുടെ പൂൎവ്വരൂപം. വിഴികൊടുനോക്കു=കണ്ണുകൊണ്ടുള്ള നോക്കു. ഭ്രുക്കളുടെ മദ്ധ്യത്തിലാക്കണം. പ്രാണാപാനസമം ചെയ്യുക=കുംഭക

Digitized By Kerala Sahitya Akademi

ക്രിയ ചെയ്യുക. സംസാരാൎണ്ണവപാരമറിഞ്ഞവർ=സംസാര സമുദ്രത്തിന്റെ മറുകരകണ്ടവർ. ജീവന്മുക്തന്മാർ എന്നു താല്പൎയ്യം. ഭാരതൻ=ഭരതവംശജൻ, അൎജ്ജുനൻ,

൧൭. തവം=തപം. തവമുകേറം എന്ന പാഠം ഒന്നുകൂടി സ്വീകാൎയ്യം. വീണയിലും=നാരദന്റെ മഹതി എന്ന വീണയിലും. നടമാട്ടം=നടനം ചെയ്യുന്ന. പുരാണൻ=പ്രാചീനൻ.

---

ആറാമദ്ധ്യായം.

---

൧. ഈ അദ്ധ്യായത്തിൽ ഭഗവാൻ ധ്യാനയോഗത്തെ ഉപന്യസിക്കുന്നു. പുകഴ്മികുമൈന്ദ്രി എന്നു പാഠഭേദം. ഐന്ദ്രി=ഇന്ദ്രപുത്രൻ, അൎജ്ജുനൻ. നണ്ണും=ധ്യാനിക്കുന്ന. കൎമ്മഫലമൊക്കയും മനാശ്രിതനായി=കൎമ്മഫലത്തെ ഒന്നിനേയും ആശ്രയിക്കാത്തവനായി. അങ്ങനെയുള്ളവൻ ജ്ഞാനിയും യോഗിയും യജ്ഞാദികൾ ചെയ്യുന്ന കൎമ്മിയുമാണ് യോഗി=മനസ്സമാധാനത്തോടുകൂടിയവൻ. പകയർ=ശത്രുക്കൾ. വിനകൾ=കൎമ്മങ്ങൾ. കാമം=ഫലകാംക്ഷ. യോഗിവടിവ്=യോഗിയുടെ നില.

൨. യോഗം=കൎമ്മയോഗം. യോഗം=ജ്ഞാനയോഗം. തക്കവിന=ഉചിതമായ കൎമ്മം. എരിപുക്കുവിറക്=ദഗ്ദ്ധമായ വിറക് നികർ=തുല്യൻ.

Digitized By Kerala Sahitya Akademi

൩. താൻ=ആത്മാവുതന്നെ. മുനിവുചെയ്യുന്നോർ=കോപിക്കുന്നവർ, വിരോധപ്പെടുന്നവർ, ശത്രുക്കൾ. നരർ=മനുഷ്യർ. അല്ലാൽ=അല്ലാതെ, ഉറവു്=ബന്ധുത്വം. ബന്ധൂ=ഇവിടെ ദീർഘം വൃത്തനിയമത്തിനു വേണ്ടിയാണു്. ബന്ധുവുഎന്നു പാഠഭേദം. പക=വിരോധം, ശത്രുത്വം. ദ്വന്ദ്വം=മനസ്സിനും ആത്മാവിനും തമ്മിലുള്ള വിരോധം. വിനയവും=കർമ്മസന്ന്യാസംചെയ്തു.

൪. ശാസ്ത്രോപദേശംകൊണ്ടു സിദ്ധിക്കുന്നതു ജ്ഞാനം. അതിങ്കൽനിന്നു സിദ്ധിക്കുന്ന അപരോക്ഷാനുഭൂതവിജ്ഞാനം=ജ്ഞാനം വിജ്ഞാനമായി പരിണമിക്കണം; അതിൽനിന്നു് (അമൃതം) നിർവ്വാണവും അതിൽനിന്നു നിത്യതൃപ്തിയും സിദ്ധിക്കണം. ഒരു മനമിയന്നു്=ഭേദബുദ്ധികൂടാതെ. വിന=സ്ഥിതി. മകിഴ്വോൻ=സ്തുതിക്കുന്നവൻ

൫. സാക്ഷാദ്യോഗിയായിത്തീരുന്നതെങ്ങനെയെന്നുപദേശിക്കുന്നു. ഇയലാതു=ഇല്ലാതെ. അപരിഗ്രഹി=പരിഗ്രഹിയല്ലാത്തവൻ, പരിഗ്രഹത്തോടു കൂടാത്തവൻ, യാതൊന്നിനേയും സൂക്ഷിച്ചു വൈക്കാത്തവൻ. ഇല്ലാമൽ=ഇല്ലാതെ. നല്ലതോരിടം=നല്ലതായ ഒരു സ്ഥലം. നീഴ്കശം=നീളമുള്ള ദർഭ. നീഴ് നീൾ എന്നതിന്റെ രൂപഭേദം, നീൾ കുശ എന്നും പാഠാന്തരം കാണുന്നു. പടുത്തു=വിരിച്ചു് ആദ്യം കുശയും, അതിനുമേൽ വ്യാഘ്രാദി മൃഗങ്ങളുടെ ചർമ്മവും അതിനുമേൽ വസ്ത്രവും വിരിക്കണം. തുകിവിതറാതു=പലവിഷയിൽപ്പെട്ടു ഛിന്നഭിന്നമായിപ്പോകാതെ. ശ്രോത്രമുതൽ=ശ്രോത്രംമുതൽ, ൫-൬- ഈ പാട്ടുകൾ ചേർന്നു് ഒരു യുഗ്മകമാണു്

Digitized By Kerala Sahitya Akademi

൩. ജ്ഞേയം=ജ്ഞേയം, അറിയേണ്ടതു് ഗ്രീവം=ഗ്രീവ, കഴുത്തു. സംസ്കൃതത്തിൽ ഈ പദം ഗ്രീവാ എന്നു സ്ത്രീലിംഗമായേ കണ്ടിട്ടുള്ളു. ശിരം=ശിരസ്സിന്റെ തദ്ഭവം. നോയ്=ദുഃഖം. യമി=മുനി. ഇന്ദ്രിയവൃത്തിയെ നിയന്ത്രിച്ചവൻ. അഭയമോടു്=പേടി കൂടാതെ. പുനഃ=പിന്നെ.

൪. മികവുണ്ണും=അധികമായി ഉണ്ണുന്ന. ഉണ്ണാർ=ഉണ്ണാത്തവർ. ജീവനറ്റുപോയതിനു നെരുങ്ങുവോനം=ചത്തതുപോലെ കിടന്നുറങ്ങുന്നവൻ, ഇതു പഞ്ചിക്കരുടെ ഫലിതങ്ങളിലൊന്നാണു് 'അതിസ്വപ്നശീലസ'എന്നേ മൂലത്തിലുള്ളു. ചിന്തയിൽ മറന്ന്=മനസ്സിൽ ബോധം കൂടാതെ. നറുങ്ങു്=ശകലം. ഇയോഗം=യോഗം. കേൾപ്പെഴ്ം=കേൾവികേട്ട. കെല്പെഴ്ം എന്നു പാഠാന്തരം. വിഹാരം=നടക്കുക തുടങ്ങിയ ചേഷ്ടകൾ.

൫. അറിഞ്ഞറിവു്=അറിഞ്ഞ അറിവു്, പരമാന്തം=ശ്രേഷ്ഠമായിരിക്കുന്ന അവസാനത്തോടു കൂടിയതു്. പരമാത്ഥമെന്നു പാഠഭേദം. വായുതടയാതവിടെ=വായു വന്നു തട്ടാത്ത സ്ഥലത്തു് തുയ്യ=പരിശുദ്ധമായ. വൈയം=ഭൂമി, വൈയകമെന്നുമുണ്ടു് ഏറ്റും=മേരും.

൯. പരം=ശ്രേഷ്ഠം. തപ്പും=പിഴയ്ക്കും.

൧൦. ഊടുപുറവേ=അകത്തു കടക്കത്തക്കവണ്ണം. ഊടു്=ഉള്ളു. ചാടുക=കുത്തിക്കേറുക. നീട്ട് =ദീർഘമായ. നാഗം=പാമ്പ് തനൽ=തീ. ആകം=മനസ്സ്. അരിയതു്=പ്രയാസമായിട്ടുള്ളതു് ശനൈഃ ശനൈഃ=പതുക്കെപ്പതു

Digitized By Kerala Sahitya Akademi

ക്കെ, ക്രമേണ, ഇതിൽ കാണുന്ന ഉദാഹരണങ്ങൾ പണിക്കരുടെ സ്വന്തമാണ്

൧൧. മനസരസിജം=താമരപ്പൂ പോലെയുള്ള മനസ്സ്. ചെവിയാണ്ട് പഞ്ചേന്ദ്രിയങ്ങളിൽ വെച്ച് ഏററവും ദൂരസ്ഥിതമായ വസ്തുവിനെ നാമുമായി സംബന്ധിപ്പിക്കുന്നത് വലയാതത്=വലയാതെ. മനസ്സിനെ ബുദ്ധികൊണ്ട് നിറുത്തി. പുനിതം=പ്രാചീനമലയാളത്തിൽ ശുദ്ധി എന്നത്ഥം. മഹിമയുട=മഹിമയുടയ, മഹിമയുള്ള.

൧൨. അപ്പാട്ട്=അങ്ങനെതന്നെ, അമ്പോട്ട് എന്നു പാഠാന്തരം. കേടാശയും=ചീത്തയായ കാമം. കേടാർചെയ്യും എന്നപാഠാന്തരം. ചരതമോട്ട് സത്യത്തിൽ. ഒന്നാമതോ=ചേരത്തക്കതോ, പാഠാന്തരത്തിൽ ഒന്ന് ആമതൊ എന്നു പദച്ഛേദം, കതം=ബലം. മതിതെളിവിനോടിവെല്ലാം, എന്നും മനസി കനിവോടുശ്രീ, എന്നും പാഠാന്തരം.

൧൩. തിരുവുള്ളം ചെയ്യുക=കരുണ ചെയ്യുക, കനിയുക, കരുത്ത്=സാമർത്ഥ്യം. പിടിക്കുക=ഗ്രഹിക്ക. വായോരിവ സുദുഷ്കരം എന്ന മൂലത്തെ പണിക്കർ എത്ര ഭംഗിയായി തർജിമ ചെയ്തിരിക്കുന്നു എന്നുകാൺക.

൧൪. വൈരാഗ്യം=ഇഷ്ടവസ്തുക്കളിൽ അനിഷ്ടദർശനം പരിശീലിച്ച് തന്നിമിത്തം അവയിൽ ഉണ്ടാകുന്ന വിരക്തി, അഭ്യാസം=ഒരു വിഷയത്തെതന്നെ മനസ്സിൽ വീണ്ടും വീണ്ടും വിചാരിച്ചു ശീലിക്കുക. വഴിയേ=വേണ്ട പോലെ, വരാതവ=സിദ്ധിക്കാത്തവ.

൧൫. ഉയിർപോകുക=മരിക്കുക.

Digitized By Kerala Sahitya Akademi

൧൬. എന്ന=എന്നുപറഞ്ഞപ്പോൾ. ഉയന്ത്=സ്നേഹത്തോടുകൂടി, ഉവവി എന്ന് ക്രിയാനാമം. (ഓമന=ഉവന്ന, മനമുള്ളത്)

൧൭. എല്ലാരും പുകഴ്=എല്ലാരും പുകഴ്ത്തുന്ന.

൧൮. പുരിയുക=ചെയ്യുക, ഈ പാട്ടിൽ ദ്വിതീയ പാദാന്തത്തിൽകൂടി വിരാമം കാണുന്നില്ല. മുജ്ജന്മത്തിൽ ചെയ്ത യോഗം ഇന്നത്തെ ജന്മത്തിൽ തന്നെ ത്താൻ വന്നുചേരും. യോഗം നന്നാണെന്നു പറയുന്ന വന് തനിയെ ആ വാസനവരും. യോഗത്തിൽനിന്ന് മനസ്സ് വ്യതിചലിച്ചാലും.

൧൯. പൊയ്തവിരും=കള്ളം കൂടാതെയുള്ള. ഈന്നി=കൂടാതെ. തപസ്വികളെക്കാൾ ജ്ഞാനികളും ജ്ഞാനികളെക്കാൾ കർമ്മികളും കർമ്മികളെക്കാൾ യോഗികളും അധികന്മാരാണെന്നു മൂലം.

൨൦. എന്നിൽ ശ്രദ്ധയും ഭക്തിയുമാർക്കധികമോ അവരോട് എനിക്കും അധികമായ വാത്സല്യമുണ്ട് നല്ലാ=നല്ലവനെ! (സംബോധന)

## ഏഴാമദ്ധ്യായം

൧. ഈഅദ്ധ്യായത്തിൽ ഭഗവാൻവിജ്ഞാനയോഗത്തെഉപപാദിക്കുന്നു. മാമാശ്രിതൻ=എന്നെ ആശ്രയിച്ചവൻ—മകിഴ്ന്ത്=ആനന്ദ യുക്തനായി.

Digitized By Kerala Sahitya Akademi

൨. എൻപതു്=എന്നുപറയുന്നതു്. അറിവുള്ള ജനങ്ങൾ അനേകായിരംപേരിൽ തത്വജ്ഞൻ (പരമാൎത്ഥജ്ഞാനമുള്ളവൻ) ഒരുത്തനേയുള്ളു. ധരണീവരൻ=ഭൂമിയുടെഭൎത്താവു്. ധരണീവരന്നു് എന്നുംപദച്ഛേദംചെയ്യാം. ധരണീധരന്നടൻ എന്നുപാഠഭേദം.

൩. ഖം=ആകാശം മായയെ എട്ടായിവിഭജിച്ചിരിക്കുന്നു. അവഭൂമിമുതൽ അഹങ്കാരംവരെയുള്ള എട്ടുമാണു്. നിൽപതു്=സ്ഥാവരം. ചരം=ജംഗമം.

൪. സൂത്രേമണിഗണമിവ=നൂൽചരടിൽ രത്നങ്ങൾ എന്നതുപോലെ. നാടരുതായ്=ധ്യാനിക്കുവാൻ പ്രയാസമായി. ഇറയവൻ=രാജാവ് വയിശ്വാനരൻ=അഗ്നി. ഈന്നീ എന്നപദത്തിൽ അന്ത്യവൎണ്ണം ദീൎഘമായതു പാദപൂരണത്തിനാണ് ദീനതയീന്നിയവൈശ്വാനരന്നടെഎന്നുപാഠഭേദം. തവമാളിന്നവർകൾ=താപസികൾ.

൫. ബുദ്ധിമതാം=(തകാരാന്തപുല്ലിംഗം, ഷഷ്ഠീബഹുവചനം)ബുദ്ധിമാന്മാരുടെ.

൬. ഉറവ്=ചെല്വ്, സ്നേഹം. പടയാളികൾപുകൾ=യോദ്ധാക്കളുടെയശസ്സ് കാമം അശേഷം കൂടാതെ(കാമരാഗ വിവൎജ്ജിതമെന്നുമൂലം) അതതു വസ്തുക്കളിലുള്ള ഉത്തമാംശം ഞാനാണു്

൭. തമഗുണം=തമോഗുണം(ദ്രാവിഡശൈലിയിലുള്ള പ്രയോഗം). നമ്മിടയേ=എന്നിൽനിന്നു് ഉടൈത്തോന്നു്=സ്വാമി,ഉടമസ്ഥൻ. ഈടിയ=വലുതായ.നീടിയ=തഴച്ച,വ

Digitized By Kerala Sahitya Akademi

ളുന്നു. ഈഗുണങ്ങളൊക്കെയും മകന്നനിർഗ്ഗുണനായഎന്നെത്രിഗുണങ്ങളാൽമോഹിതന്മാരായപ്രാണികൾഅറിയുന്നില്ല.

൧൪. നീണാൾ=എല്ലാകാലവും. പൂണാർ=ലഭിക്കാത്തവർ. തികപ്പൊടു=മുഴുവൻ. നാണാളും=നാണത്തക്കവെണ്ണും ആളുന്ന=തന്നോടുവന്നു യോജിക്കുന്ന.

൧൫. നേരെഴുമൻപുടയോൻ=നേരിങ്കൽ (യഥാൎത്ഥജ്ഞാനത്തിൽ). എഴുന്ന അൻപോടു=(ആഗ്രഹത്തോടു)കൂടിയവൻ. ജിജ്ഞാസു എന്നു താല്പൎയ്യം. വേരിതകം=വാസനയോടു കൂടിയ. പുകൾജ്ഞാനി=പുകഴോടു കൂടിയ ജ്ഞാനി. വേഴ്പ=സ്നേഹം. ഈരം=അഴകു്, അറിവു്, സ്നേഹം, കൃപ ഈ അൎത്ഥങ്ങളിൽ ഈ പദം പ്രയോഗിക്കാം. എനിക്കും ജ്ഞാനിക്കും ഒന്നുപോലെ ഭ്രീതിയുണ്ടാകുമെന്നു താല്പൎയ്യം.

൧൬. അവൻ ചെയ്യുന്ന കാൎയ്യമെല്ലാം ഈശ്വരാൎപ്പണമായി തീരുന്നു. അവനെപ്രതി=അവനെക്കുറിച്ചു് പിറവിയകന്നു്=ജന്മംകൂടാതെ.

൧൭. ഉണ്ടു്=ഭക്ഷിച്ചു് ഉമിഴ=തുപ്പുന്ന. ഇയുലകിൽ=ഈ ലോകത്തിൽ. അജ്ഞാനതിമിരം=അജ്ഞാനമാകുന്ന ഇരുട്ടു് (ദ്രാവിഡസമ്പ്രദായത്തിൽ ദ്വിത്വം, ചന്ദ്രക്കലാദിപദങ്ങളിൽ പോലെ.) ഇന്നും=ഇനിയും.

൧൮. ഇയ്യാതൊരു=യാതൊരു. ദേവതയും=ദേവതയേയും, ദേവതയെ എന്നു പാഠാന്തരം. തേടാതെ=ചച്ച്ചെയ്യാതെ. അൎച്ചിക്കണമെന്നുള്ള വിചാരത്തോടുകൂടിയോ കൂടാതെയോ അൎച്ചിച്ചാലും എന്നു താല്പൎയ്യം. മേലും—

Digitized By Kerala Sahitya Akademi

സമ്മേളനം, അവസ്ഥ. വെളിയാകാമൽ=പ്രകാശിക്കാതെ.

൧൪. മറവേൻ=ഞാൻ മറയും. ഈറവൻ=ഈശ്വരൻ. ഈറ എന്നും പറയാം. ഗോപാലൻ മറവനിവൻ ഇത്യാദി കാണുന്നതു് പണിക്കരുടെ ഫലിതമാണ്. മൂലത്തിൽ മൂഢോയം നാഭിജാനാതി എന്നേയുള്ളു. മാട്=പശു. അറിയാ=അറിവില്ലാത്ത. അറം=ധമ്മം. സമതീതം=എല്ലാത്തിനേയും കടന്നതു് ഇവിടെ പണിക്കരുടെ തർജ്ജിമയിൽ സ്വല്പം കുഴപ്പം പററീട്ടുണ്ടു്. മൂലത്തിൽ വേദാഹം എന്നാണ് പ്രയോഗം. വേദ എന്നതു് വിദ് ധാതുവിൽ നിന്നുണ്ടായിട്ടുള്ളതും ലട്ടിൽ പരസ്മൈപദത്തിൽ ഉത്തമപുരുഷൈകവചനവുമാകുന്നു. അതിനു ഞാനറിയുന്നു എന്നാണ് അൎത്ഥം. ഇവിടെ പണിക്കർ ഞാൻ വേദമാണ് എന്നു തർജ്ജിമ ചെയ്തിരിക്കുന്നു. പണിക്കരുടെ പാട്ടിനും അൎത്ഥമുണ്ടെങ്കിലും ഭാഷാന്തരം ശരിയായിട്ടില്ല. പാഠഭേദംനോക്കി തർജ്ജിമ ചെയ്തതൊ എന്നതറിവില്ല.

൧൫. ദ്വന്ദ്വങ്ങൾ=ശീതോഷ്ണസുഖദുഃഖാദികൾ. ഈകഴ്ന്നു്=ത്യജിച്ചു്, മാനമിയന്നു് എന്നും പാഠഭേദം കാണുന്നുണ്ടു് അതിനു അഹങ്കാരയുക്തന്മാരായി എന്നൎത്ഥം കല്പിക്കാം. ഒഴിയാ=വിട്ടുനില്ക്കുന്നതല്ല.

൧൬. ഉഴത്തു്=പരിശ്രമിച്ചു്, ഉഴന്നു് എന്നു പാഠാന്തരം. കരുതാർ=ചിന്തിക്കുകയില്ല, ആഗ്രഹിക്കുകയില്ല.

൧൭. മീളുറ്വം=മീണ്ടും, വീണ്ടും. മാളുക=മരിക്കുക.

---

Digitized By Kerala Sahitya Akademi

## എട്ടാമദ്ധ്യായം.

൧. ബ്രഹ്മം ഉത്തമോത്തമവും അതു വാക്കുകൾക്ക് അഗോചരവുമാണ്. പരമമായുള്ള സ്വഭാവമാണ് അദ്ധ്യാത്മം. അതായതു് ബ്രഹ്മം അതിന്റെ അംശമായി ഓരോ ദേഹത്തിലും ജീവരൂപമായി ഭവിക്കുന്നവല്ലോ അതാണ് അദ്ധ്യാത്മം. ഭൂതങ്ങളുടെ ഉത്ഭവത്തിനു കാരണമായിട്ടുള്ള ദേവപ്രീതികരമായ യജ്ഞത്തെ കർമ്മമെന്നു പറയുന്നു. ക്ഷരഭാവം=നാശം. നാശത്തെ പ്രാപിക്കുന്ന ദേഹാദി പദാർത്ഥങ്ങൾ അധിഭൂതം. വിരാൾപുരുഷനാണ് അധിദൈവമായിട്ടുള്ളതു് അധിയജ്ഞൻ ഞാൻ തന്നെ. യജ്ഞകർമ്മത്തിനു് ഫലത്തെ ദാനം ചെയ്യുന്നതു ഞാനാണ്.

൩. കുറുകി=ചെന്നു്

൪. തസ്മാൽ=അതു ഹേതുവായിട്ടു്. പൊരുക=യുദ്ധം ചെയ്യുക. അഭിലാഷകൾ=അഭിലാഷങ്ങൾ (തത്ഭവം), ആഗ്രഹങ്ങൾ.

൭. ഇതുമുതൽ ഏട്ടു വരെ പാട്ടുകൾ കുളകമാണ് പെരുമയവർക്കും=പെരുമയുള്ളവർക്കും, മഹാന്മാർക്കും. ഭാവിക്കവും എന്നു പാഠാന്തരം, ഭാവിക്കുന്നതിനു് എന്നർത്ഥം. ഭാവിക്കുക=മനസ്സിൽ വിചാരിക്കുക. മരുവുംപരിചൊടു=ഉള്ള വിധത്തിൽ. യഥാർത്ഥമായി=ഭയവും ഹൃദയചാഞ്ചല്യവും അകലത്തക്ക വിധത്തിലുള്ള ഭക്തിയോടു കൂടി.

Digitized By Kerala Sahitya Akademi

൫. ആവേശിക്കുക=പ്രാപിപ്പിക്കുക. എന്നിവിടെ അൎത്ഥം ദൈവജ്ഞന്മാർ=ദൈവത്തെ അറിയുന്നവർ, എൻപാർ=എന്നുപറയുന്നു.

൬. ചോദനയോട്=ബലമായി.

൭. ആയാതെ=ആരായാതെ, അന്വേഷിക്കാതെ. ഈ പാട്ടിന്റെ അന്ത്യപാദത്തിലെ ശബ്ദസുഖം നോക്കുക.

൮. നിരുപമനായ പിതാമഹലോകെ=നിരുപമനായ ബ്രഹ്മാവിന്റെ ലോകത്തിൽ. തൂയ=പരിശുദ്ധമായ, അവർ=അവരുടെ. നാൾ=ആയുസ്സ്.

൧൦. ഇതിൽ പറയുന്ന ദേവവൎഷസംഖ്യ ശരിയാകുന്നില്ല. പാഠമബദ്ധമായിരിക്കണം. അറയാതേയൊരു പകലെന്നുന്നുവരമരകളവരുടെ രാത്രിയിലഴിയും, എന്നൊരു പാഠം കാണുന്നുണ്ട് അതുകൊണ്ടും വ്യക്തമായി അൎത്ഥം സിദ്ധിക്കുന്നില്ല. ആശ്രിതർ മീളാനില=ആശ്രിതന്മാരുടെ പുനരാവൃത്തിഹീനമായ പദവി.

൧൨. എയ്തും=സിദ്ധിക്കും, കൈവശമാകും.

## ഒൻപതാമദ്ധ്യായം.

൧. പവിത്രം=പരിശുദ്ധം.

൨. രാജമഹാവിദ്യ=മഹാവിദ്യകളിൽ വച്ചു രാജാവ് രാജരഹസ്യം=രഹസ്യങ്ങളിൽവച്ചു രാജാവ്, അതി

Digitized By Kerala Sahitya Akademi

ശ്രേഷ്ഠമെന്നു താല്പര്യം. മികവിതു=മിക+ഇതു=ഇതു ഏററവും. ജനി=ജനനം.

൩. പോത്തൽ=പോത്തൽ=മൂടുക.

൪. ആകാശത്തിൽ വായു എങ്ങനെ അതോടുകൂടി ചേരാതെ സ്ഥിതി ചെയ്യുന്നുവൊ അതുപോലെ സർവ്വ പ്രാണികളും എന്നിൽ സ്ഥിതിചെയ്യുന്നു. സകല ചരാചരങ്ങളും നശിക്കുമ്പോൾ പ്രാപിക്കുന്നതുമെന്നെയാണ്

൫. ഇതിലെ ഉപമ ശാങ്കരഭാഷ്യത്തിലുള്ളതാണ്. മൂലത്തിലില്ല. വൽവിന=വലുതായ കർമ്മം, പ്രാരബ്ധം.

൬. അരക്കർ=രാക്ഷസർ. പൊരുന്നാതു=പൊരുന്നുകയില്ല, നിരക്കുകയില്ല. ഉവക്കുക=സ്നേഹിക്കുക. ഉള്ളിലുവന്ന്=ഹാർദ്ദമായി. വായാര=വായ് ആര (നിറയ, ചേര) ത്തക്കവണ്ണം. എങ്കൽ ബുദ്ധിപൊരുന്നു എന്നും പാഠാന്തരം.

൭. അറിവു, കാലം, പൊരുൾ, ഇടം ഈ നാ നാലും. കുറിയൊന്നായ്=ലക്ഷ്യത്തിൽ ഭേദബുദ്ധിയില്ലാതെ. ചമയം=മതം, ഭിന്നമതസ്ഥന്മാർ എല്ലാവരും പല വിധത്തിൽ എന്നെത്തന്നെയാണർച്ചിക്കുന്നതു്. വാനവും=ദൈവലോകവും.

൮. കോളാകുന്ന=ഗുണമുള്ള.

൧൦. സ്ഥാനം=ആധാരം. നിധാനം=പ്രളയസ്ഥാനം. ഇരക്ഷ=രക്ഷ. ആനതു്=ആ(മുൻചൊന്ന) അതു്. മൃത്യുവു ഞാൻ എന്നു പാഠഭേദം.

Digitized By Kerala Sahitya Akademi

൧൧. അർച്ചിച്ചീടിന്നതു=അർച്ചിക്കപ്പെടുന്നത്.

൧൨. ഒരു ജാതിയും=യാതൊരു പ്രകാരത്തിലും

൧൩. അന്പർ=ഇഷ്ടന്മാർ, ഭക്തന്മാർ. ചുററം=സ്നേഹം.

൧൪. മുററും=മുഴുവനും.

൧൫. ഉവക്കുക=സ്നേഹിക്കുക. കൌതുകം=ചിത്രം.

൧൬. അകലവും ആഴവും=വിസ്താരവും ദാർഢ്യവും. അനീകങ്ങൾ=പ്രയാസങ്ങൾ. വിധിമുഖന്മാർക്കു കൂടി അദൃശ്യനാണെങ്കിലും ഭൂഭാരം തീർക്കുന്നതിനു വേണ്ടി എല്ലാവരും കാണത്തക്കവണ്ണം ഭൂമിയിലവതരിച്ച പുരുഷോത്തമൻ.

പത്താമദ്ധ്യായം

൧. പരം=ശ്രേഷ്ഠം ഉണർവരുതായ=അറിയുവാൻ പ്രയാസമായിട്ടുള്ള.

൨. രണ്ടും മൂന്നും പാട്ടുകൾ യുഗ്മകം. ബുദ്ധി=വിവേചനശക്തി. അഴിവ്=അഭാവം, നാശം, ദിനപ്രിയം=ദിനം(പതിവായി) പ്രിയം. രണ്ടു പദമായി മുറിക്കണം

൩. തവംചേർ=തപസ്സുചേരുന്ന. മനുക്കൾ=സാവർണ്ണമനുക്കൾ. പിന്നെ=പിന്നെ. ഇവരെല്ലാം എന്റെ മാനസഭാവത്തിങ്കൽ നിന്നുണ്ടായവരാണ് ബുദ്ധിജ്ഞാനാദികളും അതുപോലെതന്നേയുണ്ടായിരിക്കുന്നു.

Digitized By Kerala Sahitya Akademi

൪. ഞാനവിളക്ക് =ജ്ഞാനദീപം. മാനാതീതം=അളക്കുവാൻപാടില്ലാത്തത് പരംധാമം=ഉത്തമമായ ആശ്രയം. അരിന്ദമൻ=ശത്രുക്കളെ അടക്കുന്നവൻ.

൫. നല്ലായ്=നല്ലവനെ.

൯. വിഭൂതി=സ്വരൂപവിശേഷം.

൰. എല്ലാം=എല്ലാവസ്തുക്കളും, ജ്യോതിഷാമംശുമാൻ രവി: എന്ന മൂലത്തിനു രവിരശ്മികളിൽ അംശുമാനായത്തു ഞാനാണെന്നു തർജ്ജമകാണുന്നു. ജ്യോതിസ്സുകളിൽഅംശുമാനായ (കിരണങ്ങളോടുകൂടിയ)സൂര്യൻ ഞാനാണെന്നാണ് അർത്ഥം, അതു തർജ്ജിമകൊണ്ടു കല്പിച്ചേ വരുന്നുള്ളു. സപ്തമരുത്തുകളിൽ മരീചി എന്ന മരുത്തു ഞാനാണ്

൨൨. ഇന്ദ്രിയങ്ങളിൽ മനസ്സും പ്രാണികൾ (ചേതന) വിശേഷജ്ഞാനവും ഞാനാകുന്നു. ഭൂതാനാമസ്മി ചേതനാ എന്നെ മൂലമുള്ളൂ. പണിക്കർ ചേതനൻ എന്നു തർജ്ജിമ ചെയ്തിരിക്കുന്നു.

൨൫. അഷ്ടവസുക്കളിൽ ഞാൻ അഗ്നിയാണ് അസ്മി (ലട്ടിൽ പരസ്മൈപദത്തിൽ ഉത്തമപുരുഷൈകവചനം) ഞാനാകുന്നു. മാനിതസരസാം=വിശിഷ്ടങ്ങളായ സരസ്സുകളിൽ. നൽഗിരാം=നല്ല വാക്കുകളിൽ. ഏകാക്ഷരം=ഓങ്കാരം, പ്ര വം. ജപയജ്ഞം.

൨൭. ഉച്ചൈശ്ശ്രവസൻ=ഉച്ചൈശ്ശ്രവസ്സിന്റെ തത്ഭവം.

൨൮. ധേനൂനാമസ്മികാമധുക് എന്നെ മൂലത്തിലുള്ളു. 'അതിനു പകരം സുരഭി എന്നു തർജ്ജിമചെയ്തു

Digitized By Kerala Sahitya Akademi

പണിക്കരുടെ ഔചിത്യത്തിനു ദൃഷ്ടാന്തമായിരിക്കുന്നു. പ്രജനശ്ചാസ്മികന്ദൎപ്പഃ എന്നാണു് മൂലം. അതിൽ നിന്നു തൎജ്ജിമയ്ക്കുള്ളീഷദ്വ്യത്യാസമുണ്ടു്. സൎപ്പങ്ങൾ=വിഷമുള്ളവ, നാഗങ്ങൾ=വിഷമില്ലാത്തവ.

൨൯. യമതാം=യമത്തുകൾക്കിടയിൽ; ദണ്ഡിക്കുന്നവരിൽ. സമമിയലാ=നിസ്തുല്യനായ, വിനതാസുതൻ=ഗരുഡൻ. പവത്തുകളിൽ=പരിശുദ്ധിയെ ചെയ്യുന്നവസ്തുക്കളിൽ, രാമശ്ശസ്ത്രഭൃതാം എന്നേമൂലത്തിലുള്ളു. ഏതുരാമനാണെന്നു തൎജ്ജിമയിൽകാണിച്ചിട്ടുണ്ടു്

൩൨. സൎഗ്ഗങ്ങൾ=സൃഷ്ടികൾ. ആദ്യന്തം=ആദിയും അന്തവും. തൽപൊലിമദ്ധ്യം=ആസൎഗ്ഗങ്ങളിൽ(പൊലിയുന്ന)തെളിഞ്ഞുകാണുന്നമദ്ധ്യവും. പ്രതിവാക്യം=ഉത്തരം. വാദഃ പ്രവദതാമഹം എന്നാണു് മൂലം.

൩൪. കൎമ്മമിരണ്ടു്=സല്കൎമ്മവും ദുഷ്കൎമ്മവും. അറവേ=മുഴുവനെ. ധൃതി=ധൈൎയ്യം.

൩൫. മാസാനാം മാൎഗ്ഗശീൎഷം എന്നുപാഠഭേദം. കുസുമാകരം=വസന്തം.വ്യവസായം=പ്രയത്നം, ഉദ്യമം. വ്യവസായികളുടെ വ്യവസായമെന്നൎത്ഥം. സത്വവതാം = സാത്വികന്മാരുടെ.

൩൭. ഉശൻ=ഉശനസ്സിൻെറതത്ഭവം, ശുക്രൻ. ഗുഹ്യാനാം=ഗോപനീയങ്ങളായ വസ്തുക്കളിൽ, ജ്ഞാനിജനങ്ങൾ=ജ്ഞാനികളായ ജനങ്ങൾ. വീങ്ങിന=വീങ്ങിയ, വലുതായ, ഓങ്കിയത്=വളൎന്നത്.

Digitized By Kerala Sahitya Akademi

൧൧. ഉടക്കി=തുടന്ന്. ഉലൂഖലം=ഉരൽ. ഊരു=തുട.

## പതിനൊന്നാമദ്ധ്യായം.

൧. എൻെറ ഉള്ളിലുള്ള ദുഃഖമെല്ലാം എന്നെയകന്നു നടന്നു കഴിഞ്ഞു. തമ്പിരാൻ=തമ്പുരാൻെറ പൂവ്വരൂപം. ഈ രൂപം തന്നെയാണ് ചമ്പൂകാരന്മാരുടെ കാലത്തും നടപ്പായിരുന്നത്. അവണ്ണം=അവ്വണ്ണം, അപ്രകാരം.

൨. വിധങ്ങളുംപല=പലഭേദങ്ങളും. മരുത്തർ=സപ്തമരുത്തുകൾ. സൂര്യർ=ദ്വാദശാദിത്യന്മാർ. വസുക്കൾ=അഷ്ടവസുക്കൾ. അശ്വിനൌ (നകാരാന്ത പുല്ലിംഗം ദ്വിതീയാദ്വിവചനം)=അശ്വനീദേവകൾ രണ്ടുപേരെ, രുദ്രന്മാർ= ഏകാദശ രുദ്രന്മാർ. ആശ്ചരിയം=ആശ്ചര്യത്തിൻെറ തത്ഭവം. സ്വചക്ഷുഷാ=നിൻെറ (മാംസ) ചക്ഷുസ്സുകൊണ്ട്.

൩. ചക്ഷു=ചക്ഷുസ്സിൻെറ തത്ഭവം (ധനുഎന്ന പദം നോക്കുക) കണ്ണ്. അവർ മേനി=അദ്ദേഹത്തിൻെറ ദേഹം; വിരാഡ്രൂപം, അവന്മേനിയല്ലാൽ എന്നും പാഠഭേദമുണ്ട്. ഉറവു=സ്ഥിതിചെയ്തു.

൪. രോമരാശി=രോമ സമൂഹം, രോമാഞ്ചം, ചെമ്പകഴച്ചെവ്വാ=ചുവന്ന പവിഴംപോലെ ശോഭിക്കുന്ന അധരം. പണിന്താൻ=തൊഴുതു.

Digitized By Kerala Sahitya Akademi

൬ ഇലങ്കിന=അവശോഭിക്കുന്നു. വിണ്ണിങ്കൽ എന്നു ദ്രാവിഡ സമ്പ്രദായത്തിൽ ദ്വിത്വലോപം ചെയ്തുച്ചരിക്കേണ്ടതാണ്

൭. ഏറ്റെറിഞ്ഞു്=ഏറ്റെയെറിഞ്ഞു് നൂൽത്തിരുമാർവർ=ദ്വിജന്മാർ, ബ്രാഹ്മണർ. തിരുമാർവിൽ പൂണൂലുള്ളവർ (ഇതു പണിക്കരുടെ ഒരു വിശേഷപദമാണ്). എല്ല=എല്ലുക. അതിര് നിധാനം=ആശ്രയം. മറയ്ക്കും=വേദത്തിനും പൊരുൾ നീ തന്നെ.

൮. മതിക്കരുതാത=അനേകങ്ങളായ.

൯. ചിലാനനത്തിൽ= ചിലആനനത്തിൽ= ചിലമുഖങ്ങളിൽ, ചെങ്ങ്=ഭംഗി, ഇലകുക= ഇയലുക.

൧൦. ദമിഷ്ട്രം=ദംഷ്ട്ര, വീർപ്പല്ല്. ദശനാന്തരം=പല്ലുകളുടെ ഇട. ഒരിമെറ്റ്പ്പിൽ=ഒന്ന് ഇമയ്ക്കുന്ന സമയത്തിൽ

൧൧. ലേലിഹ്യസേഗ്ര സമാനഃ എന്ന മൂലത്തിനു പണിക്കരുടെ തന്മയത്വത്തോടുകൂടിയുള്ള തർജ്ജിമ നോക്കുക. നാടിയിന്തു=നാഡിയിൽ കൂടിയും, ഏറ്റവുമെന്നർത്ഥം. പണിക്കരുടെ സ്വന്ത മനോധർമ്മമാണ് ഈ പ്രയോഗവും. കൊണ്ടൊരുകോലം=സ്വീകരിച്ച സ്വരൂപം.

൧൨. മയാ=എന്നാൽ. നല്ല പൂജ്യം=നല്ല പൂജ്യതയേയും· മേവുക=ചേരുക. സഗൽഗദൻ=തൊണ്ട വിറയോടുകൂടിയവൻ.

൧൩. പ്രകീർത്തി=മാഹാത്മ്യസങ്കീർത്തനം. കരണങ്ങൾ=ജ്ഞാനേന്ദ്രിയകർമ്മേന്ദ്രിയങ്ങൾ, മനസ്സ്, ബുദ്ധി, അഹങ്കാരം, മായ, ഇങ്ങനെ ൧ തിന്നാലു്·

Digitized By Kerala Sahitya Akademi

൧൪. വട്ടം=പ്രാവശ്യം.

൧൫. "സഖേതിമത്വാ പ്രസഭംയദുക്തം" ഇത്യാദി പദ്യദ്വയത്തിന്ന് പണിക്കർ ചെയ്തിരിക്കുന്ന തൎജ്ജിമയ്ക്കു് എത്രമാത്രം തന്മയത്വം വന്നിട്ടുണ്ടെന്നുള്ളതു് സഹൃദയന്മാൎക്കു കാണാവുന്നതാണു് "കോലുംമെട്ടത്തുടൻ കുഴലും വിളിച്ചഥ" ഇത്യാദി വൎണ്ണന സ്വന്തമാണു്. മൂലത്തിൽ "ഹേ കൃഷ്ണ ഹേ യാദവ" എന്നേയുള്ളു. പറഞ്ഞേൻ=പറഞ്ഞേൻ=ഞാൻ പറഞ്ഞു ചാലശനം=ചാലെ അശനം, ആസനം=ഇരിപ്പു് കൂടത്തു=കൂടെ അതു് ആ അശന വിഹാരാദികൾ.

൧൬. നിനക്കു മികുത്തതു്=നിന്നേക്കാൾ വലിയവരായിട്ടുള്ളതു്.

൧൭. കണ്ടരുളീരോ=നിങ്ങൾ കണ്ടരുളുന്നുവോ? ആത്മയോഗം=യോഗമായാസാമൎത്ഥ്യം

൧൯. അൎജ്ജുനൻകണ്ടരൂപം മററാരും കണ്ടിട്ടില്ല. യശോദാദികൾ കണ്ടതു് സമ്പൂൎണ്ണ വിരാഡ്രൂപമല്ലെന്നു താല്പൎയ്യം.

---

## പന്ത്രണ്ടാമദ്ധ്യായം.

൧. ഭഗവാൻ ഏകാദശാദ്ധ്യായത്തിൽ കാണിച്ച സഗുണബ്രഹ്മത്തേയോ അതോ വേദങ്ങൾക്കുകൂടിയും അറിവാൻ പാടില്ലാത്ത നിൎഗ്ഗുണ ബ്രഹ്മത്തേയോ അറിവുള്ളവർ ഉപാസിക്കുന്നതെന്നു് അൎജ്ജുനൻ ചോദിക്കുന്നു.

Digitized By Kerala Sahitya Akademi

൩. നിർഗ്ഗുണബ്രഹ്മത്തെ ഉപാസിക്കുവാൻ വളരെ ക്ലേശമുണ്ട്.

൪. മൃത്യുസംസാരസാഗരാൽ എന്നേ മൂലത്തിലുള്ളു. അമൃതംപോലെ എന്നുള്ളതു പണിക്കരുടെ സ്വന്തമാണ് നചിരാൽ=വേഗത്തിൽ, ഓർകനിവോടെന്നെ എന്നു പാഠാന്തരം. അതു സ്വീകാൎയ്യവുമാണ്, അൎത്ഥം ഒരു കനിവ് എന്നതന്നെ. കനിവ്=ഭക്തി.

൫. ജ്ഞാനത്തേക്കാൾ ധ്യാനവും ധ്യാനത്തേക്കാൾ ത്യാഗവും ത്യാഗത്തേക്കാൾ ശാന്തിയും ശ്രേഷ്ഠമാണ്

൬. അത്=ആ പ്രിയം. യതാത്മാ=സംയതമായ ആത്മാവോടുകൂടിയവൻ, പേണി=ബലമായി, ലക്ഷ്യമാക്കി.

൧൦. നേരാർ=ശത്രുക്കൾ, ഇരുവക=ദ്വന്ദ്വം.

൧൧. അഹം=ഞാൻ. കായമൊടേ മുക്തിയിൽ മരുവിന്നോർ=ജീവന്മുക്തൻ. ഈ പാട്ടിലുള്ള ഭഗവദ്വൎണ്ണനത്തിൻെറ സ്വാരസ്യം നോക്കുക, പേയ്=പൂതന.

---

## പതിമ്മൂന്നാമദ്ധ്യായം.

൧. ഉടലുയിരറിവാൻ=ക്ഷേത്രക്ഷേത്രജ്ഞഭേദമറിവാൻ. കൎമ്മഫലങ്ങളാകുന്ന വിളവുകൾ ശരീരത്തിൽ നിന്നുണ്ടാകുന്നു.

Digitized By Kerala Sahitya Akademi

൩. എട്ട് പഞ്ചഭൂതങ്ങളും, അഹങ്കാരവും, ബുദ്ധിയും, മായയും. ഒന്ന്=മനസ്സ്. ആഘാതം=ശരീരം.

൪. പുതൽവർ=പുത്രർ.

൧൭. ചെയ്യാനിന്ന=ചെയ്യുന്ന പ്രകൃതിപുരുഷവിവേകയോഗമെന്ന ഈ അദ്ധ്യായം തുലോം ഗഹനമാണ്. ഇതിന്റെ തൎജ്ജിമ വളരെ ഒഴുക്കനായിപ്പോയി. മൂലാൎത്ഥം പല ദിക്കിലും വന്നിട്ടില്ല.

---

പതിനാലാമദ്ധ്യായം.

---

൧. അമർമുനിമാർ=അമരുന്ന മഹൎഷിമാർ. ചെവിയിലടിച്ചാലും ചെല്ലാത്തതു എന്നുള്ളതു പണിക്കരുടെ ഫലിതങ്ങളിലൊന്നാണ്.

൩. ഭൂതം=ഭൂതങ്ങൾ.

൪. പ്രമാദം=കൎത്തവ്യമായിട്ടുള്ളതിനെ ഓൎമ്മിക്കാതിരിക്ക. ആലസ്യം=കൎത്തവ്യത്തിൽ ഉത്സാഹമില്ലായ്മ.

൭. സൂക്ഷുമം=സൂക്ഷ്മം.

൧൧. എയ്താവക-കിട്ടാത്തതു്.

൧൨. തുയർ=പീഡ.

൧൩. ഉറുതുയരിന്നി=ഉണ്ടാകുന്ന ദുഃഖംകൂടാതെ.

Digitized By Kerala Sahitya Akademi

## പതിനഞ്ചാമദ്ധ്യായം.

൧. അടവടവേ=വകവകയായി.

൪. തിരയാഴിയിൽ നിന്നെഴവതിനൊത്തു എന്നതു് സ്വന്തമാണു്.

൬. ഇതിൽ കാണുന്ന ഉപമകൾ ശാങ്കരഭാഷ്യത്തിലുള്ളതാണു്. ഷഡിന്ദ്രിയം=ആറാമത്തെ ഇന്ദ്രിയം, മനസ്സ്

൯. കൂട്ട്=ദേഹം.

൧൦. വയിശ്വാനരൻ= വൈശ്വാനരൻ= അഗ്നി.

൧൨. ജോതി= ജ്യോതിസ്സ്

---

## പതിനാറാമദ്ധ്യായം.

൧. വ്യവസ്ഥിതി= നിഷ്ഠ

൨. പതുപ്പ്=വിനയം, ഗർവ്വമില്ലായ്മ.

൩. അറം=ധർമ്മം.

൪. എട്ടപ്പ്=നാട്ട്യം, അരുവയർ=സുന്ദരിമാർ. അരുവ എന്നപദത്തോടുകൂടി അർപ്രത്യയം ചേർത്തതാണു്, വയറുമായി യാതൊരു സംബന്ധവുമില്ല.

൬. കുൻറാതെ=കുറയാതെ, നിൻറാമള=നിൽക്ക

ന്നിടത്തോളമുള്ള, ധാരാളമായ. കോടികൾ=മാതിരികൾ. സമ്പ്രദായങ്ങൾ.

൩. കുറള്=കുരളയുടെപൂർവ്വരൂപം, ഏഷണി, പിന്നീട് വ്യാജമെന്നുമീപദത്തിനർത്ഥംവന്നു.

൯. രൂപകം സ്വന്തമാണ്.

൧൦. കളി= മദം, മയക്കം, വെറി. ഇതിൽ കാണുന്ന ഉപമമൂലത്തിലില്ല.

൧൧. മാറൊൻറാകാതെ= മാറുന്ന മറെറാരുവിചാരം കൂടാതെ.

---

പതിനേഴാമദ്ധ്യായം

൧. പയിൽവർ=അവർചെയ്യും.

൫. അരും=പ്രയാസമായ, അധികമായ. കടിയ=എരിവുള്ള. പോയരസം=രസംപോയത്. ഗതരസമെന്നുമൂലം.

൬. മററ്=ആയാഗം വേറിട്ടൊന്നാണ് അതുതന്നെരാജസയാഗം.

൭. ചോററുപ്രസങ്ഗ മൊഴിഞ്ഞേ=അന്നദാനത്തിൻെറ കഥപോലുമില്ലാതെ.

൩. തെരുവയർ=സുന്ദരിമാർ, സ്ത്രീകൾ. "തെരിവൈ"എന്നുപൂർവ്വരൂപം, അരിവൈ എന്നപദംപോലെ

Digitized By Kerala Sahitya Akademi

൯. സ്വാദ്ധ്യാഭ്യാസം=സ്വാദ്ധ്യായാഭ്യാസം എന്നതിനെ ചുരുക്കി പ്രയോഗിച്ചിരിക്കുന്നു. വേദശാസ്ത്രാദികളുടെ അഭ്യാസമെന്നു താൽപ്പൎയ്യം. ആത്മവിനിഗ്രഹം=ആത്മാവിനെ വിഷയാദികളിൽനിന്നു് നിവൎത്തിപ്പിക്കുക എന്നുള്ളതു്.

൧൧. അമ്പോടംതൊണ്ടാർ ഇത്യാദിസംബോധനയിലെശബ്ദഭംഗിനോക്കുക.

൧൨. നാടരും=വിചാരിക്കുവാൻ പ്രയാസമായിട്ടുള്ളതു. പൊന്നിൽ വിളങ്ങുംമണിഎന്ന ഉപമസ്വന്തമാണു്.

---

## പതിനെട്ടാമദ്ധ്യായം.

൧. സന്ന്യാസത്തിന്റേയും ത്യാഗത്തിന്റേയും വ്യത്യാസമെന്തെന്നറിവാനായി അൎജ്ജുനൻ ചോദിക്കുന്നു. ഫലത്യാഗത്തെത്യാഗമെന്നും കാമ്യകൎമ്മത്യാഗത്തെസന്ന്യാസമെന്നും പറയേണ്ടതാണെന്നു ഭഗവാനുപദേശിക്കുന്നു.

൨, മുനീശ്വരൻ=സാംഖ്യകാരൻ, കപിലമഹൎഷി.

൩. അടാതതു=യോഗ്യമല്ലാത്തതു്.

൪. ഉപമസ്വന്തം.

൫. കരണം=ഇന്ദ്രിയം.തൊഴിൽ=ചേഷ്ട.

൯. ഓരാൻ=ഓൎക്കാതെ യിരിക്കുന്നു. യാവൻ=യാതൊരുത്തൻ. ചെറിയുറു=ചെറിയുള്ള, അധികമായ.

Digitized By Kerala Sahitya Akademi

൧൩. കോത്=കുററം.

൧൪. നാസ്തിയൊട്ടും=ഇല്ലാതെ.

൧൫. തീത=ചീത്തയായ.

൧൬. വിഷാദി=വ്യസനിക്കുന്നവൻ

൧൭. അയഥാവൽ=സന്ദേഹത്തോടുകൂടി.

൧൮. മാറിയചിനമൊട്ടു=കോപംകൂടാതെ.

൨൦. അനുബന്ധം=അവസാനം.

൨൧. വണികയർ=വണിക്കുകൾ, വൈശ്യന്മാർ വേന്തൻ=രാജാവു്.

൨൨. ചെൽവം=ഐശ്വൎയ്യം, യുദ്ധേയപലായനം=യുദ്ധത്തിൽ പിൻതിരിഞ്ഞു് ഓടായ്ക.

൨൩. അല്ലാവിന=അനുവദിക്കപ്പെട്ടിട്ടില്ലാത്ത ധൎമ്മം. പുകയെങ്ങനെ അഗ്നിയിൻ നിന്നകലുന്നില്ലയോ അതുപോലെ ദോഷം കൎമ്മത്തിൽ നിന്നകലുന്നില്ല.

൩൪. പററാ=ഉചിതമല്ല.

൩൫. ഇയനിയ=പറഞ്ഞ.

൩൯. പടർ=ദുഃഖം.

൪൦. അണു=തുച്ഛൻ.

൪൧. ചതിയേ കണ്ണല്ലാകണ്ണില്ലാൻ=ചതിയാകുന്ന കണ്ണല്ലാതെ വേറെ കണ്ണില്ലാത്തവൻ തരണീപതി=ധരണീപതി, രാജാവു്. മതിയില്ലാ=ബുദ്ധിയില്ലാത്ത.

൪൨. പനുവൽ=ശാസ്ത്രം, വിദ്യ.

൪൩. അഖിലതരം=എല്ലാത്തരത്തിലുമുള്ള, കൊമ്പോടുയർ=കൊമ്പോടുകൂടി ഉയരുന്ന.

ശുഭം.

Digitized By Kerala Sahitya Akademi

# ശുദ്ധിപത്രം.

| പുറം. | പാട്ട്. | അബദ്ധം. | സുബദ്ധം. |
|---|---|---|---|
| 1 | 2 | പഥ | പദ |
| 3 | 6 | പൊന്നിൽ | പൊന്നിൻ |
| 4 | 9 | വദാകിൾ | വാദികൾ |
| 5 | 13 | ആ മത്തു | ആമള |
| ,, | 14 | ഉല്യന്നിതു | ഉലന്നിതു |
| 10 | 8 | ഉടലതിൽ | ഉലകിതിൽ |
| 13 | 16 | ഇറന്ന | ഇയന്ന |
| | 17 | ഒരുവരൻ | ഒരുവൻ |
| ,, | ,, | കേട്ടതുപോലുര | ഉരത്തതുപോലുര |
| 16 | 26 | അഴിവും | അഴിവുറ |
| 17 | 21 | വീസ്വാ | വീഴ്വാ |
| 18 | 31 | ചെയ്തവർകൾക്കിനി | ചെയ്യാതവർകൾക്കി |
| ,, | 33 | തോയമതഴകൊട്ടു | തോയത്തെകൊട്ടു |
| 20 | 3 | അവനറി | അവനെറി |
| ,, | ,, | ആകംനെറിയെപ്പോ | ആകാനെറിയേപോ |
| 24 | 11 | പ്രിയമായവർ [യ്] | പ്രിയമായവ [യ്] |
| 24 | 14 | ക്രാമ | കാമ |
| 26 | 6 | ഇച്ഛ | ഇച്ഛി |
| 27 | 7 | ഇയറവുവർ | ഇയറവുവൻ |
| ,, | 9 | വീഴാ | വീഴം |
| 21 | 11 | വാട്ടു | വാട്ടിട്ടു |

Digitized By Kerala Sahitya Akademi

| പുറം. | പാട്ട്. | അബദ്ധം. | സുബദ്ധം. |
| --- | --- | --- | --- |
| ,, | ,, | കളിഖിലം | കളഖിലം |
| ,, | 12 | ദിവ്യം | ദ്രവ്യം |
| 29 | 13 | ഇറക്കയും | ഇയക്കവും |
| 32 | 4 | അറിവാൻ | അറിവോൻ |
| 33 | 7 | നടകം | നടക്കം |
| | ,, | വൃക്കം | വൃകം |
| | 8 | പോലെ | പോദല |
| ,, | 9 | ഇയററുകിലേതൊഴിൽ | ഇയററുകിലത്തൊഴിൽ |
| 35 | 13 | മുറു | മറു |
| ,, | 14 | അവകൾ | അവക്ൾ |
| 36 | 17 | തിലക | തിലകാ |
| ,, | ,, | തവമുലകം | തവമുങ്കേൾ |
| 38 | 5 | പരിശ്രമി | പരിഗ്രഹി |
| ,, | 16 | ജേയം | ജ്ഞേയം |
| 39 | 8 | ഒപ്പോൽ | അപ്പോൾ |
| 40 | 11 | മഹി2യുടെ | മഹിമയുടേ |
| ,, | 12 | ഒക്കയും പാട്ടു | ഒക്കയെപ്പാട്ടു |
| 41 | 13 | വരികന്നു | ചേരികെന്നു |
| 44 | 2 | തത്വങ്ങൾ | തത്വജ്ഞൻ |
| 45 | 6 | നിന്നീ | നന്നീ |
| 47 | 10 | അകത്തെന്നൊട്ടു | അകന്നെന്നൊട്ടു |
| 48 | 13 | ഫലങ്ങനത്തും | ഫലങ്ങളനത്തും |
| 49 | 16 | എന്നയും | എന്നെയും |
| 51 | 5 | യെവക്കും | യവക്കും |
| 52 | 9 | ആയവകക്കൊ | ആയവർകൾക്കൊ |
| 53 | 10 | നിലയൊ | നിലയെ |

Digitized By Kerala Sahitya Akademi

| | അബദ്ധം. | സുബദ്ധം. |
|---|---|---|
| 2 | എന്ന് | എന്നെ |
| 4 | വിടാതെ | വിടാതേ |
| ,, | മുമ്പിലെ | മുമ്പിലെ മുറമയിനാ- |
| 6 | അപർ | അവർ [ലെ |
| ,, | പൊരുന്നാരെ | പൊരുന്നാതെ |
| 9 | കോള | കോളെ |
| 17 | ഈശ്വരർ കാണ | ഇശ്വരർ കാണാ |
| 2 | ദീനജനപ്രിയ | ദിനപ്രിയമപ്രിയ |
| 4 | ടിന്നതു | ടെന്നതു |
| 14 | അറിവേ | അറവേ |
| 1 | സൂര്യവസുക്കൾ | സൂര്യർ, വസുക്കൾ |
| 4 | 'മാല്യമോട്ട് | മാല്യമൊട്ട് |
| 6 | അപ്രെ | അപ്ര |
| 17 | ഏയ്യാകിലും | ഏതാകിലും |
| ,, | മാറി | മാറിനി |
| 1 | മറയിലും | മറയിലും |
| [illegible] | ഒരുക | ഓർക |
| 13 | അതിൻകാൾ | അതില്ക്കാൾ |
| 3 | ഭ്രതാ | ഭ്രതം |
| 4 | സത്വര | സത്വം |
| 5 | രംണ്ടും | രണ്ടും |
| ,, | മോടങ്ങും | മൊട്ടുങ്ങളും |
| 2 | ഇയിന്ന | ഇയന്ന |
| 4 | ഉയന്ന് | ഉണന്ന് |
| 17 | പൊറവു | |

Digitized By Kerala Sahitya Akademi

| പുറം. | പാട്ട് | അബദ്ധം. | |
|---|---|---|---|
| 99 | 10 | ഈച്ഛി | ഇച്ഛ |
| 101 | 4 | അകന്റെ | അകഴ് |
| 102 | 5 | വിടാതെ | വിടാതേ |
| 105 | 16 | വിഷാധി | വിഷാദി |
| 107 | 20 | അന്നബദ്ധ | അന്നബന |
| ,, | 22 | ചെല്പാ | ചെൽവാ |
| 108 | 23 | രക്ഷി | രക്ഷാ |
| 111 | 32 | തന്നെ | തന്നേ |
| ,, | 34 | അകതൻറു | അകൻറു |
| 114 | 41 | സംജ്ഞെ | സംജ്ഞ |
| | 43 | നമ്പെ | ലമ്പേ |

Digitized By Kerala Sahitya Akademi